

കുമ്പള ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ

ಕುಂಬಳೆ ಗ್ರಾಮ ಪಂಚಾಯತ್

ಸಮಗ್ರ ವಿಕಸನ ರೇಖೆ

With Best compliments From

(Agents:Hindustan Petrolieum Corporation Ltd)
Kumbla- 671321, Phone-813030

(Agents: Gulf oil India Ltd)
Kumbla- 671321, Phone-815154



(Agents: Kerala Transport Co. Ltd)
Kumbla-671321, Phone-815130

Kumbla-671321, Phone-815140



Kumbla-671321, Phone-813148.

1498




അധികാരം ജനങ്ങളിലേക്ക്

അകത്താളുകളിൽ

1. ആമുഖം
2. പൊതുവിവരണം
3. പഞ്ചായത്തിന്റെ സാമൂഹ്യ – സാംസ്കാരിക ചരിത്രം
4
I. കൃഷിയും ജലസേചനവും
II. മത്സ്യബന്ധനവും മൃഗസംരക്ഷണവും
III. വിദ്യാഭ്യാസം
IV. പൊതുജനാരോഗ്യവും കുടിവെള്ളവും
V. വ്യവസായം
VI. ഗതാഗതം, ഊർജ്ജം , വൈദ്യുതി, മാർക്കറ്റ്
VII. പാർപ്പിടവും സാമൂഹ്യക്ഷേമവും
VIII. വനിതാക്ഷേമം
IX. സംസ്കാരം
X. സഹകരണമേഖല
XI. പട്ടിക ജാതി- പട്ടിക വർഗ്ഗ ക്ഷേമം
XII. വിഭവ സമാഹരണം

5. ഉപസംഹാരം

ഡി.ടി.പി. : കല ഗ്രാഫിക്സ് , കാസർകോട്
പ്രിൻറിംഗ് : കണിപ്പുര പ്രിൻറേഴ്സ് കുമ്പള
ഡിസൈനിംഗ് : ഫ്രണ്ട്ലൈൻ, കുമ്പള



MAP OF KUMBLA GRAMA PANCHAYAT
bombrana
ward I
ward No. XI
ward No. XII
ward No. III
ward No. II
ward No. VI
ward No. X
kumbla
ward No. VII
koipady
ward No. XIII
ward No. VIII
National Highway No. V
National Highway No. IV
Lakshadweep Sea
Ward Boundary
National Highway
Other Road
Railway line
Metalled Road

മുൻ പ്രസിഡണ്ടുമാർ


ಮಾಜಿ ಅಧ್ಯಕ್ಷರುಗಳು



ശ്രീ. എം. സി. അബ്ദുൽ ഖാദർ ഹാജി.



ശ്രീ ഐ. രാമറൈ



ശ്രീ കെ. പി. അബ്ദുൽ റഹിമാൻ

നമ്മുടെ ജന പ്രതിനിധികൾ

ನಮ್ಮ ಜನಪ್ರತಿನಿಧಿಗಳು




ശ്രീ ടി. ഗോവിന്ദൻ M. P.




ശ്രീ. ചെർക്കള അബ്ദുല്ല എം. എൽ . എ.

ജില്ലാ പഞ്ചായത്ത്

ಜಿಲ್ಲಾ ಪಂಚಾಯತ್




അഡ്വ.
മുഹമ്മദ് ബത്തേരി




ശ്രീ പുട്ടപ്പ

പ്രസിഡന്റ് പഞ്ചായത്ത്

ಪ್ರೆಸಿಡೆಂಟ್ ಪಂಚಾಯತ್



ശ്രീ എം. ഖാത്തിം



ആദം സാഹിബ്




ശ്രീമതി രുഗ്മിണി


PRESIDENT,VICE PRESIDENT AND MEMBERS




ശ്രീ കെ. മുഹമ്മദ് കുഞ്ഞി
പ്രസിഡന്റ്



ശ്രീ എം. പി. മുഹമ്മദ് ബംബ്രാണ
വൈസ് പ്രസിഡന്റ്




ശ്രീ കെ. സാമിക്കുട്ടി
ചെയർമാൻ, സ്റ്റാൻഡിംങ്ങ് കമ്മിറ്റി



ശ്രീ ഇന്ദുശേഖര ആൾവ
I Ward



ശ്രീമതി ഖദീജ
II Ward



ശ്രീ എം. അബ്ബാസ്
III Ward



ശ്രീമതി ഫാത്തിമ
IV Ward



ശ്രീമതി ലക്ഷ്മി
VI Ward



ശ്രീ കെ. മാധവ
VII Ward



ശ്രീ പി. എം. മുഹമ്മദ് ഹാജി
VIII Ward




ശ്രീമതി ജമീല
IX Ward




ശ്രീമതി വിദ്യാ ഷെണായ്
X Ward



ശ്രീ എ. നാരായണ വൈദ്യർ
XI Ward



യു. രവീന്ദ്ര
സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി



1

ആമുഖം

കാർഷിക പ്രാമുഖ്യമുള്ള ഗ്രാമപ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് നമ്മുടെ ഭാരതം. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ചിരകാലസ്വപ്നമായ ''ഗ്രാമസ്വരാജ് '' പ്രാവർത്തികമക്കുന്നതിന് വേണ്ടി പ്രധാനമന്ത്രിയായിരുന്ന പരേതനായ രാജീവ് ഗാന്ധി അശ്രാന്ത പരിശ്രമം നടത്തിയിരുന്നു. ഭരണഘടനയുടെ 73 , 74 വകുപ്പുകൾ ഭേദഗതിവരുത്തുന്നതിനുവേണ്ടിയുള്ള വേണ്ടിയുള്ള ബിൽ നിയമനിർമ്മാണ സഭയുടെ ഇരു സഭകളിലും പാസാക്കിക്കൊണ്ട് . അധികാരം താഴെത്തട്ടിൽ എത്തിക്കാനുള്ള സുഗമമായ പാതയൊരുക്കി

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ നടപ്പിലാക്കിയ എട്ടു പഞ്ചവത്സര പദ്ധതികളും ഭാരതത്തിന്റെ ഭരണസംമ്പ്രദായത്തിൽ മഹത്തരമായ മാറ്റങ്ങൾ വരുത്താനും വികസനത്തിന് വഴിയൊരുക്കാനും ഒരളവോളം സാധിച്ചിട്ടുണ്ട് എങ്കിലും ഗ്രാമീണഭാരതത്തിൽ ഈ പദ്ധതികൾ കൊണ്ട് ഗ്രാമീണർക്ക് ഉദ്ദേശിച്ച ഫലങ്ങൾ ലഭ്യമായിട്ടില്ല. അതുകൊണ്ടാണ് കേരളസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും സംയോജിച്ച് ഓമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് മുൻകൈ എടുത്ത് പ്രവർത്തനം ആരംഭിച്ചത് ഒരോ പ്രദേശങ്ങളുടെയും ഭൂപ്രകൃതിയേയും വിഭവ സമാഹരണത്തെയും ജനങ്ങളുടെ ആവശ്യകതയെയും മുഖവിലയ്ക്കെടുത്ത് പദ്ധതികൾ തയ്യാറാക്കി. മുൻഗണനാക്രമത്തിൽ നടപ്പിൽ വരുത്താനുള്ള മഹാസംരംഭത്തിന് കുമ്പള ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചിരിക്കുന്നു. ഈ മഹൽ പദ്ധതിക്ക് ജനങ്ങളുടെ പൂർണ്ണമായ സഹകരണവും ജനപങ്കാളിത്തവും ഉണ്ടെങ്കിൽ മാത്രമെ പഞ്ചായത്തിൽ സമഗ്രമായ അഭിവൃദ്ധി ഉണ്ടാക്കാൻ സാധിക്കുകയുള്ളു.

ഭാരതത്തിൽ പ്രഥമമായി നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പദ്ധതി ജനജീവിതത്തിൽ മാറ്റത്തിന്റെ കൊടുംകാറ്റുതന്നെ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻകാലങ്ങളെ അപേക്ഷിച്ച് മുകൾ തട്ടിൽ നിന്ന് താഴെ തട്ടിലേക്ക് എന്ന വ്യവസ്ഥക്ക് മാറ്റംവരുത്തി താഴെ തട്ടിൽ നിന്ന് മുകളിലേക്ക് എന്ന ജനകീയ പ്രക്രിയയ്ക്ക് കുറച്ച് വൈകിയെങ്കിലും തുടക്കം കുറിച്ചതിൽ സന്തോഷമുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രോഡികരിച്ചുകൊണ്ട് അവരുടെ ആവശ്യങ്ങളെ പദ്ധതിളായി ആവിഷ്കരിച്ചുകൊണ്ട് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം അനുസരിച്ച് മുൻഗണനപ്രകാരം നടപ്പിലാക്കുന്ന വികസന പരിപാടികൾ ഈ പഞ്ചായത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ പര്യാപ്തമാകുമെന്ന കാര്യത്തിൽ യാതൊരു സംശയമില്ല.

വളർന്നുവരുന്ന ഗ്രാമീണ മേഖലകളേയും വർദ്ധിച്ചുവരുന്ന ജനസംഖ്യ നിരക്കിനെയും മുഖവിലയ്ക്കെടുത്ത് അവരുടെ ആവശ്യങ്ങൾ ഘട്ടംഘട്ടമായി നിറവേറ്റാൻ പ്രതിജ്ഞാബദ്ധതയോടെ ഈ ഭരണസമിതി കഴിവിന്റെ പരമാവധി യത്നിക്കുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ട് കുമ്പള ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖ നിങ്ങൾക്കുമുമ്പിൽ സമർപ്പിക്കുന്നു.

– ഭരണസമിതി

2

പഞ്ചായത്ത് പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്	:	കുമ്പള ഗ്രാമ പഞ്ചായത്ത്
2. ആസ്ഥാനം	:	കുമ്പള
3. ഉൾപ്പെടുന്ന ഗ്രാമങ്ങൾ	:	മൊഗ്രാൽ , കൊയിപ്പാടി, ഇച്ചിലംപാടി ആരിക്കാടി, ബംബ്രാണ, ഊജാർ ഉളുവാർ, കിദൂർ
4. ബ്ലോക്ക് പഞ്ചായത്ത്	:	ബന്തിയോട് (വാർഡ് I, II, III, XII) പുത്തിഗെ (വാർഡ് VI, XI) കുമ്പള (വാർഡ് IV, V, VII, IX, X, XIII)
5. ജില്ലാ പഞ്ചായത്ത്	:	കുമ്പള, ബദിയഡുക്ക കുമ്പള (വാർഡ് I, II, III, IV, V, VII, VIII, IX, X, XII, XIII) ബദിയഡുക്ക (വാർഡ് VI, XI)
6. ജില്ല	:	കാസർകോട്
7. താലൂക്ക്	:	കാസർകോട്
8. ബ്ലോക്ക്	:	മഞ്ചേശ്വരം
9. അസംബ്ലി നിയോജകമണ്ഡലം	:	മഞ്ചേശ്വരം
10. വിസ്തീർണ്ണം	:	40–185 ച.കി.മി.
11. അതിരുകൾ	:	കിഴക്ക് പുത്തിഗെ ഗ്രാമ പഞ്ചായത്ത് തെക്ക് മൊഗ്രാൽ പുഴ, മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത്. പടിഞ്ഞാർ അറബിക്കടൽ, വടക്ക് ഷിറിയ പുഴ , മംഗൽപാടി ഗ്രാമ പഞ്ചായത്ത്.
12. ജനസംഖ്യ	:	35735 (1991 ലെ സെൻസസ് പ്രകാരം) പുരുഷൻമാർ : 17736, സ്ത്രികൾ : 17999
13. ജനസാന്ദ്രത	:	889 ച.കി.മി.
14. സാക്ഷരത	:	89.2 ശതമാനം
15. വാർഡുകൾ	:	13
16. പ്രസിഡൻറ്	:	കെ. മുഹമ്മദ് കുഞ്ഞി
17. വൈസ്പ്രസിഡൻറ്	:	എം. പി. മുഹമ്മദ്.
18. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ:		കെ. സാമിക്കുട്ടി.
19. മെമ്പർമാർ	:	ഹിന്ദുശേഖര ആൾവ, ഖദീജ, എം. അബ്ബാസ് ഫാത്തിമ, ലക്ഷ്മി, കെ. മാധവ, പി. എം. മുഹമ്മദ് ഹാജി, ജമീല വിദ്യാഷേണായി, എ. നാരായണവൈദ്യർ
20. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി:		യു. രവീചന്ദ്ര

21. ഈ പഞ്ചായത്തിനെ പ്രതിനിധികരിക്കുന്ന ജനപ്രതിനിധികൾ

പാർലമെൻറ് :ശ്രീ. ടി. ഗോവിന്ദൻ അസംബ്ലി : ശ്രീ. ചെർക്കളം അബ്ദുല്ല.

ജില്ലാ പഞ്ചായത്ത് മെമ്പർമാർ :1. ശ്രീ. അഡ്വ. മുഹമ്മദ് ബത്തേരി 2. ശ്രീ. പുട്ടപ്പ

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ :1. ശ്രീ. എം.ഖാത്തിം 2. ശ്രീ. ഷെയ്ക്ക് ആദം സാഹിബ്
3. ശ്രീമതി. രുഗ്മിണി

22. സ്റ്റാഫ് മെമ്പർമാരുടെ വിവരം:

1. ശ്രീ. എം. ഗോവിന്ദൻ (ജൂനിയർ സുപ്രണ്ട്) 2. ശ്രീ. എസ് ഉമേശ് ഷെട്ടി. (യു.ഡി. ക്ലാർക്ക്)
3. ശ്രീ. കെ. രാമ ബല്ല്യായ (യു. ഡി. ക്ലാർക്ക്) 4. ശ്രീ. ബി. സൂപ്പി (യു. ഡി. ക്ലാർക്ക്)
5. ശ്രീ. കെ. കെ. പങ്കജാക്ഷൻ (യു.ഡി. ക്ലാർക്ക്) 6. ശ്രീ ടി പത്മോജി (എൽ.ഡി. ക്ലാർക്ക്)
7. ശ്രീ എം. കെ. ബാലകൃഷ്ണൻ (എൽ..ഡി. ക്ലാർക്ക്) 8. ശ്രീ പി. നാരായണ നായക്ക് (യു.ഡി. ക്ലാർക്ക്)
9. ശ്രീ. എൻ .കെ. വിനോദൻ (ഓവർസിയർ) 10. ശ്രീമതി കെ. കെ. മറിയമ്മ (പ്യൂൺ)
11. ശ്രീ ടി ജി ലക്ഷമണൻ (പ്യൂൺ) 12. ശ്രീ എം. രഘുനാഥൻ (സ്വീപ്പർ) 13. ശ്രീ പി. അമ്മു (സ്കാവഞ്ചർ)
14. ശ്രീ വി. വി. രാഘാവൻ (ഫുൾടൈം സ്വീപ്പർ) 15. കുമാരി ആർ ജയന്തി. (ഫുൾടൈം സ്വീപ്പർ)
16. ശ്രീ ഇ. കെ. തമ്പാൻ (**Part time Pound Keeper**)

3

കുമ്പള ഗ്രാമ പഞ്ചായത്തിന്റെ സമൂഹ്യ സാംസ്കാരിക ചരിത്രം

വിവിധ ജാതി-മത-ഭാഷസംസ്കാരങ്ങളുടെ സംഗമഭൂമിയായ കുംമ്പാനദിയെന്ന അപരനാമത്തിൽ അറിയപ്പെടുന്ന കുമ്പള അറബിക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്നു. കടലോര മേഖലയും മലയോര മേഖലയും ഉൾപ്പെട്ട അതിവിശാലമായ പഞ്ചായത്താണ് കുമ്പള.

ചരിത്രാതീത കാലം മുതൽ തുളുരാജ്യത്തിൽ പ്രസിദ്ധമായ കുമ്പള സീമയുടെ പ്രധാന കേന്ദ്രമായിരുന്നു കുമ്പള. ഈ പഞ്ചായത്തിലെ ജനവിഭാഗം തുളു കർണ്ണാടകം മലയാളം, കൊങ്കിണി, മറാട്ടി , ഉർദു, മുതലായ ഭാഷകൾ സംസാരിക്കുന്നവരാണ് . സ്കൂൾ വിദ്യാഭ്യാസം കർണ്ണാടകം , മലയാളം മാധ്യമങ്ങളിൽ നടത്തിവരുന്നു. തെങ്ങ് , കവുങ്ങ് ,വാഴ, കശുവണ്ടി , നെല്ല്, കുരുമുളക് മുതലായവയാണ് ഈ പഞ്ചായത്തിലെ പ്രധാന കൃഷി. മത്സ്യബന്ധനവും ബീഡി തെറുപ്പും ഇവിടത്തെ പ്രധാന ഉപജീവന മാർഗ്ഗമാണ്. കൂടാതെ മൺപാത്രനിർമ്മാണം പായ മെടയൽ മുതലയവ ഇവിടുത്ത പ്രധാന കുടിൽ വ്യവസായമായിരുന്നു.

പ്രകൃതിസൗന്ദര്യം കനിഞ്ഞരുളിയ പ്രദേശമാണ് കുമ്പള. പച്ചപ്പുതപ്പിട്ട വയലോലകളാലും തലയുയർത്തിപിടിച്ചുനിൽക്കുന്ന കൽപക വൃക്ഷങ്ങളാലും കാമധേനുക്കളായ ഗോക്കളാലും സമ്പൽസമൃദ്ധമായ പ്രദേശമാണിത്. കാലാവസ്ഥകൊണ്ട് അനുഗൃഹീതമാണ് ഈ പഞ്ചായത്ത്.

മുൻ കാലത്ത് സമുദ്ര മദനരാജാവിന്റെ കാലത്ത് വസുകിമുനി ഇവിടെ താമസിച്ചിരുന്നതുകൊണ്ട് വാസുകി കുണ്ഠ എന്ന പേരിലും പ്രസിദ്ധമായിരുന്നു കുമ്പള. കണ്വമഹർഷി തപസുചെയ്ത് ശ്രീ ഗോപലകൃഷ്ണ പ്രതിഷ്ഠ നടത്തിയതിനാൽ ഈ പ്രദേശം കണ്ണവപുര അഥവ കണിപുര എന്ന പേരിലും അറിയപ്പെട്ടിരുന്നു. കൂടാതെ ഈ പ്രദേശത്തുകൂടെ ഒഴുകുന്ന നദി കുമ്പ (കുടം) ആകൃതിയിലുള്ളതുകൊണ്ട് ഈ പഞ്ചായത്തിലെ വടക്കു പ്രദേശത്തെ കുമ്പോൽ ഏന്നും ഈ പുഴയെ കുമ്പള പുഴയെന്നും ഈ പ്രദേശത്തെ കുമ്പളയെന്നും വിളിക്കപ്പെടുന്നു.

ചരിത്രപരമായി ഈ പ്രദേശം ബള്ളാൽ രാജവംശത്തിൽ ഉൾപ്പെട്ടിരുന്നു. പിന്നീടീ പ്രദേശം മായിപ്പാടി രാജാക്കൻമാരുടെ അധീനതയിലായി ഇച്ചിലം പാടി ബംണ്ട തറവാട്ടകാർ ഈ പ്രദേശത്തെ പ്രധാന സേനാപതികളായിരുന്നു. ഗുഡ്ഡമന , മണ്ഡംപാടി, കുത്തിക്കാർ, നീലപ്പാടി , തറവാട്ടുകാർ ഉൾപ്പെടുന്ന ഇച്ചിലംപാടി തറവാട്ടുകാരായ ബോളമുക്കോറു, കുണ്ടാപ്പു. കോട്ടകുഞ്ച , ബംബ്രാണ, ബയലു, ഊജാർ എന്നീ ബണ്ട തറവാട്ടുകാരുടെ സഹകരണത്തോടുകൂടിയാണ്. അന്നത്തെ രാജക്കൾ സൈന്യങ്ങൾ രൂപപ്പെടുത്തികൊണ്ടിരുന്നത്. ഇച്ചിലം പാടി തറവാട്ടിലെ പരേതനായ കിഞ്ഞണ്ണ ആൾവ എജമാനനായിരുന്ന കാലഘട്ടത്തിൽ മായിപ്പാടി തമ്പൂരാൻ ഒരു മത്സരത്തിൽ ജയിച്ചതുകൊണ്ട് മായിപ്പാടി രാജാക്കൻമാരുടെ പട്ടാഭിഷേകം ഇച്ചിലം പാടി പടിപ്പുരയിലും രാജാക്കന്മരുടെ പ്രഥമ രാജസഭ ഇച്ചിലം പാടിക്കടുത്ത് ദർബാർ കട്ട എന്ന സ്ഥലത്തും നടത്തുന്നത് പതിവയിരുന്നു. അതിന്റെ ചരിത്രാവശിഷ്ടങ്ങൾ ഈ പ്രദേശത്ത് ഇപ്പോഴും കാണാം കുമ്പള സീമയിലെ ന്യായന്യായങ്ങൾ തരുമാനിക്കാനുള്ള അധികാരം മായിപ്പാടി തമ്പൂരാൻ ഇച്ചിലം പാടി തറവാട്ടുകാർക്ക് നൽകിയിരുന്നു.

ഉളാൽ ബോഡു എന്ന ശിവള്ളി ബ്രാഹ്മണ സമദായത്തിലെ കടമണ്ണായ തറവാടാണ് ഈ നാട്ടിലെ ക്ഷേത്രങ്ങളിലേയും ഭൂതാരാധന കേന്ദ്രങ്ങളിലേയും പ്രധാന തന്ത്രികൾ . ഈ തറവാട്ടിലെ രാധാകൃഷ്ണ കടമണ്ണായ എന്നവർ ശ്രീ ശബരിമല ക്ഷേത്രത്തിലെ മേൽശാന്തിയായിട്ടുണ്ടായിരുന്നു. ഇരുണ്ണിറായ തറവാട്ടുകാരും ഇന്നട്ടിലെ പ്രധാന ബ്രാഹ്മണ തറവാട്ടുകാരാണ്. മുസ്ലീം സമുദായത്തിൽ മൊഗ്രാൽ സാവുക്കാർ കുഞ്ഞിപ്പക്കി താറവാട് , എം. എസ് മൊഗ്രാൽ തറവാട്, എംസി. അബ്ദുൽഖാദർ ഹാജി തറവാട്, കമ്പാർ ഷെറൂൾ തറവാട് ആരിക്കാടി കുമ്പോൽ തങ്ങൾ തറവാട് എന്നിവ 700 വർഷം പഴക്കമുള്ള തറവാട്ടുകാരാണ്. ഗൗഡസരസ്വത സമുദായത്തിൽ റായപ്പനായക്കറുടെ തറവാട് വളരെ പ്രസിദ്ധമാണ് ഇവിടുത്ത സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ഗൗഡ സരസ്വത സമുദായത്തിന് പ്രാമുഖ്യം ഉണ്ട്.

കുമ്പള ജയസിംഹ രാജവിനെ ബ്രിട്ടീഷുകാർ പരാജയപ്പെടുത്തിയതോടെ കുമ്പള സീമയുടെ രാജവാഴ്ച അവസാനിച്ചു.

രണ്ടാം ലോക മഹായുദ്ധകാലത്ത് ശാന്തിപ്പള്ള എന്ന സ്ഥലത്ത് ബ്രട്ടീഷുകാരുടെ സൈനീക കേന്ദ്രമുണ്ടായുരുന്നു.

കുമ്പള ഗാന്ധി എന്ന അപരനാമത്താൽ പ്രസിദ്ധിയാറജിച്ച പരേതനായ ബംബ്രാണ ദേവപ്പ ആൾവ, പരേതനായ കുമ്പള ബി. മാധവപൈ, എന്നീവർ സ്വതന്ത്ര്യ സമര പോരാട്ടത്തിലെ മുന്നണി പോരാളികളായുരുന്നു. ഇവരെ കുടാതെ ഉജാർ സേക്കപ്പ ആൾവ എം. സി. മമ്മി , ഏം. എസ് മൊഗ്രാൽ, കുമ്പള സുന്ദര , എന്നിവരുമുണ്ടയിരുന്നു. ധർമ്മിഷ്ഠനായ ഇച്ചിലം പാടി ചിക്കപ്പ ഭണ്ഡാരി , (ഐ. സി. ഭണ്ഡാരി) താലുക്ക് ബോർഡ് പ്രസിഡൻറായിരുന്നു. മദ്രാസ് സംസ്ഥാനത്തിൽ എം. എൽ. എ. ആയിരുന്ന എം. എസ് മൊഗ്രാൽ . ഈ പഞ്ചായത്തുകാരനാരണ്. ലോക സഭയിൽ അംഗമായിരുന്ന ശ്രീ. ഐ രാമറൈ , ഈ പഞ്ചായത്ത് ഭരണസമിതി പ്രസിഡൻറായിരുന്നു. കർണ്ണാടക സംസ്ഥാനത്തിലെ ഇപ്പോഴത്തെ എം. എൽ. എ. യായ കുമ്പള സുന്ദർ റാവു. ഈ പഞ്ചായത്തുകാരനാണ്.

മുമ്പ് കൈത്തറി വ്യവസായത്തിൽ പ്രസിദ്ധമായിരുന്നു. ഇവിടെ ഉൽപാദിപ്പിച്ചു കൊണ്ടിരുന്ന കൈത്തറി വസ്ത്രങ്ങൾ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പാൾഗ്ചാത്യ പൗരസ്ത്യ രാഷ്ട്രങ്ങൾക്ക് കയറ്റുമതി ചെയ്തുവന്നിരുന്നു. കൂടാതെ മാലി ദ്വീപുകൾ അടക്കമുള്ള ദ്വീപസമൂഹത്തിലേക്ക് അരിയും കയറ്റുമതി ചെയ്തിരുന്നു. നൂറ്റാണ്ടുകൾ കൾക്കുമുമ്പ് തന്നെ കുമ്പള തുറമുഖനഗരമായിരുന്നു. പായക്കപ്പലുകൾ, ഉരുകൾ , എന്നിവ ഇവിടെ വന്നുംപോയുമിരുന്നു.

ഈ പഞ്ചായത്തിലെ സാമ്പത്തിക സ്ഥിതി കൃഷി മത്സ്യബന്ധനം , വ്യപാരം വ്യവസായം എന്നിവയെ അവലംരിച്ചിട്ടുള്ളതാണ്.

കേരളത്തിലെ ഇതര ഭാഗങ്ങളെന്നതുപോലെ ഇവിടുള്ള ജനങ്ങളും ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി ചെയ്തുവരുന്നു. ഇ പഞ്ചായത്തിലെ ജനങ്ങൾ സാമുദായിക സൗഹാർദ്ദം എന്നും നിലനിർത്തുന്നവരാണ് . ഇവിടുത്തെ ആരാധനാലയങ്ങളിൽ മതേതര സ്വഭാവം തെളിഞ്ഞുകാണുന്നു. കുമ്പള ശ്രീ ഗോപല കൃഷ്ണ ക്ഷേത്രത്തിലെ വെടിയുത്സവം പ്രാചീന കാലം തൊട്ടെ നാടിൻെറ ഉത്സവമായി കൊണ്ടാടപ്പെടുന്നു കുമ്പോൽ തങ്ങളുടെ ഉറൂസും ദക്ഷിണ ഭാരതത്തിൽ തന്നെ പ്രസിദ്ധിയാർജ്ജിച്ചതാണ് . ഈ പരിപാടിയിൽ ജാതിമത ഭേദമന്യെ ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുക്കുന്നു.

ആരിക്കാടി എന്ന പ്രദേശത്ത് സുമാർ 10ഏക്കറോളം സ്ഥലത്ത് പഴയ കോട്ട സ്ഥിതിചെയ്യുന്നു. ഇതിൻെറ പടിഞ്ഞാറുവശത്തുകൂടി നാഷണൽ ഹൈവേ 17 കടന്നു പോകുന്നു. സുമാർ 400 വർഷങ്ങൾക്കുമുമ്പ് ഇക്കേരി വെങ്കിട്ടപ്പ നായക്ക് ശിവപ്പ നായക്ക് എന്നീ രാജാക്കൾ പണിതതാണ് ഈ കോട്ടയെന്നും പതിനെട്ടാം നൂറ്റാണ്ടിൽ മൈസൂർ പുലിയെന്ന അപരനാമത്താൽ അറിയപ്പെടുന്ന ടിപ്പുസുൽത്താൻ അദ്ദേഹത്തിൻെറ പടയോട്ടക്കാലത്ത് ഈ കോട്ട സ്വാധീനപ്പെടുത്തിയിരുന്നെന്നും ഐതീഹ്യമുണ്ട്

സ്വതന്ത്ര്യാനന്തരം ഈ പഞ്ചായത്തിലെ വിദ്യാഭ്യസ മേഖല പുരോഗമിച്ചിട്ടുണ്ടെന്ന് പറയുന്നതിൽ രണ്ടു പക്ഷമില്ല ഈ പഞ്ചായത്തിലെ 16 സ്കൂളുകളിലായി 8000ൽ പരം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു പഴയകാലം മുതൽക്കെ കാസർകോട് താലുക്കിൽ മുൻപന്തിയിൽ നിൽക്കുന്ന സ്കൂളുകളിൽ കുമ്പള ഹൈസ്കൂളും മൊഗ്രാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂ

ളും ഉൾപ്പെടുന്നു. ഉന്നത വിദ്യാഭ്യസത്തിനുള്ള സൗകര്യം ഈ പഞ്ചായത്തിലില്ല. കുറഞ്ഞ പക്ഷം ഒരു സയൻസ് ആൻറ് ആർട്സ് കോളേജെങ്കിലും ആവശ്യമാണ്.

കുമ്പള പഞ്ചായത്ത് നിലവിൽ വരുന്നതിനുമുമ്പ് ആരിക്കാടി , ബംബ്രാണ, കോയിപ്പാടി, മൊഗ്രാൽ , എന്നി ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു. 21-12-1963 ൽ പുതിയ കുമ്പള പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. അതിനുമുമ്പ് ഭരണസമിതികളെ ജനങ്ങൾ കൈപൊക്കി വോട്ടു രേഖപ്പെടുത്തി തെരഞ്ഞെടുക്കുന്ന സമ്പ്രദായമായിരുന്നു നിലവിലുണ്ടായിർന്നത്. ശ്രീ എം. സി. അബ്ദുൾഖാദർ ഹാജി പ്രസിഡൻറായും ശ്രീ ജി. എ. മമ്മുഞ്ഞി വൈദ്യർ വൈസ് പ്രസിഡൻറായും ആദ്യ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നു. മെമ്പർ മാരായി ശ്രീ ഐ രാമറൈ , ശ്രീ ബാലകൃഷ്ണ അഡിയന്തായ , ശ്രീ അന്തുഞ്ഞി ശ്രീ എം.പി. ഫക്രുദ്ദീൻ , ശ്രീ ബി. ശ്യാം ഭട്ട് , കെ. രഘുറാവു. ഡോ. കെ. പി. ഇർണ്ണിറായ ശ്രീമതി റോസിഡെസ് , (വനിതാ നോമിനി) എന്നിവരടങ്ങിയ ഈ ഭരണസമിതി 13-8- 1979 വരെ ഭരണം നടത്തിയിരുന്നു. ശ്രീ . എം.സി. അബ്ദുൽ ഖാദർ ഹാജി പ്രസിഡൻറ് സ്ഥാനവും ശ്രീ മമ്മുഞ്ഞി വൈദ്യർ വൈസ്പ്രസിഡൻറ് സ്ഥാനവും 30- 4- 74 ൽ രാജിവെയ്ക്കുകയും പുതിയ ഭരണ സമിതി പ്രസിഡൻറായി ശ്രീഐ . രാമറൈ യെയും വൈസ്പ്രസിഡൻറായി ശ്രീ കെ. രഘുറാവുവിനെയും തെരഞ്ഞെടുത്തു. ഇതിനു മുമ്പ് ശ്രീ എം. സി. അബ്ദുൽഖാദർ ഹാജി മഞ്ചേശ്വരം ബ്ലോക്ക് വൈസ് ചെയർമാനായിരുന്നു.


27-9-79 ൽ കെ. പി. അബ്ദുൽറഹിമാൻ പ്രസിഡൻറായും എം രാമചന്ദ്ര ഗട്ടി വൈസ്പ്രസിഡൻറായും സർവ്വ ശ്രീ രാമ, എം. എം മുഹമ്മദ് , അഡ്വ. മുഹമ്മദ് ബത്തേരി , കെ. സമിക്കുട്ടി. രമണി. കെ. , യു. എം. അബ്ദുറഹ്മാൻ , പി.എം. മുഹമ്മദ് ഹാജി , ഐ. രാമറൈ, കെ. മാധവ , എന്നിവർ അംഗങ്ങളായും പുതിയ ഭരണ സമിതി നിലവിൽ വന്നു. 19-10-84 വരെ ഈ ഭരണസമിതി നിലവിലുണ്ടായിരുന്നു. 8-2-88ൽ കെ. പി അബ്ദുൽ റഹ്മാൻ പ്രസിഡൻറായും എം. പി. മുഹമ്മദ് ബംബ്രാണ വൈസ് പ്രസിഡൻറായും അംഗങ്ങളായി റാംമോഹന, എം എം. മുഹമ്മദ് , എസ് .എ. ഖാദർ , കെ. സാമിക്കുട്ടി. എച്ച് സത്യ ശങ്കരഭട്ട് , ശ്യാമള എം. എസ്,. പി. എം മുഹമ്മദ് ഹാജി,ഖദീജ എം. എ. , മോഹൻ കാമത്ത്, ചന്ദ്രനാഥ റൈ എന്നിവരടങ്ങിയ ഭരണസമിതി 30-9-95 വരെ അധികരത്തിലുണ്ടായിരുന്നു. പുതിയ ഭരണസമിതി 4-10-95ന് ശ്രീ കെ. മുഹമ്മദ് കുഞ്ഞി പ്രസിഡൻറായും എം. പി. മുഹമ്മദ് ബംബ്രാണ വൈസ്പ്രസിഡൻറായും അംഗങ്ങളായി സർവ്വ ശ്രീ ഇന്ദുശേഖര ആൾവ , ഖദീജ , ഏം. അബ്ബാസ് , ഫാത്തിമ, കെ. സാമിക്കുട്ടി. , കെ. മാധവ , ലക്ഷ്മി. പി.എം മുഹമ്മദ് ഹാജി. , ജമീല, വിദ്യ. വി. ഷേണായ്, നാരായണ വൈദ്യർ, അധികാരത്തിലേറി. ഈ ഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത് . കാസറകോട് താലുക്കിലെ ഏക സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് കുമ്പള,

കുമ്പള പഞ്ചായത്തിൻെറ ഇപ്പോൾ നിലവിലുള്ളഒഫീസ് കെട്ടിടം 28-12-76ന് ശ്രീ ഐ രാമറൈ പ്രസിഡൻറായിരുന്നപ്പോൾ നിർമ്മാണം ആരംഭിച്ചു. 6-3-83 ൽ കെ. പി. അബ്ദുൽറഹ്മാൻ പ്രസിഡൻറായുരുന്നപ്പോഴാണ് . പണി പൂർത്തിയായത്. കുമ്പള പഞ്ചായത്ത് സാമ്പത്തികമായി പിന്നോക്കമുണ്ടയിരുന്ന കാലത്ത് അന്നത്തെ പഞ്ചായത്ത് പ്രസിഡൻറായിരുന്ന ഐ . രാമറൈ മുൻകൈയെടുത്ത് റൂറൽ ഡവലപ്പ് മെൻറ ബോർഡിൻെറ സഹായത്തോടെ ടൗണിൻെറ ഹൃദയഭാഗത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു. 8-8-79 ൽ അത് തുറന്നുകൊടുക്കുകയുണ്ടയി. റൂറൽ ബോർഡിൽനിന്ന വാങ്ങിയ കടം തീർത്ത് പഞ്ചയത്തിന് വലുയൊരു വരുമാന കേന്ദ്രമായി പ്രസ്തുത ഷോപ്പിംഗ് കോംപ്ലക് സ് മാറിയിരിക്കുകയാണ് ഇന്ന്.

ശ്രീ. കെ. മുഹമ്മദ് കുഞ്ഞി പ്രസിഡൻറായ ഇന്നത്തെ ഭരണസമിതി 30 ലക്ഷം രൂപ ചെലവിൽ ഒരു മാർക്കറ്റിം ഗ് -കം- ഷോപ്പിംഗ് കോംപ്ലക്സിൻെറ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.


ഈ പഞ്ചയത്തിലെ സ്റ്റാഫ് അംഗങ്ങൾ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി ഒന്ന് . ജൂനിയർ സുപ്രണ്ട് 1, യു. ഡി ക്ലാർക്ക് 4 , എൽ. ഡി ക്ലാർക്ക് 3., പ്യൂൺ 2, സ്വീപ്പർ കം സെവിഞ്ചർ 4, പാർട്ട് ടൈം ദൊഡ്ഡി 1,ഓവർസിയർ 1,

സുമാർ 55 സെൻറ്സ് സ്ഥലത്ത് പത്തുലക്ഷം രൂപാ ചെലവിൽ ശ്രീ കെ. പി. അബ്ദുൽറഹ്മാൻ പ്രസിഡൻറായിരുന്ന കാലത്ത് ഒരു കല്ല്യണ മണ്ഡപം നിർമ്മിച്ചിരുന്നു. 2-12-91 ന് അന്നത്തെ പഞ്ചായത്ത് മന്ത്രി ശ്രീ സി. ടി അഹ്മദലി ഉദ്ഘാടനം ചെയ്ത ഈ കെട്ടിടത്തിൻെറ വൈദ്യുതി വൽകരണത്തിന് ഒരു ലക്ഷത്തി പതിനയ്യായിരം രൂപ ഭരണസമിതി അനുവദിച്ചിട്ടുണ്ട്. കല്ല്യാണം മറ്റു സാമൂഹ്യസാംസ്കാരിക പരിപാടി നടന്നുവരുന്നു.




ಪಂಚಾಯತ್ ಆಫೀಸ್ ಕಟ್ಟಡ

പഞ്ചായത്ത് ഓഫീസ് കെട്ടിടം



ಪಂಚಾಯತ್ ಶೋಪಿಂಗ್ ಕಾಂಪ್ಲೆಕ್ಸ್

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്



ಪಂಚಾಯತ್ ಕಲ್ಯಾಣ ಮಂಟಪ

പഞ്ചായത്ത് കല്യാണമണ്ഡപം



4

I

കൃഷിയും ജലസേചനവും

ബംബ്രാണ, ആരിക്കാടി, ഊജാർ, ഉളുവാർ, കിദൂർ, കോയിപ്പാടി, ഇച്ചിലംപാടി എന്നീ ഗ്രാമങ്ങളും ചേർന്ന പ്രദേശമാണ് കുമ്പള പഞ്ചായത്ത്. തെക്ക് മൊഗ്രാൽ പുഴയും, പടിഞ്ഞാറ് ഭാഗം അറബിക്കടലും, വടക്ക് ഷിരിയ പുഴയും കിഴക്ക് പുത്തിഗ പഞ്ചായത്തും ഈ പഞ്ചായത്തിന്റെ നാലതിരുകളാണ്. ഈ പ്രദേശത്തിന്റെ എഴുപതു ശതമാനം ജനങ്ങളും ചെറുകിട നാമമാത്രമായ കൃഷിക്കാരാണ്. ഇവരിൽ ഭൂരിഭാഗവും അടയ്ക്ക, നെല്ല്, തേങ്ങ, കൃഷികൾ ചെയ്തു വരികയാണ്. ആകെ വിസ്തീർണ്ണം 40.185 ച.കി.മീ. ആണ്.

പട്ടിക I

ഭൂമി സംബന്ധിച്ച വിവരങ്ങൾ (ഹെക്ടറുകൾ)

ഗ്രാമം	നഞ്ച	പുഞ്ച	തോട്ടം	തരിശ്	പുറമ്പോക്ക്	ആകെ
1. കോയിപ്പാടി	40	(20)	100	850	120	1110
2. ഇച്ചിലംപാടി	30	(20)	100	430	15	575
3. മൊഗ്രാൽ	50	(40)	90	135	30	290
4. കിദൂർ	90	(80)	120	550	50	810
5. ഉജാർ ഉളുവാർ	20	(10)	60	210	25	315
6. ബംബ്രാണ	70	(60)	100	230	35	335
7. ആരിക്കാടി	20	(10)	60	256	154	490
	320	(240)	630	2646	429	4025

അവലംബം (സെക്കൻററി ഡാറ്റ)

പട്ടിക II

ക്രമനമ്പർ	തരം	വിസ്തീർണ്ണം	ശതമാനം.
1.	ചെങ്കൽക്കല്ല് കലർന്ന പ്രദേശം	3747 ഹെക്ടർ	93.1.%
2.	തീരഭൂമി	250 ഹെക്ടർ	6.2. %
3.	പുൽമേടുകൾ	2 ഹെക്ടർ	0.05 %
4.	ചതുപ്പുനിലം	26 ഹെക്ടർ	.65 %

പട്ടിക III

വില്ലേജ്	ഉടമസ്ഥരുടെ എണ്ണം				
	ഒരുഹെക്ടർ വരെ	1മുതൽ 2 ഹെക്ടർ വരെ	2 മുതൽ 5വരെ	5 മുതൽ 10 വരെ	10ൽ കൂടുതൽ
1. കോയിപ്പാടി	3584	345	12	---	----
2. ഇച്ചിലംപാടി	1141	40	6	---	---
3. ഒമാഗ്രാൽ	1326	30	5	---	---
4. കിദൂർ	1228	196	14	---	---
5. ഊജാർ ഉളുവാർ	330	12	4	---	---
6. ബംബ്രാണ	978	73	8	---	---
7. ആരിക്കാടി	1426	107	9	---	---
ആകെ	10,015	803	58	---	---

(അവലംബം കൃഷിഭവൻ)

പട്ടിക IV

വിള വിസ്തീർണ്ണം ഉൽപ്പാദനം

ക്രമ നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്ത ഉൽപ്പാദനം MT	ഉൽപ്പാദനക്ഷമത Kg.Ha
1.	നെല്ല് ഒന്നാം വിള	320	640	2000
2.	നെല്ല് രണ്ടാം വിള	240	576	2400
3.	നെല്ല് മൂന്നാം വിള	10	32	3200
4.	പയർ	22	22	1000
5.	പച്ചക്കറികൾ	35	280	8000
6.	തെങ്ങ്	384	560	1450
7.	വാഴ	250	1500	6000
8.	കവുങ്ങ്	350	700	2000
9.	കുരുമുളക്	20	10	500
10.	കശുമാവ്	120	72	600

(അവലംബം, കൃഷിഭവൻ)

പട്ടിക 5

കാലാവസ്ഥാ റിപ്പോർട്ട് (10 വർഷത്തിന്റെ ശരാശരി)

1986 – 1995 വരെ താപനില (ഡിഗ്രി സി)

ക്രമ നമ്പർ	മാസം	മാക്സിമം	മിനിമം	ബാഷ്പീകരണം	മഴ
1.	ജനുവരി	32.3	18.7	4.1	0.24
2.	ഫെബ്രുവരി	31.9	19.7	4.8	0.00
3.	മാർച്ച്	32.5	21.8	5.2	9.7
4.	ഏപ്രിൽ	33.2	23.5	5.7	32
5.	മെയ്	33.2	23.5	5.3	165.1
6.	ജൂൺ	30.1	22.4	3.6	1036.4
7.	ജൂലായ്	28.8	22	2.9	1010.0
8.	ആഗസ്റ്റ്	28.9	21.6	3.1	778.3
9.	സെപ്തംബർ	29.9	21.4	3.6	214.6
10.	ഒക്ടോബർ	31.1	21.3	3.6	166.4
11.	നവംബർ	32.3	20.4	3.7	112.6
12.	ഡിസംബർ	33	18.7	4.1	10.3

(അവലംബം, സിപിആർഐ കാസർകോട്)

പഞ്ചയത്തിലെ പ്രധാന തോടുകളും ജലസേചനത്തിന്റെ വിവരങ്ങളും താഴെത്തെ പട്ടികയിൽ കൊടുത്തിരിക്കുന്നു

പട്ടിക 6

പ്രധാന തോടുകളുടെ വിവരം

നമ്പർ	പ്രധാന തോടുകൾ	ദൂരം (കി. മീ.)
1.	ഷിറിയ പുഴ	13.21
2.	കുമ്പളപുഴ	1.5
3.	മൊഗ്രാൽ പുഴ	3.79
4.	പുനീയൂർ തോട്	0.5
5.	കമ്പത്തോട് കിദൂർ	1.5
6.	നടുത്തോട്	1.5
7.	പണിക്കരതോട് കിദൂർ	0.5
8.	ബംബ്രാണ- ബർണ്ണിക്കട്ട	1.5
9.	മൂവൻ തോട്- ബംബ്രാണ	2.0
10.	ബന്നംങ്കള-ജാൽഹിത്തിലു	1.0
11.	കൊടംകൈ – അരിക്കാടി	1.5
12.	ബിൽത്തോട് – ഇച്ചിലം പാടി	1.5
13.	പള്ളത്തിമാർ- കൊറങ്കള	0.75
14.	പിലിംങ്കുരി – കൊടിയമ്മ	0.6
15.	ഇച്ചിലം പാടി തോട്	4.0
16.	കോട്ടക്കാർ തോട്	2.0
17.	നെക്രാജെ തോട്	2.0
18.	വലിയ നാങ്കി തോട്	3.4
19	പെരാൽ തോട്(പള്ളത്തോട്)	1.2
20.	ഈടിത്തോട് മൊഗ്രാൽ	2.0
21.	മുറിത്തോട് – ആരിക്കാടി	1.0
22.	ചൊട്ടത്തോർ – ദിഡുമ	1.5

(അവലംബം, കൃഷിഭവൻ)

പഞ്ചായത്തിന്റെ ഭൂമിസംബന്ധമായ വിവരങ്ങൾ പട്ടിക ഒന്നിലും മണ്ണിന്റെ തരം രണ്ടാമത്തെതിലും കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 950 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരികയാണ് ഇപ്രകാരം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 65 ശതമാനം തരിശുഭൂമിയും 25 ശതമാനം കൃഷിയും ബാക്കി പുറമ്പോക്കു ഭൂമിയുമാണ്. മൂന്നാം പട്ടികയിൽ പറഞ്ഞതുപ്രകാരം 92 ശതമാനം ആൾക്കാരും നാമമാത്ര കർഷകരാണ്. പട്ടിക നാലിൽ പഞ്ചായത്തിന്റെ പ്രധാന വിളകളുടെ വിസ്തീർണ്ണത്തെ പറ്റിയും ഉൽപാദനക്ഷമതയെയും പറ്റി പ്രതിപാദിച്ചിരിക്കുന്നു. പട്ടിക അഞ്ചിൽ കഴിഞ്ഞ പത്തുവർഷത്തിന്റെ ശരാശരി മഴയും താപനിലയെത്തെ പറ്റിയും പ്രതിപാദിച്ചിരിക്കുന്നു. ഇതുപ്രകാരം ജുൺ -ജൂലൈ മാസങ്ങളിൽ മഴ ധാരാളമായി കിട്ടികൊണ്ടിരിക്കുന്നു (65ശതമാനം)

പട്ടിക 7

കിണർ കുളം സംബന്ധിച്ച് വിവരം

വാർഡ്	കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ
1.	425	3	5	----
2.	403	3	3	1
3.	463	2	---	2
4.	217	--	---	2
5.	153	2	--	---
6.	174	7	4	2
7.	438	7	2	--
8.	414	2	1	2
9.	408	3	--	--
10.	348	4	3	--
11	432	4	--	1
12.	418	5	1	1
13	427	4	1	0
ആകെ	4720	46	20	11

(അവലംബം, കൃഷിഭവൻ)

ഈപഞ്ചായത്തിൽ മൈനർ ഇറിഗേഷൻ വഴി ഉണ്ടാക്കിയ ജലസേചന സൗകര്യം വളരെ കുറവാണ്. അധികം കർഷകരും അവരുടെ സ്വന്തമായ കിണറിൽ നിന്നും കുളങ്ങളിൽ നിന്നും പമ്പുസെറ്റുകൾ ഉപയോഗിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുന്നു . പഞ്ചായത്തിൽ 20 കുളവും 11 ക്രൊസ് ബാറും നിർമ്മിച്ചിട്ടുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ കൃഷിക്ക് ആവശ്യമായ വെള്ളം കിട്ടിത്ത അവസ്ഥയാണുള്ളത്.

പട്ടിക 8

ജലസേചനത്തിനുവേണ്ടി നിർമ്മിച്ച പദ്ധതികൾ

ക്രമ നമ്പർ	പേര്	വില്ലേജ് ലഭിക്കുന്നപ്രദേശങ്ങൾ	പദ്ധതികൾ ഗുണം
1.	ബംബ്രാണ അണക്കെട്ട് (ഷിറിയ പുഴയിൽ)	ബംബ്രാണ	40 ഹെക്ടർ സ്ഥലം
2.	കോട്ടകുഞ്ചെ അണക്കെട്ട് (മൊഗ്രാൽ പുഴയിൽ	മൊഗ്രാൽ	25ഹെക്ടർ സ്ഥലം

അവലംബം: മൈനർ ഇറിഗേഷൻ

പട്ടിക 9

കുമ്പള പഞ്ചായത്തിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ നിർമ്മിച്ച പദ്ധതി
തഴെ പറയുന്ന സ്ഥലങ്ങളിൽ ഉപ്പുവെള്ളം കയറാതിരിക്കാൻ നിരവധിപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

നമ്പർ	പദ്ധതിയുടെ പേര്	വില്ലേജ്	പദ്ധതിമൂലം ഗുണം ലഭിക്കുന്ന പ്രദേശങ്ങൾ
1	വി.സി.ബി കം ബ്രിഡ്ജ് കഞ്ചിക്കട്ട കുമ്പള പുഴ	കോയിപ്പാടി ആരിക്കാടി	51 ഹെക്ടർ സ്ഥലം
2.	സോൾട്ട് വാട്ടർ പ്രോട്ടക്ഷൻ ഡാം ദിഡ്മെ	ബംബ്രാണ	20 ഹെക്ടർ സ്ഥലം
3.	സോൾട്ട് വാട്ട് പ്രോട്ടക്ഷൻ കൊടെങ്കെ തോട്	ആരിക്കാടി	20 ഹെക്ടർ സ്ഥലം
4.	ആരിക്കാടി- കഞ്ചിക്കട്ട തോട്	ആരിക്കാടി	15ഹെക്ടർ സ്ഥലം
5.		ആരിക്കാടി	20 ഹെക്ടർ സ്ഥലം
6.	കിണ്ണിക്കട്ട	ആരിക്കാടി	20 ഹെക്ടർ സ്ഥലം
7.	ബണ്ടികിണിക്കട്ട	ആരിക്കാടി	20 ഹെക്ടർ സ്ഥലം
8.	ബന്ധകം റോഡ് കുമ്പള റോഡിന്റെ ഇടതുവശം	ആരിക്കാടി	15 ഹെക്ടർ സ്ഥലം

അവലംബം: മൈനർ ഇറിഗേഷൻ

പട്ടിക 10

മണ്ണൊലിപ്പ് തടയാൻ കുമ്പള പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

കുമ്പള പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

നമ്പർ	പദ്ധതയുടെ പേര്	വില്ലേജ്	പദ്ധതിയുടെ ഗുണം ലഭിക്കുന്ന പ്രദേശം
1.	കാജറിൽ ഷിറിയാപുഴയ്ക്ക് സൈഡ് പ്രോട്ടക്ഷൻ	കിദൂർ	51 ഹെക്ടർ
2.	ബംബ്രാണ തോടിന്റെ സൈഡ് പ്രോട്ടക്ഷൻ	ബംബ്രാണ	15 ഹെക്ടർ
3.	ഫ്ളഡ് പ്രിവൻഷൻ ബണ്ട് ഉജാർ ഉളുവാർ ജുമാമസ്ജിദിന് സമീപം	ഉജാർ ഉളവാർ	20 ഹെക്ടർ
4.	കുമ്പള പുഴയുടെ സൈഡ് പ്രോട്ടക്ഷൻ	ആരിക്കാടി	15 ഹെക്ടർ
5.	'' ആരിക്കാടി കടവത്ത്	ആരിക്കാടി	15 ഹെക്ടർ
6.	'' കഞ്ചിക്കട്ട	കോയിപ്പാടി	15 ഹെക്ടർ
7.	'' കുണ്ടാപ്പു	ആരിക്കാടി	20 ഹെക്ടർ
8.	'' മളി	ആരിക്കാടി	15 ഹെക്ടർ

തഴെ പറയുന്ന പട്ടികയിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം പഞ്ചായത്തിൽ ഉപയോഗിച്ച രാസവളം കീടനാശിയുടെ കണക്ക് കൊടുത്തിരിക്കുന്നു.

പട്ടിക 11

രാസവളം കീട നാശിനി

നമ്പർ	സ്ഥാപനം	1993-94		1994-95		1995-96	
		രാസവളം	കീടനാശിനി	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി
1.	സഹകരണം	3എം.ടി.	--	3.5 എം.ടി.	---	3എം.ടി.	--
2.	സ്വകാര്യം	505 എം.ടി.	12 എം.ടി 3000ലിറ്റർ	571 എം ടി	14 എം.ടി. 3500 ലിറ്റർ	605 എം.ടി	15 എംടി 3750 ലിറ്റർ

അവലംബം കൃഷിഭവൻ

അയൽ സംസ്ഥാനങ്ങളിൽ നിന്നും ധാരാളമായി ജൈവവളങ്ങൾ ഇവിടെ ഇറക്കുമതി ചെയ്തുവരുന്നുണ്ട്. കൂടുതലായികൃഷിക്കാർ ജൈവവളം ഉപയോഗിക്കുന്നതുകൊണ്ട് ഇത് ഉദ്ഭവിക്കുന്നത് പ്രധാനമായി വേപ്പിൻ പിണ്ണാക്ക് എല്ലുപൊടി കൊഴിവളം കടലപ്പിണ്ണാക്ക് എന്നിവയാണ് കീടനാശനികളുടെ അമിയമായ ഉപയോഗവും അതു മൂലമുണ്ടകുന്ന പരിസ്ഥിതി – ആരോഗ്യ പ്രശ്നങ്ങളും ഗുരുതരമാണ്. ശാസ്ത്രീയമായ പഠനങ്ങളോ സമീപനങ്ങളോ ഈ രംഗത്ത് സ്വാധീനിച്ചിട്ടില്ല

പട്ടിക 12

ഉഴവുപകരണങ്ങൾ മരുന്നു തളി ഉപകരണങ്ങൾ

നമ്പർ	ട്രാക്ടർ	ടില്ലർ	നാടൻ കലപ്പ	അണ	നപസകി	പവർ പ്ലേയർ	മെതി യന്ത്രം	തെങ്ങ് കയറ്റ് യന്ത്രം	പസ്നെറക്.
1	1	10	950	540	10	1	1	4	–
2.	1	10	950	540	10	1	1	4	838

അവലംബം : കൃഷിഭവൻ

ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്ന കാർഷിക യന്ത്രങ്ങളുടെ കണക്ക് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 13

നടീൽ വസ്തുക്കളുടെ വിതരണം സംബന്ധിച്ച്.

നമ്പർ	ഇനം	1993-94	194-95	95-96
1.	തെങ്ങ്	350	400	450
2	കശുമാവ്	3380	3460	2880
3	കുരുമുളക്	2000	7100	---
4.	കവുങ്ങ്	---	200	1000
5.	മാവ്	238	92	700
6.	പേര	46	24	---
7.	ചെറി	138	--	---
8.	സപ്പോട്ട	23	98	---
9.	കോക്കോ	350	---	---
10.	ഗ്രാമ്പു	--	50	---

അവലംബം കൃഷിഭവൻ

പഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം കൃഷിഭവനിലുടെ വിതരണം നടത്തിയ വിവിധയിനം തൈകളുടെ കണക്ക് മേലെ കൊടുത്തിരിക്കുകയാണ്.

നടീൽ വസ്തുക്കൾ കർഷകരുടെ ആവശ്യത്തിനനുസരിച്ച് യഥാസമയം ലഭിക്കുന്നില്ല. പട്ടികയിൽ പറഞ്ഞതുപ്രകാ

രം കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്ത നടീൽ വസ്തുക്കൾ വളരെ കുറവാണ് ആവശ്യമുള്ള നടീൽ വസ്തുക്കൾ യഥാസമയം കാലവർഷത്തിന് മുമ്പ് തന്നെ വിതരണം നടത്തേണ്ടത് ആവശ്യമാണ്. കൃഷിക്ക് ആവശ്യമായ ദീതാഴിലാളികളെ യഥാസമയം കിട്ടാത്ത ഒരു അവസ്ഥ പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണ്.

ഈ പഞ്ചായത്തിലെ പ്രധാന കൃഷിയായ കവുങ്ങ് കൃഷിയുടെ വിവങ്ങൾ തഴെ കൊടുത്തിരിക്കുന്നു. കവുങ്ങ് കൃഷിക്ക് മഹാളി രോഗം വരാതിരിക്കുന്നതിനായി തുരിശ് സബ്സിഡിനിരക്കിൽ കൃഷിഭവനിലൂടെ നടത്താറുണ്ട്. കവുങ്ങ് കൃഷിമൂലം ധാരാളം പേർക്ക് തൊഴിൽ ലഭിക്കുന്നു.

പട്ടിക 14

കവുങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വാർഡ് നമ്പർ	വിസ്തീർണ്ണം	കവുങ്ങ് എണ്ണം		ആകെ
			കായ്ക്കാത്തത്	കായ്ക്കുന്നത്	
1.	1	30 ഹെക്ടർ	2500	36650	39150
2	2	55 ഹെക്ടർ	4200	69300	71500
3.	3	25 ഹെക്ടർ	2100	30400	32500
4.	4	2 ഹെക്ടർ	260	2340	2600
5.	5	–	–	–	–
6.	6	85 ഹെക്ടർ	6500	1,04000	1,10500
7.	7	10 ഹെക്ടർ.	1500	11500	13,000
8.	8.	40 ഹെക്ടർ	6000	46,500	52,500
9.	9	–	–	–	–
10.	10	10ഹെക്ടർ	1500	11600	13,100
11.	11	30 ഹെക്ടർ	2500	36,650	39,150
12.	12	35 ഹെക്ടർ	4500	31000	48,500
13.	13	28 ഹെക്ടർ	3200	35,300	38,500

അവലംബം : കൃഷി ഭവൻ

പഞ്ചായത്തിലെ തെങ്ങ് കൃഷി വികസനത്തിനായി ഒരു കേര വികസന സമിതി പ്രവർത്തിക്കുന്നുണ്ട്. കേരവികസനസമിതി മുഖാന്തിരം കൃഷിക്കാർക്ക് ജലസേചനത്തിനായി കിണർ കുഴിക്കാനും പമ്പ് സെറ് സ്ഥാപിക്കാനും വായ്പയും സബ്സിഡിയും നടപ്പിലാക്കിവരുന്നു.

ഈ പഞ്ചായത്തിൽ കൃഷിചെയ്യുന്ന നാടൻ നെൽവിത്തുകളുടെ നല്ലൊരു ഭാഗം അത്യുൽപാദന ശേഷിയുള്ള നെൽവിത്തകളും ഉപയോഗിക്കുന്നു. നാടൻ വിളയായ കയമ, വെള്ളകയ്മ, കുട്ടി പുഞ്ച, തൊണ്ണൂറൻ , വെള്ളരിയൻ , ഉപ്പർമുണ്ട , തെക്കൻ , തവ്വൻ എന്നിവയും അത്യുൽപാദനഇനങ്ങളായ , ജയ , ജ്യോതി, ഐ. ആർ. എട്ട്, ത്രിവേണി, ജയന്തി, നിരജ, ശക്തി, ഫൽഗുണ, പവിഴം, കാർത്തിക, അന്നപൂർണ്ണ, മുതലായവയും കൃഷിചെയ്ത് വരുന്നു. നെല്ല് ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും സംസ്ഥാന ശരാശരിയേക്കാൾ 15 ശതമാനത്തോളം കൂടുതലാണ്.

ഈ പഞ്ചായത്തിലെ മൊത്തം നെൽകൃഷിക്കായി 6 പാടശേഖരസമിതികൾ പ്രവർത്തിക്കുന്നു.

അവയുടെ പേര്

1. കിദൂർ
2. ബംബ്രാണ
3. ഇച്ചിലംമ്പാടി
4. ആരിക്കാടി
5. കോട്ടക്കാർ
6. പേരാൽ.

പ്രസ്തുത പാടശേഖരസമിതിയിൽ കൃഷിക്കാർ കൃഷിയിറക്കുന്നത് മൂലം പ്രത്യക്ഷമായും പരോക്ഷമായും ധാരാളം തൊഴിൽ ദിവനങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുന്നു. കവുങ്ങ് , തെങ്ങ് കൃഷികളുമായി താരതമ്യപെടുത്തുമ്പോൾ നെൽകൃഷിലാഭകരമല്ലാത്തതിനാലും കർഷകതൊഴിലാളികളുടെ അഭാവം കൊണ്ടും വർദ്ധിച കൂലിചെലവുകൊണ്ടും രാസവളങ്ങളുടെയും കിടനാശിനിയുടെയും വിലവർദ്ധനകൊണ്ടും നെൽകൃഷിക്കാർ കൃഷിയിറക്കാൻ താൽപര്യം കാണിക്കുന്നില്ല.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ പഞ്ചാത്തിലെ വിലിധ ബാങ്കുകളിലുടെ വിതരണം ചെയ്ത കാർഷിക വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 15

ക്രമ നമ്പർ	ബേങ്കിന്റെ പേര്	രൂപ ലക്ഷം
1.	സിണ്ടിക്കേറ്റ് ബാങ്ക്	1.34
2.	വിജയ ബേങ്ക്	6.01
3	ഗ്രാമീണ ബേങ്ക്	6.78
4.	കുമ്പള കോ. ഓപ്പ് ബാങ്ക്	4.47

അവലംബം : സെക്കൻറി ഡാറ്റ.

ഈ പഞ്ചായത്തിലെ മറ്റു വിളകളായ കശുമാവ് , കുരുമുളക് , വാഴ, പച്ചക്കറികൾ വെറ്റില കൊക്കോ, പയർ വർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്തുവരുന്നു. കശുമാവ് വികസനത്തിന് കൃഷിഭവൻ മുഖേന പലപദ്ധതികളും നടപ്പിലാക്കിവരുന്നു. തേയില കൊതുകിനെതിരെ മരുന്നുതെളിക്കാൻ കർഷകർ താൽപര്യം കാണിക്കുന്നില്ല.. കുരുമുളക് വികസനത്തിനായി ഒരു കുരുമുളക് സംരക്ഷണസമിതിപ്രവർത്തിക്കുന്നുണ്ട്. ദ്രുതവാട്ടരോഗത്തിനെതിരെ തളിക്കുന്നതിന് ആവശ്യമായ കുമിൾനാശിനികൾ കൃഷിഭവനിലുടെ വിതരണം നടത്തുന്നുണ്ട്. പണ്ട് കാലത്ത് ടൺകണക്കിന് കുരുമുളക. ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന പഞ്ചായത്തിൽ രോഗം മൂലം കുരുമുളക് ചെടികൾ നശിച്ചതിനാൽശേഷിയുള്ളവയിൽ നിന്ന് ഉൽപാദനം കിലോകണക്കിനായി കുറഞ്ഞുവരുന്നത്കാണാം

ഈ പഞ്ചായത്തിൽ മൊഗ്രാൽ വില്ലേജിലും കൊയിപ്പാടിവില്ലേജിന്റെ ചില ഭാഗങ്ങളിലും നന്നായി പച്ചക്കറി കൃഷി ചെയ്തുവരുന്നു. ചച്ചക്കറി ഉൽപന്നങ്ങൾ കുമ്പള ടൗണിലും അധികം വരുന്നവ കാസറകോടും മംഗാലപുരത്തും വൽപന നടത്തുന്നു. വെണ്ട, വെള്ളരി , കക്കിരി, പയർ, ചീര, നരമ്പൻ കോവക്ക, മത്തൻ, കുമ്പളങ്ങ എന്നിവയാണ് പ്രധാന പച്ചക്കറിവിളകൾ.

വാഴ ഇനത്തിൽ നാടൻ വാഴയായ കദളി, മൈസൂർ, പൂവൻ എന്നിവ കവുങ്ങിൻ തോട്ടത്തിൽ ഇടവിളയായി കൃഷിചെയ്തുവരുന്നു. ഒന്നാം വിള കഴിഞ്ഞ് വയലിൽ രണ്ടാം വിളയും മുന്നാം വിളയും എടുക്കാൻ പറ്റാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും പയർ വർഗ്ഗങ്ങളും പച്ചക്കറികളും കൃഷിചെയ്തുവരുന്നു.

ഈ പഞ്ചായത്തിലെ കഴിഞ്ഞ പത്ത് വർഷത്തിലെ ശരാശരി കൂലി നിരക്ക് താഴത്തെ പട്ടികയിൽ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	വർഷം	കൂലി	
		പുരുഷൻ	സ്ത്രീ
1.	1986-87	25	12
2.	1987-88	27	15
3.	1988-89	30	18
4.	1989-90	35	20
5.	1990-91	40	22
6.	1991-92	50	25
7.	1992-93	60	28
8.	1993-94	65	30
9.	1994-95	70	32
10.	1995-96	75	35

അവലംബം : നാട്ടറിവ്

ഈ പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് കാരണം പ്രധാനമായും രാസവളം കീടകുമിൾ നശിനികളുടെ ശാസ്ത്രീയ ഉപയോഗക്രമത്തിന്റെ അജ്ഞതയും ജൈവവളം ആവശ്യത്തിന് കിട്ടാത്തതുമാണ്. രാസവള- കിടനാശിനികളുടെ അമിതമായ വിലക്കയറ്റവും കാർഷികമേഖലയിലെ തൊഴിലാളികളുടെ അഭാവവും അമിതമായ കൂലിചെലവും കാർഷികോൽപന്നങ്ങൾക്ക് തക്കതായ വിലലഭ്യമല്ലത്തതുമാകുന്നു.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ കാർഷികമേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ

1. മഴക്കാലത്ത് ലഭിക്കുന്ന അധികമഴമൂലം മണ്ണൊലിപ്പുണ്ടകുന്നു. അത് കൊണ്ട് കിദൂർ മുതൽ ബംബ്രാണ അണക്കെട്ട് വരെയുള്ള ഷിറിയപുഴയുടെ ആഴം കുറഞ്ഞുവരുന്നു. അതുമൂലം ബംബ്രാണ ഊജാർഉൾവാർ കിദൂർ പ്രദേശങ്ങളിൽ വെള്ള പൊക്കം ബാധിക്കുന്നു. തൻമൂലം ഈ പ്രദേശങ്ങൾ കൃഷിയിറക്കിയത് നശിക്കുകയും ബാക്കി സ്ഥലങ്ങളിൽ കൃഷിയിറക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടകുകയും ചെയ്യുന്നു.

2. മൊഗ്രാൽ പുഴയിൽ നിന്ന് ഉപ്പുവെള്ളം കയറി പേരാൽ മടിമുഗർ ഭാഗത്തെ നെൽകൃഷി നശിക്കുന്നു.

3. കുമ്പള പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറി ആരിക്കാടി പുജൂർ വയലിൽ കൃഷി നശിക്കുന്നു.

4. 5ാം വാർഡിലെ കൊയിപ്പാടി കടപ്പുറത്തുള്ള തോട്ടിൽ കൂടി ഉപ്പു വെള്ളം കയറുന്നതിനാൽ ആ പ്രദേശങ്ങളിൽ നെൽകൃഷി ചെയ്യാൻ പറ്റാതെ വരുന്നു.

5. കോട്ടക്കാർ തോട്ടിൽ മണ്ണ് നിറഞ്ഞ് ആഴം കുറഞ്ഞതിനാൽ വെള്ളപൊക്കം കാരണം സൈഡുകൾ ഇടിഞ്ഞ് 20 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യാൻ പറ്റാതെ വന്നിരിക്കുന്നു.

6. പേരാൽ പള്ളത്തോട്ടിൽ നിന്നും ഉപ്പുവെള്ളം കയറിവരുന്നതിനാൽ കൃഷിചെയ്യാൻ പറ്റാതെ വരുന്നു.

7. കിദൂർ, കളത്തൂർ ആർത്തല, പാമ്പാട്ടി എന്നിവിടങ്ങളിൽ തോട്ടിൽ മണ്ണ് നിറഞ്ഞ് തോട് മൂടിവരുന്നു.

8. കിദൂർ ആർത്തലയിലെ പഞ്ചായത്ത് സപ്ലൈചെയ്ത ഡീസൽ പമ്പുസെറ്റ് കേട് വന്നതിനാൽ ജലസേചനം നടത്താൻ സാധിക്കുന്നില്ല.

9. കളത്തൂർ വയലലിലെക്ക് സപ്ലൈ ചെയ്ത പമ്പു സെറ്റിന് ഇതുവരെ വൈദ്യൂതി കണക്ഷൻ ലഭിച്ചിട്ടില്ല.

10. നെൽവയലിൽ ഒരു കണ്ടത്തിൽ നിന്നും മറ്റൊരു കണ്ടത്തിലെക്ക് ട്രില്ലർ കൊണ്ടുപോകുവാനുള്ള സൗകര്യമില്ലാത്തതിനാൽ ട്രില്ലർ ഉപയോഗം കുറഞ്ഞുവരുന്നു.

11. ഭൂരിപക്ഷം കർഷകരും ചെറുകിട കൃഷിക്കാരാതുകൊണ്ട് ഇവർ ചെയ്യുന്ന നെൽകൃഷി ലാഭകരമായ നടത്താൻ പറ്റുന്നില്ല.

12. കൃഷിക്ക് ന്യായമായ പരിഗണന ലഭിക്കാത്തതിനാൽ അഭ്യസ്ഥവിദ്യരായ യുവാക്കൾ കാർഷിക പ്രവത്തിയിൽ താൽപര്യം കാണിക്കുന്നില്ല.

13. കവുങ്ങ് കൃഷിക്ക് മഴക്കാലത്ത് മഹാളിരോഗം വളരെ വ്യാപകമായി കാണപ്പെടുന്നു.

14. തെങ്ങ് കൃഷിക്ക് കൊമ്പൻ ചെല്ലയുടെ ഉപദ്രവം വളരെ വ്യപകമാണ്.

15. ബാങ്കുകളിൽ നിന്നും ശരിയായ സമയത്ത് കർഷകർക്ക് വായ്പലഭിക്കുന്നില്ല.

16. ബാങ്കുകൾക്ക് സർവ്വീസ് ഏരിയ (വാർഡ് അടിസ്ഥാനത്തിൽ) നിശ്ചയിച്ചത് കൊണ്ട് കൃഷിക്കാർക്ക് വയ്പകൾ എടുക്കാൻ തടസം നേരിടുന്നു.

17. വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനാൽ പമ്പുസെറ്റുകൾ പ്രവർത്തിക്കാത്തത് കൊണ്ട് കൃഷിവിളകൾ നശിച്ചുപോകുന്നു.

18. മണ്ണെണ്ണ വേണ്ടത്ര ന്യായമായവിലയ്ക്ക് ലഭ്യമാകത്തതിനാൽ കർഷകർ നല്ലവണ്ണം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

19. ബംബ്രാണ അണക്കെട്ടിൽ നിന്നുള്ള വെള്ളം ബംബ്രാണ നെൽ പാടങ്ങളിലേക്ക് എത്താത്തത് കാരണം 100 കണക്കിന് ഏക്ര സ്ഥലത്ത് കൃഷിചെയ്യാൻ സാധിക്കുന്നില്ല.

സാദ്ധ്യതകൾ

1. പുഴകളും തോടുകളും ആഴം കുറഞ്ഞുവരാനുള്ള കാരണം ഉയർന്ന സ്ഥലങ്ങളിൽ നിന്നും മണ്ണൊലിപ്പ് വന്ന് ഒരേ സ്ഥലത്ത് കെട്ടിക്കിടക്കുന്നതുകൊണ്ടാണ്. ആയതിനാൽ മണ്ണൊലിപ്പ് തടയാൻ ടൈസിംഗ് നടത്തുക. പഞ്ചായത്തിലെ മുഴുവൻ കർഷകരും ഗ്രൂപ്പ് അടിസ്ഥാനത്തിൽ അവരവരുടെ സ്ഥലത്ത് ഈ രീതി ചെയ്യുക.

2.ഷിറിയ പുഴയിൽ കൂടിക്കിടക്കുന്ന മണ്ണ് (കിദൂർ മുതൽ ബംബ്രാണ വരെയുള്ള സ്ഥലത്ത്) നീക്കം ചെയ്ത് സൈഡ് പ്രോട്ടക്ഷൻ ബണ്ട് കെട്ടുക.

3. താഴെ പറയുന്ന സ്ഥലത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ ബണ്ടുകെട്ടുക. കൊയിപ്പാടി കടപ്പുറം മൊഗ്രാൽ പള്ളരിത്തോട് ആരിക്കാടി പുജൂർ , എന്നിവിടങ്ങളിൽ ബണ്ടുനിർമ്മിക്കുക. ചൊട്ടത്തൂർ , ദിഡ്മെ, കൊടങ്കേ , ആരിക്കാടി ചിലത്തിമാർ കിന്നിക്കട്ട എന്നിവിടങ്ങളിൽ ബണ്ട് റിപ്പേർ ചെയ്യുക.

4. തഴെ പറയുന്ന സ്ഥലങ്ങളിൽ ക്രോസ് ബാർ നിർമ്മിക്കുക, കോട്ടക്കാർ , കൊടിയമ്മ , കജാളം , കൊറങ്കള , പേരാൽ , കാന, മഡിമുഗർ

5. കടൽക്ഷോഭം തടയാൻ കൊയിപ്പാടി കടപ്പുറത്ത് 500 മീറ്ററും മൊഗ്രാൽ കടപ്പുറത്ത് 1 കിലോമിറ്ററും കടൽ ഭിത്തി നിർമ്മിക്കുക.

6. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിവരുന്ന തഴെപറയുന്ന സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക. തുരുത്തി, കോട്ട, കൊപ്പാടികടപ്പുറം , ഫിഷറിസ് കോളനി, പെർവാഡ് കടപ്പുറം, ബത്തേരി , ബംബ്രാണ, കരിഞ്ച, കാജ്ജൂർ , ഊജാർ മല്ലിഭരു, ബോളുഗുഡെ, മുവ്വം കാർലെ , പാപ്പം കോയ നഗർ , മുഗർ.

7. താഴെ പറയുന്ന കുളങ്ങൾ റിപ്പേർ ചെയ്യുക.

ബിരണ്ടിക്കര, ചത്രംപള്ളം സി. എച്ച് സി. യ.ക്ക് സമീപമുള്ള പള്ളം പേരാൽ വലിയകുളം , കമ്പാർ മനിഞ്ഞ വളപ്പ് കാടാർകുളം നമ്പിക്കര (ഷേഡിക്കാവ്) കാരിഞ്ചെ, കുത്തിക്കാർ , മുണ്ടപ്പള്ളള, മാളിയങ്കര, ആരിക്കാടി കൊടങ്കേ

8. താഴെ പറയുന്ന സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ (ചെറുകിട ജലസേചനം) സ്ഥാപിക്കുക. കിദൂർ, പാമ്പാട്ടി , ബജ്പെ, കളത്തൂർ , മൈരള, മാനങ്കാടി.

9. താഴെ പറയുന്ന സ്ഥലങ്ങളിൽ പാർശ്വഭിത്തിനിർമ്മിക്കുക.

10. തഴെ പറയുന്ന സ്ഥലങ്ങളിൽ നിന്ന് മണ്ണ് നീക്കം ചെയ്യുക. പൂക്കരെ വലിയ തോട് , ബനംഗള ജാൽഹിത്തോട്, ബനംഗള ഗുദ്രുതോട്, കുന്നിൽ സ്കൂൾ , പൂജൂർ ബൈൽ, കോട്ടക്കാർ തോട്, ഊജാർ കാനൽ, ഷേഡിക്കാവ് , ഗദ്ദെമട, മളി, അച്ചഗോളി, പയ്കെ,, ഗദ്ദ തോട് ഒളക്കരകിദൂർ , കെളഗിനെബൈൽതോട്, ഊജാർ -കുദ്രു , മൂർത്തോട്, പാറത്തോട്, മട്വ കൊടിയമ്മതോട്, ബർണിക്കട്ട തോട് നീലപ്പാട് തോട് , ചോട്ടത്തോട്.

11. തഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ തോടുകൾ നിർമ്മിക്കുക.
ബംബ്രാണ അണക്കെട്ട് - ചൊട്ടത്തുർ മൊഗേരു - തണ്ണിക്കടവ്, കോരിക്കണ്ടം പൂജൂർതോട്.
ബംബ്രാണ അണക്കെട്ട് -നീലിപ്പാടി- മൂവ്വ

12. തഴെ പറയുന്ന സ്ഥലങ്ങളിൽ റോഡ് കം ബണ്ട് കുമ്പള പാലം മുതൽ കിന്നിക്കട്ട കാഞ്ചിക്കട്ട പാലം വരെയും
5-ാം വാർഡിൽ (കൊയിപ്പാടി കടപ്പുറം തോടിന്റെ സൈഡ് കെട്ടി ബണ്ട് കം റോട് വടക്കെ അറ്റം മുതൽ തെക്കെ അറ്റം വരെ ഉണ്ടാക്കുക.

13. ബംബ്രാണ അണക്കെട്ടിൽ നിന്നുള്ള വെള്ളം ബംബ്രാണ നെൽപ്പാടങ്ങളിലേക്ക് എത്തിക്കാനുള്ള സംവിധാനമുണ്ടക്കണം.

കുടുതലായി ഉയർന്നു വന്നനിർദ്ദേശങ്ങൾ

തോടുകളെ കുറിച്ചുള്ള വിവരങ്ങൾ

1. കിദൂർ തോട്	1.5. കി.മീ
2. ഉജൂർ-കിന്നിക്കട്ട തോട്	0.5 കി.മീ.
3. ചില്ലത്തിമ്മാർതോട്	0.5 കി.മീ.
4. ബംബ്രാണ വയൽ തോട്	0.5 കി.മീ
5. ഷിർത്തോടി-കൊടിയമ്മ തോട്	2.0 കി.മീ
6. കുണ്ടാപ്പുതോട്	1.0 കി.മീ
7. ഷേഡിക്കാവ് തോട്	0.5 കി.മീ
8. മുജിമുടി തോട്	1.0 കി.മീ
9. ബന്നംകുളം നടയടി തോട്	1.0 കി.മീ
10. കാജൂർ തോട്	0.75 കി.മീ

പുതിയതായി നിർമ്മിക്കേണ്ട ക്രോസ് ബാർ

1. കാരിഞ്ച ഇച്ചിലംപാടി
2. പൂക്കരെക്കണ്ട
3. നടത്തോട്
4. മൂവ്വം
5. നെക്രാജെ

പുതിയതായി കുളം നിർമ്മിക്കേണ്ട സ്ഥലം.

1. ഉജാർ- ഉളുവാർ
2. അഡിഗദ്ധെ-ഉജാർ-ഉളുവാർ
3. ശാന്തിപ്പള്ള
4. കുണ്ടംകാറടുക്ക
5. കോട്ടക്കാർ
6. കളത്തൂർ
7. കിദൂർ-കിഞ്ച
8. നിലപ്പാടി-പൂക്കരെ
9. ബദരിയ്യാ നഗർ
10. മുജിമുടി
11. മല്ലാദാറു (ഉജാർ)

അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായ കുളങ്ങൾ

1. നായിക്കാപ്പ്
2. ഉജരെക്കുളം
3. ചെട്ടിക്കുളം
4. കളത്തൂർ
5. കിദൂർ-ആർത്തല

തോടിന് പുതുതായി സൈഡ്ബണ്ട് നിർമ്മിക്കേണ്ട സ്ഥലം

1. ഇടുക്ക മുതൽ പള്ളിവരെ (ഉജാർ-ഉളുവാർ)	400 മീറ്റർ
2. കോട്ടക്കാർ മുതൽ കഞ്ചിക്കട്ട വരെ	3 കി.മീ
3. കഞ്ചിക്കട്ട മുതൽ കൊടിയമ്മ വരെ	1.5 കി.മീ
4. നേജിക്കാറുമുതൽ മടുവ വരെ	0.5 കി.മീ.
5. കൊയിപ്പാടി ഫിഷ്യാഡ് മുതൽ	7 കി.മീ വരെ

റോഡ്കം ബ്രിഡ്ജ് നിർമ്മിക്കേണ്ട സ്ഥലം

1. നാഷണൽ ഹൈവേയിൽ നിന്നും മൊഗ്രാൽ പേരാൽ അണക്കെട്ടുവരെ	2.5. കി.മീ
2. കുമ്പള പുഴമുതൽ കഞ്ചിക്കട്ട വരെ	1.0 കി.മീ
3. ഷിറിയ മുതൽ ബംബ്രാണ അണക്കെട്ടുവരെ	2.0 കി.മീ.

ലിഫ്റ്റ് എരിക്കേഷന് ആവശ്യമായ സ്ഥലം

1. മണങ്കെ
2. ബംബ്രാണ അണക്കെട്ട്
3. കിദൂർ-അർത്തല
4. മുജീമുടി

മറ്റു ആവശ്യങ്ങൾ

1. ഓരോ വർഡിലും ദൊഡ്ഡി (ഫോംണ്ട്)നിർമ്മിക്കുക.

2. നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഓരോ പാട ശേഖരസമിതിക്കും ഓരോ പവ്വർ ട്രില്ലർ , ഒരു ട്രാക്ടർ, നടിയിൽ യന്ത്രം , കൊയ്തു യന്ത്രം എന്നിവ സൗജന്യമായി വിതരണം ചെയ്യുക. കൂടാതെ പ്രോട്ടബൾ വിന്നോബർ (PORTABLE WINNOWER) വിതരണം ചെയ്യുക.

3. എല്ലാ നെൽകൃഷിക്കാർക്കും ആവശ്യമായ കീടനാശിനിയും രാസവളവും സൗജന്യമായി വിതരണം ചെയ്യുക.

4. എല്ലാ കൃഷിക്കാർക്കും സബ്സിഡി നിരക്കിൽ ഡീസൽ എൻജിനുകൾക്ക് ആവശ്യമായ ഡീസൽ നൽകുക.

5. കൃഷിക്കാർക്കാവശ്യമായ മണ്ണെണ്ണ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുക.

6. കൃഷി ആവശ്യാർത്ഥം പഞ്ചായത്തിലെ എല്ലാ ഇലക്ട്രിക്കൽ ലൈനുകളിലും ത്രീഫീസ് അനുവദിക്കുക.

7. അടയ്ക്ക കൃഷിക്ക് മരുന്നു തളിക്കാൻ ആവശ്യമായ മയിൽതുത്ത് ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം ചെയ്യുക.

8. അടയ്ക്ക തോട്ടത്തിന് മണ്ണുപിടിക്കാൻ സബ്സിഡി അനുവദിക്കുക.

9. കേര കർഷകർക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കവുങ്ങു കർഷകർക്കും അനുവദിക്കുക.

10. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ യഥാസമയത്ത് ആവശ്യമായ വിത്ത്, കീടനാശിനി, രാസവളം എന്നിവ സൗജന്യ നിരക്കിൽ അനുവദിക്കുക.

11. പുഴവക്കിലും കടലോരപ്രദേശത്തുമുള്ള കേര കർഷകർക്ക് തെങ്ങിന് മണ്ണുപിടിക്കാൻ ആവശ്യമായ ധനസഹായം നൽകുക.

12. പഴയ കവുങ്ങുതോട്ടം പുതുതായി കവുങ്ങിൻതൈ വെച്ചുപിടിപ്പിക്കാൻ സഹായധനം നൽകുക.

13. നെൽകൃഷിക്ക് ബോണസ്സായി നൽകുന്ന 250 രൂപ 1000 രൂപയായി വർദ്ധിപ്പിക്കുക.



II

മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

1947 വരെ കുമ്പള പഞ്ചായത്തിൽ കന്നുകാലി സമ്പത്ത് വളരെയധികമായിരുന്നു. ജനങ്ങളുടെ പ്രധാന തൊഴിലും ജീവിതമാർഗ്ഗവും കന്നുകാലി വളർത്തലായിരുന്നു. വാഹനസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് പ്രധാന സഞ്ചാരമാർഗ്ഗം കാളവണ്ടിയായിരുന്നു. എന്നാൽ സ്വതന്ത്ര്യാനന്തരം എല്ലാ മേഖലകളിലുമുണ്ടായ പുരോഗതി കന്നുകാലിവളർത്തൽഉപജീവനമാർഗ്ഗമാക്കി കഴിഞ്ഞിരുന്ന ആളുകളെ മാറ്റിചിന്തിക്കുവാൻപ്രേരിപ്പിച്ചതിന്റെ ഫലമായി നമ്മുടെ കന്നുകാലിസമ്പത്ത് വളരെ ശുഷ്കമായിപോയി. ജനങ്ങൾ ക്രമാതിതമായി വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ കന്നുകാലികളുടെ മേച്ചിൽ സ്ഥലങ്ങൾ വീടും പറമ്പുമായി രൂപാന്തരപ്പെടുകയും ജനങ്ങൾ മറ്റ് തൊഴിൽ മാർഗ്ഗങ്ങൾ തേടിപോകുകയും ചെയ്തതിനാൽ ഇന്ന് നമുക്കാവശ്യമായ പാലും മുട്ടയും ഇവിടെ ലഭ്യമല്ലാതായിരിക്കുന്നു. ഇന്നു കന്നുകാലിവളർത്തൽ ചിലവേറിയതായിരിക്കുന്നു. കന്നുകാലികൾക്കാവശ്യമായ തീറ്റ പുല്ല് ഇവിടെ ആവശ്യത്തിന് ലഭ്യമല്ല. അതുപോലെ കാലിത്തിറ്റയുടെ വിലയും ക്രമാതിതമായി വർദ്ധിച്ചതിനാൽ പുതിയ തലമുറ ഈ രംഗത്തേക്ക് കടന്നു വരുന്നില്ല. ഏങ്കിലും ഇന്നും പശുക്കളെ ആരാധിക്കുകയും സനേഹിക്കുകയും ചെയ്യുന്നവർ കുമ്പള പഞ്ചായത്തിൽ ധാരളം ഉണ്ട്.

നല്ലയിനം പാലുല്പാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുകയും അവയ്ക്കാവശ്യമായ പുല്ലും കാലിത്തിറ്റയും നൽകുകയും ചെയ്താൽ കന്നുകാലി വളർത്തൽ കുമ്പള പഞ്ചായത്തിൽ ലാഭകരമായ ഒരു കൃഷിയായി വളർത്തിയെടുക്കുവാൻ നമ്മുക്ക് സാധിക്കും. കന്നുകാലി സംരക്ഷണത്തിന് ഇന്നുള്ള ഗവൺമെൻറ് സംവിധാനങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള ഗവ. മൃഗാസ്പത്രിക്കു പുറമേ എല്ലാവർഡുകളിലും ഐ സി ഡി. പി. സബ്ബ് സെൻററുകൾ സ്ഥാപിക്കേണ്ടതുണ്ട്.

പട്ടിക. 1

വളർത്തുമൃഗങ്ങളും പാൽ- മുട്ട ഉൽപാദനവും

ഇനം	നാടൻ	സങ്കരയിനം	ഉൽപാദനം പ്രതിദിനം
പശു	3000	1200	6000-7500 ലി
എരുമ	200	50	1000-300 ലി
ആട്	1000	–	40 ,,
കോഴി	7000	5000	12000 എണ്ണം

പട്ടിക 2

കന്നുകാലികളുടെ എണ്ണം

ഇനം	നാടൻ	സങ്കരയിനം	ആകെ
പശു	3000	1200	4200
എരുമ	200	50	250
മറ്റ് മൃഗങ്ങൾ	–	–	–

പട്ടിക 3

പഞ്ചായത്തിലെ പ്രതിമാസ ഉപഭോഗം

അരി കി.ഗ്രാം	346750
മത്സ്യം കി. ഗ്രാം	150000
പച്ചക്കറി കി. ഗ്രാം	325000
പാൽ. ലിറ്റർ	150000
പാചക എണ്ണ ലി.	1200
മുട്ട എണ്ണം	270000
ഇന്ധനം കി. ഗ്രാം.	36000

എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷബാധക്കെതിരെയുള്ള കുത്തിവെയ്പ്പ് നടത്തി പഞ്ചായത്തിൽ നിന്ന്

ലൈസൻസ് എടുക്കേണ്ടതാണ്. കുത്തിവെയ്പ്പിനുള്ള സൗകര്യങ്ങൾ മൃഗാസുപത്രിയിൽ നിന്ന് ലഭ്യമാണെങ്കലും വളരെ ചുരുക്കം ചിലർ മാത്രമെ ഇത് ഉപയോഗിക്കുന്നതായി കാണുന്നുള്ളു.അതുകൊണ്ട് എല്ലാ വളർത്തുനായ്ക്കൾക്കും കുത്തിവെയ്പ്പ് നടത്തിയ ശേഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്.
പട്ടിക 4 . കന്നുകാലികളുടെ രോഗവിവരം(കാണുക)

പട്ടിക 5
പേവിഷ ബാധ – പ്രതിരോധവും ചികിത്സയും

പ്രതിരോധകുത്തിവെയ്പ് നൽകിയവയുടെ വിവരം	എണ്ണം.
പട്ടി	54

പട്ടിക 6
ക്രിത്രിമ ബീജസംങ്കലന വിവരം

മൃഗം	കൃത്രിമ ബീജ സംങ്കലനം2ലധികം നടത്തിയവ	ഗർഭധാരണത്തിന് ബീജസംങ്കലനം നടത്തിയവ
പശു	3	228
എരുമ	–	35
മറ്റുള്ളവ	–	–

നമ്മുടെ പല വയലുകളിലും ഒന്നോ രണ്ടോ വിളമാത്രമാണ് ഇപ്പോൾ നെൽകൃഷിചെയതുവരുന്നത് . അത്തരം വയലുകളിൽ ശാസ്ത്രിയമായ രീതിയിൽ കന്നുകാലികൾക്കാവശ്യമായ പുല്ലുൽപാദനം നടത്തുകയുംകർഷകർക്ക് സബ്സിഡി നിരക്കിൽ പുൽവിത്തും സാമ്പത്തിക സഹായവും നൽകുവാനുള്ള പദ്ധതിയുമ തയ്യാറാക്കിയാൽ മാത്രമെപഞ്ചായത്തിലെ കന്നുകാലി വളർത്തലും പാലുൽപാദനവും കാര്യക്ഷമമാകുകയുള്ളു.

അതുപോലെ ഈ പഞ്ചായത്തിൽ ഇറച്ചിക്കോഴികളെ വളർത്തുന്നതിനുള്ള സാദ്ധ്യതകൾ കണക്കിലെടുത്ത് ഈ രംഗത്തേക്ക് കടന്നുവരുന്നവരെ സഹായിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. നമ്മുക്കാവശ്യമായ ഇറച്ചിക്കോഴികളെ ഇവിടെ തന്നെ ഉൽപാദിപ്പിക്കുകയാണെങ്കിൽ ആവശ്യക്കാർക്ക് കുറഞ്ഞവിലക്ക് നൽകാൻ സാധിക്കുന്നതുമാണ്. ഇതുവഴി തൊഴിൽ രഹിതരായ യുവാക്കൾക്ക് ജോലി നൽകുന്നതിനും സാധിക്കുന്നതാണ്.

ഇപ്പോൾ കുമ്പള പഞ്ചായത്തിൽ കുമ്പളയിൽ മാത്രമാണ് ഒരു മൃഗസ്പത്രി സ്ഥിതിചെയ്യുന്നത് . കിദൂർ ഇച്ചലംപാടി, ബംബ്രാണ , ഊജാർ ഉളുവാർ എന്നീ വില്ലേജുകളിലെ ഉൾനാടൻ കർഷകർക്ക് എത്തിപ്പെടാൻ ഏറെ ബുദ്ധിമുട്ടായതിനാൽ മേൽ പ്രദേശത്തുള്ള കർഷകർക്കുകൂടി സൗകര്യപ്രദമായ ഒരു മൃഗസ്പത്രി കൂടി സ്ഥാപിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. ആവശ്യമായ പാലുൽപാദനം നടക്കുന്നില്ല.
2. കൂടുതൽ ആളുകളും നാടൻ പശുക്കളെ വളർത്തുന്നു.
3. സങ്കര ഇനത്തിൽപ്പെട്ട കന്നുകലികൾ ലഭിക്കുന്നില്ല. കിട്ടിയാൽ തന്നെ അതിനെ വളർത്തുവാനുള്ള സാങ്കേതിക പരിജ്ഞാനമില്ല.
4. പശുക്കളെയും മറ്റു സങ്കരയിനം കന്നുകാലികളെയും വളർത്താനുള്ള തൊഴുത്ത് സൗകര്യമില്ല.
5. പുൽകൃഷിചെയ്യുന്നതിനും പുൽവിത്തുലഭിക്കുന്നതിനും സഹായങ്ങളും സൗകര്യങ്ങളും ലഭിക്കുന്നില്ല.
6. കലിത്തീറ്റകളുടെ അമിതമായ വിലക്കയറ്റവും കന്നുകാലികലി വളർത്തുന്നതിന് പ്രതിബദ്ധമാകുന്നു.
7. ക്ഷീരസഹകരണസംഘങ്ങൾ ബംബ്രാണ ഒഴികെ മറ്റെതുവാർഡുകളിലും ഇല്ല.
8. ആട് വളർത്തൽ മുൻകാലങ്ങളിൽ നിന്നു കുറഞ്ഞു വരുന്നു.
9. വേണ്ടത്ര മേച്ചിൽ സ്ഥലങ്ങൾ ഇല്ല.
10. കൂടുതൽ ഉൽപാദനശേഷിയുള്ള കോഴികളെ വിതരണം ചെയ്യുന്നില്ല.
11. ഇറച്ചിക്കോഴി വളർത്തലിന് കോഴിത്തീറ്റ വിലവർദ്ധനവ് പ്രതിബദ്ധമാകുന്നു.
12. ചില വാർഡുകളിൽ ഭൂപ്രകൃതി കന്നുകാലികളെ വളർത്തുന്നതിന് തടസമാകുന്നു.
13. പേപ്പട്ടിശല്യം അധികമാകുന്നു.
14. പേപ്പട്ടി കടിച്ചാൽ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമല്ല.

സാധ്യതകൾ

1. പലുൽപാദനം വർദ്ധിപ്പിക്കുന്നതിന് സങ്കരയിനം പശുക്കളെ സഹായനിരക്കിൽ വിതരണം ചെയ്യുക.
2. ക്രിത്രിമ ബിജസങ്കലനം വഴി പശുക്കളെ സങ്കരയിനമാക്കിമാറ്റുകയും വേണ്ടത്ര കാലിതീറ്റകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.

3. സങ്കരയിനം പശുക്കളെയും എരുമകളെയും വളർത്തുന്നതിന് പരിജ്ഞാനം നൽകുക.
4. കന്നുകാലികൾക്ക് പരിഷ്കൃതരീതിയിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
5. പുൽകൃഷിചെയ്യുന്നതിന് പുൽവിത്തുകൾ വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടകക്കുക.
6. കാലിത്തീറ്റകളുടെ അമിതമായ വിലവർദ്ധന നിയന്ത്രിക്കുകയും ന്യായവിലയ്ക്ക് റേഷൻ ഷോപ്പ് മുഖാന്തിരം വിതരണം ചെയ്യുക
7. ക്ഷീരസഹകരണസംഘം എല്ലാവാർഡിലും സ്ഥാപിക്കുക.
8. ആടുവളർത്തൽ ലാഭകരമാക്കാൻ നല്ലയിനം ആടുകളെ വിതരണം ചെയ്യുക.
9. എല്ലാവാർഡിലും മേച്ചിൽ സ്ഥലങ്ങൾ അനുവദിക്കുക.
10.കൂടുതൽ ഉൽപാദനശേഷിയുള്ള വളർത്തുകോഴികളെ വിതരണം ചെയ്യുക.
11. ഇറച്ചിക്കോഴി വളർത്തുകാർക്ക് ന്യായമായ നിരക്കിൽ കോഴിത്തീറ്റ വിതരണം ചെയ്യുക.
12. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുക.
13. പേപ്പട്ടി വിഷം എല്ലാ ആശുപത്രികളിലും ലഭ്യമാക്കുക.
14. കഞ്ചിക്കട്ടയിലും കോയിപ്പാടി കടപ്പുറത്തു ചെമ്മീൻ വളർത്തുകേന്ദ്രം സ്ഥാപിക്കുക.

മത്സ്യബന്ധനം

കുമ്പള പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗം ഏകദേശം 7 കിലോമീറ്ററോളം കടലോരവും തെക്ക് മൊഗ്രാൽ പുഴയും വടക്ക് ഷിറിയ പുഴയും ഏകദേശം മധ്യത്തിലൂടെ ഒഴുകി കുമ്പള പുഴയും അറബി കടലിൽ ചേരുന്നു. പ്രധാനമായും കടലോരവും കായലോരവും ആണ് പ്രധാന മത്സ്യബന്ധനമേഖല. രണ്ടര പതിറ്റാണ്ടുകൾക്ക് മുമ്പ് കുമ്പളയുടെ കടലോരങ്ങളിൽ മഞ്ചു (ഉരു) മത്സ്യബന്ധന ആവശ്യങ്ങൾക്കു വേണ്ടി എത്തിയിരുന്നു. കൂടാതെ കുമ്പളയിൽ നിന്നും പല വിദേശ രാഷ്ട്രങ്ങൾക്കും ഉണക്ക് മത്സ്യം കയറ്റി പോവുന്നുണ്ടയിരുന്നു. കുമ്പളകോയിപ്പാടി കടപ്പുറത്ത് 50 ഓളം ഏക്കർ സ്ഥലത്ത് മത്സ്യം ഉണ്ടക്കുന്നതിന് വേണ്ടി ചാപ്പകൾ കെട്ടിഉണ്ടാക്കിയിരുന്നു.മത്സ്യം ഉണക്കുന്നതിന് ആവശ്യമായ ഉപ്പുകൾ വാഗൺ കണക്കിന് തുത്തുകുടിയിൽ നിന്ന് കുമ്പളയിൽ എത്തുകയും ഉപ്പ് ഇറക്കിപോകുന്ന വാഗണുകളിൽ ഉണക്ക് കയറ്റി പോകുന്നത് ഇന്ന് ഓർമ്മകളായി മാത്രം അവശേഷിക്കുന്നു. കുമ്പള റേയിൽവേ സ്റ്റേഷന് പടിഞ്ഞാറ് വശം മത്സ്യം കയറ്റി അയക്കുന്നതിന് പ്രത്യേകം ഷെഡ് തന്നെ സ്ഥാപിച്ചിരുന്നു. അവ ഇന്നും മത്സ്യം കയറ്റുമതിയുടെ ഒരു സ്മാരകം പോലെ നിലനിൽക്കുന്നു. മത്സ്യ എണ്ണകൾ കയറ്റുമതി ചെയ്യുന്ന രീതിയും കുമ്പളയിൽ നിലനിന്നിരുന്നു. പഴയ കാലത്ത് മത്സ്യ ബന്ധനമേഖലയിൽ നിന്ന് പഞ്ചായത്തിന് നല്ലൊരു വരുമാനം ഉണ്ടയിരുന്നു.

പഞ്ചായത്തിന്റെ വരുമാനത്തിൽ നല്ലൊരു മുതൽ കൂട്ടായിരുന്നു. മത്സ്യബന്ധനമേഖല ഇന്ന് പഞ്ചായത്തിന് ഒന്നും സംഭാവന ചെയ്യുന്നില്ല. പഴയ കാലത്ത് സ്വകാര്യ മേഖലയിൽ മുത്ത് സംസ്ക്കരണശാലകൾ നിലവിലുായിരുന്നു. മത്സ്യം ഉണക്കുന്നതിന് കെട്ടിയുണ്ടാക്കിയ ചാപ്പകൾക്ക് പഞ്ചായത്ത് നികുതികൾ ഈടാക്കിയിരുന്നു. പിൽകാലത്ത് ശീതികരണ സംവിധാനം നിലവിൽ വരുകയുംമത്സ്യം ഉണക്കാതെ കയറ്റി അയക്കാൻ ആരംഭിക്കുകയും ചെയ്തത് മുതൽ മത്സ്യം ഉണക്കുകയും സംസ്കരണവും ഒർമ്മകളായി മാറുകയും പഞ്ചായത്തിന്റെ വരുമാനം ഈ മേഖലയിൽ ക്ഷയിക്കുകയും ചെയ്തു. രാത്രികാലങ്ങളിൽ മത്സ്യബന്ധനം നടത്തുവർക്ക് സഹായകമായ ഒരു പദ്ധതിയും മത്സ്യതൊഴിലാളി മേഖലയിൽ ഇല്ല.

ഇന്നും പഞ്ചായത്തിന് ഈ മേഖലയിൽ നിന്ന് കാര്യമായ വരുമാനമുണ്ടാക്കാൻ സാധ്യതയുണ്ട്. മത്സ്യബന്ധന മേഖലയെ റോഡ് വഴി ബന്ധിക്കുന്ന രണ്ടുറോഡുകൾ ഇന്ന് അടഞ്ഞ് കിടക്കുകയാണ്. ആരിക്കാടി കവത്ത് നിലവിലുള്ള റയിൽവേ ഗേറ്റ് തുറന്ന് പ്രവർത്തിക്കേണ്ടതും മൊഗ്രാൽ കടപ്പുറം റോഡിൽ ലെവൽ ക്രോസിംഗ് സ്ഥാപിക്കേണ്ടതും തീരദേശങ്ങളെ ബന്ധിപ്പിക്കുന്ന തീരദേശ റോഡ് നിർമ്മിക്കേണ്ടതും വളരെ അത്യാവശ്യമാണ്. മെച്ചപ്പെട്ട മത്സ്യ വിപണന കേന്ദ്രങ്ങൾ മത്സ്യ ബന്ധന തുറമുഖം ഈ മേഖലയിൽ സ്ഥാപിച്ച് കഴിഞ്ഞാൽ മത്സ്യബന്ധന മേഖലയിൽ നിന്ന് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. പഞ്ചായത്ത് പുഴ പുറമ്പോക്ക് സ്ഥലം ചെമ്മീൻ കൃഷിക്ക്. അനുയോജ്യമാണ്. ഇപ്പോൾ ഇരുപത്തിമൂന്നര ഏക്കർ സ്ഥലം പഞ്ചായത്ത് സ്വകാര്യ വ്യക്തിക്ക് നൽകി ചെമ്മീൻ കൃഷി നടത്തിവരുന്നു. ഇനിയും ഈ രംഗത്ത് ബോധവൽക്കരണം നടത്തിയാൽ ഈ മേഖലയിൽ കൂടുതൽ വികസനസാധ്യതകളുണ്ട്. കടൽ മത്സ്യ ബന്ധനത്തിന് പ്രധാന തടസ്സം നില്ക്കുന്ന ഇടവം , മിഥുനം , കർക്കിടകം മാസത്തിൽ മത്സ്യതൊഴിലാളികളുടെ പ്രധാന മത്സ്യബന്ധനമേഖല കുമ്പള , മൊഗ്രാൽ ഷിറിയ പുഴയിൽ നിന്നുള്ള നാടൻവള്ളങ്ങൾ ഉപയോഗിച്ചുള്ള മീൻപിടുത്തമാണ്. ഈ പുഴകളിൽ നിന്ന്

മാലാൻ , ഏട്ട , ഇരുമീൻ ചെമ്മീൻ ഞണ്ട് മുതലായ മത്സ്യങ്ങൾ ചെറുതല്ലാത്ത രീതിയിൽ ലഭിക്കുന്നുണ്ട്. വ്യക്തികൾ സ്വന്തം ആവശ്യത്തിനു വേണ്ടി കുത്തൂർ , ചുണ്ട എന്നിവ ഉപയോഗിച്ച് കൊണ്ടുള്ള മീൻ പിടുത്തവും പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഇന്നും നിലനില്കുന്നു. ഉൾനാടൻ മത്സ്യബന്ധനത്തിന് കുമ്പള പുഴയിൽ ആരിക്കാടി എന്ന സ്ഥലത്ത് ചെമ്മീൻ കുഞ്ഞുങ്ങളെ പടിച്ച് ഉണക്കി വിൽപന നടത്തുന്നു. ഈ പ്രദേശങ്ങളിൽ ആരിക്കാടി ചെമ്മീൻ പിടുത്തം വളരെ പ്രസിദ്ധമാണ്.. നാടൻ ഭാഷയിൽ ചെമ്മീനിനെ' ഇട്ടി' എന്നു വിളിക്കുന്ന ആരിക്കാടി ഇട്ടി എന്നു വിളിക്കുന്ന ഉണക്ക് ചെമ്മീൻ വളരെ പ്രസിദ്ധമാണ്.

പഞ്ചായത്തിൽ പ്രധാനമായും മത്സ്യതൊഴിലാളികൾ തിങ്ങി താമസിക്കുന്നത് 4, 5; 9 എന്നി വാർഡുകളിലാണ്. നാലും അഞ്ചും വാർഡുകളിൽ ഫിഷറീസ് കോളനികളും നിലവിലുണ്ട്. ഇവിടങ്ങളിലെ മത്സ്യ തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി വളരെ പിന്നോക്കമാണ്. കുടുതൽ പേർക്കും സ്വന്തമായി വള്ളമോ വലയോ ഇല്ലാത്തതുകെണ്ട്. മറ്റുള്ളവരുടെ സഹായിയയാണ് പ്രവർത്തിക്കുന്നത്. കൊയിപ്പാടി കടപ്പുറത്ത് കടലാക്രമണ ഭീഷണി ഒരു നിത്യ ശാപമാണ്. മൂന്ന് കിലോമീറ്ററോളം നീളം വരുന്ന കൊയിപ്പാടി കടലോരത്ത് കേവലം 450 മി വരെ മത്രമെ കടൽ ഭിത്തി നിർമ്മിച്ചിട്ടുള്ളു. കൊയിപ്പാടിയിലെ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി മാതൃകാഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി. കുറച്ച് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം പേർക്കും സ്വന്തമായി സ്ഥലമോ വീടോ കെട്ടിയുണ്ടക്കിയ വീടുകൾക്കൾ പട്ടയമോ ഇല്ലാത്തവരാണ്.മത്സ്യതൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനുള്ള സംവിധാനം വളരെ കുറവാണ്. മത്സ്യതൊഴിലാളകൾക്ക് വള്ളവും വലയും മറ്റു മത്സ്യ ബന്ധന ഉപകരണങ്ങളും മത്സ്യഫെഡ് വഴി ലഭ്യമാക്കിയാൽ ഈ മേഖലയിൽ കാര്യമായ പുരോഗതിഉണ്ടാക്കാൻ സാധിക്കും.

പട്ടിക1

മത്സ്യ ബന്ധന തൊഴിലാളികൾ

കടൽമത്സ്യബന്ധനം	2500
ഉൾനാടൻ മത്സ്യബന്ധനം	100
മൽസ്യ സംസ്ക്കരണം	100
മത്സ്യവിപണനം	300
ആകെ	30000

പട്ടിക 2

ഒരോ കാലയളവിൽ കിട്ടുന്ന മത്സ്യങ്ങളുടെ പേര് വിവരം

ജനുവരി മുതൽ മെയ് വരെ	മത്തി, നെത്തൽ അയില
ജുൺ മുതൽ ആഗസ്റ്റ് വരെ	ചെമ്മീൻ, അയില മത്തി, നെത്തൽ , മുള്ളൻ, ചെമ്പാൻ
സെപ്റ്റംബർ മുതൽ ഡിസംബർ വരെ	അയില, മുള്ളൻ കൂന്തൽ, അയക്കൂറ മത്തി, നെത്തൽ , അവോലി

പ്രശ്നങ്ങൾ

1. മത്സ്യതൊഴിലാളി കോളനികളിൽ പരിസ്ഥിതി സുചീകരണത്തിന് നടപടി എടുക്കാറില്ല.
2. ആരിക്കാടി ലവൽ ക്രോസിംഗ് അടഞ്ഞുകിടക്കുന്നു.
3. മൊഗ്രാൽ കടപ്പുറം നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കാൻ ഗതാഗതമാർഗ്ഗം നിലവിലില്ല.
4. ഔട്ട് ബോർഡ് എഞ്ചിൻ വർക്ക് ഷേപ്പ് മത്സ്യ ബന്ധന മേഖലയിൽ അവശ്യമാണ്.
5. അനുയോജ്യമായ സ്ഥലമുണ്ടങ്കീലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിചെയ്യുന്നില്ല.
6. കുമ്പള പുഴയ്ക്ക് സമീപം ഒരു ഫിഷ് ലാൻറിംഗ് ജട്ടി ആവശ്യമാണ്.
7. മത്സ്യതൊഴിലാളി സ്ത്രീകൾക്ക് ജോലിസാധ്യത വളരെ കുറവാണ്.
8. കുടുതൽ മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം നിലവിലില്ല.

9. കുമ്പള പഞ്ചായത്തിൽ ഐസ് പ്ലാൻറ് നിലവിലില്ല.
10 മത്സ്യതൊഴിലാളികൾക്ക് മർഗ്ഗ നിർദ്ദേശം നൽകാൻ സർക്കാർ സംവിധാനം പഞ്ചായത്തിലില്ല.
11. രാത്രികാലങ്ങളിൽ മത്സ്യബന്ധനം നടത്താനുള്ള സംവിധാനം നിലവിലില്ല.

സാധ്യതകൾ

1. കടൽ ഭിത്തി കെട്ടാത്ത സ്ഥലങ്ങളിൽ മുഴുവൻ കടൽ ഭിത്തി നിർമ്മിക്കുക.

2. വല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഇവിടെ വളരെ അനുയോജ്യമാണ്.

3. ഒരു ഒട്ട് ബോർഡ് എഞ്ചിൻ വർക്ക് ഷോപ്പ് മത്സ്യബന്ധന മേഖലയിൽ സ്ഥാപിക്കണം.

4. ആരിക്കാടി , കഞ്ചിക്കട്ട കുമ്പോൽ കോയിപ്പാടി , എന്നിസ്ഥലങ്ങളിലുള്ള പുഴ പുറമ്പോക്ക് ചെമ്മീൻ കൃഷിക്ക് ഉപയോഗപ്പെടുത്തുക

5. കുമ്പള പുഴയ്ക്ക് സമീപം ഒരു ഫിഷ് ലാൻറിംഗ് ജട്ടി സ്ഥാപിക്കുക.

6. കുമ്പള ടൗണിൽ വിപിലമായ വിപണ്നകേന്ദ്രം സ്ഥാപിക്കുക.


7. മത്സ്യസ ംസ്കരണ ശലാകൾ സ്ഥാപിച്ച് സ്ത്രീ തൊഴിലാളികൾക്ക് തൊഴിലവസരം വർദ്ധിപ്പിക്കുക.

8. മത്സ്യബന്ധന ഓഫീസ് കുമ്പള പഞ്ചായത്തിൽ സ്ഥാപിക്കുക.

9. മത്സ്യബന്ധനം സുഗമമാക്കുന്നതിന് ആരിക്കാടി കടവത്ത് ലെവൽ ക്രോസിംഗ് തുറന്ന് പ്രവർത്തിക്കുക.തീരദേശറോഡും മൊഗ്രാൽ കൊപ്പളം എന്ന സ്ഥലത്ത് റെയിൽവെ ലവൽക്രോസ് സ്ഥാപിച്ച് വിപണനസൗകര്യം വർദ്ധിപ്പിക്കുക.

പട്ടിക 4 കന്നുകാലികളുടെ രോഗ വിവരം

ക്രമനമ്പർ	രോഗം	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ് പൂച്ച	മറ്റുള്ളവ
1.	ദഹനസംബന്ധം	14	2	6					
2.	ശ്വാസകോശം	4							
3.	ഉപാപചയ	5							
4.	തൊക്ക് രോഗം	6							
5.	ധാതുലവണ ആഭാവം	8							
6.	പരാദരോഗങ്ങൾ	9							
7.	പ്രത്യൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	4							
8.	വന്ധ്യത	–							
9.	അകിടുവീക്കം	–							
10.	മുടന്തൻ പനി	160							
11.	പക്ഷിപ്പനി	–							
12.	വിഷാംശം	–							



III

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾക്ക് ഒട്ടേറെ അനുഭവപാരമ്പര്യമുള്ള ഒരു പഞ്ചായത്താണ് കുമ്പള. ജന്മിമാരുടെ കാലത്ത് അവരുടെ കുടുംബങ്ങളുടെ വിദ്യാഭ്യാസത്തിന്വേണ്ടി മാത്രം കുടുംബ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിരുന്നു. അവയിൽ പലതും ചരിത്രത്തിന്റെ ഭാഗമാണ്. ചിലതാകട്ടെ പിന്നീട് വളർന്ന് വരികയും ഇന്നു കാണുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായി പരിണമിക്കുകയും ചെയ്തു.

1913 ൽ നാരായണ മംഗലം എന്ന സ്ഥലത്ത് ആരംഭിച്ച സംസ്കൃതം സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. 1956 ൽ കേരളപ്പിറവിക്കു ശേഷം പ്രസ്തുത സ്കൂൾ കന്നട മീഡിയം സ്കൂളായി മാറി.

1916 ൽ മൊഗ്രാലിലും കുമ്പളയിലും പുത്തൂർ താലൂക്ക് ബോർഡിന്റെ കീഴിൽ ഓരോ എൽ.പി.സ്കൂൾ ആരംഭിച്ചു. (രണ്ടും കന്നട മീഡിയം) മലബാർ കലാപം കഴിഞ്ഞ ഉടനെ മൊഗ്രാലിൽ പരേതനായ എം.സി. മമ്മി എന്ന ആൾ മുൻകൈ എടുത്ത് മൊഗ്രാൽ ജമാഅത്ത് സ്കൂൾ എന്ന പേരിൽ ഒരു സ്കൂൾ ആരംഭിച്ചു. 1933 ൽ ശേഷം പ്രസ്തുത സ്കൂൾ താലൂക്ക് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു തുടങ്ങി. ഈ വിദ്യാലയമാണ് ഇന്ന് മൊഗ്രാൽ ഗവ. വെക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി മാറിയത്.

1916 ൽ കുമ്പളയിൽ ബാസൽ മിഷൻകാർ തുടങ്ങിയ സ്കൂളാണ് ഇന്നത്തെ കുമ്പള ജി.എസ്.ബി.എസ്. പ്രസ്തുത സ്കൂളിനുവേണ്ടി പ്രവർത്തിച്ചവരുടെ കൂട്ടത്തിൽ ഐ.സി. ഭണ്ഡാരിയുടെ പേർ നന്ദിപൂർവ്വം സ്മരിക്കുന്നു.

1929 ൽ അബ്ദുല്ല അബ്ദുൾ ഖാദർ എന്ന വ്യക്തിയുടെ ശ്രമഫലമായി ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ഗവ.എൽ.പി.സ്കൂൾ പേരാൽ.

1926 ൽ ബംബ്രാണിയിൽ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഒരു കന്നട മീഡിയം സ്കൂൾ ആരംഭിച്ചു. 1970 മുതൽ ബംബ്രാണ കക്കള എന്ന സ്ഥലത്ത് ജി.ബി.എൽ.പി.എസ്. ബംബ്രാണ എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്.

എം.സി. മമ്മിയുടെ പ്രവർത്തന ഫലമായി 1920 ൽ ആരിക്കാടിയിൽ പള്ളിക്കു സമീപം ഒരു സ്കൂൾ തുടങ്ങി പരേതനായ മോഞ്ഞിങ്ങയായിരുന്നു മാനേജർ. ഇന്ന് പ്രസ്തുത സ്കൂൾ കെ.എം. എ.യു. പി. സ്കൂൾ ആരിക്കാടിയായി പ്രവർത്തിക്കുന്നുണ്ട്.

ഇച്ചിലംപാടി മഹാദേവ ശാസ്ത്ര ക്ഷേത്ര മാനേജ്മെൻറിന്റെ കീഴിൽ ക്ഷേത്രത്തിന്റെ ഗോപുരത്തിൽ ഗുരുകുല വിദ്യാഭ്യാസം ആരംഭിച്ചു. പിന്നീട് കുത്തിക്കാർ കിഞ്ഞണ്ണ ആൾവയുടെ മാനേജ്മെൻറ് മഞ്ചരവളപ്പ് എന്ന സ്ഥലത്ത് ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ഇച്ചിലംപാടി എ.എസ്.ബി.എസ്.

ഫിഷറീസ് മേഖലയിൽ ആദ്യമായി സ്കൂൾ തുടങ്ങിയത് പരേതനായ മുഹമ്മദ് ഷെറൂൽ സാഹിബിന്റെ പരിശ്രമഫലമായി ആരിക്കാടി കടവത്തായിരുന്നു. പ്രസ്തുത സ്കൂളാണ് ഇന്ന് ജി.എഫ്.എൽ.പി. എസ്. കുമ്പളയായിത്തീർന്നത്.

1936 ൽ സിസ്റ്റേർസ് ഓഫ് ചാരിറ്റി എജുക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ഹോളിഫാമിലി സീനിയർ ഫേസിക് സ്കൂൾ. കന്നട മീഡിയത്തിലാണ് തുടങ്ങിയത്. 1992 ൽ മലയാള

മീഡിയത്തിലും 1990 ൽ നഴസറിയുമാരംഭിച്ചു. വളരെ നല്ല നിലവാരം പുലർത്തുന്ന വിദ്യാലയങ്ങളിൽ ഒന്നാണ് ഈ സ്ഥാപനം.

എട്ടു പതിറ്റാണ്ടിലധികം ദൈർഘ്യമുള്ള കുമ്പള പഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രത്തിന്റെ സൃഷ്ടാക്കളും ആദ്യകാല പ്രവർത്തകരിൽ പ്രധാനികളാണ് സർവ്വ ശ്രീ. ഐ.സി. ഭണ്ഡാരി, എം.എസ്.മൊഗ്രാൽ, എം.സി. മമ്മി, മഹാലിംഗ ഗെട്ടി, ദൂമൻ, മുഹമ്മദ് ഷെറൂൽ , അബ്ദുള്ള മാസ്റ്റർ , ടി. മമ്മൂഞ്ഞി മാസ്റ്റർ, ടി. ഉബൈദ് സാഹിബ്, കുത്തിക്കാർ കിഞ്ഞണ്ണ ആൾവ , കളത്തൂർ ശ്രീനിവാസ റാവു, ഉജാർ ശാന്തപ്പ മാസ്റ്റർ തുടങ്ങിയവർ.

സ്വാതന്ത്ര്യത്തിനു ശേഷം വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് കുമ്പള മഹത്തായ പങ്കുവഹിച്ചു. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ 1958 ൽ കുമ്പളയിലും രണ്ടാമത്തേത് 1980 ൽ മൊഗ്രാലിലും ആരംഭിച്ചു. പഞ്ചായത്തിലെ ഏക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സായ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ 1989 ൽ മൊഗ്രാലിൽ ആരംഭിച്ചു.

പഞ്ചായത്തിലെ മൊത്തം സ്കൂളുകൾ 16 ആണ്. 38000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ചെറുതും വലുതുമായ പതിനാറ് വിദ്യാലയങ്ങളിലായി 8058 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. 242 അധ്യാപകർ ജോലി ചെയ്യുന്നു.

സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ വളരെചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്കുവെച്ച് പഠനം നടത്തുന്നുണ്ട്.

1995–1996 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ വിവരം താഴെ കൊടുക്കുന്നു.

ആകെയുള്ള സ്കൂളുകളിൽ 12 എണ്ണം സർക്കാർ മേഖലയിലും നാലെണ്ണം സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ രണ്ട് സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം ജനങ്ങളും തങ്ങളുടെ കുട്ടികളെ പൊതു വിദ്യാലയത്തിൽ ചേർക്കനാണ് താൽപര്യം കാണിക്കുന്നത്.വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാറിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമ പഞ്ചായത്തിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടാകാറുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. കാസർകോട് , മംഗലാപുരത്തുമുള്ള കോളേജുകളിലേക്കും മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഉന്നത വിദ്യാഭ്യാസത്തിനായി ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളിലെ വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്ന വിദ്യാർത്ഥികളുടെ മാർക്ക് കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ ചെറിയ വിഭാഗത്തിനു മാത്രമേ പ്രവേശനം ലഭിക്കാറുള്ളൂ. ഓരോ വർഷവും നൂറിനും നൂറ്റമ്പതിനും ഇടയിൽ വിദ്യാർത്ഥികൾ കാസർകോട് മംഗലാപുരത്തുമുള്ള പാരലൽ കോളേജുകളെ അഭയം പ്രാപിക്കുന്നു. കുമ്പളയിൽ പ്രധാനമായും സ്കൂൾ വിദ്യാർത്ഥികൾക്കു ട്യൂഷൻ നൽകുന്ന മൂന്ന് സ്ഥാപനങ്ങളുണ്ട്. അവയിൽ നാമമാത്രമായി പ്രീഡിഗ്രീ ഡിഗ്രീ കോഴ്സുകൾ നടത്തുന്നു.

മൂന്ന് ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി അമ്പതിൽ പരം പേർ ടൈപ്പ്റൈറ്റിംഗ് പരിശീലനം നടത്തുന്നു. രണ്ട് കമ്പ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വകയായി രണ്ടു പ്രീ-പ്രൈമറി സ്കൂളുകളും സ്വകാര്യ മേഖലയിൽ നാലു പ്രീ-പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ്.

മുസ്ലീങ്ങളുടെ മതപഠന സ്ഥാപനമായ മദ്രസകൾ നാൽപതെണ്ണം പഞ്ചായത്തിലുണ്ട്. സാധാരണ സ്കൂൾ സമയത്തിനുമുമ്പും വൈകുന്നേരങ്ങളിലുമായി ദിവസവും മൂന്ന് മണിക്കൂർ മദ്രസകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ജോലി ചെയ്യുന്ന 242 അധ്യാപകരിൽ 25 ശതമാനം മാത്രമേ തദ്ദേശീയരായുള്ളൂ. ബാക്കിയുള്ളവർ കേരളത്തിന്റെ പലഭാഗത്തിൽ നിന്നുള്ളവരാണ്. പഞ്ചായത്തിന്റെ വെളിയിൽ സ്കൂളുകളിലും കോളേജുകളിലും യൂണിവേർസിറ്റികളുലുമായി 40 ഓളം പേർ ജോലി ചെയ്യുന്നുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം , വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ലാസ്സ് മുറിക്ക് വെളിയിലേക്ക് നയിക്കുന്നു. 18 വയസ്സ് തികഞ്ഞാൽ കടൽകടക്കാൻ വ്രതമെടുക്കുന്ന ഓരോ വി

ദ്യാർത്ഥിയും പഠന പ്രവർത്തനങ്ങളിൽ നിന്നും അകന്നു പോകുന്നു.

നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പന്നരും ഈ പഞ്ചായത്തിലുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരായ അനേകം സഹോദരങ്ങളെ കാണാൻ സാധിക്കും. സാക്ഷരത യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരരായി എന്നതാണ് ദു:ഖസത്യം. പഞ്ചായത്തിൽ മൊത്തം പത്ത് ശതമാനത്തോളം നിരക്ഷരരുണ്ട്.

1996 ജൂണിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് പ്രവർത്തനം തുടങ്ങി. നിരക്ഷരത നിർമ്മാർജ്ജനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, പൊതുപഠന നിലവാരം ഉയർത്തുക എന്നിവ കോംപ്ലക്സിന്റെ ലക്ഷ്യങ്ങളാണ്.പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെ അധ്യാപകരും പി.ടി.എ. ഭാരവാഹികളും രക്ഷിതാക്കളും അതിനോട് സഹകരിച്ചുവരുന്നു. ഓഗസ്റ്റ് മാസത്തിൽ നടത്തിയ പ്രീ ടെസ്റ്റിൽ വെളിവായ വസ്തുത പഞ്ചായത്തിലെ 25 ശതമാനത്തിലധികം വിദ്യാർത്ഥികൾക്കും അക്ഷര അക്ക ജ്ഞാനത്തിന്റെ തോത് വളരെ താഴ്ന്നതാണെന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്കൂളിന്റെ ചുറ്റുപാടുകളിൽ അധ്യായനം നടത്തുവാൻ നിർബ്ബന്ധിക്കപ്പെടുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടു പോകുന്നു. ഇത്തരത്തിൽ അധ്യാപകരും രക്ഷിതാക്കളും ബഹുജനങ്ങളുമെല്ലാമടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കുവാൻ നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. മാതൃകയായി മൊഗ്രാൽ ഗവ: വി.എച്ച്.എസിൽ 30,000 രൂപയിൽ അധികം ചെലവിൽ ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതി ഉയർത്തിക്കാട്ടേണ്ടതുണ്ട്.

മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡുകൾ നൽകി വരുന്നു. വിദേശത്തുള്ള പല സാംസ്കാരിക സംഘടനകളും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി മിടുക്കരായ വിദ്യാർത്ഥികൾക്ക് പല പുരസ്കാരങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിഞ്ഞുവന്ന നിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 13 ഗ്രാമ സഭകളിലും വിദ്യാഭ്യാസ രംഗം സജീവ ചർച്ചയ്ക്ക് വിധേയമായി. പൊതുവായി അക്കാദമിക് നിലവാരം വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, സൗകര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം. അക്കാദമിക് നിലവാര തകർച്ച , പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതിക സഹാഹചര്യങ്ങൾ, അധ്യാപക രക്ഷാ കർത്തൃ സമിതിയുടെ പ്രവർത്തനങ്ങൾ, ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ബുദ്ധിമുട്ടുകൾ, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ള ചിലവയുടെ അപ്ഗ്രേഡേഷൻ, കൂട്ടക്ലാസ് കയറ്റം, ഡി.പി.ഇ.പി.യുടെ പ്രവർത്തനം, മാസാന്തര പരീക്ഷകൾ, മൂല്യ നിർണ്ണയത്തിലെ അപാകതകൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചെല്ലാം ഓരോ ഗ്രാമ സഭയിലും ചർച്ചകൾ നടന്നതായി കാണുന്നു.

ഗ്രാമസഭയിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻകൂട്ടി ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങൾ സഹായകമായി.

ഇത്തരമൊരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാദമിക്ക് സൗകര്യങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ക്ലാസ് മുറിയിൽ ചതഞ്ഞരയുന്ന വിദ്യാർത്ഥികൾക്ക് ഉൻമേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ, കെട്ടിട സൗകര്യങ്ങൾ തുടങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളായി പരിഗണിക്കപ്പെടുന്നു. ഇവിടുത്തെ വിദ്യാലയ സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്.പഞ്ചായത്തിലെ സ്കൂളുകളിൽ കൂടുതലും സർക്കാർ മേഖലയിലായത് കൊണ്ട് കെട്ടിടങ്ങളുടെയും ഫർണിച്ചറുകളുടെയും കാര്യത്തിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ഏക വൊ

ക്കേഷണൽ ഹയർ സെക്കൻററി സ്കൂളായ മൊഗ്രാൽ ജി.വി.എച്ച്. എസിൽ ഷിഫ്റ്റ് സമ്പ്രദായമാണ് നിലവിലുരിക്കുന്നത്. ഇത് പഠനത്തെ സാരമായി ബാധിക്കുന്നു. കൂടാതെ എൽ.പി. യു.പി, എച്ച്.എസ്., വി.എച്ച്.എസ് . എന്നീ വിഭാഗങ്ങൾ ഒരു പ്രധാനാധ്യാപകൻെറ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്കൂളിന് പതിനാലു മുറികളോടു കൂടിയ ഒരു കെട്ടിടത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അതിൻെറ പ്രവർത്തനം തുടങ്ങിയിട്ടില്ല.

മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി, തുടങ്ങിയവയുടെ ലഭ്യത താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. മൂത്രപ്പുരയില്ലാത്ത മൂന്നും, കക്കൂസില്ലാത്ത അഞ്ചും , വൈദ്യുതീകരിക്കാത്ത പത്തും, കുടിവെള്ള സൗകര്യമില്ലാത്ത മൂന്നും സ്കൂളുകൾ പഞ്ചായത്തിലുണ്ട്. രണ്ട് സ്കൂളുകളൊഴിച്ച് ബാക്കി ഒന്നിനും ചുറ്റുമതിലില്ല. ചുറ്റുമതിലിൻെറ അഭാവം സ്കൂളിലെ രാത്രി കാലങ്ങളിലെ സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിന് ചിലർ വേദിയാക്കുന്നു.

ഒന്നാം ക്ലാസ് മുതൽ അനുവർത്തിച്ചുവരുന്ന അശാസ്ത്രീയമായ പ്രമോഷൻ വ്യവസ്ഥ ഒരു പുനർചിന്തനത്തിന് വിധേയമാക്കുന്നതിനുള്ള സമയം വൈകി. അലസതയും നിരുത്തരവാദിത്വവും വിദ്യാർത്ഥികളിൽ അടിച്ചേൽപ്പിക്കാൻ മാത്രമേ ഈ സമ്പ്രദായം ഉതകൂ.

സങ്കീർണ്ണമായ പാഠ്യപദ്ധതി കുട്ടികൾക്ക് താങ്ങാനാവാത്ത വിഷയങ്ങൾ ഇവയൊക്കെ വിദ്യാർത്ഥിയെ നിസ്സംഗനായും ലക്ഷ്യബോധമില്ലാത്തതും ജീവിതഗന്ധിയല്ലാത്തുമായ വിഷയങ്ങൾ സമഗ്രമായ പരിഷ്കരണത്തിന് തന്നെ വിധേയമാക്കേണ്ടതാണ്.

പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ അധ്യാപക ക്ഷാമം ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിദ്യാർത്ഥിയുടെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ എസ്.എസ്.എൽ. സി. വിജയശതമാനം താഴെപട്ടികയിൽ ചേർക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലത്തേയ്ക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെകൊടുക്കുന്നു.

I (a). ജി. ബി.എൽ.പി.എസ്.ഈജാർ, ഉജവാർ, G.F.L.P.സ്കൂൾ കുമ്പള, A.L.P.S.നാരായണമംഗലം, G.W.L.P.S.കുമ്പള, G.J.B.S.പേരാൽ, G.B. L.P.S.ബംബ്രാണ എന്നിവ യു.പി. സ്കൂളായി ഉയർത്തുക.

(b).G.U.P.S.കൊടിയമ്മ, K.M.A.U.P.S.ആരിക്കാടി, A.S.B.S.ഇച്ചിലംപാടി എന്നിവ ഹൈസ്കൂളായി ഉയർത്തുക.

(c).ബംബ്രാണയിൽ പുതുതായി ഒരു ഹൈസ്കൂൾ അനുവദിക്കുക..

(d). H.F.A.S.B.S സ്കൂളിനെ ഗേൾസ് ഹൈസ്കൂളായി ഉയർത്തുക

(e).പഞ്ചായത്തിലെ എല്ലാ എൽ.പി.സ്കൂളുകളോടും അനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീപ്രൈമറികൾ ആരംഭിക്കുക.

(f).കൊയ്പ്പാടി കടപ്പുറം, ആച്ചഗോളി, കൊപ്പളം, ബദരിയാനഗർ, എന്നീ സ്ഥലങ്ങളിൽ ഓരോ എൽ.പി.സ്കൂൾ പുതുതായി തുടങ്ങുക.

(g). മൊഗ്രാൽ ഗവ: വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ നിന്നും പ്രൈമറി വിഭാഗത്തെ വേർപ്പെടുത്തുക.

(h). DPEP വഴിയുള്ള പുസ്തക വിതരണം സാർവ്വത്രികമാക്കുക.

(i).പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക. പരീക്ഷകൾ ചിട്ടപ്പെടുത്തുവാൻ ശ്രമിക്കുക.

(j). കുമ്പളയിൽ ഒരു കോളേജ് സ്ഥാപിക്കുക.

II.സ്കൂളുകളിൽ ടെസ്റ്റുബുക്കുകൾ യഥാസമയം എത്തിക്കുവാൻ നടപടി സ്വീകരിക്കുക.

III.ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.

IV.സ്കൂളുകളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്തുക.

V.അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

VI .പി.ടി.എ.കളും മദർ പി.ടി.എ.കളും സജീവമാക്കു ാൻ യത്നിക്കുക.

VII .എസ്. എസ്. പാസ്സാകുന്ന പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും ക്യാഷ് അവാർഡ് നൽകി പ്രോത്സാഹി പ്പിക്കുക.

VIII. വേണ്ടത്ര ക്ലാസ് മുറികൾ ഇല്ലാത്ത സ്കൂളു കളിൽ ആവശ്യമായ കെട്ടിടം പണിയാനുളള നടപടി സ്വീ കരിക്കുക.

IX. പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളെ പരമാവധി ഉപയോഗപ്പെടുത്തി ആരംഭിക്കാ വുന്ന ചെറുകിട വ്യവസായങ്ങൾക്ക യുവാക്കളെ പരിശീ ലിപ്പിക്കുവാൻ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന പോ ളീടെക്നിക്ക് ആരംഭിക്കുക. ചിലവു കുറഞ്ഞ പഠനോ പകരണങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങു വാനുളള ശ്രമം നടത്തുക.

ശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടുത്തി പ്ലസ്ടു വിദ്യാഭ്യാ സ 'സമ്പ്രദായം കുമ്പള ഹൈസ്കൂളിൽ ആരംഭിക്കുക.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ദൃശ്യശ്രാവ്യസങ്കേതത്തിന് രൂ പം നൽകുകയും എല്ലാ സ്കൂളുകളേയും ഈ കേന്ദ്രവു മായി ബന്ധപ്പെടുത്തുകയും ചെയ്യുക. ഈ കേന്ദ്രത്തി ന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ തല്പരരായ എല്ലാവർക്കും ആരോഗ്യ വിദ്യാഭ്യാസ പരിസ്തിഥി നൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാലകോ ഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കുക.

വിദ്യാഭ്യാസ രംഗം ചടുലമാക്കുവാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായി കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുകയാണ്. വമ്പിച്ച തോതിലുളള സാമ്പത്തിക ബാധ്യതകളില്ലാതെ ബഹുജനപങ്കാളിത്തത്തോടെ അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ശ്രമം ആരംഭിക്കേണ്ടതാണ്.

സ്കൂൾ പാർലമെൻറ് സ്കാഡുകൾ , ക്ലബ്ബുകൾ, സാ ഹിത്യസമാജങ്ങൾ, കയ്യെഴുത്ത് ചിത്രമാസികകൾ , പൂ ന്തോട്ട നിർമ്മാണം, ദിനാചരണങ്ങൾ, പഠനവിനോദയാ ത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിലും സ്വഭാവരൂ പീകരണത്തിലും കൂടുതൽ സ്വാധീനം ചെലുത്തുവാൻ കഴിയുന്നത് അമ്മമാർക്കാണെന്നുളളതിനാൽ വിദ്യാ ലയങ്ങളിലെ മാതൃസംഗമം മൂന്ന് മാസത്തിലൊരിക്ക ലെങ്കിലും അനിവാര്യമാക്കേണ്ടതും കുട്ടികളുടെ പാഠ്യപാ ഠ്യേതര പ്രവർത്തനങ്ങളെ യോഗങ്ങൾ അവലോകനം ചെയ്യപ്പെടുകയും ചെയ്യുക.

മാസാന്തര പരീക്ഷകളും, മാതൃസംഗമങ്ങളും, ക്ലാസ് പി.ടി.എ. കളും എല്ലാം ഒത്തു ചേർന്നാൽ തീർച്ചയായും നാം പരിതപിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ ശോച്യാ വസ്ഥ നമുക്ക് ഇല്ലായ്മ ചെയ്യുവാനാകും.

പട്ടിക 1. ബി

എൽ. പി. , യു.പി. എച്ച് എസ് വിഭാഗങ്ങളിലെ ആൺ- പെൺ കുട്ടികളുടെയും അദ്ധ്യാപകരുടെയും വിവരം

വിഭാഗം	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
	1996-97			1996-97		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
എൽ. പി.	1890	1751	3641	50	64	114
യു.പി	1393	1341	2734	28	44	72
എച്ച് .എസ്	1006	687	1693	29	27	56
ആകെ.	4289	3779	8068	107	135	242

പട്ടിക 1. ഡി – എസ്. എസ് . എൽ. സി. വിജയശതമാനം

ക്രമനമ്പർ	സ്ക്കൂൾ	1991-92	1992-93	1993-94	1994-95	1995-96
1	ഗവ. വൊക്കേഷണൽ എച്ച്. എസ് മൊഗ്രാൽ	13.5	15.8	14.7	11.9	14.4
2.	ഗവ. ഹൈസ്ക്കൂൾ, കുമ്പള	26.7	25.9	28.4	19	20

പട്ടിക 2. ബി- സ്കൂളിലെ സ്ഥിതിവിവരപട്ടിക

	ഉള്ളത്	ഇല്ലാത്തത്
ഹൈസ്കൂൾ ഡിവിഷൻ	8	8
ഹൈസ്കൂൾ അദ്ധ്യാപകർ	4	12
ഹൈസ്കൂൾ ഗണിതശാസ്ത്രം	4	12
ഹൈസ്കൂൾ ഫിസിക്കൽ സയൻസ്	2	14
ഹൈസ്കൂൾ ജീവശാസ്ത്രം	3	13
ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം	3	13
ഹൈസ്കൂൾ ഭാഷാധ്യാപകർ	4	12
ഹൈസ്കൂൾ ഭാഷാധ്യാപകർ	8	8

പട്ടിക 2. സി

സ്കൂളിലെ അക്കാദമിക സൗകര്യങ്ങൾ

	ഉള്ളത്	ഇല്ലാത്തത്
കമ്പ്യൂട്ടർ	4	12
ഫിസിക്കൽ സയൻസ് ലബോറട്ടറി	2	14
സയൻസ് ലബോറട്ടറി	2	14
ഗണിതശാസ്ത്രം	7	9
ഭാഷാധ്യാപകർ	7	9
ഗണിതശാസ്ത്രം	10	6

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ	ആകെ അദ്ധ്യാപകർ	ക്ലാസ്മുറികൾ ഉള്ളത്	ക്ലാസ്മുറികൾ വേണ്ടത്	ഡിവിഷൻ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	വിസ്തീർണം
1	ഗവ. വൊക്കേഷണൽ എച്ച് എസ് മൊഗ്രാൽ	1485	39	33	17	33	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്	3.88 ഏക്കർ
2	ഗവ. ഹൈസ്ക്കൂൾ കുമ്പള	1317	42	27	24	27	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്	3 ഏക്കർ
3	ജി. എസ്. ബി.എസ് , കുമ്പള	1493	39	36	17	36	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്	1 ഏക്കർ
4	ജിയുപിഎസ്, കൊടിയമ്മ	701	18	13	7	13	ഉണ്ട്	ഇല്ല	കിണർ	ഇല്ല	2 ഏക്കർ
5	എച്ച്. എഫ്. എ. എസ് ബി. എസ് , കുമ്പള	828	20	18	18	18	ഉണ്ട്	ഉണ്ട്	കിണർ	ഉണ്ട്	1.66 ഏക്കർ
6	എ. എസ്. ബി. എസ് ഇച്ചിലംപാടി	655	20	17	17	17	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	2.02 ഏക്കർ
7	കെ.എം. എ. യു.പി. എസ്, ആരിക്കാടി	313	10	8	8	8	ഇല്ല	ഉണ്ട്	കിണർ	ഉണ്ട്	1 ഏക്കർ
8	ജി.ഡബ്ളിയു എൽ. പി. എസ് , കുമ്പള	222	9	8	6	8	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല	1.10 ഏക്കർ
9	ജി.ബി.എൻപി.എസ് , ഊജാർ ഉളുവാർ	197	9	8	6	8	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല	2.26 ഏക്കർ
10	ജി. എൽ. പി. എസ് കിദൂർ	107	4	4	2	4	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല	1 ഏക്കർ
11	ജി. എഫ്. എൽ. പി. എസ് കുമ്പള	151	5	4	4	4	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല	40 സെൻറ്
12	ജി.ജെ.ബി. എസ്. പേരാൽ	208	8	8	6	8	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1.10 ഏക്കർ
13	ജി.ബി.എൽ. പി. എസ് ബംബ്രാണ	282	12	11	7	11	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	2.83 ഏക്കർ
14	ജി. എം. എൽ. പി. എസ. ആരിക്കാടി	106	5	4	4	4	ഇല്ല	ഇല്ല	കിണർ	ഇല്ല	വാടക കെട്ടിടം
15	ജി. ബി. എൻ. പി. എസ് ആരിക്കാടി ജനറൽ	205	7	8	4	8	ഉണ്ട്	ഉണ്ട്	കിണർ	ഇല്ല	50 സെൻറ്
16	എ. എൻ പി. എസ് . നാരായണ മംഗലം.	80	4	4	4	4	ഉണ്ട്	ഇല്ല	കിണർ	ഇല്ല	1.65 ഏക്കർ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെൻറ്	കുട്ടികളുടെ എണ്ണം			പഠനം നിർത്തിയവർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. വൊക്കേഷണൽ എച്ച് എസ് മൊഗ്രാൽ	ഗവൺമെൻറ്	4	5	9			
2	ഗവ. ഹൈസ്ക്കൂൾ കുമ്പള	ഗവൺമെൻറ്	46	41	87	6	4	10
3	ജി. എസ്. ബി.എസ് , കുമ്പള	ഗവൺമെൻറ്	67	60	127	1		1
4	ജി.യു.പി.എസ്, കൊടിയമ്മ	ഗവൺമെൻറ്	1	1	2			
5	എച്ച്. എഫ്. എ. എസ് ബി. എസ് , കുമ്പള	എയ്ഡഡ്	18	15	33			
6	എ. എസ്. ബി. എസ് ഇച്ചിലംപാടി	എയ്ഡഡ്	38	40	78			
7	കെ.എം. എ. യു.പി. എസ്, ആരിക്കാടി	എയ്ഡഡ്						
8	ജി.ഡബ്ളിയു എൽ. പി. എസ് , കുമ്പള	ഗവൺമെൻറ്	11	13	24		5	5
9	ജി.ബി.എൽ. പി.എസ് , ഊജാർ ഉളുവാർ	ഗവൺമെൻറ്	20	8	28			
10	ജി. എൽ. പി. എസ് കിദൂർ	ഗവൺമെൻറ്	16	14	30			
11	ജി. എഫ്. എൽ. പി. എസ് കുമ്പള	ഗവൺമെൻറ്						
12	ജി.ജെ.ബി. എസ്. പേരാൽ	ഗവൺമെൻറ്	14	10	24	1	1	2
13	ജി.ബി.എൽ. പി. എസ് ബംബ്രാണ	ഗവൺമെൻറ്	20	20	40			
14	ജി. എം. എൽ. പി. എസ. ആരിക്കാടി	ഗവൺമെൻറ്						
15	ജി. ബി. എൽ. പി. എസ് ആരിക്കാടി ജനറൽ	ഗവൺമെൻറ്	10	7	17			
16	എ. എൽ പി. എസ് . നാരായണ മംഗലം.	എയ്ഡഡ്	5	9	14			
			270	243	513	8	9	18

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെൻറ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം			പഠനം നിർത്തിയവർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. വൊക്കേഷണൽ എച്ച് എസ് മൊഗ്രാൽ	ഗവൺമെൻറ്	756	729	1485	18	21	39	34	57	91
2	ഗവ. ഹൈസ്ക്കൂൾ കുമ്പള	ഗവൺമെൻറ്	800	517	1317	26	18	44	42	26	68
3	ജി. എസ്. ബി.എസ് , കുമ്പള	ഗവൺമെൻറ്	804	689	1493	11	28	39	23	9	32
4	ജിയുപിഎസ്, കൊടിയമ്മ	ഗവൺമെൻറ്	366	335	701	5	13	18	4	9	13
5	എച്ച്. എഫ്. എ. എസ് ബി. എസ് , കുമ്പള	എയ്ഡഡ്	438	390	828	2	18	20	4	8	12
6	എ. എസ്. ബി. എസ് ഇച്ചിലംപാടി	എയ്ഡഡ്	3343	322	655	14	6	20	2	2	4
7	കെ.എം. എ. യു.പി. എസ്, ആരിക്കാടി	എയ്ഡഡ്	159	154	313	4	6	10	4	3	7
8	ജി.ഡബ്ളിയു എൽ. പി. എസ് , കുമ്പള	ഗവൺമെൻറ്	108	114	222	3	6	9	14	11	25
9	ജി.ബി.എൻപി.എസ് , ഊജാർ ഉളുവാർ	ഗവൺമെൻറ്	110	87	197	7	2	9	3	1	4
10	ജി. എൽ. പി. എസ് കിദൂർ	ഗവൺമെൻറ്	56	51	107	4		4			
11	ജി. എഫ്. എൽ. പി. എസ് കുമ്പള	ഗവൺമെൻറ്	82	69	151	4	1	5	2	1	3
12	ജി.ജെ.ബി. എസ്. പേരാൽ	ഗവൺമെൻറ്	112	96	208	2	6	8	3	1	4
13	ജി.ബി.എൽ. പി. എസ് ബംബ്രാണ	ഗവൺമെൻറ്	122	150	282	6	6	12	4	2	6
14	ജി. എം. എൽ. പി. എസ്. ആരിക്കാടി	ഗവൺമെൻറ്	54	52	106	4	1	5	16	4	20
15	ജി. ബി. എൽ. പി. എസ് ആരിക്കാടി ജനറൽ	ഗവൺമെൻറ്	94	111	205	3	4	7		1	1
16	എ. എൽ പി. എസ് . നാരായണ മംഗലം.	എയ്ഡഡ്	35	45	80	1	3	4			

IV

പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യം

കുമ്പള പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി ആരോഗ്യ സ്ഥാപനങ്ങൾ വർദ്ധിച്ചിട്ടില്ല. രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യം പ്രായോഗികമാക്കണമെങ്കിൽ മനുഷ്യൻ അത്യന്താപേക്ഷിതമായ ആഹാരം കുടിവെള്ളം വസ്ത്രം പാർപ്പിടം എന്നിവയിൽ സ്വയം പര്യാപ്തമാകേണ്ടതുണ്ട്.

ഏകദേശം ഇരുപത് വർഷം മുമ്പ് വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരാമ്പര്യ വൈദ്യകുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത് ചരട് ജപിച്ചു കെട്ടുക, മന്ത്രം ചെയ്ത് ഊതുക , കാവുകളിലേക്ക് വഴിപാട് നേരുക. തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. 1956 ൽ കുമ്പളയിൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാ രംഗത്തെ പ്രഥമസ്ഥാപനം ഇന്ന് ഒരു ഗവ: യുനാനി ആശുപത്രി അടക്കം 7 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമെ മുന്ന് സ്വകാര്യ ആശുപത്രികളും സ്വകാര്യ ചികിത്സ നടത്തുന്ന 12 അലോപതി 9 ആയുർവേദം രണ്ട് ഹോമിയോ ക്ലീനിക്കുകളും അഞ്ച് പരമ്പര്യ വൈദ്യൻമാരും പഞ്ചായത്തിലെ ആരോഗ്യ മേഖലയിലെ സമ്പുഷ്ടമാക്കുന്നു.

1956 ൽ സ്ഥാപിതമായ കുമ്പളയിലെ പി. എച്ച് .സിയെ 1995 ലാണ് സി. എച്ച് സി. ആയി ഉയർത്തിയത് പക്ഷെ സൗകര്യങ്ങളൊന്നും വർദ്ധിപ്പിച്ചിട്ടില്ല. ജനങ്ങൾ അധികവും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. അടിയന്തിരമായും എക്സ് - റെയും , ലാബറട്ടറിയും ഓപ്പറേഷൻ തിയറ്ററും , മരുന്ന് വിതരണം ആമ്പുലൻസ് മുതലായ സൗകര്യങ്ങൾ ലഭ്യമക്കിയാൽ മാത്രമെ പഞ്ചായത്തിലെ ജനങ്ങൾക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന്റെ ഉപയോഗം ലഭ്യമാകുകയുള്ളു.

ആരിക്കാടിയിലെ പി.എച്ച്. സിൽ ചികിത്സാ സൗകര്യങ്ങൾ വളരെ കുറവാണ്. സ്ഥിരമായി ഡോക്ടരുടെ ആഭാവം ഒരു പ്രധാന പ്രശ്നമാണ്. കേരളത്തിലെ ഏക യുനാനി ആശുപത്രി ഈ പഞ്ചായത്തിലെ മൊഗ്രാലിലാണ് സ്ഥിതിചെയ്യുന്നത്. തുടക്കം മുതലെ ഇല്ലായ്മയുടെ കഥമാത്രമെ ഈ ആശുപത്രിക്കുണ്ടയിരുന്നുള്ളു. സ്വന്തമായ കെട്ടിടമില്ല. പഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ സ്ഥിരമായ ഡോക്ടറെ നിയമിച്ചിട്ടില്ല.മരുന്നുകളോ മറ്റ് സൗകര്യങ്ങളോ ഒന്നും തന്നെ ഇല്ല. ദിവസവും നൂറുക്കണക്കിന് രോഗികൾ ആശുപത്രിസന്ദർശിച്ചു തിരിച്ചുപോകുന്നു. ദണ്ഡഗോളിയിൽ ഗവ: ആയുർവ്വേദ ആശുപത്രിപ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വന്തമായ കെട്ടിടത്തിന്റെ ആഭാവം ഒരു പ്രധാന പ്രശ്നമാണ്.

ചികിത്സയ്ക്ക് വേണ്ടി കാസർകോട് മംഗലാപുരം മണിപ്പാൽ എന്നി സ്ഥലങ്ങളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്.

വൈദ്യ ശാസ്ത്ര പുരോഗതിയെ സംബന്ധിച്ചും ചികിത്സാരീതിയെ സംബന്ധുച്ചും സാധാരണ ജനങ്ങളിൽ പലരും ഇന്നും ബോധവാൻമാരല്ല. ആരോഗ്യ പരിപാലന സൗകര്യങ്ങൾ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട് പൊതുജനാരോഗ്യത്തിന് പരിസരശുചീകരണം വളരെ അത്യന്താപേക്ഷിതമാണ്. ശരിയായ ആരോഗ്യചുറ്റുപാടിലല്ല. മിക്കകുട്ടികളും ഇന്ന് വളരുന്നത് . സമൂഹം വികസിക്കുന്നതിനനുസരിച്ച് വായുമലിനീകരണവും ജലമലിനീകരണവും വർദ്ധിക്കുകയാണ്. പൊതുസ്ഥലത്ത് മലമൂത്ര വിസർജനം നടത്തുന്നതുകൊണ്ടുള്ള മലിനീകരണത്തെക്കുറിച്ച് പലരും അജ്ഞരാണ്. അതുപോലെ ഹോട്ടലുകാരും കച്ചവടക്കാരും ഉപയോഗശൂന്യമായ പദാർത്ഥങ്ങൾ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുകയാണ് ചെയ്യുന്നത് പൊതുസ്ഥലങ്ങളിൽ വെച്ച് മത്സ്യം ഇറച്ചി. മുതലായവയുടെ അവശിഷ്ടങ്ങൾ ഉപേക്ഷിച്ചുപോകുന്നത് പരിസരമലിനികരണത്തിന് കാരണമാകുന്നു.ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനിപോലുള്ള പ്രദേശങ്ങളിൽ കാര്യമായ രീതി

യിൽ അഴുക്കുചാലുകൾ നിലവിലില്ലാത്തതും മലിനീകരണത്തിന് കാരണമാകുന്നു. ഹോട്ടലുകളിലെ ഭക്ഷണപദാർത്ഥങ്ങൾ ഫലപ്രദമായി പരിശോധന നടത്താനുള്ള സംവിധാനം ഇന്ന് ശരിക്കും നടപ്പിലാവുന്നില്ല. കുടുംബത്തിൽ ആരോഗ്യ നിലനിർത്തണമെങ്കിൽ ജനന നിരക്ക് നിയന്ത്രിക്കേണ്ടതായിട്ടുണ്ട്. അതുപോലെ അതുപോലെ കുടുംബക്ഷേമ പ്രചാരണം കാര്യക്ഷമമാക്കേണ്ടതും എല്ലാവാർഡുകളിലും കുടുംബക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതും സന്താനനയന്ത്രണഉപാതികളെ സംബന്ധിച്ച് ബോധവൽകരണം നടത്തേണ്ടതുമാണ്.

പട്ടിക 1

ആരോഗ്യ സ്ഥാപനങ്ങൾ

സ്ഥാപനത്തിന്റെ പേര്	സ്ഥിതി ചെയ്യുന്ന സ്ഥലം	കെട്ടിടം
1. കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ	കുമ്പള	സ്വന്തം
2. പ്രൈമറി ഹെൽത്ത് സെൻറർ	ആരിക്കാടി	"
3. ഫാമിലി വെൽഫെയർ സെൻറർ	ബംബ്രാണ	"
4. ഫാമിലി വെൽഫെയർ സെൻറർ	കളത്തൂർ	"
5. ഫാമിലി വെൽഫെയർ സെൻറർ	ഊജാർ ഉളുവാർ '	
6. ആയൂർവ്വേദ ആശുപത്രി	ദണ്ഡഗോളി	വാടക
7. യുനാനി ആശുപത്രി	മൊഗ്രാൽ	"
8. ഫാമിലി വെൽഫെയർ സെൻറർ	മൊഗ്രാൽ	"
9. ഫാമിലി വെൽഫെയർ സെൻറർ	പേരാൽ	"

പട്ടിക 2

ജനനമരണനിരക്ക്

വർഷം	ജനനം	മരണം
1993	675	163
1994	715	163
1995	753	145
ആകെ	2143	471

പട്ടിക 3

പകർച്ചവ്യധി സ്ഥിതിവിവര പട്ടിക

വർഷം	ജലജന്യം	വായുജന്യം	പ്രാണിജന്യം
1993-94	685	1018	18
1994-95	829	986	29
1995-96	594	638	16

കുടിവെള്ളം

ജീവജലം ജിവന് ആധാരമെന്നാണ് പ്രമാണം. കുടിവെള്ളത്തിന്റെ ശുദ്ധി സാംക്രമിക രോഗങ്ങളെ അകറ്റുന്നതിൽ വഹിക്കുന്ന പങ്ക് നിസ്സാരമാല്ല. നിർഭാഗ്യവശാൽ എറെ ജലസംമ്പുഷ്ടമായ കുമ്പള പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണ്. പ്രകൃതി ദത്തജലത്തെ ശരിയായ രീതിയിൽവിനിയോഗിക്കത്തതാണ് നമ്മുടെ നാട്ടിലെ ശുദ്ധജലക്ഷാമത്തിന് പ്രധാന കാരണം. ജലമലിനീകരണത്തിന് ബോധപൂർവ്വവും അല്ലാതെയുമുള്ള ജനങ്ങളുടെ പങ്ക് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ജലവിനിയോഗത്തിൽ ശാസ്ത്രീയമായ സമീപനം കൈകൊള്ളെണ്ടസമയം അതിക്രമിച്ചിരിക്കുന്നു. അല്ലാതെ വന്നാൽ ഉണ്ടാകുന്ന ദുരന്തം അത്യധികം ഭയാനകമായിരിക്കും.

ജലസ്രോതസ്സുകൾ

കുടിവെള്ളത്തിനായി ജനങ്ങൾ മുഖ്യമായും കിണറുകളെയാണ്. ആശ്രയിക്കുന്നത് . 1984 ൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കുമ്പളയിൽ ആരംഭിക്കുകയും ബംബ്രാണ ഇച്ചിലം പാടി കുമ്പള , പാപ്പകോയ നഗർ എന്നിവിടങ്ങളിൽ ചെറുതും വലുതുമായ ജലസേചന പദ്ധതികൾ ആരംഭിക്കുകയുണ്ടായി 1 കോടി 10 ലക്ഷം ചെലവഴിച്ച് 1, 68000 ലിറ്റർ ജലം സംസ്കരണശേഷിയുള്ള നാല് പദ്ധതികൾ വൈദ്യുതിരംഗത്തെ തടസ്സവും പദ്ധതിആസൂത്രണത്തിലെ പോരായ്മയും മൂലം മുപ്പത് ശതമാനം ശുദ്ധജലം മാത്രമെ വിതരണം നടത്തുന്നുള്ളു.ഈ രംഗത്തെ പോരായ്മകളെകുറിച്ച് പരാതിപ്പെടാൻ ഒരു സെക്ഷൻ ഓഫിസ് ആരംഭിച്ചത് 1996 ൽ മാത്രമാണ് പദ്ധതി വർഷം 12 കഴിഞ്ഞെങ്കിലും പൂർത്തയാവാത്തത് പ്രധാന നൂനതയാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി പ്രദേശം കായലേരവും കടലോരവുമായതുകൊണ്ട് ,3, 4,5,9 എന്നീ വാർഡുകളിലുള്ള ജനങ്ങൾ ഉപ്പു വെള്ളവും കളർ വെള്ളവും കാരണം വേനൽകാലത്ത് കുടിവെള്ളത്തിനു വേണ്ടി നന്നെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കിഴക്കെ അതിർത്തി പ്രദേശങ്ങളായ കുന്നിൻ പ്രദേശങ്ങളിൽ വേനൽ കാലത്ത് തൂക്ഷമായ ജലക്ഷാമം നേരിടുകയാണ്

ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്ന സ്വകാര്യ കിണറുകൾ കൂടാതെ നാല് ശുദ്ധ-ജലവിതരണ പദ്ധതിമുഖേന284 ഹൗസ് കണക്ഷനുകളും 146 പൊതുടാപ്പുകളും പഞ്ചാ

യത്തിൽ നിലവിലുണ്ടെങ്കിലും ദിവസത്തിൽ അരമണിക്കൂറെങ്കിലും വെള്ളം പമ്പുചെയ്യാൻ കഴിയാത്ത അവസ്ഥയാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

നിലവിലുള്ള ജലസേചനശ്രോതസ്സുകളെ കാര്യക്ഷമമാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതുതായി കിണറുകൾ സ്ഥാപിക്കുകയും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് കിണർനിർമ്മാണത്തിനും മറ്റും സാമ്പത്തിക സഹായം ലഭ്യമകാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്താൽ മാത്രമെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ സാദ്ധ്യമാവുകയുള്ളു.

പട്ടിക 1

നിലവിലുള്ളശുദ്ധജലവിതരണ സംവിധാനം

തരം	എണ്ണം
1. വാട്ടർ സപ്ലൈ സ്കീം	5
2. ട്യൂബ് വെൽ	2
3. ബോർവെൽ	
4. ബോർവെൽ (മോട്ടോർ ഉള്ളത്)	4
5. കിണർ (പഞ്ചായത്ത്)	37
6. കിണർ (സ്വാകാര്യം)	4720
7. കുളം (ടാങ്ക്)	20
8. പൊതുടാപ്പ്	146
9. വാട്ടർ കണക്ഷൻ	284
10. മറ്റുള്ളവ	–

പട്ടിക 2

കുടുംബങ്ങുടെ ജലസ്രോതസ്

1. സ്വന്തം കിണർ
2. അയൽക്കാരന്റെ കിണർ
3. പൊതുകുളം
4. സ്വന്തം കുളം
5. വീടിന്റെ ടാങ്ക് (വാട്ടർ കണക്ഷൻ)
6. പൊതുകിണർ
7. പൊതുടാപ്പ്

പ്രശ്നങ്ങൾ

1. കോളനികൾ -ഉൾപ്പെട്ട പല പ്രദേശങ്ങളും കുടിവെള്ളക്ഷാമം രൂക്ഷമാണ്.

2. പൊതുടാപ്പുകുടെ സംരക്ഷണം കുറവാണ്

3. കുഴൽ കിണറുകളുടെ വെള്ളം പലയിടങ്ങളിലും ഉപയോഗ്യമല്ല.

4. ഡ്രൈ നേജിന്റെ ആഭാവം മൂലം കുടിവെള്ളം മലിനമാകുന്നുണ്ട്.

5. പൊതുകിണർ വേണ്ടത്ര കാര്യക്ഷമമല്ല.

6. പഞ്ചായത്തിലെ കൂടുതൽ വീടുകൾക്കും കക്കൂസ് നിലവിലില്ല.

7. പഞ്ചായത്തിലെ കൂടുതൽ പ്രദേശങ്ങളിലും പൈപ്പ് ലൈൻ സംവിധാനം ഇല്ല.

8. കൂടുതൽ വാർഡുകളിലും കുടുംബക്ഷേമകേന്ദ്രങ്ങൾ നിലവിലില്ല.

9. ആരോഗ്യ പ്രവർത്തകർ കൂടുതൽ വീടുകളിലും സന്ദർശനം നടത്താറില്ല.

10 പഞ്ചായത്തുകളിലെഹോട്ടലുകളിൽ അധികൃതർ പരിശോധന നടത്തുന്നുണ്ടെങ്കിലും ഫലപ്രദമല്ല.

11. ആരിക്കാടി പി. എച്ച് സി യിൽ സ്ഥിരം ഡോക്ടരുടെ സേവനം ലഭ്യമല്ല.

12. ഗവൺമെൻറ് ആയുർവ്വേദിക് , യുനാനി ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.

13. വിഷചികിത്സയ്ക്ക് പഞ്ചായത്ത് അതിർത്തിയിൽ ആശുപത്രികൾ നിലവിലില്ല.

14. പരിസര ശുചീകരണം ഫലപ്രദമായി നടത്തുന്നില്ല.

15. സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പോഷണ നിലവാരം മോശമാണ്.

16. ഹോട്ടലുകൾ മത്സ്യവിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വരുന്ന മാലിന്യങ്ങൾ ആരോഗ്യ പ്രശ്നം സൃഷ്ടിക്കുന്നു.

17. പഞ്ചായത്തിന്റെ പല പൊതുസ്ഥലങ്ങളിലും പൊതുകക്കൂസുകളോ മൂത്രപുരകളോ നിലവിലില്ല.

18. പഞ്ചായത്തിന്റെ മിക്കവാറും സ്കൂളുകളിൽ കുടിവെള്ളം ലഭിക്കുന്നില്ല.

19. ആയിരം ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന ക്രമത്തിൽ ഈ പഞ്ചായത്തിൽ ഇല്ല.

20 പകർച്ചവ്യാധി യഥാക്രമം തടയാൻ സംവിധാനം ഇല്ല.

21. കുമ്പള കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ അബുലൻസ് സംവിധാനം ഇല്ലാത്തതകൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

22. നിലവിലുള്ള വാട്ടർ അതോറിറ്റിയുടെ ഓഫീസിൽ പണം അടയ്ക്കാൻ സംവിധാനം ഇല്ല.

23. പഞ്ചായത്തിൽ ഗവ: ഹോമിയോ ആശുപത്രി ഇല്ല.

സാധ്യതകൾ

1. പഞ്ചായത്തിനെ കേന്ദ്രീരിച്ച് ഒരു ഗവ: ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

2. ആരിക്കാടി പി. എച്ച് സിയിൽ സ്ഥിരമായി ഡോക്ടറെയും , കിടത്തിചികിത്സിക്കാനുള്ള സംവിധാനവും

ജീവനക്കാർക്ക് താമസിക്കാനുള്ള സൗകര്യവും ഉണ്ടാക്കണം

3. യുനാനി ആശുപത്രി കെട്ടിടവും സ്ഥിരം ഡോകടറേയും സ്ഥിരമായി മരുന്ന് വിൽപന ചെയ്യാനുള്ള സംവിധാനവും ഉണ്ടക്കണം.

4. മൊഗ്രാൽ കൊടിയമ്മ എന്നിവിടങ്ങളിൽ പി. എച്ച് സി. നിർമ്മിക്കണം.

5. മുളിയടുക്ക കൊടിയമ്മ എന്നവിടങ്ങളിൽ ഫാമിലി ഹെൽത്ത് സെൻററുകൾ നിർമ്മിക്കണം.

6. കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന പേരാൽ മൊഗ്രാൽ ഫാമിലി വെൽഫെയർ സെൻററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

7. കുമ്പള ടൗൺ കേന്ദ്രികരിച്ച് ഒരു ആയുർവ്വേദ ആശുപത്രി ആവശ്യമാണ്.

8. പഞ്ചായത്തിലെ യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് രക്തദാന സേന രൂപീകരിക്കുകയും അതിൻെറ പ്രാധന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുകയും വേണം.

9. ഷിറിയ പുഴയിൽ ഉജവാർ എന്ന സ്ഥലത്ത് വാട്ടർ സപ്ലൈ സ്കീമിന്വേണ്ടി നിർമ്മിച്ച കിണറിന് സമീപംൺ മറ്റൊരു കിണർ സ്ഥാപിച്ച് ശുദ്ധജലവിതണം കാര്യക്ഷമമാക്കണം.

10. ചൂരിത്തടുക്കയിൽ നിന്നും കഞ്ചിക്കട്ട വഴി കുമ്പളയിലേക്ക് ശുദ്ധജലപൈപ്പ് ലൈൻ നീട്ടണം.

11. ചക്ക് പോസ്റ്റ് മുതൽ ചൽകിനടുക്ക വഴി കൊടിയമ്മ ഉജാർ വരെ പൈപ്പ് ലൈൻ നീട്ടണം.

12. പേരാലിൽ നിന്ന് മൊഗ്രാലിലേക്കും ശാന്തിപ്പള്ളയ്ക്കും പൈപ്പ് ലൈൻ നീട്ടണം.

13. പെർവാഡ് നിന്ന് ബദ്രിയ നഗറിലേക്ക് പൈപ്പ് ലൈൻ നീട്ടണം.

14. കുമ്പളയിൽ പൊതുകക്കൂസും മൂത്രപുരയും കംഫർട്ട് സ്റ്റേഷനു ഉണ്ടക്കണം.

15. ആരിക്കാടി പുത്തിഗെ റോഡിൽ നിന്നു ബന്നങ്കളം വരെ പൈപ്പ് ലൈൻ നീട്ടണം.

16. ആരിക്കാടി പഴയ എം. സി.സി റോഡിൽ വെള്ളം എത്തിക്കാൻ വേണ്ടി മിനി വാട്ടർസപ്ലൈ സ്കീം സ്ഥാപിക്കുക.

17. ആരിക്കാടി ജംഗ്ഷനിൽ നിന്ന് പുജൂർ വയലിലേക്ക് പൈപ്പ്ലൈൻ വലിച്ച് ശുദ്ധജലം എത്തിക്കുക.

18. കൊതുകു നിവാരണത്തിന് ഊന്നൽ നൽകണം.

19. ആരോഗ്യ പ്രവർത്തകരുടെ ഭവന സന്ദർശനം നിർബന്ധമാക്കണം.

20. കുമ്പള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഓഫീസിൽ പണമടക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

21. കക്കാളം ദിഡ്മ പട്ട , മൂവ്വം മാന്യങ്കല്ല് അണ്ടിത്തടുക്ക എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

22. ഒരോ വാർഡിലും വെള്ളത്തിൻെറ ക്ഷാമം കണക്കിലെടുത്ത് പൈപ്പ് ലൈൻ , ബോർ വെൽ , കിണർ എന്നിവ അനുവദിക്കുക.

23. പാപം കോയ നഗറിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുക.

24. അണ്ടിത്തടുക്ക എന്ന സ്ഥലത്ത് മിനിവാട്ടർ സ്കീം അനുവദിക്കണം.



V

വ്യവസായം

കുമ്പള പഞ്ചായത്തിലെ വ്യവസായ മേഖലകളെ കുറിച്ച് പരിശോധന നടത്തിയാൽ മുൻ കാലങ്ങളെ അപേക്ഷിച്ച് മോശമല്ലാത്ത അവസ്ഥകൈരിക്കാൻ വ്യവസായികൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. വിവിധ തരത്തിലുള്ള ചെറുകിട വൻകിട വ്യവസായങ്ങൾ ഉണ്ടക്കാൻ പറ്റിയ പ്രകൃതിരമണീയമായ ഒരു പ്രദേശമാണ്. കുമ്പള പഞ്ചായത്ത് . വൈദ്യുതി , അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നിവ വ്യവസായ പുരോഗതിയെ തടസപ്പെടുത്തുന്നു. പരമ്പരാഗത വ്യവസായത്തിൽ പെടുന്ന നെയ്ത്ത് , മരപ്പണി, കല്ലുകൊത്ത് , മൺ പാത്രനിർമ്മാണം മുതലായവ ക്ഷയിക്കുകയുംകല്ലുവെട്ട് യന്ത്രവൽക്കരണത്തലിലേക്ക് മാറികൊണ്ടിരിക്കുകയും ചെയ്യുന്നു.പഞ്ചായത്തിൽ ഇന്നു നിലവിലുള്ള വ്യവസായത്തിൽ മുൻപന്തിയിൽ നില്കുന്നത് ഇർച്ചമില്ല് , പ്ലൈവുഡ് പോലുള്ള മരവ്യവസായമാണ്. കണ്ണൂർ ജില്ലയിലെ വളപട്ടണം കഴിഞ്ഞാൽ വടക്കൻ കേരളത്തിലെ പ്രധാന വ്യവസായങ്ങൾ നിലനിൽകുന്നത് കുമ്പള പഞ്ചായത്തിലാണ്. മരവ്യവസായ മേഖലയിൽ നൂറ് കണക്കിന് തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ചെയ്യുന്നു. മരവ്യവസായത്തിന് ആവശ്യമായ അസംസ്കൃ വസ്തുക്കൾ കേരളത്തിന്റെ കിഴക്കൻ പ്രദേശമായ പാണത്തൂർ , തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ നിന്നുമാണ് കൊണ്ടുവരുന്നത്.

പണ്ട് കാലത്ത് പ്രശസ്തമായിരുന്ന കൈത്തറി വ്യവസായം കാലക്രമേണ പഞ്ചായത്തിൽ ശോഷിച്ചു പോവുകയാണ് ചെയ്തത് . പ്രശസ്തമായ തളങ്കരതൊപ്പി നിർമ്മാണത്തിന് നൂൽ കോർക്കുന്ന പണികുമ്പളയിലെ വീടുകളിൽ കേന്ദ്രീകരിച്ചയിരുന്നു നടന്നുവന്നിരുന്നത് ഗൾഫ് നാടുകളിൽ നല്ല മാർക്കറ്റുണ്ടയിരുന്ന തളങ്കര തൊപ്പിവ്യവസായം പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞാൽ ഈ മേഖലയിൽ സാമ്പത്തിക നേട്ടവും തൊഴിലും വർദ്ധിപ്പിക്കാൻ സാധിക്കും.

കുമ്പള പഞ്ചായത്തിന്റെ അതിർത്തി പ്രദേശം 7 കിലോമീറ്ററോളം കടലോരവും കായലോരവുമായതുകൊണ്ട് പ്രധാന മത്സ്യബന്ധനമേഖലയായതുകൊണ്ടും ഈ രംഗത്ത് കുമ്പളയിൽ വൻ വ്യവസായ സാധ്യതകളാണ് നിലവിലുള്ളത്. മത്സ്യ സംസ്കരണ ശാലകൾ , ഐസ് പ്ലാൻറ് തുടങ്ങിയ വ്യവസായങ്ങൾ സ്ഥാപിക്കേണ്ടത് കുമ്പള പഞ്ചായത്തിൽ വളരെയധികം അത്യാവശ്യമാണ്. എണ്ണയാട്ടുമില്ല്, ലഘു ഇൻഞ്ചിനിയറിംഗ് സ്ഥാപനങ്ങൾ എന്നിവ അങ്ങിങ്ങായി നിലവിലുണ്ടെങ്കിലും ഈ പ്രദേശത്തെ വ്യാവസായികവശ്യങ്ങൾ നിറവേറ്റാൻ തെല്ലും ഉപകരിച്ചിട്ടില്ല.

പഞ്ചായത്തിലെ ഭൂരിഭാഗം തൊഴിലാളികളും തൊഴിൽ ചെയ്യുന്ന മേഖലയാണ്. ബീഡിവ്യവസായം . വൈവിദ്യ വൽകരണങ്ങളിലൂടെ മറ്റൊരു മേഖലയിലെക്ക് നീന്തിക്കയറുവാൻ ശ്രമിക്കുന്ന ബിഡി തൊഴിലാളികൾ ഇന്ന് തങ്ങളുടെ ഭാവിയെ കുറിച്ച് അത്യന്തം ആശംങ്കാകുലരാണ്.

പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ പരിശീലനം നൽകാൻ കുണ്ടം കാറഡുക്ക , പെൽത്തടുക്ക എന്നിവിടങ്ങളിൽ ആരംഭിച്ച വർക്ഷെഡ് ഉദ്ദേശിച്ച രൂപത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ബിഡിവ്യവസായമേഖല ഒഴിച്ച് മറ്റുള്ള വ്യവസായങ്ങളിൽ സ്ത്രീ തൊഴിലാളികളുടെ പങ്ക് നാമമാത്രമാണ്. പ്ലാസ്റ്റിക് , പ്ലൈവുഡ് , ഫുഡ് പ്രോഡക്ട് മുതലായ വ്യവസായങ്ങൾക്ക് വൻ സാദ്ധ്യതയുള്ള പ്രദേശമായിട്ടും വ്യവസായത്തെക്കുറിച്ചുള്ള അജ്ഞതയും പഴഞ്ചൻ നടപടിക്രമവും വൈദ്യുതിയുടെ ദൗർലഭ്യവും കാരണം കൂടുതൽ പേർ വ്യവസായ രംഗത്തേക്ക് വരാൻ മടിച്ചുനിൽക്കുകയാണ്.

പ്രശ്നങ്ങൾ

1. പരമ്പരാഗത വ്യവസായമായ മൺപാത്രനിർമ്മണം ബീഡി, നെയ്ത് , പാളതൊപ്പി നിർമ്മാണം മുതലായവ പ്രതിസന്ധി നേരിടുന്നു.
2. ബീഡിതൊഴിലാളികൾക്ക് എല്ലാദിവസവും ജോലി ലഭിക്കുന്നില്ല.
3. പഴഞ്ചൻ നടപടിക്രമം മൂലം വ്യവസായം തുടങ്ങാൻ ആരും മുന്നോട്ടുവരുന്നില്ല.
4. പായ നെയ്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നില്ല.
5. പായ , തൊപ്പിപാള എന്നിവയുടെ ഉപയോഗം കുറഞ്ഞ് വരുന്നു.
6. ചെറുകിട വ്യവസായം തുടരാൻ പോലും വൈദ്യുതി ലഭിക്കാൻ പഞ്ചായത്തിൽ നിലവിൽ സംവിധാനമില്ല..
7. മത്സ്യബന്ധന മേഖലയായിട്ട് കൂടി മത്സ്യസംസ്കരണ ശാലകൾ നിലവിലില്ല.
8. മത്സ്യം ഉണക്കാനും , സേറ്റാർ ചെയ്യുവാനുമുള്ള സൗകര്യം പഞ്ചായത്തിലില്ല.
9. ചകിരിവ്യവസായത്തിന് ആവശ്യമായ പ്രോത്സാഹന ം കിട്ടുന്നില്ല.
10 കശുവണ്ടി സംസ്കരണ സ്ഥാപനങ്ങൾ ഇല്ല
11. പരമ്പരാത തൊഴിൽ പ്രകാരം നിർമ്മിക്കുന്ന കൂട്ട, പായ, മുതലായ സാധനങ്ങൾക്ക് അസംസ്കൃത സാധനങ്ങളും ന്യായവിലയും ലഭിക്കുന്നില്ല.

സാധ്യതകൾ

1. മൺകലം , പായ , കൂട്ട മരപ്പണികൾ, ഇരുമ്പ് പണികൾ ബീഡി മുതലായ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകണം.
2. ബീഡിതൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പ് വരുത്തണം
3. ആധുനിക രീതിയിലുള്ള വ്യവസായങ്ങൾക്ക് പരിശീലനം നൽകണം
4. കവുങ്ങ് പാള കൊണ്ട് നിർമ്മിക്കുന്ന പ്ലേറ്റ് തൊപ്പി മുതലായവയ്ക്ക് പ്രോത്സാഹനം നൽകണം
5. കുടിൽ വ്യവസായങ്ങൾക്ക് വൈദ്യുതി ഉടൻ എത്തിക്കുന്നതിനുള്ള ഏർപാട് ചെയ്യണം.
6. കുമ്പളയിൽ മത്സ്യ സംസ്കരണവും ശേഖരണവും നടത്താനുള്ള ഏർപ്പാട് ചെയ്യണം.
7. കയർ വ്യവസായത്തിന് പ്രോത്സാഹനം നൽകുക.
8. കശുവണ്ടിസംസ്കരണശാല ഉണ്ടക്കുക.
9. പരമ്പരാഗത വ്യവസായമായ കൂട്ട പായ മുതലായവയ്ക്കുള്ള അസംസ്കൃത സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക. ന്യായവില ലഭിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളുക.
10. കുമ്പള പട്ടണത്തിൽ നിന്ന് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ ശേഖരിച്ച് കംബോസ്റ്റ് വളം നിർമ്മിച്ച് ഗ്യാസ് നിർമ്മിക്കുവാനുള്ള നടപടിസ്വീകരിക്കുക.
11. സഹകരണ സംഘം മുഖേന കന്നകാലി, കോഴി മുതലായ ഫാമുകൾ തുടങ്ങുന്നീതിനുള്ള വായ്പകൾ നൽകുക.


INDUSTRY

1. Sri Abdulla S/o Shaikali
   Bambrana stone crushing & Holo bricks manufacturing
2. National wood Industries ,Kumbla.
3. Uni wood Industries , Shanthipalla,Kumbla.
4. Universal wood crafts, Kumbla.
5. Bharath Chemicals, Kumbla
6. Sri Sudarshan Plastic Industries,Kumbla.
7. Jamaliya Wood Industries Kumbla.
8. Zaigam Timber works Kumbla.
9. Wood Crafts, Kumbla.
10. Shakthi Engineering Works, Kumbla.
11. Deepak Automobiles Kumbla.
12. Sri Devi Cinemna Kumbla
13. Sri Gopala Krishna Talkies , Kumbla.

SMALL SCALE INDUSTRIES.

1. Sri Venkhatramana Achary, S/o Iswara Achary
   Wooden Furnitures, Banikatta.
2. Smt. Lakshmi w/o Balakrishna Adyanthaya.
   Paddy Hausking, Neelampady.
3. Smt. Mariyamma W/o Mammunhi.
   Paddy Hausking, Ujan Bambamma.
4. Sri. K.P. Mohammad s/o.Bapinhi.
   Paddy Hausking, Arikady.
5. Sri. Anantha Bhat, Raghavendra Industries,
   (Urea Making) Agarbathi.
6. K. Aboobacker S/o.Mohammad.
   (Backer Industries) Steel Furniture Making)
7. Sri. Abdul Jaffer. S/o.Abbas.
   Abson Oil Mill, Copara Crashing.
8. Sri. T.V. Narayana, T.V.N. Industries.
   Work Shop, Kumbla.
9. Sri. Peethambaran. K. S/o. Bhaskara.
   Welding Shop, Railway Station Road Kumbla.
10. Babitha Printing Press, Kumbla.
11 Kanipura Printing Press, Kumbla.
12. Sri. M. Janardhana Gatty. S/o. Mahalinga Gatty.
    Manufacture of Bakerry Products.
13. Amba Naik,. Bhashavathi Prasad Oil Mill Naikap.

14. Sri. Krishna Gatty, S/o. Subraya Gatty.
    Wet grinder Fittings.
15. Sri. K.M. Hameed, S/o. Andunhi.
    Timber Worker.
16. Sri. T.C. Ashrafali, S/o. T.C. Pakrunhi.
    Aim Woods Mogral.
17. Sri. N.H. Hameed, S/o. Moideenkunhi.
    Cool Drinks.
18. P.A. Industries Mogral Welding Shop.
19. Sri. M.S. Mogral, Paddy Hasking
    Mogral.
20. Sri. Umesh Pai. Gopalakrishna Mill Kumbla.
21. Ahammad Siddique, Aluminium Industries.
    Mogral.
22. Goplak Plastic Industries, Kumbla.
23. Jayamaruthi Industry, Pady Husking.
24. Sri. Malinga Acharry, S/o. Ramayya Acharry.
    Furniture Making Kumbla.
25. Sri. Gopalakrishna Nayak S/o. Vital Nayak
    Paddy Husking..
26. Sri. Parameshwara, S/o. Ramayya.
    Paddy Husking.
27. Shruthi Tyre Workers Kumbla.
28. Sri. N.A.Rahman, S/o. Moosa.
    Welding, Kumbla.
29. Sri. N. Vasudeva Acharya, S/o. Thimmayya Acharya.
    Furniture Workes.
30. Sri. B. Dayananda Pai., S/o.Madhava Pai.
    Oil Mill.
31. Sri. P. Kunhiraman Nair S/o.Muthu Nair.
    Furniture Making.
32. Sri. Kunhambu Nair. S/o. Kumaran Nair.
    Furniture Making.
33. Sri. Andu Alias Abdulla, S/o. Ahammad Kunhi.
    Paddy Husking.
34. Sri. N. Abdul Rahiman. Cool Drinks,
    National Cold House Bambrana.
35. Sri. N. Gopalakrishna, S/o. Manjappa Shetty.
    Welding Shop.
36. Sri. Praveen Kumar, Pragathi Enterprise
    Switch Board Manufacting.



VI

ഗതാഗതം, ഊർജ്ജം വൈദ്യുതി മാർക്കറ്റ്

ഗതാഗതം

ആധുനിക സമൂഹത്തിൽ ജനജീവിതത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് ഗതാഗതം വിദ്യാഭ്യാസം, വ്യവസായം , കൃഷി, ആരോഗ്യം ഇവയുടെ അഭിവൃദ്ധിക്ക് ഗതാഗതം അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിലെ റോഡ് ഗതാഗത ശൃംഗല മെച്ചപ്പെട്ടതാണ്.

ഈ പഞ്ചായത്തിലെ മൊഗ്രാൽ, കുമ്പള, ഷിറിയ പുഴകൾക്ക് ദേശീയ പാതയിൽ 1967 ൽ പാലങ്ങൾ നിലവിൽ വന്നതോടു കൂടിയാണ്. സമഗ്രമായ ഗതാഗത വിപ്ലവത്തിന് തുടക്കം കുറിച്ചത്.

മുൻകാലങ്ങളിൽ റോഡു നിർമ്മാണത്തിന് ആവശ്യമായ സ്ഥലവും പ്രവർത്തനവും നാട്ടുകാരുടെ ഭാഗത്തുന്നുന്നും സഹകരണ മനോഭവത്തോടുകൂടി ഉണ്ടായിരുന്നു. എന്നാൽ കാലക്രമേണ ഈ മനോഭാവത്തിൽ മാറ്റം വരുകയും ഈ വിസനങ്ങളൊക്കെ സർക്കാറിർനിന്നോ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടകേണ്ടതാണെന്ന മനോഭാവം ഉയർന്നു വന്നു. റോഡ് വേണമെന്ന് മുറവിളി കുട്ടിയവർതന്നെ റോഡിനാവശ്യമായ സ്ഥലം നൽകാൻ തയ്യാറല്ല ഈ കാരണം കൊണ്ട് അത്യാവശ്യ സ്ഥലങ്ങളിൽ റോഡ് നിർമ്മിക്കാനോ ഉള്ളറോഡ് വീതി കൂട്ടുവാനോ മറ്റു അറ്റകുറ്റപ്പണികൾ നടത്തുവനോ ഗതാഗതയോഗ്യമാക്കുവാനോ സധിക്കുന്നില്ല.

ഈ പഞ്ചായത്തിൽ മൊഗ്രാൽ പുഴ മുതൽ ഷിറിയ പുഴവരെ 7 കിലോമിറ്റർ നിളത്തിൽ നാഷണൽ ഹൈവേ 17 കടന്നു പോകുന്നു. കൂടാതെ മൊഗ്രാൽ പുഴ മുതൽ ഷിറിയ പുഴവരെ 7 കിലോമീറ്റർ ദൂരത്തിൽ റെയിൽവേ ലൈനുംകടന്നുപോകുന്നു.കുമ്പള ടൗണിൽ നിന്നും സൂരംവയൽവരെ 5 കിലോമിറ്റർ ദൂരത്തിൽ കുമ്പള ബദിയഡുക്ക ആരിക്കാടി കട്ടത്തടുക്ക എന്നീ രണ്ടുപി.ഡബ്ല്യൂ ഡി റോഡുകളും കടന്നുപോകുന്നു. കാസർകോട് - കുമ്പള ടൗൺ - മംഗലാപുരം ഹൈവേയുടെ ഭാഗത്തായും പുത്തിഗെ, ബദിയഡുക്ക,പെർല, സുള്ള്യ, പുത്തൂർ വിട്ല എന്നീ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാന വാണിജ്യ കേന്ദ്രമാണ് കുമ്പള.

കുമ്പള ബസ്സ്റ്റാൻറിലൂടെ 170ലധികം സംസ്ഥാന അന്തർ സംസ്ഥാന ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നു. ബസ്സുകളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ നിലവിലുള്ള ബസ്സ്റ്റാൻറ് യാത്രാസൗകര്യത്തിന് അപര്യപ്തമാണ്.

ഇതുകണക്കിലെടുത്ത് ബസ്സ്റ്റാൻറിനടുത്തുള്ള റി സർവ്വേ നമ്പർ 114-ൽ14 സെൻറ് സ്ഥലം അകയർ ചെയ്യാൻ പഞ്ചായത്ത് ഭരണസമിത തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

പാർക്കിംഗ് പെർമിറ്റുള്ള ഓട്ടോറിക്ഷ, കാർ , ജിപ്പ് റിക്ഷാടെമ്പോ എന്നിവയ്ക്ക് കുമ്പള- ബദിയടുക്ക റോഡിന്റെ ഇടതുഭാഗത്തും പാർക്കിംഗ് സൗകര്യം എർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടെമ്പോ , മിനിലോറി , ലോറി എന്നിവയ്ക്ക് ബദിയടുക്ക റോഡിന്റെ വലതുഭാഗത്തും ബസ്സികൾക്ക് ബദിയടുക്ക പെർല കിദൂർ , കമനവയൽ ഭാഗത്തേക്കും ബദിയടുക്ക റോഡിൽ താൽകാലിക സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ കിലോമീറ്റർ റോഡുകളുണ്ട്. ഇതിൽ ടാർചെയ്തതും കിലോമിറ്റർ മെറ്റൽ ചെയ്തതും കിലോമിറ്റർ മറ്റുള്ള റോഡുമാണ്.ഫുട്പാത്തുകൾ റോഡായി മാറുന്നതോടെ മഴക്കലത്ത് തൊട്ടടുത്ത പറമ്പുകളിൽ നിന്ന് ഒഴുകി വരുന്ന വെള്ളം റോഡിലുടെ ഓഴുകി പോകുനനതുകാരണം റോഡിൻെറ തകർച്ചയ്ക്ക് ആക്കം കുട്ടുന്നു. പരമ്പരയായി വെള്ളം ഒഴുകികൊണ്ടിരുന്ന താഴ്ന്ന പ്രദേശങ്ങളിലെ പറമ്പുകളിൽ അശാസ്ത്രിയമായ കെട്ടിടങ്ങൾ ഉയർന്നു വന്നതോടുകൂടി ഒഴുകി കൊണ്ടിക്കുരുന്ന വെള്ളം റോഡിൽ തളം കെട്ടി നിൽകാൻ തുടങ്ങി. ഇതു കാരണം റോഡുകൾ തകർന്നു. ഗതാഗതയോഗ്യമല്ലാതാകുന്നു.

ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണത്തിന് അനുപാതികമായ റോഡുകൾ ഉണ്ട്.

സംസ്ഥാന ശരാശരി 3.6 കിലോമീറ്റർാണെങ്കലും ഈ പഞ്ചായത്തിൽ റോഡുവ്യവസ്ഥ അതിനേക്കാൾ കൂടുതലാണ് റോഡുകളുടെ വിവരം പട്ടിക 1 ൽ ചേർത്തിട്ടുണ്ട്.

നാഷണൽ ഹൈവേ 17 പഞ്ചായത്തിലൂടെ കടന്നു പോകുന്നത് കാരണം ദൂരയത്രയ്ക്ക് പോകുന്ന ജനങ്ങൾക്ക് വളരെ സൗകര്യപ്രദമാകുന്നു. അതുപോലെ കുമ്പള റെയിൽവേ സ്റ്റേഷനിൽ നിന്നും യാത്രചെയ്യുവാനും വളരെ സൗകര്യപ്രദമാണ്.

മുള്ളേരിയ , പെർള , ബദിയടുക്ക പുത്തിഗെ പ്രദേശത്തുള്ള ജനങ്ങൾക്ക് കുമ്പളറയിൽവേസ്റ്റേഷൻ വലിയൊരു അനുഗ്രഹമാണ്. കുമ്പള റയിൽവേസ്റ്റേഷനിൽ നിന്ന് ശരാശരി നൂറുക്കണക്കിന് യാത്രക്കാർ യാത്രചെയ്യുന്നുണ്ടെങ്കിലും സ്റ്റേഷനിൽ വേണ്ടത്ര സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

1970 വരെ കുമ്പള റെയിൽവേസ്റ്റേഷനുകളിലൂടെ കടന്നുപോയ്കൊണ്ടിരുന്ന എല്ലാ തീവണ്ടകൾക്കും സ്റ്റോപ്പ് അനുവദിച്ചിരുന്നു. അതിനുശേഷം ട്രെയിനുകളുടെ എണ്ണം വർദ്ധിപ്പിച്ചെങ്കിലും പുതുതായി അനുവദിച്ച മംഗലാപുരം മദ്രാസ് വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ് മംഗലാപുരം - നിസാമുദ്ദീൻ മംഗള എക്സ്പ്രസ്സ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചില്ലെന്നു മാത്രമല്ല നേരത്തേ സ്റ്റോപ്പ് അനുവദിച്ചിരുന്ന മദ്രാസ് മെയിലിൻെറ സ്റ്റോപ്പ് റദ്ദാക്കുകയും ചെയ്തു.

ഈ പഞ്ചായത്തിൽ മൂന്ന് ലെവൽ ക്രോസുകൾ നിലവിലുണ്ട്.

1. ആരിക്കാടി ആനബാഗിലു
2. ആരിക്കാടി കടവത്ത്
3. കുമ്പള റെയിൽവേ സ്റ്റേഷനു സമീപം

ഇതിൽ ആരിക്കാടി കടവത്തുള്ള ലെവൽ ക്രോസ് റെയിൽവെ അധികൃതരുടെ നിർദ്ദേശപ്രകാരം അടച്ചിട്ടിരിക്കുകയാണ്. കൊയിപ്പാടി കടപ്പുറത്തെ ബന്ധിപ്പിക്കുന്ന റോഡിലാണ് കുമ്പള റെയിൽവേ ലെവൽ ക്രോസ് സ്ഥിതി ചെയ്യുന്നത് നഷണൽ ഹൈവേയും ആരിക്കാടി എം.സി.സി.റോഡിനേയും ബന്ധിപ്പിക്കുന്നതാണ് മൂന്നാം ലവൽ ക്രോസ്. മൊഗ്രാൽ കൊപ്പാളുമായി ബന്ധിപ്പിക്കാൻ കൊപ്പളം കടപ്പുറത്തേക്ക് അനുവദിച്ചുകിട്ടിയാലും ആരിക്കാടി കടപ്പുറത്തെ ലെവൽക്രോസ് തുറന്നു കിട്ടിയാലും തീരദേശ റോഡ് ഗതാഗത സൗകര്യത്തിന് വളരെ ഉപകാരപ്രദമാണ്.

കൊയിപ്പാടി ഫിഷറിസ് കോളനിമുതൽ മൊഗ്രാൽ കൊപ്പളം വരെ തീരദേശ റോഡില്ലാത്തത് ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു.

ഈ റോഡിൻെറ അറ്റകുറ്റ പണികൾക്ക് പഞ്ചായ ത്തിൻെറ ഫണ്ടിനെ മാത്രമേ ആശ്രയിക്കാൻ കഴിയുന്നുള്ളു.

മഴക്കാലം ആരംഭത്തോടെ റോഡുകൾ തകരുന്ന ഒരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ പൊതുപങ്കാളിത്തവും സഹകരണവും ഉണ്ടെങ്കിൽ മാത്രമെ ഒരളവുവരെ ഗതാഗതപ്രശ്നങ്ങൾ പരിഹരിക്കൻ സാധിക്കുകയുള്ളു.പാലങ്ങളുടെ നിർമ്മാണക്കുറവ് റോഡ് തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

പ്രശ്നങ്ങൾ

1. നിലവിലുള്ള ഭൂരിപക്ഷം റോഡുകളും ടാർ ചെയതിട്ടില്ല.
2. നിലവിലുള്ള കുടുതൽ റോഡുകളിൽ ഡ്രൈനേജ് സംവിധാനം ഇല്ലാത്തതിനാൽ റോഡുകൾ നശിച്ച് കൊണ്ടിരിക്കുന്നു.
3. കുമ്പളയിൽ നിന്നും കോയിപ്പാടി കടപ്പുറത്തേക്ക് പോകുന്ന റോഡ് റയിൽവേയുടെ സഹകരണം ഇല്ലാത്തതിനാൽ പുനർനിർമ്മാണം നടത്തുന്നില്ല.

4. ആരിക്കാടി-കടവത്ത് റയിൽവേ ലെവൽ ക്രേസിംഗ് അടച്ചിട്ടതിനാൽ ഗതാഗതത്തിന് തടസം അനുഭവപ്പെടുന്നു.

5. മൊഗ്രാൽ - കൊപ്പളം എന്ന സ്ഥലത്ത് റയിൽവേ ലൈൻ ക്രേസിംഗ് ഇല്ലാത്തതിനാൽ തീരദേശത്തുള്ളവർക്ക് ഗതാഗതസൗകര്യം നിലവിലില്ല.

6. കുമ്പള ബസ്സ്റ്റാൻറിൽ സ്ഥലസൗകര്യം ഇല്ലാത്തതുകൊണ്ട്യാത്രക്കാർ ദുരിതം അനുഭവിക്കുന്നു.

7. കുമ്പള റയിൽവേ സ്റ്റേഷന് സമീപം ഗതാഗത ആവശ്യത്തിന് ഒരു ഓവർ ബ്രിഡ്ജ് അണ്ടർബ്രിഡ്ജ് സംവിധാനം ഇല്ലാത്തതുകൊണ്ട് തടസം നേരിടുന്നു.

8. കുമ്പളയിൽ നിന്ന് കഞ്ചിക്കട്ട വഴി ചൂരിത്തഡ്ക്കത്തേക്കും കൊടിയമ്മ ഉജാറിൽ നിന്ന് ചിൽകിനടുക്ക വഴി ചെക്ക് പോസ്റ്റ് വാരെയും നായിക്കാപ്പിൽ നിന്ന് കാരിംചാൽ ദേവസ്ഥാനം വരെയും ബസ്സ് ഗതാഗതം ഇല്ലാത്തതിനാൽ യാത്രാപ്രശ്നം ഉണ്ടകുന്നു.

9. ദേശീയ പാത ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നുണ്ടെങ്കിലും അതു സ്റ്റേറ്റ് ഹൈവേയുടെ നിലവാരം മാത്രമാണ് പുലർത്തുന്നത്.

സാധ്യതകൾ

1. പഞ്ചായത്തിൽ നിലവിലുള്ള എല്ലാറോഡുകളും (താർ ചെയ്യാത്തത്) ടാർ ചെയ്യണം.

2. ഫിഷറീസ് വകുപ്പിന് കൈമാറിയ എല്ലാറോഡുകളും റാർചെയ്യണം.

3. കോട്ടക്കാർ ആച്ചഗോളി, കുമ്പള റോഡ് ഒരു പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം

4. മൈരള മുതൽ ദേവരമൂലവരെ പുതിയ റോഡുനിർമ്മിക്കണം

5. കൊരങ്കള മുതൽ ഇച്ചിലം പാടി വരെ റോഡ് നിർമ്മിക്കുവാനും കൊറഗളയിൽ ഒരു ക്രോസ് ബാറും നിർമ്മിക്കുക.

6. ആച്ച ഗോളിയിൽ ദർബക്കട്ട ഇച്ചിലംപാടി വഴി കിദൂർ കട്ടം കാറഡ്ക്ക റോഡ് നിർമ്മിക്കുക.

7. ചെട്ടികംണ്ട- കോട്ടക്കാർ ചേടികമെ ലിംങ്ക് റോഡ് നിർമ്മിക്കുക.

8. ദേവിടാക്കീസ് , കടപ്പൂറം റോഡ് നിർമ്മിക്കുക.

9. മൊഗ്രാലിൽ നിന്ന് ബദ്രിയ്യ നഗർ വഴി അനന്തപുരം വ്യവസായ എസ്റ്റേറ്റിലേയ്ക്ക് റോഡ് നിർമ്മിക്കുക.

10 പേരാൽ - മടിമുഗർ ഫുട്പാത്ത് നിർമ്മിക്കുക

11. പേരാൽ ഓൾഡ് സ്കൂൾ റോഡിൽ നിന്ന് പേരാൽ അണക്കെട്ട് വരെ റോഡ് നിർമ്മിക്കുക

12. കളത്തൂർ ജാറം ആളോഡി റോഡ് നിർമ്മിക്കുക.

13. കളത്തൂർ ജാറം ആളോഡി റോഡ് നിർമ്മിക്കുക

14. കളത്തൂർ പമ്പാടി റോഡ് നിർമ്മിക്കുക.

15. കുനിയൂർ പമ്പാടി റോഡ് നിർമ്മിക്കുക

16. കളത്തൂർ പാദകല്ല് റോഡ് നിർമ്മിക്കുക.

17. കക്കളം, ബരണിക്കട്ട, മൂഹം , അജിതഡ്ക്ക റോഡ് നിർമ്മിക്കുക.

18. മൂവ്വം , ചോട്ടത്തൂർ ഫുട്പാത്ത് നിർമ്മിക്കുക.

19. മൂവ്വം നമ്പിക്കര ഫൂട്പാത്ത് നിർമ്മിക്കുക.

20. മൂവ്വം തോടിന് ഫൂട് ബ്രിഡ്ിന് നിർമ്മിക്കുക.

21. ചോട്ടത്തൂർ ദിഡ്തമ ബണ്ട് കം റോഡ് നിർമ്മിക്കുക.

22 പെർവാട്, പെട്രോൾ പമ്പ് , ശാന്തിപ്പള്ള റോഡ് നിർമ്മിക്കുക.

23. കൊപ്രബാസാർ മളിയങ്കര റോഡ് നിർമ്മിക്കുക.

24. നെക്രാജെ- പള്ള ത്തെരുകുട്ടം കാരഡ്ക്ക റോഡ് നിർമ്മിക്കുക.

25. കോയിപ്പാടി കോളനിമുതൽ മൊഗ്രാൽ കൊപളം വരെ തീരദേശ റോഡ് നിർമ്മിക്കുക.

26. കുമ്പള റയിൽവേ സ്റ്റേഷൻ സമീപം ഓവർ ബ്രിഡ്ജോ അണ്ടർ ബ്രിഡ്ജോ സ്ഥാപിക്കുക.

27. ബംബ്രാണ ജംഗ്ഷൻ പാറ റോഡ് നിർമ്മിക്കുക.

28. കാർളെ ദിഡ്മെ റോഡ് നിർമ്മിക്കുക.

29. ചൂരിതട്ക്ക ജോഡുഗോളി റോഡ് നിർമ്മിക്കുക.

30. ദിനേശ് ബിഡി, ബിരംത്തികര റോഡ് നിർമ്മിക്കുക.

31. കളത്തൂർ മൈരള റോഡ്നിർമ്മിക്കുക.

32. കളത്തൂർ ആർത്തള റോഡ് നിർമ്മിക്കുക.

33. മാടുവ - കൊളച്ചഷ്ഠ റോഡ് നിർമ്മിക്കുക.

34. കൊറംങ്കള മാടത്തൂർ റോഡ് നിർമ്മിക്കുക.

35. പള്ളത്തിമാർ കൊറംങ്കള ഫൂട്പാത്ത് നിർമ്മിക്കുക.

36. കുത്തിക്കാർ കാരിഞ്ച ഫുട്പാത്ത് നിർമ്മിക്കുക.

37. ഇച്ചിലംപാടി കാരിഞ്ച ദേവസ്ഥാനം നടപ്പാത നിർമ്മിക്കുക.

38. കളത്തൂർ കുടുംബക്ഷേമ കേന്ദ്രത്തിൻെറ സമീപത്ത് നിന്ന് അമേരിക്ക വഴി കിദൂർ കട്ട വരെ ബ്രീഡ്ജ് കം റോഡ് നിർമ്മിക്കുക.

39. പഞ്ചായത്തിലെ എല്ലാനടപാതകളും ഗതാഗത സൗകര്യമുള്ള റോഡുകൾ മാറ്റുക

40. ചളിയംഗോഡ് അംബേഡ്ക്കർ കോളനി റോഡ് പാലം നിർമ്മിച്ചു റോഡാക്കി മാറ്റുക.

41. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേക്ക് ബസ്ഗതാഗതം ഏർപ്പെടുത്തുക

42. പഞ്ചായത്തലിലെ വിവിധ ഭാഗങ്ങളിലേക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഡൻെറ ബസ്സ് സൗകര്യം എർ

പ്പെടുത്തുക

43. ആവശ്യമായ സ്ഥലങ്ങളിൽ വെയ്റ്റിംഗ് ഷെഡ് നിർ മ്മിക്കുക.

44. ദേശീയ പാത കാര്യക്ഷമമാക്കാൻ ഉടനടി നടപടി യെടുക്കുക.

45. ഉള്ളുവാർ ജുമാമസ്ജിദിന് സമീപം നിലവിലുള്ള റോ ഡ് കുപ്പിന്റെ വളപ്പ് വരെ നിട്ടുക

46. ബായിക്കട്ട റോഡ്- ഓൾട സ്കൂൾ വരെ നീട്ടി ഗതാ ഗത യോഗ്യമാക്കണം.

47. ബായിക്കട്ട - ഉജാർ വയൽ റോഡ് നീട്ടണം

48. ആരിക്കാടി ആനബാഗിലു വിൽ നിന്ന് കുന്നിൽ സ്കൂൾ വരെ റോഡ് നിർമ്മിക്കുക

49. ആരിക്കാടി ഓൾഡ് റോഡ് മുതൽ കഞ്ചിക്കട്ടവരെ റോഡ് നിർമ്മിക്കുക.

50. ഓൾഡ് റോഡിലെ ചെറിയ പള്ളിയുടെ സമീപത്ത് നിന്ന് പൂജൂർ വരെ ഫുട്പാത്ത് നിർമ്മിക്കുക.

51. ബന്നം കുളം റോഡ് - കുന്നിൽ സ്കൂൾ വരെ നീട്ടു ക

52. ഗതാഗത കുരുക്ക് അനുഭവപ്പെടുന്ന ആരിക്കാടി കു മ്പോൽ ജുമാമസ്ജിദ് റോഡിൽ ആനബാഗിലു വളവ് വീ തി കുട്ടുക.

53. ആരിക്കാടി കടൽത്തിരത്തേക്ക് റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

54. ആരിക്കാടി നാഷണൽവൈ ജംഗ്ഷൻ വീതികൂട്ടു ക.

55. മുളിയടുക്കം കാജാളം റോഡിൽ കൾവർട്ട് പുനർ നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം.

56. കൃഷ്ണനഗർ ഫുഡ്ബ്രിഡ്ജ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.

57. ബട്ടംപാടി നീരോളി- ദിനഡ്ക്ക നിന്നും പേരാൽ വയൽ റോഡ് നിർമ്മിക്കുക.

59. നീരോളി -നിരോളി ഹരിജൻ കോളനി റോഡ് നിർ മ്മാണം പൂർത്തിയാക്കുക.

60. ഒൾഡ് സ്കൂൾ പേരാൽ അണക്കെട്ട് റോഡിൽ പേരാൽ എന്ന സ്ഥലത്ത് കൾവർട്ട് നിർമ്മിക്കുക.

61. റിവർസൈഡ് കഞ്ചിക്കട്ട ബംഡ്കം റോഡ് നിർമ്മി ക്കുക.

62. പോലിസ് സ്റ്റേഷൻ നടപാത റോഡാക്കി മാറ്റുക

63. കുമ്പള - ബദ്രിയ നഗർ പേരാൽ റോഡ് - ബദ്രി യ നഗറിൽ നിന്ന് നീരോളി വഴി പേരാലിലെക്ക് ബന്ധി പ്പിക്കുക.

64. നെക്രജെ - കുട്ടംകാറഡ്ക്ക റോഡ് നിർമ്മിക്കുക.

65. റെയിൽവേ സ്റ്റേഷന് സമീപമുള്ള കോയിപ്പാടി കടപ്പുറം റോഡ് റെയിൽവേ വകുപ്പുമായി സഹകരിച്ചു ഗതാഗതയോഗ്യമാക്കണം

66. കളത്തൂർ ദേവരമൂല റോഡ് നിർമ്മിക്കുക.

67. മൊഗ്രാൽ കൊപ്രബസാർ എം.സിറോഡ് പഞ്ചാ യത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം

68. കുമ്പള ഡിസ്പെൻസറി റോഡ് ബത്തേരി വഴി കോയിപ്പാടി ഫിഷറീസ് റോഡുമായി ബന്ധിപ്പിക്കണം.

69. അബലിയഡ്ക്കത്ത് നിന്നും കിദൂർ ലിങ്ക് റോഡ് ദസ്സകോളി വഴി നിർമ്മിക്കുക.

70 . കോയിപ്പാടി -കടപ്പുറം ഫിഷറീസ് റോഡ് മൊ ഗ്രൽ ജുമാഅത്ത് പള്ളിവരെ നീട്ടുക.

71. ആർ.എസ് നമ്പർ 15/15 ൽ മൊഗ്രാൽ ഹൈ വേയ്ക്ക് സമീപമുള്ള ഓഴുക്ക് ചാൽ എല്ലാവർഷവും വൃ ത്തിയാക്കണം.

72. കിദൂർ ആർക്കള ഹരിജൻ കോളനി റോഡ് - ഗോ ളി ഗുഡെ റോഡ് നിർമ്മിക്കുക.

73. കുണ്ടം കാറഡ്ക്ക- ശാന്തിപ്പള്ള വഴി ലക്ഷം വീട് റോഡ് നിർമ്മിക്കുക.

74. പൂക്കട്ട റേഷൻ ഷാപ്പിന് സമീപത്ത് നിന്നും മധു വരെ റോഡ് നിർമ്മിക്കുക.

75. ബംബ്രാണ സ്കൂളിന് സമീപത്ത് കൂടി തഴെ വയലിലേക്ക് റോഡ് ഗതാഗതയോഗ്യമാക്കണം.

76. മൊഗ്രാൽ പഴയ എം. സി.സി. റോഡ്- ഹൈവേ റോഡിലെക്ക് നടപാത നിർമ്മിക്കുക.

77. പേരാൽ മടിമുഗർ നടപാത നിർമ്മിക്കുക.

78. കിഴക്കൻ മേഖലയിലേക്കുള്ള ബസ്സുകൾക്ക് പ്ര ത്യേകം ബസ് സ്റ്റാൻറ് നിർമ്മിക്കുക.

79. കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിന് ചർച്ചിലേക്ക് റോഡ് നിർമ്മിക്കുക.

80. റോഡ് സൈഡിലെ അനധികൃത കയ്യേറ്റം നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുക.

81. ഈ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 26 വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

ഊർജ്ജം

കേരളത്തിൽ പൊതുവെ പ്രചാരത്തിലുള്ള വിറക് ഉപയോഗിച്ചുള്ള പാചകമാണ് കുമ്പള പഞ്ചായത്തിലും നിലവിലുള്ളത്. ആവശ്യങ്ങൾ നിറവേറ്റാൻ വിറക് കമ്പോളങ്ങളിൽ നിന്ന് വാങ്ങുകയാണ് ഭൂരിഭാഗം വീട്ടുകാരം ചെയ്യുന്നത് നാളികേരം കൃഷിചെയ്യുന്ന സ്ഥലമായതുകൊണ്ട്, നാളികേരത്തിന്റെ ചെപ്പ് (പുറം തോട്) ചിരട്ട , ഓല, മുതലായവയും തീ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ 1,2,6,11 എന്നി വാർഡുകളിലുള്ളവർ കാടുകളിൽ നിന്നും മരചില്ലകളും ഉണക്ക് ഇലകളും സ്വയം ശേഖരിക്കുകയും ചെയ്യുന്നു. 4, 5,9 എന്നീ വാർഡുകളിൽ പ്പെട്ട കടലോര കായലോര വാസികൾ പുഴയിൽ നിന്നും കടലിൽ നിന്നും ഒഴുകി കൊണ്ടിരിക്കുന്ന വിറകുകളെ ശേഖരിക്കുകയും ചെയ്യുന്നു.ചില വീടുകളിൽ ചാണകം ഉണക്കി ഉപയോഗിക്കുന്ന രിതിയം കണ്ടുവരുന്നു. വിറകിന്റെ ദൗല്ലഭ്യവും പുതിയ വീടുകൾക്ക് ഉണ്ടാകുന്ന പ്രശനവും ഗ്യാസ് ഉപയോഗിച്ചുള്ള പാചകരീതിയ്ക്ക് പ്രീയം കുടുവാൻ കാരണമായി.1980 ൽ കുമ്പളീയിൽ ഹിന്ദുസ്ഥാൻ പെട്രോളിയം പ്രൊഡക്ടിന്റെ ഏജൻസി പ്രവർത്തം ആരംഭിച്ചു. ഇത് മൂലം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലുള്ള വീടുകൾക്ക് ഗ്യാസ് കണക്ഷൻ ലഭിക്കുകയും ചെയ്തു. പക്ഷെ ഇന്നും ആയിരക്കണക്കിനു അപേക്ഷകൾ കണക്ഷന് വേണ്ടി കാത്തിരിക്കുകയാണ്. ഇന്ത്യ ഗവ. ഗ്യാസ് വിതരണ മേഖലയിൽ സ്വകാര്യ മേഖലയെ പ്രവർത്തിച്ചപ്പോൾ സ്വകാര്യ വിതരണക്കാർ പലപേരുകളിലും ഗ്യാസ് വിതരണം ആരംഭിച്ചെങ്കിലും വിലകൂടുതലും സർവ്വീസിലുള്ള പോരായ്മയും മൂലം സ്വകാര്യ മേഖലയ്ക്ക് കാര്യമായപ്രചാരം ലഭിച്ചില്ല. ഗോബർ ഗ്യാസ്,' ഇലക്ട്രിക് സ്റ്റൗ , പുകയില്ലാത്ത അടുപ്പ് , എന്നിവ ഉപയോഗിച്ചുള്ള ഊർജ്ജ ഉത്പാദനം പഞ്ചായത്തിൽ കാര്യമായ പ്രചാരം ലഭിച്ചില്ല. ഈ രംഗത്ത് ബോധവൽകരണം നടത്തിയാൽ സൗരോർജ്ജ ഹീറ്ററുകൾ പുകയില്ല അടുപ്പ് ഗോബർ ഗ്യാസ് മുതലായവ വൻ പ്രചാരം ലഭിക്കും.മണ്ണെണ്ണ ക്ഷാമമാണ് മണ്ണെണ്ണ സ്റ്റൗവിന്റെ പ്രചാരം കുറഞ്ഞ് വരുന്നതിന്റെ പ്രധാന കാരണം പൊതുവിതരണ കേന്ദ്രം വഴി വീടിന്റെ ഉപയോഗത്തിന് അനുസരിച്ച് മണ്ണെണ്ണ വിതരണം ചെയ്താൽ പാചക ആവശയത്തിനുള്ള ഊർജ്ജ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ സാധിക്കും.

വൈദ്യുതി

1983 ൽ കുമ്പള ടൗണിൽ ഇലക്ട്രിക് സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചത് അത് വരെയും പഞ്ചായത്തിലെ ഉപഭോക്താക്കൾ ഉപ്പള കാസറകോട് സെക്ഷൺ ഓഫിസുകളിലാണ് ബന്ധപ്പെട്ടുകൊണ്ടിരുന്നത് കുമ്പള പഞ്ചായത്തിലേക്ക് കുബനൂർ , വിദ്യാനഗർ എന്നിസബ് സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി വിതരണം ചെയ്യുന്നു; വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ പ്രധാനമായും ഗ്രാമസഭകളിൽ ഉയർന്നു കേട്ടത് വോൾട്ടേജ് ക്ഷാമം , തെരുവുവിളക്കുകൾ സ്ഥാപിക്കുക. ത്രീഫെസ് ലൈൻ എത്തിക്കുക. എന്നിവയാണ്. 19 ൽ കുമ്പള പഞ്ചായത്തിൽ വൈദ്യുതിവിതരണം തുടങ്ങിയെങ്കലും ഇന്നും അമ്പത് ശതമാനം വീടുകൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.ഇതിൽ തന്നെ കിദൂർ വില്ലേജിൽ ബജ്പെ , കുട്ടം കാറഡ്ക, കോയിപ്പാടി വില്ലേജിൽ പ്പെട്ട കോയിപ്പാടി കടപ്പുറം ഫിഷറിസ് കോളനി എന്നിവ ഇന്നും വൈദ്യുതി രഹിത മേഖലയാണ്. റെയിൽവേലൈൻ മുറിച്ച് കടന്ന് പോവുന്ന വാർഡുകളിൽ വൈദ്യുതിക്ക് വേണ്ടി നീണ്ട കത്തിരിപ്പുതന്നെ വേണ്ടിവരുന്നു.റയിൽവേ അധികൃതരിൽ നിന്ന് അനുമതി ലഭിച്ചാൽ ചുരുങ്ങിയ ചെലവിൽ തന്നെ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുവാനും വോൾട്ടേജ് ക്ഷാമംപോലുള്ള പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ പരിഹാരം കാണാൻ സാധിക്കും കുബനൂർ സബ്ബ് സ്റ്റേഷനിൽ നിന്ന് കുമ്പളയിലേക്കായി പ്രത്യേക ഫീഡർ സ്ഥാപിച്ചാൽ കുമ്പള പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ അതൊരു ആശ്വാസമായെനെ , നിലവിൽ വ്യാവസായിക ആവശ്യങ്ങൾ ഉൾപ്പെട്ട 37 ട്രൻസ്ഫോർമറുകളാണ് കുമ്പള പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത് ഇത് കുമ്പളയുടെ ആവശയത്തിന് പരിമിതമാണ്. പുതുതായി അനുവദിച്ചിരിക്കുന്ന ട്രൻസ്ഫോർമറുകൾ അടക്കംഇനിയും പല വാർഡുകളിൽ നിന്നും ട്രൻസ്ഫോർമറിനുവേണ്ടിയുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം കാർഷിക മേഖലയെയാണ് കാര്യമായി ബാധിച്ചിട്ടുള്ളത് പഞ്ചായത്തിൽ വൈദ്യുതി എത്തിയ സ്ഥലങ്ങളിൽ തന്നെ സിംഗിൾ ലൈൻ ആണ് കടന്നു പോയിരിക്കുന്നത് പഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തേക്കും ത്രീ ഫേസ് ലൈൻ, ആവശ്യമായ സ്ഥലങ്ങളിൽ ട്രൻസ്ഫോർമർ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പ്രസരണ ശേഷിക്ക്അനുസരിച്ച് പുനക്രമീകരണം തുടങ്ങിയ പ്രവർത്തനം അടിയന്തിരമായി ചെയ്താൽ മാത്രമേ വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾക്കും ഒരു പരിധിവരെയെങ്കലും പരിഹാരമാകു. വൈദ്യുതിവിതരണത്തിനു തടസം നിൽകുന്ന മരകൊമ്പുകളും മറ്റും സ്ഥലവാസികളുടെ മേൽനോട്ടത്തിൽ മുറിച്ചു മാറ്റുകയും പഴകി ദ്രവിച്ച വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്താൽ മാത്രമെ മഴക്കാലത്തുള്ള വൈദ്യുതിതടസം നീക്കാൻ സാധിക്കുകയുള്ളു. മലബാറിന്റെ മൊത്തത്തി

ലുള്ള വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ സർക്കാർ വൻകിട പദ്ധതികൾക്ക് മുതിർന്നാലല്ലതെ കർണ്ണാടകത്തിലും കേരളത്തിലും വൈദ്യുതിപ്രശ്നം നേരിടുമ്പോൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന പഞ്ചായത്ത് നിവാസികൾക്ക് അശ്വാസമകുകയുള്ളു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ 50 ശതമാനത്തോളാം വീടുകൾക്ക് മാത്രമെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളു.
2. പഞ്ചായത്തിൽ മുഴുവനായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
3. പുകയില്ല അടുപ്പിനെ കുറിച്ച് ജനങ്ങൾ ബേധവാൻ മാരല്ല.
4. വിറകിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നു.
5. മണ്ണെണ്ണ പൊതുവിതരണ ശൃംഗലവഴി വേണ്ടത്ര ലഭിക്കുന്നില്ല.
6. പഞ്ചായത്തിൽ വൈദ്യുതി തന്നെ എത്താത്ത സ്ഥലങ്ങളുണ്ട്.
7. റയിൽവേ അധികൃതരിൽ നിന്ന് അനുമതി ലഭിക്കാൻ വേണ്ടിവരുന്ന കാലതാമസം വൈദ്യുതി രംഗത്തെ വികസനത്തെ സാരമായി ബാധിക്കുന്നു.
8. മഴക്കാലത്ത് വൈദ്യുതിവിതരണം വളരെ അധികം തടസ്സപ്പെടുന്നു.
9. പഞ്ചായത്തിന്റെ പ്രധാന ടൗണികളിലൂടെ വൈദ്യുതിലൈൻ വലിക്കുമ്പോൾ പഞ്ചായത്തിന്റെ അനുമതി വാങ്ങുന്നില്ല.
10. സൂര്യ പ്രകാശം , കാറ്റാടിയന്ത്രം എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപാദനം പഞ്ചായത്തിൽ നാമമാത്രം.

സാധ്യതകൾ

1. വൈദ്യുതി വിതരണ നഷ്ടം കുറയ്കുന്നതിന് മരകൊമ്പും മറ്റും മുറിക്കുന്നതിന് പ്രാദേശികതലത്തിൽ സംവിധാനം ഉണ്ടാക്കണം.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൂടുതൽ ട്രൻസ്ഫോർമർ സ്ഥാപിക്കുകയും നിലവിലുള്ളവ പുനക്രമീകരണം നടത്തുകയും വേണം.ശ
3. മണ്ണെണ്ണ പർമിറ്റ് ഗ്യാസ് കണക്ഷൻ എന്നിവ സാറവ്വത്രിക മാക്കണം.
4. ഗോബർ ഗ്യാസിന്റെ പ്രദേശിക സാധ്യത പരാമാവധി പ്രയോജനപ്പെടുത്തണം.
5. വൈദ്യുതിലൈൻ വലിക്കാൻ റയിൽവേ പോലുള്ള ഡിപ്പർട്ട്മെൻറ് നിന്ന് അനുമതിക്ക് വേണ്ടി കത്തുനിൽ കേണ്ടിവരുന്ന കാലതാമസം ഒഴിവാക്കണം.
6. കാലപഴക്കം ചെന്ന കമ്പികൾ മാറ്റി ലൈൻഅറ്റകുറ്റ പണികൾ നടത്തി മഴക്കാലത്തെ വൈദ്യുതി വിതരണം ഉറപ്പുവരുത്തം.
7. സൂര്യപ്രകാശം കാറ്റാടിയന്ത്രം എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപാദനത്തിന് കൂടുതൽ പ്രചാരണം വേണം.
8. പഞ്ചായത്തിൽ മുഴുവൻ പ്രദേശങ്ങളിലും ത്രീഫേസ് ലൈൻ വലിക്കണം.
9. കുബനൂർ സബ്ബ് സറ്റേഷനിൽ നിന്ന് കുമ്പളയിലേക്ക് മാത്രമായി ഫീഡർ സ്ഥാപിക്കണം.

പട്ടിക 1

വിവരണം	എണ്ണം	അളവ്
വിറക് അടുപ്പ്	6346	–
പുകയില്ല അടുപ്പ്	154	–
ഗ്യാസ്	1982	–
മണ്ണെണ്ണ സ്റ്റൗ	1112	–
ഇലക്ട്രിക് സ്റ്റൗ	43	–
ഗോബർ ഗ്യാസ്	4	–

പട്ടിക 2

ട്രൻസ്ഫോർമർ നിലവിലുള്ള സ്ഥലങ്ങൾ

1. മൊഗ്രാൽ കടവത്ത്
2. മൊഗ്രാൽ
3. ഹരിജൻ കോളനി
4. കൊപ്ര ബസാർ
5. പെർപാഡ്
6. മാവിൻ കട്ട
7. പേരാൽ
8. റെയിൽവേ സ്റ്റേഷൻ
9. കുമ്പള
10. അറബി കോപൗണ്ട്
11. സൈഗം മില്ല്
12. കോൺവെൻറ്
13. കഞ്ചിക്കട്ട.
14. ജമാലിയ വുഡ് ഇൻഡസ്ട്രീസ്
15. കുട്ടം കാറഡ്ക്ക
16. യുണിവേഴസൽ ഇൻഡസ്ട്രീസ്
17. യുനി വുഡ്
18. അറബി 1
19. അറബി 2

20. ഡാർവിഷ്
21. കോണമ്മെ
22. സുദർശൻ പ്ലാസ്റ്റിക്
23. നായിക്കാപ്പ്
24. ദർബാർ കട്ട
25. ഇച്ചിലം പാടി
26. കൊടിയമ്മ. 1
27. കൊടിയമ്മ 2
28. പൂക്കട്ട
29. കെ. ഡബ്ല്യൂ. എ
30. ഉജാർ ഉളുവാർ
31. ബത്തേരി
32. ബംബ്രാണ ബയൽ
33. കക്കളം
34. ബന്നംകുളം
35. ആരിക്കാടി
36. ആരിക്കാടികോട്ട
37. കിദൂർ.

ട്രാൻസ്ഫോർമർ.അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ

സ്ഥലത്തിന്റെ പേര്	കപ്പാസിറ്റി	ഉദ്ദേശം
1. കോട്ടക്കാർ- കോയിപാടി വില്ലേജ്	1 ×160KVA	കാർഷികം
2. കളത്തൂർ കിദൂർ വില്ലേജ്	1 ×100KVA	കാർഷികം
3. കുമ്പള ഗോപാലകൃഷ്ണ ടെമ്പിൽ പുഴയ്ക്ക് സമീപം	1 ×100 "	വോൾട്ടേജ് ഇംപ്രൂവ്മെൻറ്
4. ചളിയഗോഡ് മൊഗ്രാൽ	1 ×100 "	"
5. ബരണിക്കട്ട ബംബ്രാണ	1×100 "	"
6. ആരിക്കാടി - കടപ്പുറം	1× 100 "	"
7. ദിഡമ ,പാപം കോയ നഗർ	1 ×100 "	"
8. കോയിപ്പാടി കടപ്പുറം ഫിഷറീസ് കോളനി	1 × 100 "	"

പട്ടിക 4

വിവരണം	എണ്ണം
ഒർഡിനറി	613
ഒ-ടി-പി	11
ഒ-വൈ-സി	58

പട്ടിക 5
തെരുവുവിളക്കിനെ സംബന്ധിച്ച വിവരണം

വിവരണം	എണ്ണം
ബൾബ്	175
ട്യൂബ്	37
സോഡിയം വേപ്പർ	33

പട്ടിക 6
ട്രാൻസ്ഫോർമർ ആവശ്യമായ സ്ഥലങ്ങൾ

1. പാപം കോയ നഗർ
2. ബംബ്രാണ ബരണിക്കട്ട
3. ആരിക്കാടി മുർത്തോടി
4. ഉജാർ ഉളുവാർ
5. കൊടിയമ്മ മെൻകിനടുക്കം
6. കോയിപ്പാടി കടപ്പുറം
7. കക്കളം വടക്കുാഗം
8. കിദൂർ ചെക്ക് പോസ്റ്റ്
9. കിദൂർ കട്ട
10. മൈരള
11. ആർത്തള
12. കുണ്ടം കാറഡുക്ക കോളനി
13. ആരിക്കാടി കുഞ്ഞഷു
14. ബദരിയ്യ നഗർ
15. ചൂരിതഡ്ക്ക
16. ജോഡുഗോളി
17. ദണ്ഡഗോളി
18. കളത്തൂർ സ്കൂളിന് സമീപം
19. കോട്ടക്കാർ പട്ടിക ജാതി കോളനി
20. കാജൂർ.

മാർക്കറ്റ്

കുമ്പള പഞ്ചായത്തിലെ പ്രധാന കാർഷികോൽപന്നമായ അടക്ക, തേങ്ങ , കശുവണ്ടി , കുരുമുളക് , മുതലായവ വിറ്റഴിക്കാൻ സ്ഥിരമായ മാർഗ്ഗ സംവിധനം ഇല്ല. ഇതുകാരണം അന്യസംസ്ഥാനമായ കർണ്ണാടകയിൽ താങ്ങളുടെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കർഷകർ നിർബന്ധിതരാകുന്നു. ഇതുകാരണം പഞ്ചായത്തിന് വന്നിച്ച സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ഈ രീതിയിലുള്ള മാർക്കറ്റ്സംവിധാനം ഇല്ലാത്തതുകൊണ്ട് ചെറുകിട കർഷകർ താങ്ങളുടെ ഉൽപന്നങ്ങൾ ഇടത്തട്ടുകാർ മുഖേന തുച്ഛമായ വിലയ്ക്ക് വിറ്റഴിക്കേണ്ടിവരുന്നു. ഇതുകാരണം അവർക്ക് വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ടകുന്നു. പഞ്ചായത്തിലെ ജനങ്ങൾക്കുവേണ്ടുന്ന പാൽ , മുട്ട , പഴവർഗ്ഗങ്ങൾ തുടങ്ങിയ പോഷക ആഹാരങ്ങൾ മറ്റു പ്രദേശങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. മിൽമപാൽ , കർണ്ണാടകയിൽ നിന്ന് കൊണ്ടുവരുന്ന പാക്കറ്റ് പാൽ എന്നിവ പഞ്ചായത്തിൽ വിതരണം ചെയ്യുന്നു. പച്ചക്കറി വിൽക്കാൻ സുലഭ എന്നൊരു സ്ഥാപനം കുമ്പളയിൽ പ്രവർത്തിക്കുന്നുണ്ട്. ബംബ്രാണയിൽ ക്ഷീര സഹകരണസംഘം പ്രവർത്തിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗമായ മത്സ്യവിപണനത്തിന് കുമ്പളയിലെ ഹൃദയഭാഗത്ത് മത്സ്യമാർക്കറ്റ് സ്ഥിതിചെയ്യുന്നു. മത്സ്യം ഇവിടെ നിന്ന് വിവിധ ഭാഗങ്ങളിലേക്ക് കയറ്റുമതിചെയ്തുവരുന്നു. ഭരണസമിതി മുൻകൈയെടുത്ത് അത്യാധുനിക സംവിധാനങ്ങളോടുകൂടിയ മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട് . പഞ്ചായത്തിൽ ഒരു സൂപ്പർ മാർക്കറ്റും ആവശ്യമുണ്ട്.

പ്രശ്നങ്ങൾ

1. ശരിയായ രീതിയിൽ കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് സൗകര്യങ്ങളില്ല.
2. മാവേലിസറ്റോറിൽ ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നില്ല.
3. മീൻ മാർക്കറ്റിൽ വേണ്ടത്ര സൗകര്യങ്ങളില്ല.
4. കശുവണ്ടിക്ക് ന്യായവില ലഭിക്കുന്നില്ല.
5. മുട്ട ,മാംസം, കോഴി എന്നിവ വിൽകാൻ മാർക്കറ്റ് സൗകര്യമില്ല.

സാധ്യതകൾ

1. കൃഷിഉൽപന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് സൗകര്യം ഏർപ്പെടുത്തണം.
2. മാവേലി സ്റ്റോറിൽ അവശ്യസാധനങ്ങൾ എത്തിക്കാനുള്ള സംവിധനം ഏർപ്പെടുത്തുക.
3. ആധുനിക സൗകര്യങ്ങളോട് കൂടി നിർമ്മിക്കുന്ന മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ മീൻ വിപണന സൗകര്യം വർദ്ധിപ്പിക്കണം.
4. കശുവണ്ടിക്ക് ന്യായവില ലഭിക്കാൻ നടപടിസ്വീകരിക്കണം.
5. മുട്ട , മാംസം കോഴി എന്നിവയുടെ വിൽപനയ്ക്ക് മാർക്കറ്റ് സൗകര്യം കണ്ടെത്തണം.

Sl. No.	Name of Road	Ward	Tar	Mettle	Earthan	Footpath	Length
1	Neelappady Cross Road	-	_	_	1.500	_	1,500
2.	Ambiladka Ujar X Road	-	_	_	1.220	_	1,220
3.	Bayikkatte Uluvar Road	-	500m.	_	920m.	_	1,620
4.	Arthila Juma Masjid Road	-		_	400	_	400m.
5.	Neelapady Bambrana Road	-	1500	_		_	1,500
6.	Ambiladka Bajpe Ferry Road	-	_	_		_	1,500
7.	Ambiladka Bajpe Road	-	_	_	1,500	_	1,500
8.	Bambrana Anekatt Bambrana Bayal Road	-	00215	_	_	_	00215
9.	Uluvar School Uluvar Bayal Road	_	_	_	0.300	_	0.300
10.	Choorithadka Ujar Road	_	_	_	0.320	_	0.320
11.	Ambiladka Kuttakal Road	_	_	_	1,500	_	1,500
12.	Bayikatte- Manankai Road	_	_	_	0.800	_	0.800
13	Manankai- Makoor Road	_	_	_	0.900	_	0.900
14.	Kodiamme- Peruvathadka Road	_	0.200		_	_	0.200
15.	Pilinguri- Ichilambady Road	_	_	_	1,620	_	1,620
16.	From Arikkady-Puthige Road Kodiamma-Peruvathadka Road	_	1000	_	3,050	_	1,000
17.	Ubbethody-Pundikkatte Road	_	_	_	0.400	_	3,050
18.	Ujar Uluvar Bridge tp River Road	_	_	_	1,200	_	0.400
19.	Chepinadka-Ichilampady Road	_	_	_	1.200	_	1,200
20.	Kodiyamma-Bayal Road	_	1000	_	_	_	1,000
21.	Chathrampalla-Arikkady Road		_	_	0.975	_	0.975
22.	Manjaladpu-Madwa Road	_	_	_	1.500	_	1,500
23.	Echilampady- Korangala Bayal Road	_	_	_	0.270	_	0.270
24.	Choorithadka-Arikkady Road	_	_		1.200	_	1,200
25.	Kodiamma-Madwa Road	_	_		0.700	_	0.700
26.	Kodiamma School-Post Office Road.	_	_		0.250	_	0.250
27.	Arikkady Bayal-Peruvathadka Road.	_	_		1.000	_	1,000
28.	Peruvathadka-Kundapu Road	_	_		0.300	_	0.300
29.	Arikakady-Berantikera Road	_	_		0.500	_	0.500

30.	Ujar-Pilundy Road.	_	_	0.400		_	0.400
31.	Choorithadka- Jodugolly Foot path	_	_	_		0.500	0.500
32.	Moilothindady-Peruvathadka Bathery- Foot path	_	_	_		0.700	0.700
33.	Anebagilu- Pujoor Road		0.200	_		_	0.200
34.	Pare-Bannangala Road		0.400	_		_	0.400
35.	Bannangal-Bathery Road		0.665	_		_	09.665
36.	Pujoor- Bannangala Road		_	0.200		_	0.200
37.	Karle- Bambrana Road	_	_	0.200		_	0.200
38.	Bannangala Paresthana Road		1,500		_		1,500
39.	Arikkady-Kanchikatta Road	_	_	0.280		_	0.280.
40.	Pujur- Arikkady Bayal Road	_	_	0.600		_	0.600
41.	Arikkady-Kanchikatta Bayal Road.	_	_	0.250		_	0.250
42.	Pujoor Bayal Road From Arikkady Puthige Road	_		_		_	0.600
43.	Cheriyakkunnu- Korikkand Road.	_	_		0.800		0.800
44.	Arikkady Natekkal Road	_	_		0.600	_	0.600
45.	Kanchikatta Aramanahithlu Road	-	_		0.200	-	0.200
46.	Aliboothasthanam Foot path	_	_	_		0.200	0.200
47.	Karle Foot path	_	_	_		1.000	1.000
48.	Chauttukkalu Banangala Foot path	_	_	_		0.100	0.100
49.	Paresthana Arikkady Foot path	_	_	_		0.600	0.600
50.	Arikkady Kumbla Foot path	_	_	_		0.100	0.100
51.	Arikkady Chennekundu	_	_	_		0.600	0.600
52.	Cheriyakunnu N.H. link Foot path	_	_	_		0.600	0.600
53.	Kalarikanda Arikkady Footpath	_	_	_		0.900	0.900
54.	Bannangala Arikkady Bayal Footpath.	_	_	_		0.900	0.900
55.	Arikkady Kadavath Road		0.300	_		_	0.300
56.	Karle Didme Footpath	_	_	_		0.500	0.500
57.	Arikkady Kadavath To River	_	_	_		0.400	0.400
58.	Arikkady Kadvath Parakadv	-	_	_		0.300	0.300
59.	Arikkady Karle Koppalam	_	_	_		0.300	0.300
60.	Papamkoya Nagar Foot path	_	_	_		0.500	0.500
61.	Veeravittal Temple Road		0.400	_	_	_	0.400
62.	Dispensary Road		0.400	_	_	_	0.400

63.	N.H. Koippady Sea shoor	1.540	_	_		_		1,540
64.	Koippady Kadapuram Palli Road	0.100	_	_		_		0.100
65.	Kadapuram Foot path	_	_	_				0.200
66.	Mujangavu Temple Road	0.300	_	_		_		0.300
67.	Narayanamangala Road	_	_		1.220	_		1.220
68.	Kotekkar Shedigumme Road	_	_		0.810	_		0.810
69.	Muliadka Balampady Road	_	_		1.220	_		1.220
70.	Shettigadde Kotekkar Road	_	_		1.000	_		1.000
71.	Mujungavu Sorambail Road	_	_		1.500		_	1,500
72.	Kumbala Convent Shedikavu Road.	_	_		0.550	_		0.550
73.	Muliadka Housing Colony Road	_	_		0.387	_		0.387
74.	Kanchikate Pilinguri Road	_	_		0.100	_		0.100
75.	Posathadka Shedigumme Road	_			0.750	_		0.750
76.	Shedigumme Footpath	_	_			_	0.400	0.400
77.	Matamguzi Foot path	_	_	_			0.500	0.500
78.	Kotekkar Kodiamma Foot path	_	_			_	0.130	0.130
79.	Narayana Mangala- Heddari Katte Foot path	_	_	_			1.020	1.020
80.	Heddarikatte Achegoli Foot path	_	_	_			1.000	1.000
81.	Kotekkar Fut Bridge Achegoly Foot path.	_	_	_			1.000	1.000
82.	Kotekkar Foot path	_	_	_			1.000	1.000
83.	N.H. To Matamguzi Road	_	_		1.130	_		1.130
84.	Mavinakatte Kuntegeradka Road	_	_		1.000	_		1.000
85.	N.H. To Welfare School Road	_	_		0.300	_		0.300
86.	Shanthippalla Shanthipallakunnu	_	_		0.200	_		0.200
87.	Peral-Neerooli Harijan Colony Road.	_	_		0.300	_		0.300
88.	Peral Kattandadi Road	_	_		1.220	_		1.220
89.	K.K. Puram Road.		1.220	_		_		1.220
90.	Batrampady Peral Bayal Road	_	_		1.500	_		1,500
91.	Cheliamgod Kotiyambalappu Road	_	_		1.500	_		1,500
92.	Peral Road.		0.400	_		_		0.400
93.	K.K. Puram Road.		1.000	_		_		1.000
94.	Denadka Peral Bayal Road	_	_			0.810		0.810
95.	Neeroli Harijan colony Road	_	_			0.500		0.500
96.	Denadka Kannur Road	_	_			1.600		1.600
97.	Kuntangeradka- Perala-Chaliyamgod Road.	_	_			0.709		0.709

98.	Kadiamkulam Road Mogral.	–	–		0.220		0.220
99.	Perala- School Peralthod.	–	–		1.015		1.015
100.	Chaliamgod- Ambedkar Colony (Bannathakadavu).		1.000	–	–		1.000
101.	Nangi Road (Mogral)		1.010	–	–		1.010
102.	Sahdiya Road (Mogral).		1.620	–	–		1.620
103.	Mogral- Juma Masjid Road.		0.200	–	–		0.200
104.	Peruvad Fisharies Road.		0.490				
105.	N.H. To Mogral-Juma-Masjid Road.		0.090	–	–		0.090
106.	Kopara Bazar Valianangi Beach Road.	–	–		1.200		1.200
107.	Mogral Kunnilpalli Railway Track Road.	–	–	–	1.000		1.000
108.	Kumbla Town Road.		0.400	–	–		0.400
109.	Old Post Office Road		0.200	–	–		0.200
110.	Town Temple Road.		0.200	–	–		0.200
111.	Kanchikatta- Kotekkar Road	–	–		0.200		0.200
112.	Kumbla Convent Road		0.400	–	–		0.400
113.	Fish Market Road.		0.200	–	–		0.200
114.	Badiadka Road-P H C Link Road.		0.300	–	–		0.300
115.	Kanchikatta- Ishwara Temple Road.		0.810	–	–		0.810
116.	Market Stall Road		0.200	–	–		0.200
117.	Kumbla T.B. Kotekkar Road.		1.500	–	–		1,500
118.	Mali- Kanchikatte Road.		0.110	–	–		0.110
119.	Kanchikatte Ajjigolly.	–		0.180	–		0.180
120.	Mali- Kumbla River Road. x		0.150	–	–		0.150
121.	Kumbla- River Road.	–	–		0.300		0.300
122.	Kumbla Bridge Road.	–	–		1.000		1.000
123.	Kumbla T.B. To Shedikavu Road.		0.640	–	–		0.640
124.	Kumbla- Kotekkar Road.	–	–		0.300		0.300
125.	Koippady O L H S Road.	–	–		1.000		0.180
126.	Nambikere Foot path.	–	–	–		0.200	0.200
127.	Gundi Hittlu Foot path.	–	–	–		0.200	0.200
128.	Darbarkkatte-Ichilampady.	–	–		1.620		1.620
129.	Kidoor- Adigalakatte.		1.220	–	–		1.220
130.	Kidoor-L.P. School Road.	–	–		2.000		2,000

131.	Puthige Palla- Pambaty Road	_	_	0.170	_		0.170
132.	Kunhadka Kuntageradka Kidoor Road.	_	_	1,000	_		1,000
133.	Kuntagerdka Kajoor Bayal	_	_	1.500	_		1,500
134.	Kalathur F.W.C. Karinjar Road	_	_	0.700	_		0.700
135.	Kidoor- Kajoor Road.	_	_	1.000	_		1,000
136.	Kidoor L.P.School Aranthod	_	_		_	0.225	0.225
137.	Kidoor Hosamane Arthala.	_	_	_		1.400	1.400
138.	Kidoor L.P.S. Kidoor Bayal Foot path.	_	_	_		0.225	0.225
139.	Padekkallu Kidoor Foot path	_	_	_		0.250	0.250
140.	Kidoorkatte Kalathurkatte	_	_	_		1.050	1.050
141.	Kidoor L.P.S. Chautukkal Foot path.	_	_	_		0.800	0.800
142.	Kidoor Bambrana Halemane.	_	_	_		1.000	1,000
143.	Bambrana Bayal Bambrana School	_	_	_		0.300	0.300
144.	Andithadka Manyankalu	_	_	_		0.400	0.400
145.	Arikkady- Bambrana Road	_	_		0.300		0.300
146.	Bambrana Kalkala Road		1.010	_	_		1.010
147.	Bambrana Didme Road	2,000	_		0.650		2,650
148.	Kakkala Barnikkatte Road	_	_		1,500		1,500
149.	Nattekal- Kodange Harijan Colony.	_	_		0.465		0.465
150.	Karkala Bambrana Bayal.	_	_		1,000		1,000
151.	Karkala Bambrana Pare Road.	_	_		1,500		1,500
152.	Karkalakunnu Harijan Colony Road.	_	_		0.600		0.600
153.	Thotti Didme Anekatt Road	_	_		0.200		0.200
154.	Baranikatte- Bambrana L.P.S. Road.	_	_		0.220		1.220
155.	Andithadka Pubatte Bayalu Road	_	_		0.700		0.700
156.	Andithadka Pubatte Bayalu Road	_	_		0.500		0.500
157.	Bambrana Bàyal Road.	_	_		0.215		0.215
158.	Andithadka Neelappady	_	-	_		0.500	0.500
159.	Karle Bambrana Road.	_	_		0.200		0.200
160.	Bambrna- Junction Para	_	_	_		0.300	0.300
161.	Bambrana Kelagina Bayal Road	_	_		1.000		0.300
162.	Mogral Nadupalla Road.	_	_		_		1,000
163.	Peruvad Batrampady Road.	0.500	_	0.600	_		1.100

164.	Moonugoly- Kuntengeradka	_	_	1,300		_		1,300
165.	Naduppalla- K.K. Puram Foot path	_	_		_	0.600		0.600
166.	Nekraje- Pallatheru Kuntengeradka	_	_		_	1.500		1,500
167.	Koppara Bazar- Maliangara.	_	_		_	1.500		1,500
168.	Badriya Nagar- Bolugudde.	_	_		_	0.300		0.300
169.	Batrampady Chaliangod	_	_	1.000		_		1,000
170.	Mogral School Nadupallam Foot path.	_	_		_	0.500		0.500
171.	Chaliangod Palli- Nadupallam.		_	_		0.500		0.500
172.	Kopra Bazar Nadupallam Kota Foot path.	_	_		_	0.500		0.500
173.	Badiadka Road- Gopalakrishna Teatre To Kuntageradka Harijan Colony.	_	_		_	0.500		0.050
174.	Kanchikatte Ajjigoly Road.	_	_		0.300			0.300
175.	Badiadka Road To Kumbla C.H.C. Road. Near Church		_	_			0.500	_0.500
176.	Ananthapuram Narayanamangala latnikamba.	_	_		_		0.500	0.500
177.	N.H. Devee Theatre- Moojumudi.	_	_		_		0.600	0.600
178.	N.H. Nekraje To Mujumudi.	_	_		_		0.400	0.400
179.	Welfare School- Mavinakatta Link Road.	_	_			0.150	_	0.150
180.	Thilaka Nagar Anthara Hithlu Road.	_	_			0.700	_	0.700
181.	Perwad Parakatta Road.	_	_			0.400	_	0.400



VII

പാർപ്പിടവും സാമൂഹ്യക്ഷേമവും

ഈ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ35335 ആണ് .ഭൂരിഭാഗം ആൾക്കാരും കൃഷി തൊഴിലാളികളാണ് ആയതുകൊണ്ട് അധികം പേരും ചെറിയ വീടുകളിൽ താമസിച്ചു വരുന്നു.അടുത്ത കാലത്തായി വീടുനിർമ്മാണത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടയിട്ടുണ്ട് ഇതിന്റെ പ്രധാന കാരണം വിദേശത്ത് ജോലി എടുക്കുന്ന കുടുംബക്കാരുടെ വരുമാനത്തിലുള്ള മാറ്റം ആണ് പുതുതായി ഉണ്ടക്കുന്ന വീടുകളെല്ലാം ഒടും കോൺക്രീറ്റും ഉപയോഗിച്ചു കൊണ്ടുള്ളവയാണ്.

പട്ടിക 1

വീടുകളുടെ തരം തിരിച്ചുള്ള പട്ടിക.

വാർഡ്	ഓല	ഓട്	കോൺക്രീറ്റ്	ആകെ
1.	73	369	68	540
2	84	384	58	526
3	23	266	83	372
4	11	382	122	515
5	76	325	23	424
6	82	499	113	694
7	28	382	122	532
8	70	385	65	520
9	29	295	57	381
10	42	718	303	1063
11	219	353	31	603
12	41	304	85	480

പട്ടിക 2

വീടിന്റെ അടിസ്ഥാന സൗകര്യങ്ങൾ

ആകെ വീട്	കക്കൂസ്	വൈദ്യുതി	കിണർ	മതിൽ
7027	3375, 3652	3172,3855	4720,2307	ഇല്ല.

അവലംബം : പഞ്ചായത്ത് രേഖ

വീടുകൾ ഉണ്ടാക്കുന്ന കണക്ക് നോക്കികഴിഞ്ഞാൽ വിദ്യാഭ്യാസ സൗകര്യം , റോഡ് വൈദ്യൂതി ആശുപത്രി എന്നിവ യുടെ സാമിപ്യം അനുസരിച്ച് ചില പ്രദേശങ്ങളിൽ കൂടുതലുണ്ട്. പഞ്ചായത്തിൽ 50 ശതമാനം വീടുകൾക്കും ഭാവിയിൽ വൈദ്യൂതിയും കക്കുസും ഉണ്ടണ്ടേതുണ്ട്. എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

സാമ്പത്തിക സ്ഥിതി യനുസരിച്ച് ആധുനിക രീതിയിൽ പുതുതായി ഉണ്ടക്കുന്ന വീടുകൾ മിക്കവാറും കോൺക്രീറ്റ് വീടുകളാണ്.

പട്ടിക 4

വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ

വാർഡ് നമ്പർ	വീടാവശ്യമുള്ളവരുടെ എണ്ണം	അനുവദിച്ച വീടുകൾ	പൂർത്തികരിച്ചത്	പൂർത്തികരക്കാൻ ബാക്കിയുള്ളത്	ഇനി അനുവദിക്കേണ്ടത്
1.	105	6	6	–	99
2.	63	2	2	–	61
3	76	1	1	–	75
4	102	–	–	–	102
5	108	2	2	–	106
6	56	11	10	1	45
7	72	6	6	–	66
8	115	8	8	–	97
9	99	4	4	–	95
10	43	1	1	–	42
11	127	6	6	?	121
12	106	5	5	–	101
13	7	2	2	–	15

അവലംബം സെക്കൻറി ഡേറ്റ.

പട്ടിക 3
വീട് നിർമ്മാണം

വർഷം	ഓല	%	ഓട്	%	കോൺക്രീറ്റ്	%	ആകെ
92-93	54	10	408	15	83	15	545
93-94	29	10	204	70	58	20	291
94-95	34	10	226	65	87	25	347
95-96	19	5	244	65	113	30	376

കുമ്പള കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി പ്രവത്തിക്കുണ്ട് സൊസൈറ്റിമുഖാന്തിരം ഇതുവരെ 74 പേർക്ക് വായ്പയായ് 28, 88,284 രൂപ അനുവദിച്ചു കൊടുതതിട്ടുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഈ പഞ്ചായത്തിൽ മൊത്തം 17 ഹരിജൻ കോളനികൾ, 3 ഗിരിജൻ കോളനികൾ , രാജിവ് ദശലക്ഷം വീട് കോളനി , ലക്ഷം വീട് കോളനി , എന്നിവയുണ്ട്. ഇതിൽ 7 ഹരിജൻ കോളനികൾ 90 കുടുംബങ്ങൾ താമസിക്കുന്ന വീടുകൾ വൈദ്യുതികരിച്ചതാണ്.

പട്ടിക 5
കോളനികളുടെ വിവരങ്ങൾ

ഫീഷറീസ് : കോയിപ്പാടി മാതൃക ഫിഷറീസ് കോളനി

എസ്സ്.സി. : ഗാലിഗുഡെ
നീലപ്പാടി
അണ്ടിത്തടുക്ക
ഊജാറു
ആരിക്കാടി
ബണ്ണങ്ങള
കാർതലെ
ഗാന്ധിനഗർ
നീരോളി
അബേഡ്ക്കർ
മുളിയടുക്ക.
കോട്ടക്കാർ മുളി
ദർബാർക്കട്ട
കിദൂർ കുണ്ടേങ്ങര
ആർത്തില
കുമ്പള കുളങ്ങര

ലക്ഷം വീട് കുമ്പള, ആരിക്കാടി

രാജിവ് ദശലക്ഷം : നാരായണമംഗലം

അവലംബം നാട്ടറിവ്.

പഞ്ചായത്തിൽ ഏകദേശം 50 കുടുംബങ്ങൾ പുറം മ്പോക്ക് ഭൂമിയിൽ താമസിക്കുന്നുണ്ട് . പഞ്ചായത്തിലെ മുളയടുക്ക , ഉദത്തോടി , ബംബ്രാണ , ചുരിയത്തടുക്ക, എന്നിവിടങ്ങളിലായി 4 സെൻറ് സ്ഥലം വീതം പാവപ്പെട്ടവർക്ക് കൊടുത്തിട്ടുണ്ട് . പഞ്ചായത്തിലെ ഏകദേശം 250 കുടുംബങ്ങൾ ഉള്ളതായി കണക്കാക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 13 വാർഡുകളിലായി ഏകദേശം 1000 ത്തോളം വരുന്ന കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലവും വീടുമില്ല.
2. സ്വന്തമായി സ്ഥലമുള്ളവർ ഇന്നും ഓലമേഞ്ഞ വീടുകളിൽ താമസിക്കുന്നവർ മിക്കവയും വാസയോഗ്യമല്ല.
3. പഞ്ചായത്തിൽ 50 ശതമാനം വീടുകൾക്ക് ഇന്നും വൈദ്യുതി ലഭിച്ചിട്ടില്ല.60 ശതമാനം കുടുംബങ്ങൾക്കും കക്കൂസ് ഇല്ല.
4. വീടിന് വായ്പ നല്കാൻ മാത്രമായി പഞ്ചായത്തിൽ ഒരി സഹകരണ സംഘം ഇല്ല.
5. പഞ്ചായത്തിൽ ഉള്ള ധനകാര്യസ്ഥാപനങ്ങൾ സാധാരണക്കാരന് എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നില്ല..

സാധ്യതകൾ

1. മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ഹൗസിംഗ് സ്കീം പ്രകാരമുള്ള തുക പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്താൽ ഗുണഭോക്താക്കൾക്ക് സൗകര്യമായിരിക്കും.
2. രാജീവ് ദശലക്ഷം പദ്ധതിപോലുള്ള ഭവന നിർമ്മാണ പദ്ധതി പഞ്ചായത്ത് മുഖാന്തിരംനടപ്പിലാക്കിയാൽ ഭൂരിപക്ഷം പേർക്കും അതിന്റെ ഗുണം ലഭിക്കും.
3. പഞ്ചായത്തിൽ വീടുകളില്ലാത്ത എസ്സി. എസ്ടി വഭാഗക്കാർക്ക് സൗജന്യമായി വീട് ഉണ്ടാക്കി നൽകുന്ന പദ്ധതി നടപ്പിലാക്കണം.
4. കുമ്പളയിലുള്ള ബിൽഡിംഗ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
5. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതി പ്രകാരം ഒരു വീടുവെയ്ക്കാൻ 40000 രൂപയെങ്കിലും വേണ്ടിവരും. അതുകൊണ്ട് ഈ പ്ലാൻ പഞ്ചായത്തിൽ നിന്നും അനുവദിച്ചുകൊണ്ടിരിക്കുന്ന വായ്പ തുക വർദ്ധിപ്പിക്കേണ്ടതാണ്.
6. നിലവിൽ കക്കൂസ് നിർമ്മാണത്തിന് അനുവദിക്കുന്ന തുക തീരെ അപര്യപ്തമാണ്. അത്കൊണ്ട് തുക ചുരുങ്ങിയത് 5000 രൂപയായി ഉയർത്തണം.

സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും മത്സ്യതൊഴിലാളികളും പട്ടിക ജാതി പട്ടിക വർഗ്ഗ തൊഴിലാളികൾ ഉൾപ്പെട്ട ഭൂരിഭാഗവും ജനങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെ കിടക്കുന്നവരാണ് . ദാരിദ്ര്യത്തിന്റെ പടുകുഴിൽ കഴിഞ്ഞിരുന്ന ജനങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നടന്നു വരുന്ന ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി ഒട്ടേറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് ആദ്യകാലങ്ങളിൽ സർക്കാർ നടപ്പിലാക്കുന്ന സാമൂഹിക പദ്ധതികളെക്കുറിച്ച് സാമാന്യ ജനങ്ങൾക്ക് അറിവ് ഇല്ലായിരുന്നു എന്നാൽ സാക്ഷരത പ്രവർത്തനഫലമായും ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ബോധ വൽകരണ സെമിനാർ വഴിയും സർക്കാർ ക്ഷേമപദ്ധതികളെക്കുറിച്ച് അവബോധം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അസംഘടിത വിഭാഗങ്ങളുടെ ഉന്നമനം മുഖ്യധാരയിൽ എത്തിക്കാൻ സാധിച്ചിട്ടില്ല. ഈ മേഖലയിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ അനിവാര്യമാണ്.

D.W.C.R.A

IRDP സർവ്വേ പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം വഴി സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടി ഉണ്ടാക്കിയ ഒരു പദ്ധതിയാണ് . ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 3 യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

പേരും അഡ്രസ്സും	അംഗം	ലോൺ	സബ്സിഡി
1. കിദൂർ മഹാദേവ കിദൂർ പ്ലാസ്റ്റിക് ചെയർ	10	10,0000	40,000
2. ബംബ്രാണ ഡയറി യൂണിറ്റ്	10	10,3000	40,000
3. സർവ്വോദയ കുമ്പള	12	1,32000	48,000

ട്രൈസം

18 നും 35 നും ഇടയ്ക്ക് പ്രായമുള്ള ഐ.ആർ ഡി പി സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബത്തിലെ തൊഴിലില്ലാത്തവർക്ക് സ്വയം തൊഴിൽ പരിശീലനം കൊടുക്കുന്നതോടൊപ്പം വായ്പ്പയും , സബ്സിഡിയും അനുവദിക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിൽ ഇതുവരെയായി 32 ആൾക്കാർക്ക് ട്രെയിനിംഗ് കൊടുത്തിട്ടുണ്ട് . ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ തുടങ്ങുന്ന ആൾക്ക് 7500 രൂപ സബ്സിഡി ലഭിക്കുന്നതാണ്.

പട്ടിക 2

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലിൽ ഏർപ്പെട്ടവർ
1. ഇലക്ട്രിക്കൽ വർക്ക്	3	–	3
2. മേസ്തിരി	7	5	2
3. കംബോസിംഗ്	2	–	2
4. ഡ്രൈവിംഗ്	1	–	1
5. പോൾട്ടറി	4	1	3
6. വെൽഡിംഗ്	3	–	3
7. ബാസ്ക്ക് മേക്കിംഗ്	11	11	–
8. റേഡിയോ ടി. വി. റിപ്പേർ	1	1	
ആകെ.	32	18	14

ഐ ആർ .ഡി. പി

ഐ ആർ .ഡി പി ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സർക്കാർ നടപ്പിലാക്കുന്നഫമിലി ക്രെഡിറ്റ് പ്ലാൻ പദ്ധതിപ്രകാരം

ഒരു കുടുബ്ബത്തിന് സബ്സിഡിയും വായ്പയും കൂടി പരമാവധി 30000 വരെ ധനസഹായം അനുവദിക്കുന്നു. ഐ ആർ .ഡി പി സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾ അക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടി ധനസഹായം കൊടുക്കുന്ന ഒരു പദ്ധതിയാണ് ഈത് . ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 15000 രൂപ ബാങ്ക് വായ്പയായി നൽകുന്നു

ഇതിൽ പട്ടിക ജാതി പട്ടിക വർഗ്ഗത്തിന് 6000 രൂപയും മറ്റുള്ളവർക്ക് 4000 രൂപയും വികലാംഗർക്ക് 6000 രൂവയും സബ്സിഡിയായി നൽകുന്നുണ്ട്. 1992-93നുശേഷം പഞ്ചായത്തിൽ കുടുംബങ്ങൾ ധനസഹായം ലഭിച്ചിട്ടുണ്ട് . ഇതിൽ 42 കുടുംബങ്ങൾ പട്ടിക ജാതി - പട്ടിക വർഗ്ഗത്തിൽ പ്പെട്ടവരാണ്.

പട്ടിക 3 (കാണുക)

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ്. സി എസ്. ടി.	നാളിതുവരെ സാമ്പത്തിക സാമ്പത്തിക സഹായം ലഭിച്ച കുടും ബങ്ങൾ	ഇതിൽ എസ്. സി. എസ്. ടി.	സഹായം ലഭിച്ചവരിൽ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളുവർ
1	195	46	23	11	19
2	179	16	10	3	5
3	153	3	14	3	9
4	176	–	6	–	4
5	305	–	6	–	1
6	149	4	19	1	6
7	182	2	11	1	1
8	220	12	13	4	4
9	216	1	9	–	2
10	127	8	11	2	2
11	289	25	31	9	21
12	254	12	19	8	12
13	17	–	–	–	–
	2462	129	172	42	86

ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലാളികൾക്ക് നവീന തൊഴിലു പകരണങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണ് .(ആർ എ. പി)

പട്ടിക 4

വർഷം	എണ്ണം	സംഖ്യ
1993–94	15	37320
1994–95	43	96000
1995–96	–	–
ആകെ	58	133320

അവലംബം: ആർ. ഡി.ഡി

സി. ആർ എസ് പി.

പവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് 1992- 93 മുതൽ 1996,-97 വരെ നമ്മുടെ പഞ്ചായത്തിൽ 73 കക്കൂസുകൾ നിർമ്മിച്ചു നൽ കിയിട്ടുണ്ട്.

പട്ടിക 5

വർഷം	എണ്ണം	സംഖ്യ
1992–93	–	–
1993–94	21	42000
1994–95	20	40000
1995–96	15	30000
1996–97	17	34000
ആകെ.	73	146000

അവലംബം ആർ. ഡി.ഡി

മില്യൻ വെൽ

കുടിവെള്ളക്ഷാമം പരിഹരിക്കാൻ ദേശീയതലത്തിൽ ആവിഷ്ക്കരിച്ച് ദർബല വഭാഗക്കാർക്ക് മുൻഗണന നൽ കി നടപ്പിലക്കുന്ന പദ്ധതിയാണിത്.

പട്ടിക.

വർഷം	എണ്ണം	സംഖ്യ
1990-91	7	118207
1991-92	6	75293
1992-93		
1993-94		
1994-95	6	122710
ആകെ.	19	316210

അവലംബം: ആർ. ഡി.ഡി

മാതൃ സംരക്ഷണം

മാതൃശിശു സംരക്ഷണത്തിനു വേണ്ടി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര മാതൃശിശു സംരക്ഷണ പദ്ധതിപ്രകാരം 3 ബാലവാടികൾ പ്രവർത്തിക്കുന്നു. കൂടാതെ 5 മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്.

പട്ടിക

ബാലവാടിയുടെ പേര്	കെട്ടിടം	പഠിക്കുന്ന കുട്ടികളുടെ എണ്ണം.
1. കുമ്പള ബാലവാടി	സ്വന്തം	50
2. നായ്ക്കാപ്പ് ബാലവാടി	സ്വന്തം	40
3. മൊഗ്രാൽ ബാലവാടി	സ്വന്തം	40

ഇതുകൂടാതെ തഴെ പറയുന്ന ആറ് നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

1. ആരിക്കാടി കുന്നിൽ പഞ്ചായത്ത് നഴ്സറി സ്കൂൾ
2. ആരിക്കാടി കുമ്പോൽ പഞ്ചായത്ത് നഴ്സറി സ്കൂൾ
3. ഹോളിഫാമിലി നഴ്സറി സ്കൂൾ
4. എസ്സ നഴ്സറി സ്കൂൾ
5. ലിറ്റിൽ ലില്ലി നഴ്സറി സ്കൂൾ
6. ജി. എച്ച് ബി. എസ് നഴ്സറി സ്കൂൾ

മഹിളാസമാജം

പഞ്ചായത്തിൽ വനിതാക്ഷേമത്തിനായി തഴെ പറയുന്ന 5 മഹിളാ സമാജം പ്രവർത്തിക്കുന്നു.

1. സർവ്വോദയ മഹിള സമാജം കുമ്പള കോയിപ്പാടി
2. മൊഗ്രാൽ മഹിളാസമാജം മൊഗ്രാൽ പോരാൽ
3. നായ്ക്കാപ്പ് മഹിളാസമാജം നായ്ക്കാപ്പ് മുളിയടുക്ക നാരായണമംഗലം
4. ബംബ്രാണ മഹിള സമജം ബംബ്രാണ ഊജാർ
5. കിദൂർ മഹിളാസമാജം

പൊതുവിതരണം

പഞ്ചായത്തിൽ സാധാരണ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് എന്നതിച്ചുകൊടുക്കാൻ 10 റേഷൻ ഷോപ്പുകളും ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും റേഷൻ ഷോപ്പില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മിക്ക വാർഡുകളിലും അംഗനവാടികൾ ഇല്ല.

2. പഞ്ചായത്തിൽ മിക്ക വാർഡുകളിലും വായനശാലകളില്ല.

3. പഞ്ചാത്തിൽ പൊതുശ്മശാനം നിർമ്മിച്ചിട്ടില്ല.

4. ടി.വി. സെൻറർ മിക്ക വാർഡിലും ഇല്ല.

5. പഞ്ചാത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്ര ം ഇല്ല.

6. പഞ്ചായത്തിൽ കുട്ടികളുടെ പാർക്ക് ഇല്ല.

7. പഞ്ചായത്തിൽ വൃദ്ധമന്ദിരമില്ല.

സാധ്യതകൾ

1. ഈ പഞ്ചായത്തിൽ 2,3,4,5,6,7,8,9 ,13 എന്നി വാർഡുകളിൽ അംഗനവാടി ആവശ്യമുണ്ട്.

2 . പഞ്ചായത്തിൽ 2, 8,9,12,13 എന്നി വാർഡുകളിൽ ലൈബ്രറി ആവശ്യമുണ്ട്

3. പഞ്ചായത്തിൽ 3,4,5,8,12 എന്നി വാർഡുകളിൽ ടി. വി. സെൻറർ സ്ഥാപിക്കണം.

4. 1,2,3,4,6,8,12, എന്നി വാർഡുകളിൽ പൊതുശ്മശാനവും ബെണിങ്ങ് ഷെഡും സ്ഥാപിക്കണം.

5. പഞ്ചായത്തിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കണം.

പാർപ്പിടവും സമൂഹ്യക്ഷേമവും

1. ദാരിദ്ര്യ രേഖയ്ക്ക് താഴെ യുള്ളവർക്കായി നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധയിൽ കൂടുതൽ ആളുകൾക്ക് വീടുകൾ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ എർപ്പെടുത്തികൊടുക്കണം.

2. പഞ്ചായത്തിൽ നിലവിൽ ലൈബ്രറികൾ ഇല്ലാത്താ വാർഡുകളിൽ ലൈബ്രറികൾ സ്ഥാപിക്കണം

3. പഞ്ചായത്തിൽ ഇതുവരെയായി ടിവി സെൻററുകൾ സ്ഥാപിക്കത്ത എല്ലാ വാർഡുകളിലും ഒരോ ടിവി സെറ്റ് അനുവദിക്കണം.

4. പൊതുശ്മശാനം എല്ലാവാർഡുകളിലും സ്ഥാപിക്കണം .

5. മഴക്കലങ്ങളിൽ പ്രകൃതി ക്ഷോഭം ഉണ്ടാവുന്ന സമയത്ത് ജനങ്ങളെ മാറ്റി താമസിപ്പിക്കാനായി ഒരു അഭയ കേന്ദ്രം സ്ഥാപിക്കണം.

6. കുമ്പള പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും രാജീവ് ദശലക്ഷം പദ്ധതിയിൽ അർഹതയപ്പെട്ടവർക്ക് വീടുകൾ വെച്ച് കൊടുക്കണം.

7. പുറമ്പോക്ക് ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്ക് അവർ താമസിക്കുന്ന സ്ഥലം പതിച്ച്. നൽകി വീട് നിർമ്മിക്കുവാനുള്ള സൗകര്യം എർപ്പെടുത്തികൊടുക്കണം.

8. പഞ്ചായത്തിൽ ഭവന രഹിതരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂരഹിത ഭവന രഹിത പദ്ധതിയിൽ 4 സെൻറ് സ്ഥലവും വീട് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായവും നൽകണം.

9. പഞ്ചായത്തിലെ മുഴുവൻ കോളനികളിലേയും വീടുകൾ വൈദ്യുതികരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ.

10. ട്രൈസം പദ്ധതിയിൽ അർഹതപ്പെട്ട കുടുംബത്തിലെ എല്ലാ തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് പരിശീലനം നൽകി തൊഴിലിൽ ഏർപ്പെടുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.

11. **DWCRA** യൂണിറ്റ് ഇല്ലാത്ത എല്ലാ വാർഡുകളിലും ചുരുങ്ങിയത് ഒരു യൂണിറ്റെങ്കിലും തുടങ്ങുക.

12. കർഷകർക്കുള്ള പമ്പ് സെറ്റുകൾ പ്രവ്യത്തിക്കുവാൻ ആവശ്യമായ ഡീസൽ സബ്സിഡി നിരക്കിൽ നൽകണം.



VIII

വനിത ക്ഷേമം

ഒരു കാലത്ത് സ്ത്രീകൾ നാല് ചുവരുകൾക്കുള്ളിൽ ഒ കഴിഞ്ഞവരായിരുന്നു. ഇന്നു സമൂഹത്തിന്റെഅത്യുന്നത സ്ഥാനങ്ങളിൽ വനിതകൾ എത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്തിലെ വനിതകളുടെ മുന്നേറ്റം വളരെ മന്ദഗതിയിലാണ്.

ഈ പഞ്ചാത്തിലെ (1991 ലെ സെൻസസ് പ്രകാരം 53735 ആണ് മൊത്തം ജനസംഖ്യ ഇതിൽ 17999 വനിതകളാണ് ഉള്ളത്. പുരുഷന്മാരെക്കാൾ ഒരൽപം ജനസംഖ്യകൊണ്ട് വനിതകൾ മുൻപന്തിയിൽ നില്ക്കുന്ന പഞ്ചായത്താണ് കുമ്പള. ഈ പഞ്ചായത്തിൽ വനിതകളുടെ ക്ഷേമത്തിനായി 7 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. (പട്ടിക ചുവടെ)

സ്വാതന്ത്ര്യാനന്തരപഞ്ചായത്തിന്റെചരിത്രം പരിശോധിക്കുമ്പോൾ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ അവരുടെ പങ്ക് നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വേണ്ടത്ര പുരോഗതിപ്രാപിച്ചിട്ടില്ലെന്നു മാത്രമല്ല. വളരെ പിന്നോക്കമാണെന്നുള്ളത് ദയനീയമാണ് ഇതൊക്കെയാണെങ്കിലും സ്ത്രീകളുടെ അവകാശത്തെ പറ്റിയും കർത്തവ്യത്തെപറ്റിയും അവർ തികച്ചും ബോധവതികളാണ്.

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്ക് വളരെ പരിമിതമാണെങ്കിലും പഴയ കാലത്ത്മുസ്ലീം ഗൃഹങ്ങൾ കേന്ദ്രീകരിച്ച് നടന്നു വന്നിരുന്ന ഓത്തു പള്ളിയിൽ വിദ്യാഭ്യാസത്തിനായി കൂടുതലും പെൺകുട്ടികളായിരുന്നു. മത പഠനവും അക്ഷരാഭ്യാസവും അഭ്യസിച്ചിരുന്നത്.

തൊഴിൽ മേഖലയിലും പ്രത്യക്ഷമായും പരോക്ഷമായും നൂറുക്കണക്കിനും സ്ത്രീതൊഴിലാളികൾ ജോലി ചെയ്തുവരുന്നു.ബീഡി മേഖലയിലും കാർഷിക മേഖലയിലും ഒഴിച്ച് സ്ത്രീകൾ കാര്യമായ തൊഴിൽ സാധ്യത പഞ്ചായത്തിൽ നിലവിലില്ല. ടൈലറിംഗ്, പ്ലാസ്റ്റിക് നിർമ്മാണം ഫുഡ് ഇൻഡസ്ട്രീസ് മുതലായ ചെറുകിട വ്യവസായ മേഖലയിൽ പരിശീലനം നല്കിയാൽ സ്ത്രീകളുടെ ക്ഷേമത്തിന് മുതൽ കൂട്ടായിരിക്കും.

വനിതകളുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ച് പരിഹാരം കാണാൻ സാധിച്ചാൽ മാത്രമെ സ്ത്രീസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ആവുകയുള്ളു

ദ്വീതിയ വിവരശേഖരങ്ങൾ വഴിയും ഗ്രാമസഭകൾ വഴിയും ലഭിച്ച പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ മഹിള സമാജങ്ങളുടെ പേരുവിവരം.

1. സർവ്വോദ മഹിള സമാജം കോയിപ്പാടി കുമ്പള
2. മൊഗ്രാൽ മഹിളാസമജം മൊഗ്രാൽ
3. നായക്കാപ്പ് മഹിള സമാജം നായക്കാപ്പ്
4. ബംബ്രാണ മഹിള സമാജം ബംബ്രാണ
5. മുളിയടുക്ക മഹിള സമാജം മുളിയടുക്ക
6. നാരായണമംഗലം മഹിള സമാജം നാരായണമംഗലം
7. കിദൂർ മഹിള സമാജം കിദൂർ

പ്രശ്നങ്ങൾ

1 തൊഴിൽ രംഗത്ത് സ്ത്രീകളുടെ വളരെ പരിമിതമാണ്.

2. സ്ത്രീകൾക്ക് ലഭിക്കുന്ന കൂലി പുരുഷൻ മാരെക്കാൾ വളരെ കുറവാണ്.

3. ജോലിക്ക് പോകുന്ന സ്ത്രീതൊഴിലാളികളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ക്രഷോ ഡേകെയർ സെൻററുകളൊ ഇല്ല.

4. മദ്യപാനം പതിവാക്കിയ പുരുഷൻമാരുടെ മർദ്ദനങ്ങൾ സഹിക്കേണ്ടിവരുന്നസ്ത്രീകളുടെ വിലാപം ആരും കേൾക്കുന്നില്ല.

5. സ്ത്രീധന സമ്പ്രദായം രൂക്ഷമായത് കൊണ്ട് പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം നടക്കാതെ പോകുന്നു.

6. സ്ത്രീകൾക്ക് ലഭിക്കേണ്ട സംരക്ഷണത്തെക്കുറിച്ചോ നിയമപരമായ അവകാശങ്ങളെ കുറിച്ചോ സ്ത്രീകൾ ബോധവതികളല്ല.

7. വനിത ക്ഷേമത്തിനായി വിവധ സർക്കാർ ഏജൻസികൾ രൂപികരിച്ച ICDS, DWRRA, IRDP, തുടങ്ങിയ പദ്ധതികളെ കുറിച്ച് സ്ത്രീകൾ ബോധവതികളല്ല.

8. സ്വയം തൊഴിൽ കണ്ടെത്തൽ കുടിൽ വ്യവസായം പോലുള്ള പദ്ധതികൾ സ്ത്രീകൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

9. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം തൃപ്തികരമല്ല.

10. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും മഹിളാ സമജങ്ങളോ അംഗൻവാടികളോ ഇല്ല.

11. കലാ കായിക സാംസ്കാരിക രംഗങ്ങളിലായി സഹകരിക്കാൻ സ്ത്രീകൾ മുന്നോട്ട് വരുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. എല്ലാതൊഴിൽ രംഗങ്ങളിലും സ്ത്രീകൾ മുന്നോട്ട് വരണം അതിനായി വനിത സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

2. സ്ത്രീ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം പുരുഷതൊഴിലാളിയുടെതുമായി ഏകീകരിക്കുക.

3. ജോലിക്കുപോകുന്ന സ്ത്രീതൊഴിലാളികുഞ്ഞുങ്ങളെ സംക്ഷിക്കാൻ ക്രഷോ ഡേകെയർ സെൻറുകളോ സ്ഥാപിക്കുക.

4. പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തുന്നതിന് സ്ത്രികൾ ബോധവൽകരണ പ്രക്രിയ എറ്റെടുക്കുക.

5. സ്ത്രീധന സമ്പ്രദായത്തിനെതിരെ സാംസ്കാരിക സംഘടനകൾ പണ്ഡിതന്മാർ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

6. സ്ത്രീകൾക്കായുള്ള നിയമസംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽകരണം നടത്തുക.

7. ICDS, DWRRA, IRDP മുതലായവയുടെ പ്രവർത്തനം സ്ത്രീകൾ ഉപയോഗപ്പെടുത്തണം.

8. സ്വയം തൊഴിൽ കണ്ടെത്തൽ കുടിൽ വ്യവസായം എന്നിവയിൽ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകണം.

9. പെൺകുട്ടികൾക്ക് മാത്രമായി പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ അനുവദിക്കുക. തുടർസാക്ഷരത പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

10. പഞ്ചായത്തിലെ എല്ലാവാർഡുകളിലും മഹിളാ സമാജവും അംഗൺവാടികളും സ്ഥാപിക്കുക.

11. സാമുഹ്യമായ സഹകരണം കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പടുന്ന സ്ത്രീകൾക്ക് നൽകി ഈ രംഗത്ത് അവരെ പ്രോൽസാഹിപ്പിക്കുക.

12. വനിത സമാജങ്ങളുടെ പ്രവർത്തനം ഊർജ്ജീതപ്പെടുത്തുക. വനിതകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി മുഴുവൻ വാർഡുകളിലും ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.



IX

സംസ്കാരം

മദ്രാസ് സംസ്ഥാനത്തിലെ ദക്ഷിണ കന്നട ജില്ലയിൽ പെട്ട കാസർകോട് താലൂക്കിന്റെ ഒരു ഭാഗമായിരുന്നു. കുമ്പള പഞ്ചായത്ത്. വിവിധ ജാതിമത ഭാഷയുടെയും സംസ്കാരത്തിന്റെയും സംഗമഭൂമിയാണ് കുമ്പള പഞ്ചായത്ത് ദക്ഷിണ കന്നഡ ജില്ലയുടെ തുളുഭാഷസംസ്കാരം മുൻ തൂക്കമുണ്ടായിരുന്നു. ഇവിടുത്തെ പ്രധാന ജിവിതമാർഗ്ഗം കൃഷിയായിരുന്നു. എന്നാൽ കൃഷി ഭൂമിമുഴുവനും ഏതാനും ജന്മിമാരുടെ കീഴിലായിരുന്നു. ജന്മിമാരെ ആശ്രയിച്ച് കഴിഞ്ഞിരുന്ന സാധാരണ ജനങ്ങളുടെ ജീവിതം വളരെ ദുരിത പൂർണ്ണമായിരുന്നു.

കലാസാംസ്കാരിക രംഗത്ത് നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ കുമ്പള പഞ്ചായത്ത് പ്രസിദ്ധമായിരുന്നു. ഇന്ന് പ്രസിദ്ധിയാർജിച്ച യക്ഷഗാന കലയുടെ ഉൽഭവം കുമ്പളയിൽ നിന്നായിരുന്നു.യക്ഷഗാന കലയുടെ പിതാവ് കുമ്പള പാർത്ഥിസുബ്ബ എന്ന കലാകരനായിരുന്നു. യക്ഷഗാനം സംബന്ധിച്ചെഴുതിയ സഭാലക്ഷണ എന്ന കൃതി കൂടാതെ പത്ത് യക്ഷഗാന പുസ്തകം അദ്ദേഹം രചിച്ചിട്ടുണ്ട്. യക്ഷഗാനകലയിൽ പ്രസിദ്ധരായ ധാരാളം കലാകാരൻമാർ ഇന്നുള്ളത് പോലെ മുൻ കാലങ്ങളിലും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. മുൻ കാലത്ത് കുമ്പളയിലെയും ഇച്ചിലം പാടിയിലെയും മുജങ്കാവിലേയും യക്ഷഗാന സംഘം വളരെ പ്രസിദ്ധിയുള്ളവയായിരുന്നു.യക്ഷഗാനത്തിന്റെ കുലപതി പാർത്ഥിസുബ്ബ എന്നവർ പുസ്തക രചന നടത്തി ഷേഡിക്കാവ് ശ്രീ ശങ്കരനാരായണ ക്ഷേത്രത്തിന്റെ പരിസരത്ത് ഗ്രന്ഥകർത്തവിന്റെ സ്മരണാർത്ഥം പാർത്ഥിസുബ്ബ കലാകേന്ദ്രം എന്നപേരിൽ യക്ഷഗാന കലാകേന്ദ്രം പണിയാൻ നടപടി ആരംഭിച്ചിട്ടുണ്ട്. കുമ്പളയിൽ പാർത്ഥിസുബ്ബയുടെ പേരിൽ പഞ്ചായത്ത് വകയായി മിനിസ്റ്റേഡിയം നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ യക്ഷഗാന കല കൂടാതെവേറെയും ധാരളം പരമ്പരാഗത കലാപരിപാടികൾ നിലനിന്നിരുന്നു. ഇതിൽ പ്രധാനപ്പെട്ട ആട്ടിഗലഞ്ച, സോണജോഗി, ബേഡ, മർദ്ദ , കന്യപുന്യത്ത, ദുഡ്ഡി, ഭൂതാരാധന, എന്നിവയായിരുന്നു. ഇതുകൂടതെ ദഫ്മുട്ട് , കോൽക്കളി, ഒപ്പന, മാപ്പിളപ്പാട്ട് സബീന പട്ട് , പക്ഷിപ്പാട്ട് മുതലായവയും പ്രസിദ്ധമാണ്. ഈ പഞ്ചായത്തിൽ കലം പൊട്ടിക്കൽ, തേങ്ങമുട്ട് , മെസറുകുടിക്കെ, കോഴിഅങ്കം, പോത്തേട്ട മത്സരം (കമ്പള) മുതലായ പുരാണകലകൾ ഇന്നും പ്രസിദ്ധമാണ്. ക്ഷേത്രത്തിൽ കേന്ദ്രീകരിച്ച് ഉൽസവങ്ങളും ഹരികഥാപ്രസംഗങ്ങൾ , ചില സ്ഥാലങ്ങളിൽ ഭൂതാരാധനയും നടന്നുവരുന്നുണ്ട്. നവരാത്രി ദീപാവലി, ഓണം, വിഷു, ശ്രീകൃഷ്ണജന്മാഷ്ടമി, വിനായക ചതുർത്ഥി മുതലായ പുണ്യദിനങ്ങൾ വളരെ ആർഭാമായി ഇന്നും ആഘോഷിഞ്ഞുവരുന്നു. ഇതുപോലെ തന്നെ ക്രിസ്തുമസ് വരെ ആഘോഷപൂർവ്വം കൊണ്ടാടുന്നു. മുസ്ലിം സമുദായം പള്ളിയിലെ നിത്യനമസ്കാരമല്ലാതെ മൗലീദ്, റാത്തിബ് , മതപ്രഭാഷണം മുതലായ മതസാംസ്കരിക പരിപാടികളും നടത്തിവരുന്നു. പള്ളി പരിസരത്ത് ഖബറടക്കിയ മാഹാപുരുഷൻമാരുടെ സ്മരണ നിലനിർത്തുന്നതിന് വേണ്ടി ഉറൂസ് നടത്തിവരുന്നു. അന്നെ ദിവസം മതപ്രഭാഷണങ്ങളും അന്നദാനവും നടത്തിവരുന്നു. റംസാൻ മാസത്തിൽ പ്രഭാതം മുതൽ പ്രദോഷംവരെ അന്നാഹാരങ്ങും സുഖഭോഗങ്ങളും വെടിഞ്ഞ് വ്രതാനുഷ്ഠാനത്തിൽ മുഴുകാറുണ്ട്. റംസാൻ മാസത്തിൽ നിത്യനമസ്കാരം കൂടാതെ തറാവിഹ് എന്ന വിശേഷ പ്രാർത്ഥനയും നടത്തിവരുന്നുണ്ട്. റംസാൻ മാസം കഴിഞ്ഞ് ശവ്വാൽ മാസം ഒന്നാം തീയതി പെരുന്നാൾ ആഘോഷിക്കുന്നു. ദുൽഹജ്ജ് മാസം പത്തിന് വലിയ പെരുന്നാൾ ആഘോഷിക്കുന്നു. ഈ ആഘോഷങ്ങളൊക്കെയും ഇതര മതസ്ഥരുമായി കൊണ്ടടുമ്പോൾ മതസൗഹാർദ്ദത്തിന്റെ ചരിത്രതാളുകളിൽ സ്വർണ്ണ ലിപികളിൽ രേഖപ്പെടുത്തുകയായി. മതവിദ്യാഭ്യസം നടത്തുന്നതിന്

എല്ലാ പള്ളികളിലും മദ്രസ ക്ലാസുകൾ സ്കൂൾ സമയിത്തനുമുമ്പായി നടന്നുവരുന്നു. മുഹമ്മദ് നബിയുടെ ജന്മദിനം നബിദിനമായി കൊണ്ടാടുന്നു.

കുമ്പള ശ്രീ ഗോപല കൃഷ്ണ ക്ഷേത്രത്തിലെ ഉത്സവം എല്ലാ മതവിഭാഗം ജനങ്ങളുടെയും സഹകരണത്തോടുകൂടി ആണ്ടുതോറും നടത്തിവരാറുണ്ട്. ഉത്സവത്തിന് മകരസംക്രമണത്തിന് കൊടി ഉയർത്തുന്നതോടുകൂടി ആരംഭിക്കുകയും ചെറുവിളക്ക് ,നടുവിളക്ക് , വെടിമഹോത്സവം ആറാട്ടോടുകൂടി അഞ്ചാം ദിവസം ഉത്സവം സമാപിക്കുന്നു. മുൻകാലത്ത് മായിപ്പാടി രാജാവിന്റെ മേൽനോട്ടത്തിലായിരുന്ന അമ്പലം ഇപ്പോൾ കേരള ദേവസ്വം ബോർഡ് നോക്കിനടത്തിവരുന്നു. ഈ അമ്പലത്തിൽ ദർശന ബലിനടത്തുന്ന ശ്രീ ശങ്കരനാരായണ അഡിഗർ ദക്ഷിണ കന്നഡ ജില്ലയിലും കാസർകോടും ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

1 അമ്പിലടുക്ക പൂമാണി കിന്നിമാണി ഭൂതസ്ഥാനം

പ്രകൃതിരമണിയമായ അമ്പത് ഏക്കർ സ്ഥലത്ത് വളർന്നു പന്തലിച്ചു നിൽകുന്ന ആൽ മരങ്ങളുടെയും അരയാൽ മരങ്ങളുടെയും തണലിലാണ് അമ്പലം സ്ഥിതി ചെയ്യുന്നത് . പൂമാണി കിന്നിമാണി , ബീർനാളുവ തെയ്യങ്ങൾ കെട്ടിവരുന്നുണ്ട്. ഇവിടത്തെ കോഴിയങ്കമത്സരം വളരെ പ്രസിദ്ധമാണ്. എല്ലാ വർഷവും എപ്രിൽ 5 , 6, 7 എന്നി തിയതികളിൽ നടത്തിവരുന്ന ഈ ഉത്സവത്തിന് അയിരക്കണക്കിന് ആളുകൾ എത്തിച്ചേരാറുണ്ട്.

2. കൊട്ടികെ ദുമാവതി

വർഷത്തിൽ കെട്ടിവരാറുള്ള ഗ്രാമദൈവമാണിത്.

3. മുവ്വാ ആലിസ്ഥാനം.

തുളുമാസം പഗ്ഗു പതിനെട്ടിന് ഇവിടെ തെയ്യം കെട്ട് ഉത്സവം നടത്തിവരുന്നു.

4. അഡ്യത്തടുക്ക , തിലകുനഗർ , മൊഗെര നേമ

പട്ടിക ജാതിക്കാർ നടത്തിവരുന്ന ഒരു പ്രധാന തെയ്യോത്സവമാണ് ഇത്. മോഗേരൻമാരായ സഹോദരൻമാരും അളിയനും പെങ്ങളുമാണ് ആരാധന ദൈവങ്ങൾ.

5. ഉളുവാർ ജുമാമസ്ജിദ്

വളരെ പുരാതനവും പ്രസിദ്ധവുമായ ഒരു പള്ളിയാണ് ഇത്. ഷിറിയ പുഴയുടെ തീരത്ത് തെങ്ങിന്റെയും കവുങ്ങിന്റെ യും മധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ പള്ളിയിൽ ഉറുസ് വളരെ ആഘോഷപൂർവ്വം നടത്തുവരുന്നു. ഈ പള്ളിയുടെ കീഴിൽ ബത്തേരി പള്ളി ഉജാർ ഉളുവാർ തുടങ്ങിയ പള്ളികളുമുണ്ട്.

6. കൊടിയമ്മ ഗോപാലകൃഷ്ണ ദേവസ്ഥാനം

വളരെ പുരാതനവും പ്രസിദ്ധവുമായ ഈ ക്ഷേത്രം ഇരിണിരായ കുടുമ്പത്തിന്റെ കൈവശത്തിലാണ്.

7. ദുർഗ്ഗാപരമേശ്വരി ദേവസ്ഥാനം ശ്രാവണഗരെ

ഇവിടെ നവരാത്രി ഉത്സവം 9 ദിവസം അന്ന ദാനത്തോടുകൂടി നടത്തിവരുന്നു.

8. ആരിക്കാടി ദൂമാവതി ദൈവസ്ഥാനം

പട്ടിക ജാതിക്കാരുടെ പതിനെട്ട് സ്ഥാനങ്ങളിൽ ഒന്നാണിത്. ആണ്ടുതോറും ദൂരസ്ഥലങ്ങളിലുള്ള കുടുംബങ്ങൾ ഉത്സവസമയത്ത് ഇവിടെ ഒത്തുചേരാറുണ്ട്.

9. ഭഗവതിദേവസ്ഥാനം ആരിക്കാടി

ദേവാടിക വിഭാഗത്തിന്റെ ആരാധന ക്ഷേത്രമാണ് ഇത് . കഴിഞ്ഞവർഷമാണ് ഇതിന്റെ ജീർണ്ണോദ്ധാരണ പ്രവർത്തി നടന്നത് .

10. നേജിക്കാർ ദൂമാവതി

ബ്രാഹ്മണ കുലത്തിൽ പെട്ട ആളുകൾ പൂജാകർമ്മങ്ങൾ നടത്തിവരുന്ന ദൈവസ്ഥാനമാണ് ഇത്. ഉള്ളാൾ ബോഡു കടമണ്ണായയാണ് ഇവിടെ ദൈവപ്രതിഷ്ഠ നടത്തിയത്. സുബ്രഹ്മണ്യ ഷഷ്ഠി കഴിഞ്ഞുവരുന്ന പൗർണ്ണമിനാളിലാണ് ഇവിടെ ഉത്സവം നടത്തിവരുന്നത്. നേജിക്കാർ ഭണ്ഡാരവീട് വളരെ പ്രസിദ്ധമാണ്. ഇവിടെ ഒന്നിടവിട്ട കൊല്ലത്തിലാണ് ഉത്സവം നടത്തിവരുന്നത്.

11. ഇച്ചിലം പാടി സർപ്പ നൃത്യസ്ഥാനം

പട്ടിക ജാതിക്കാരുടെ പതിനെട്ട് സ്ഥാനങ്ങളിൽ ഒന്നാണിത്. ഇവിടെ രണ്ട്വർഷത്തിലൊരിക്കൽ നടത്തിവരുന്ന സർപ്പ നൃത്തം വളരെ പ്രസദ്ധമാണ്.

12. പദ്രം ബെട്ടുദുമാവതി ദൈവസ്ഥാനം

ഇത് വളരെ പ്രസിദ്ധമായ ഒരു ആരാധന ക്ഷേത്രമാണ്. ഇവിടെ നടത്തിവരുന്ന കോഴിഅങ്കം വളരെ പ്രസിദ്ധമാണ്.

13. ആരിക്കാടി ജാലുദുമാവതി കുഞ്ഞമ്മ ആചാർത്തി ദൈവം

തെൻകുമ്പളയിൽ നിന്ന് കല്ല്യാണം കഴിഞ്ഞ് കൊടിയമ്മയിലെക്ക് പോയ കുഞ്ഞമ്മ ആചാർത്തി എന്നവർ ഗർ

ഭാധാരണത്തിനായി ദുമാവതി ദൈവത്തിന് നേർച്ചനേർന്ന് ഗർഭാധാരണം നടന്നശേഷം നേർച്ച നിറവേറ്റാത്തതിനാൽ പ്രസവത്തോടുകൂടി മരണമടഞ്ഞതായും ശവസംസ്കരസമയത്ത് പകുതി കത്തിയപ്പോൾ എഴുന്നേറ്റ് ഞാൻ ദൂമാവതിദൈവത്തോട് ചേർന്നിരിക്കുകയണെന്നും ഇനിമേൽ ഈ പ്രദേശത്ത് കുഞ്ഞമ്മ ആചാർത്തി ദൈവമയി ആചരിക്കണമെന്ന് അരുളിച്ചെയ്തു. അപ്രത്യക്ഷമായതാണ് ഐതീഹ്യം. അതിനു ശേഷം കുഞ്ഞമ്മആചാർത്തിദൈവമായി ആചരിച്ചുവരുന്നു.

14. കൊടിയമ്മ ജുമാമസ്ജിദ്

ഇത് വളരെ പഴക്കമേറിയതും പ്രസിദ്ധവുമായ ഒരു പള്ളിയാണ് ഇവിടെ ഉറുസും മതപ്രഭാഷണവും നടത്തിവരുന്നുണ്ട്. പ്രസ്തുത പള്ളികെട്ടുന്നതിന് ഇച്ചിലം പാടി തറവാട്ടുകരാണ് സ്ഥലവും സാമ്പത്തിക സഹായവും നൽകിയത് . കിദൂർ ചെക്ക് പോസ്റ്റ് നിസ്കാരപള്ളി, ചേപ്പനടുക്ക പള്ളിയും മദ്രസയും ഇച്ചിലം പാടി കൊറങ്കളപള്ളിയും മദ്രസയും ഉജാർ പള്ളിയും പുക്കട്ട പള്ളിയും മദ്രസയും തഴെ കൊടിയമ്മ പള്ളിയും മദ്രസയും കൊടിയമ്മ ജുമാഅത്ത് പള്ളിയുടെ കീഴിലായിരുന്നു.

15. ആരിക്കാടി കോട്ടെ , മല്ലികാർജ്ജുന വീരാജ്ജനേയ ദേവാലയം

ഇക്കേരി രാജാവ് കുമ്പള ആക്രമിച്ച് കീഴടക്കിയപ്പോൾ അവരുടെ കുലദൈവമായ മല്ലികാർജ്ജുന അതുപോലെ വീരാജ്ജനേയ ദൈവത്തേയും കുടിയിരുത്തിയത് ഇക്കേരി രാജാക്കൻമാരാണ്. ഈ ദേവാലയത്തിൽ ഹനുമാൻ ജയന്തി ഉത്സവം നടത്തിവരുന്നുണ്ട്.

16. കാളികാംബ ദൈവസ്ഥാനം

ഏകദേശം 500 വർഷം പഴക്കമുണ്ട് വിശ്വകർമ്മ സമുദായം ആരാധനക്കുവേണ്ടി സ്ഥാപിച്ച ക്ഷേത്രമാണിത് ഇവിടെ ഗുളികവനവും ദുമാവതി ദൈവത്തേയും ആരാധിച്ചുവരുന്നു.

17. ആരിക്കാടി ചാവടി ദൂമാവതി

വളരെ പ്രസിദ്ധമായ ഒരു ആരാധന കേന്ദ്രമാണ് .

18. ആലിചാമുണ്ഡി ക്ഷേത്രം

ഈ ക്ഷേത്രാത്സവത്തിന് എല്ലാമതവിഭാഗക്കാരും പങ്കെടുക്കുന്നത് കൊണ്ട് തന്നെ വളരെ പ്രസിദ്ധമാണ് തുളുമാസത്തിലെ സുഖി പതിനെട്ടാം തിയ്യതിയാണ് ഇവിടെ കൊടിയുയർത്തി ഇരുപത്തിമൂന്നാം തീയ്യതി അമ്പിലഡുക്ക ദൈവത്തെ കണ്ട് മുട്ടി കൊടിയിറക്കുകയാണ് പതിവ്. ആരിക്കാടി തിയ്യസമുദായത്തിന്റെ ഭണ്ഡാരവീട് ഈ ക്ഷേത്രത്തിന്റെ കീഴിലുള്ള ഒരു ആരാധന സ്ഥാമാണ്. ഈ ക്ഷേത്രത്തിന്റെ പ്രധാന തന്ത്രി ബംബ്രാണ ബോഡുകടമണ്ണായ വീട്ടുകരാണ് ഇവിടെ പ്രധാന പൂജകൾ നടത്തുന്നത് തിയ്യ സമുദായത്തിൽ പെട്ടവരാണ്.

മൊഗ്രാൽ കുഞ്ഞിപ്പക്കി സാഹബ് ഈ പ്രദേശത്തെ ജനങ്ങളുടെ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ വേണ്ടി അനവരതം പ്രയത്നിച്ച ആദരണീയ മഹാനായിരുന്നു.അദ്ദേഹത്തോട് എല്ലാ മതവിഭാഗം ജനങ്ങൾക്കുംആദരവായിരുന്നു. അദ്ദേഹത്തെ കുമ്പള ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രത്തിലും പാറശ്രീ ആലിചാമുണ്ഡി ക്ഷേത്രത്തിലും പ്രത്യേകംപരിഗണന നൽകി ആദരിച്ച് പ്രസാദം നല്കിവരുന്ന പതിവുണ്ടയിരുന്നു. അതേപോലെ തന്നെ ഇച്ചിലംപാടി ബംബ്രാണ തറവാട്ടുകാർ പ്രത്യേകം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കഴിവും പ്രവൃത്തിയും കണക്കിലെടുത്ത് അന്നത്തെ ഭരണകർത്താക്കൾ പോലും പരിഗണന നൽകിയിരുന്നു.

20. കുമ്പേൽ വലിയ ജുമാഅത്ത് പള്ളി

കുമ്പോൽ വലിയ ജുമാഅത്ത് പള്ളിക്ക് 700 വർഷങ്ങളുടെ പഴക്കമുണ്ടെന്ന് അവിടത്തെ ശിലാലേഖനത്തിൽ നിന്നും മനസ്സിലായി. അതിപ്രസിദ്ധമായ കുമ്പോൽ തങ്ങൾ കുടുംബത്തിലെ പൂർവ്വീകൻമാർ (പാപ്പം കോയ അന്ത്യവിശ്രമം കൊള്ളുന്നത് ഇവിടെയാണ്.

സയ്യദ് അറബി തങ്ങളു(റ)ടെയും മഹ്ബറ ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ഇവിടെ അഞ്ച് വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഉറൂസ് പരിപാടിയിലും അതോട് അനുബന്ധിച്ച് നടക്കുന്ന മതപ്രഭാഷണപരമ്പരയിലും അതിന് സമാപനം കുറിച്ച് കൊണ്ടുള്ള അന്നദാന പരിപാടിയിലും പതിനായിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുക്കാറുണ്ട് . പ്രാചീനകാലം മുതൽ തന്നെ വളരെ പ്രശസ്തി ആർജ്ജിച്ച ദർസും മദ്രസും നടന്നു കൊണ്ടിരിക്കുന്നു. ബേറാത്ത പള്ളി കുമ്പോൽ ചെറിയ പള്ളി, ബന്നംകളയുള്ള പള്ളിയും മദ്രസയും പഴയ റോഡിലുള്ള നിസ്കാരപള്ളി , ജി. എം. എം പി. സ്കുൾ പഴയ റോഡിലുള്ള മൂപ്പൻ പള്ളിയും മദ്രസും കുമ്പോൽ വലിയ ജുമയത്ത് പള്ളിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

ടിപ്പുസുൽത്താൻ ആരിക്കാടി കോട്ടയെ സ്വാധീനിച്ചു അവരുടെ മുപ്പനുവേണ്ടി നിർമ്മിച്ചതാണ് മൂപ്പൻ പള്ളി.

21. പാപ്പം കോയ നഗറിലുള്ള ബദരിയ ജുമാമസ്ജിദ ദക്ഷിണ ഭാരതത്തിലെ പ്രസിദ്ധമായ പള്ളിയിൽ ഒന്നാണ്.1972ലാണ് ഈ പള്ളി സ്ഥാപിതമായത് 1973 ജനുവരി 31നാണ് സയ്യദ് പുക്കോയ തങ്ങൾ നിര്യാതനായത് അവർ

നിത്യവിശ്രമം കൊള്ളുന്നത് ഇതേ പള്ളിപരിസരത്താണ്. ആയത് കൊണ്ട് ഇത് വളരെ പ്രസിദ്ധി ആർജ്ജിച്ചുവരുന്നു. 5 വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഉറുസ് ദക്ഷിണ ഭാരതത്തിൽ തന്നെ പ്രസിദ്ധമാണ്. അതിനോടനുബന്ധിച്ചുനടക്കുന്ന മതപ്രഭാഷണ അന്നദാന പരിപാടിയിലും ലക്ഷക്കണക്കിനാളുകൾ മതഭേതമേന്യ പങ്കെടുക്കാറുണ്ട്. ഇന്ന് ആകുടുംബത്തിൽ സയ്യദ് കെ. എസ് അറ്റക്കോയ തങ്ങളും സയ്യദ് കെ.എസ് കുഞ്ഞിക്കോയ തങ്ങളും പ്രസിദ്ധരാണ്. മദ്രസ , ദർസ് ആരിക്കാടി ജംഗ്ഷൻ പള്ളിയും ഈ പള്ളിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പ്രസിദ്ധമായ കുമ്പോൽ തങ്ങളുടെ വീട് നാഷണൽ ഹൈവേയുടെ സമീപം കാർള എന്ന സ്ഥലത്താണ്. ആയിരക്കണക്കിന് ഭക്തജനങ്ങൾ തങ്ങളുടെ വീട്ടിൽ നിത്യവും വന്ന് അവരുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി അനുഗ്രഹീതരാകുന്നു.

22. ആരിക്കാടി കടവത്ത് ജുമാമസ്ജിദ്

ഏകദേശം 500 വർഷം പഴക്കമുണ്ട് അറബിസെയ്യദ് അവർകൾ അന്ത്യ വശ്രമം കൊള്ളുന്നത് ഈ പള്ളിപരിസരത്താണ്.

23. കാർളേ ഗുത്തിയമ്മ ഭഗവതി ക്ഷേത്രം

ബോവി സമുദായത്തിൽപ്പെട്ടവരുടെ ആരാധനാലയമാണ്. ഇവിടെ വർഷം തോറും ഉത്സവം നടത്താറുണ്ട്.

24. കുമ്പള റെയിൽവേ സ്റ്റേഷന്റെ പടിഞ്ഞാറുഭാഗത്തുള്ള ബിരവിട്ടള ക്ഷേത്രത്തിൽ നടക്കുന്ന കാർത്തിക ദീപോൽത്സവം വളരെ പ്രസിദ്ധമാണ്. ഗൗഡസരസ്വത സമുദായത്തിൽപ്പെട്ടവരുടെ ആരാധനാലയമാണ് ഇതിന്റെ അടുത്ത് തന്നെ നായക് തറവാട്ടിൽപ്പെട്ടവരുടെ ശ്രീ ലക്ഷിമി നാരായണക്ഷേത്രവും ഉണ്ട്. കുമ്പള പുഴയുടെ അടുത്തുള്ള ശ്രീദേവി മഠത്തിൽ നടക്കുന്ന ശരണവ രാത്രി ഉത്സവം വളരെ പ്രസിദ്ധമാണ്. നാഷണൽ ഹൈവേ 17ന്റെ പടിഞ്ഞാറ് ഭാഗത്താണ് ശ്രീ സന്താനഗോപാലകൃഷ്ണക്ഷേത്രം പുനരുദ്ധാരണം ചെയ്തുകൊണ്ടിരിക്കുന്നു. നാഷണൽ ഹൈവേയുടെ പടിഞ്ഞാറ് ഭാഗത്തുള്ള ശ്രീ അയ്യപ്പൻ ക്ഷേത്രവുംവളരെ പ്രധാനപ്പെട്ട ആരാധനാലയമാണ്. ഇതിന്റെ അടുത്ത് തന്നെ മേളത ഗണപതിയെന്ന പ്രസിദ്ധമായ ശ്രീഗണപതി ക്ഷേത്രവുമുണ്ട്.

25. ശ്രീ കുറുംബ ഭഗവതി ക്ഷേത്രസേവാ മന്ദിരം

ധീവര സമുദായത്തിൽപ്പെട്ടവർ കടൽതീരത്ത് ആരാധിക്കുന്ന ക്ഷേത്രമാണ് ഇത് അജാനൂർ ഭഗവതി ക്ഷേത്രത്തിന്റെ ഭാഗമാണ്.

26. കോയിപ്പാടി കടപ്പുറം റിഫായി ജുമാമസ്ജിദും മദ്രസയും കൊയിപ്പാടിഫിഷറിസ് കോളനിയിലുള്ള ജുമമസ്ജിദും മദ്രസയും പ്രസിദ്ധമാണ്. റംസാൻ മാസം 17ന് ബദർ ദിനം ഇവരുടെ വിശേഷപ്പെട്ട ദിവസമാണ്.

27. മുളിയഡുക്ക ജുമാമസ്ജിദ് മദ്രസയും കുറ്റിയാളം പള്ളിയും മദ്രസയും ഈ പഞ്ചായത്തിൽ ഉൾപ്പെട്ടതാണ്.

28. മുജങ്കാവ് ശ്രീ പാർത്ഥസാരഥിക്ഷേത്രം

കുമ്പള സീമയിലെ പ്രധാനപ്പെട്ട നാല് ക്ഷേത്രങ്ങളിൽ ഒന്നാണ്. പുരാതനകാലത്ത് മുജ്കുന്ത മഹർഷി തപസ്ചെയ്ത് പ്രതിഷാചെയ്ത ശ്രീ പാർത്ഥസാരഥി ഗോപാലകൃഷ്ണനാണ് ഇവിടത്തെ ആരാധനാദൈവം. ഈ ക്ഷേത്രത്തിന്റെ കിഴക്ക് ഭാഗത്ത് വലിയ ഒരു കുളമുണ്ട് കാവേരിസംക്രമണത്തിന് (തുലാം സംക്രമണം) ഇവിടത്തെ തീർത്ഥത്തിൽ കുളിച്ചാൽ പുണ്യമാണെന്നും ചർമ്മരോഗം ഇല്ലാതെയാകുമെന്ന് ഐതീഹ്യമുണ്ട്. ഈ പുണ്യക്ഷേത്രത്തിനെ സംബന്ധിച്ച് കുറെ സങ്കൽപിക കഥയുണ്ട്.

29. നാരായണ മംഗലത്തുള്ള ഗോപാലകൃഷ്ണ ക്ഷേത്രം

ഇരുണിറായ തറവാട്ടുകാരുടെതാണ്. കാനശങ്കരനാരായണ മഠം പിന്നെ ദുമാവതി ക്ഷേത്രവും കുമ്പള സിമയിൽ പ്രസിദ്ധമായ ക്ഷേത്രമാണ്. ദൂമാവതി ക്ഷേത്രത്തിന്റെ പ്രധാന തന്ത്രി ബ്രാഹ്മണകുടുംബത്തിൽപ്പെട്ടവരാണ്. നായ്ക്കാപ്പ് ശാസ്തവ് വനത്തിൽ നായ്ക്കളുടെ പ്രതിമ പുരാതനകാലത്ത് തന്നെ യുണ്ടായത് കൊണ്ട് ആസ്ഥലം നായ്കാപ്പ് എന്ന പേരിൽ പ്രസിദ്ധമായി.

30. കഞ്ചിക്കട്ട രക്തേശ്വരി ക്ഷേത്രവും നാട്ടുകരുടെ സഹകരണത്തോടെ ഉത്സവങ്ങൾ നടത്തിവരാറുണ്ട്.

31. ചിറുമ്പ ഭഗവതിക്ഷേത്രവും ദേവാംഗ സമുദായത്തിൽ പ്പെട്ടവുടെ ആരാധനലയമാണ്. ഈ ക്ഷേത്രത്തിൽ കുളിയന്റെ ആരാധന ഇവിടുത്തെ വിശേഷപ്പെട്ട ഉത്സവമാണ്.

32. മുറായി ഗുത്തിയമ്മ ഭഗവതിക്ഷേത്രവും നാഷണൽ ഹൈവേയുടെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. ഇത് ദോബി സമുദായത്തിൽപ്പെട്ട ആരാധനാലയമാണ്.

33. ഭാരതത്തിൽ പ്രസിദ്ധമായ യോഗി ശ്രീ നിത്യാനന്ദ സ്വാമിജിയും കുമ്പളയിൽ ജീവിച്ചിരുന്ന അത്ഭുത വ്യക്തിയായിരുന്നു.ഇവർ സ്ഥാപിച്ച മഠം നാഷണൽ ഹൈവേയുടെ സമീപത്താണ്. വർഷം തോറും ഡിസംബർ 13ന് ഭജന നടത്തിവരാറുണ്ട്. കൂടാതെ കുമ്പള ഗോപാലകൃഷ്ണ അമ്പലത്തിൽ നിന്ന് കാഴച എഴുന്നെള്ളത്തും ഉണ്ടവുന്നതാണ്.

34. കുണ്ടം കാറഡുക്ക താഹാപള്ളിയും മദ്രസയും റഹ്മാൻ പള്ളിയും മദ്രസയും ഇനാറ പള്ളിയും ഉണ്ട്

35. പേരാൽ ജുമാമസ്ജിദും മദ്രസയും ചളിയംകോട് ജുമാമസ്ജിദും മദ്രസയും മൊഗ്രാൽ പുതിയ പള്ളിയും മദ്രസയും മൊഗ്രാൽ കണ്ടത്തിൽ പള്ളിയും മൊഗ്രാൽ കെ.കെ.പുറം പള്ളിയും മദ്രസയും പേരാൽ നാട്ടക്കല്ല് പള്ളിയും മദ്രസയും പേരാൽ തഴെ പള്ളിയും മദ്രസയും പേരാൽ കണ്ടത്തിൽ പള്ളിയും ഇവിടെ പ്രസിദ്ധമാണ്.

36. പേരാൽ കിന്നിമാണി പൂമാണി ക്ഷേത്രവും വളരെ പുരാതനമാണ്. ഇവിടെ വാർഷികോൽസവത്തിന് കോഴിയങ്കം നടത്താറുണ്ട് പേരാൽ ധൂമാവതി ക്ഷേത്രവും പൂജാരി സമുദായത്തിൽ പ്പെട്ടവരുടെ ആരാധനാലയമാണ്. ഇവിടെ വാർഷം തോറും ഉൽസവം നടത്താറുണ്ട്.

37. മൊഗ്രാൽ വലിയ ജുമാഅത്ത് പള്ളിയും മദ്രാസയും മെഹ്യുദീൻ ജുമാ മസ്ജിദും മദ്രസയും മൊഗ്രാൽ കുന്നിൽ പള്ളിയും മദ്രസയും വലിയനാങ്കി പള്ളിയും മാദ്രസയും നാങ്കിറോഡ് നിസ്ക്കാരപ്പള്ളിയും പ്രസിദ്ധമാണ. മൊഗ്രാൽ ജുമാമസ്ജിദ് 500 വർഷങ്ങൾ മുമ്പ് തന്നെ പ്രസിദ്ധമായ മസ്ജിദാണ് ഇവിടത്തെ മഖ്ബറ അറബി ഹാജി തങ്ങളുടെതാണ് അവരുടെ സ്വദേശം നാദാപുരം എന്ന സ്ഥലത്താണ് എന്നാണ് അറിയപ്പെടുന്നത് ഈ പള്ളിയിൽ മൂന്ന് വർഷത്തിലൊരിക്കൽ പ്രസിദ്ധമായ ഉറൂസ് നടത്താറുണ്ട്. മൊഗ്രാൽ കടവത്ത് അഹ്മദിയക്കളുടെ ജുമാഅത്ത് പള്ളിയും സ്ഥിതിചെയ്യുന്നു.

38. നീരോളി പട്ടിക ജാതി കോളനിയിലെ ശ്രീ കൃഷ്ണ ഭജന മന്ദിരത്തിൽ വർഷം തോറും ഭജന നടത്താറുണ്ട് മൊഗ്രാൽ ബണ്ണംത്തംകടവിലുള്ള അംബേദ്ക്കർ പട്ടിക ജാതി കോളനിയിൽ വീരാഞ്ജനേയ മന്ദിരവും സ്ഥിതിചെയ്യുന്നു. എല്ലാവെള്ളിയാഴ്ചയും ഇവിടെ ഭജന നടന്നുവരുന്നു.

39. ഗാന്ധിനഗർ പട്ടിക ജാതി കോളനിയിലെ ഗോഡദബ്ബു ദേവസ്ഥാനം വളരെ പ്രസിദ്ധമാണ് ഇവിടെ വർഷം തോറും ഉൽസവവും തെയ്യകെട്ടും നടക്കുന്നു.

40. നാഷണൽ ഹൈവേയുടെ പടിഞ്ഞാർ ഭാഗത്തായി പെറുവാഡിൽ ശ്രീ അയ്യപ്പ സ്വാമി ഭജനമന്ദിരമുണ്ട്.

41. കണിപുര ശ്രീ ഗോപലകൃഷ്ണക്ഷേത്രം

കുമ്പളസീമയുടെ പ്രസിദ്ധമായ ദേവാലയങ്ങളിൽ ഒന്നായ ശ്രീ ഗോപലകൃഷ്ണക്ഷേത്രവും നാഷണൽ ഹൈവേയുടെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം കൊച്ചു ഗുരുവയൂർ എന്നറിയപ്പെടുന്നു. ദിനം പ്രതി ആയിരത്തോളം ഭക്ത ജനങ്ങൾ ഇവിടെ എത്തിച്ചേരാറുണ്ട് . ശ്രീ ഗണപതിയും ശാസ്താരയും ഉപദേവതയായും നാഗപ്രതിഷ്ഠയും പവിത്രമായി ക്ഷേത്രത്തിനടുത്ത് സ്ഥിതിചെയ്യുന്നു. ഇവിടെ മകരസംക്രമണത്തിന് തുടങ്ങി 5 ദിവസം തുടർച്ചയായി ഉൽസവം കൊണ്ടാടുന്നു.ഇവിടത്തെ വെടിയുൽസവം ദക്ഷിണ കന്നഡയിലും കാസർകോട് ജില്ലയിലും പ്രസിദ്ധമാണ്.

42. ശേഡിക്കാവു ശങ്കരനാരായണ ക്ഷേത്രവും കുമ്പള ടൗണിനടുത്തുള്ള അതിപുരാതന ക്ഷേത്രമണ്. പ്രാചീനകാലത്ത് ''ക്രോഡപുരം '' എന്ന പേരിൽ പ്രസിദ്ധമായിരുന്ന '' കിരാത അർജ്ജുന'' യുദ്ധത്തിന് കാരണമായ വരാഹവും ഈ സ്ഥലത്ത് നിന്നും പുറപ്പെട്ടതാണ് പുരാണകഥകളിൽ പറയുന്ന യക്ഷഗാനകലയുടെ പിതാമഹനായ പാർത്ഥസുബ്ബ ജന്മം കൊണ്ട സ്ഥലമാണ് ശേഡിക്കാവ് . ശിവരാത്രി ഉത്സവം ഇവിടെ ആഘോഷപൂർവ്വം കൊണ്ടാടുന്നു.

43. ''ഗോറദബ്ബു '' കഞ്ചിക്കട്ടയിലെ പട്ടിക ജാതിവിഭാഗത്തിന്റെ ആരാധനാലയമാണ്.

44. നമ്പിക്കരെ ധൂമാവതി ദൈവസ്ഥാനം

പുരാതനകാലത്ത് ഉള്ളാൾ ബോഡുകരുടെ തന്ത്രത്തിൽ കുടുങ്ങി പ്രതിഷ്ഠ ദൈവമാണ്. ഈ ക്ഷേത്രത്തിന്റെ കുളം നമ്പിക്കെരെ'' എന്ന പേരിൽ പ്രസിദ്ധമാണ്.

45. ബദർ ജുമാമസ്ജിദ്

കുമ്പള പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന ബദർ ജുമാമസ്ജിദ് വളരെ പുരാതനമാണ്. പ്രസിദ്ധനായ മതപണ്ഡിതൻ ഖാസി മുഹമ്മദ് മുസ്ല്യാർ (റ) അവർകളുടെ മഖ്ബറ ഇവിടെ സ്ഥിതിചെയ്യുന്നു. മൂന്നുവർഷത്തിലൊരിക്കൽ നടത്തിവരാറുള്ള ഉറുസ് തെക്കൻ തെക്കൻ കർണ്ണാടക ജില്ലയിലും കാസർകോട് ജില്ലയിലു

ം വളരെ പ്രസിദ്ധമാണ് . പല പണ്ഡിത ശിരോമണിക ളെയും സംഭാവന ചെയ്ത ദർസും മദ്രാസയും ബദർജു മാമസ്ജിദിന്റെ കീഴിലാണ് മാവിനക്കട്ട റഹ്മാൻ പള്ളി യും മദ്രസയും കുണ്ടം കാറഡുക്കയിലുള്ള താഹമസ്ജി ദും ഈ ജുമാഅത്തിന്റെ പരിധിക്കുള്ളിലാണ്. കുമ്പള മുനീവ്വറുൽ ഇസ്ലാം സ്കൂൾ കഴിഞ്ഞ 3 പതിറ്റാണ്ട് മു മ്പുവരെ ഈ ജുമാമസ്ജിദിന്റെ പരിസരത്ത് വളരെ പ്രശസ്തമായി നടന്നുവന്നിരുന്നു.

46. കുമ്പള ടൗൺ പരിസരത്തുള്ള മോണിക്ക ചർച്ച് വളരെ പ്രസിദ്ധമാണ. ഇത് റോമൻ കത്തോലിക്ക വിഭാ ഗക്കാരുടെ ആരാധനാലയമാണ്.

47. കളത്തൂർ ജുമാമസ്ജിദ് , മദ്രസ കളത്തൂർ ജാറം പള്ളിയും ദണ്ഡഗോളിഗനിസ്കാരപള്ളിയും മദ്രാസയും പ്രസിദ്ധമാണ്. കളത്തൂർ ജാറം പള്ളിയിൽ മുന്നു വർ ഷത്തിലൊരിക്കൽ ഉറൂസ് നടന്നുവരുന്നു. എല്ലാ മതവി ഭാഗങ്ങളും ആരാധിക്കുന്ന അപൂർവ്വം ചില ജാറങ്ങളിൽ ഒന്നാണ് പ്രസ്തുത ജാറം

48. കിദൂർ മഹാലിങ്കേശ്വരക്ഷേത്രം കിദൂർ എന്ന സ്ഥലത്ത് കിന്നി എന്നയൾ തൊഴുത്ത് നിർമ്മിക്കാൻ നി ലം നിരപ്പാക്കുമ്പോൾ കിട്ടിയ ശിവലിംഗമാണ് കിന്നിശ്വ ര എന്നപേരിൽ അറിയപ്പെടുന്ന ഇന്നത്തെ കിദൂർ മഹാ ലിംഗേശ്വര എന്ന പ്രസിദ്ധമായ ക്ഷേത്രം ഇതിന്റെ തൊ ട്ടടുത്ത് സുബ്രഹ്മണ്യ ക്ഷേത്രമുണ്ട് ഇവിടെ സു ബ്രഹ്മണ്യ ശഷ്ഠിയും ശിവരാത്രി ഉത്സവവും നടക്കുന്നു. അന്നദാനവും കലാസാംസ്കാരിക പരിപാടികളും ഉൽ സവത്തിന്റെ ഭാഗമായി നടന്നുവരുന്നു.

49. ഇച്ചിലം പാടി ശ്രീ കാരിഞ്ച മഹാദേവശാസ്താ ക്ഷേത്രം അതിപുരാതന ക്ഷേത്രങ്ങളിൽ ഒന്നാണ്. ഇത് 800 വർഷം മുമ്പ് കാരിഞ്ചത്തായ ഇച്ചിലംത്തായ എന്നി യോഗി വര്യൻമാർ പ്രതിഷഠ നടത്തിയതാണ്. ഇവിടെ സം സ്കൃത , വേദ സ്കൂളുണ്ടായിരുന്നു. യക്ഷഗാനത്തിന് പ്രസിദ്ധയാർജിച്ച " ഇച്ചിലം പാടി " ഈ ക്ഷേത്രത്തെ ആശ്രയിച്ചായിരുന്നു. മായിപ്പാടി തമ്പുരാൻ പട്ടാഭി ഷേകത്തിന് മുമ്പ് ഈ ക്ഷേത്രത്തിൽ പൂജ നടത്തി പ്രസാ ദം സ്വീകരിക്കണമെന്ന് നിബന്ധനയുണ്ടായിരുന്നു. ഇവി ടെ ദൈവത്തിന്റെ ഉൽസവത്തോടനുബന്ധിച്ച് പൂമാണി കിന്നിമാണി , രക്തേശ്വരി,ജടാധാരി , പഞ്ചുർളി ബബ്ബരി യ തുടങ്ങിയ ദൈവങ്ങൾ നിയമേൽസവം നടത്താറുണ്ട്.

50. കിദൂർ ആർത്തല കോമരചാമുണ്ഡി ദൈവസ്ഥാ നവും പട്ടിക ജാതി വിഭാഗത്തിന്റെ ആരാധനാ സ്ഥലമാണ്.

51. അമത്തോടി പെലെടുക്കത്തായ ഗുളികവനം നാ ടൻ മരുന്നിന് പ്രസിദ്ധിയാർജിച്ച സ്ഥലമാണ്.

52. "കളത്തൂർ പതി" പഴയ കാലത്ത് പൂമാണി – കി ന്നിമാണി എന്നദൈവവും ബീർനാളുവ ദൈവങ്ങൾ ഇരു ന്ന പതിയാണ്.

53. ബംബ്രാണ വയൽ മലയരായ ദൈവസ്ഥാനം ഇവിടെ വർഷംതോറും " തമ്പില" എന്ന ഉൽസവം നടത്താറുണ്ട് .

54. ബംബ്രാണ ജുമാമസ്ജിദ

വളരെ പുരാതനമായ മസ്ജിദാണ് . പഴയ കാലത്ത് തന്നെ ഇവിടെ ദർസുകൾ നടത്താറുണ്ടയിരുന്നു.മുഹ്ദ്ദീ ൻ നിസ്കാരപള്ളി, കക്കള നുസ്രത്തുൽ ഇസ്ലാം മദ്രസ., ഇസ്സത്തുൽ ഇസ്ലാം മദ്രാസ, കക്കളപ്പള്ളി എന്നീ സ്ഥാ പനങ്ങൾ ഈ പള്ളിയുടെ കീഴിലാണ്. ഗുദർ എന്ന സ്ഥലത്ത് റിഫായി നിസ്കാരപള്ളിയുണ്ട്. ഇവിടെ എല്ലാം മൗലീദ് റത്തീബ് നേർച്ച എന്നിവ വളരെ ആഘോ ഷത്തോടുകൂടി നടത്തിവരുന്നു.

55. ബദരിയ്യ നഗറിലെ ജുമാമസ്ജിദും മദ്രസയും മൈമുൺ നഗറിലെ പള്ളിയും എറെ പ്രസിദ്ധിയാർജ്ജീ ച്ചതാണ്.

56. വർഷം തോറും നബിദിനവും റാംസാൻ മാസത്തി ലെ പതിനേഴിന് നടക്കുന്ന ബദർ ദിനവും മിഹ്റാജ്ദി നവും ദിഖ്ർ ,ബറാത്ത് , ഖുത്തിബിയ്യത്ത് , സ്വാലത്ത് വാർ ഷികംദഫ്റാത്തീബ് തുടങ്ങിയ ആഘോഷങ്ങൾ എല്ലാ പള്ളികളിലും കൊണ്ടാടാറുണ്ട്.

57. ചത്രം പള്ള , മുണ്ടപള്ള, മക്കാളി പള്ള ഉജറക്ക രെ, എന്നികുളങ്ങൾ പുരാതനകാലങ്ങളിൽ തന്നെ വള രെ പ്രസിദ്ധയാർജിച്ചതായിരുന്നു.

58. കാർലെ കോർത്തിമാജ നാഗരികട്ട എന്നസ്ഥലത്ത് കോമർ ചാമുണ്ടിദൈവവും ഗുളി കവനവും ഉണ്ട എല്ലാവർഷവു നടവലി ഉത്സവം നടത്തി വരുന്നുണ്ട്. കാർലെ നാഗനടിയിൽ ഒരു കിണറിൽ ഉത്ഭവസുബ്രഹ്മണ്യന്റെ ആരാധനയും പുജയും ഉണ്ട്

ശ്രീ ദുർഗ്ഗാപരമേശ്വരി ദേവസ്ഥാനം അരിക്കടി

ഇവിടെ നവരാത്രി ഉത്സവം നടത്തിവരാറുണ്ട്. ഇത് ദേവപൂജിത്തായ തറവാട്ടുകരുടെ ദേവസ്ഥാനമാണ്.

കോരിക്കണ്ടവയനാട്ടുകുലവൻ : തീയ്യസമുദായത്തിന്റെ പ്രധാന ആരാധനാകേന്ദ്രമാണ്.

ഇച്ചിലം പാടി ഗുളികസ്ഥാനം: വളരെ പ്രധാനമാ ഒരു ആരാധനകേന്ദ്രമാണ്.

ബംബ്രാണ ബുഡു ശങ്കരനാരായണ ദേവസ്ഥാനം:

ഇത് കടവണ്ണായ തറവാട്ടുകരുടെ ഒരു ആരാധനാലയമാണ്.

ബംബ്രാണ ഭൈരുമൈസന്തായ ദേവസ്ഥാനം:

ഊജാർ ഗുളികസ്ഥാനം,, മുകേരു ദീനാൾവ ദേവസ്ഥാനം , ഇച്ചിലം പാടി ബള്ളം പാടി,വിജയഗിരി ഗുളികസ്ഥാന മുതലായവ ഈ പഞ്ചായത്തിലെ പ്രധാന ആരാധനാലയ കേന്ദ്രങ്ങളാണ്.

വിരാജ്ജനേയ ഭജനമന്ദിരം , അണ്ടിത്തഡുക്ക രാമാജ്ജനേയ ഭജനമന്ദിരം , കുളത്തൂർ ശാരദാംബ ഭജനാമന്ദിരം , കാർലെ എന്നിവയും ആരാധനാകേന്ദ്രങ്ങളാണ്.

59. മാപ്പിള സാഹിത്യത്തിന് കുമ്പള പഞ്ചായത്തിന്റെ സംഭാവന മഹത്തരമായിരുന്നു. കേരള സംസ്ഥാനത്ത് മുഴുവൻ പ്രസിദ്ധിയാർജിച്ച പക്ഷിപ്പാട്ട് , പുതിയ നിക്കാഹ് മല , അഹ്ദാമാര തരാട്ട്, കുറത്തിപ്പാട്ട് എന്നി കൃതികൾ കുമ്പളയുടെ സംഭാവനയാണ്. പ്രസിദ്ധ കവികളായ മുബ്നു ഫഖി, ബാലമുബ്നു ഫഖി , അഹ്മദ് ഇസ്മയിൽ , നടത്തോപ്പിൽ അബ്ദുല്ല നടത്തോപ്പിൽ മമ്മുഞ്ഞി ഹാജി , നടത്തോപ്പിൽ കുഞ്ഞയിശു , മമ്മുഞ്ഞി മുസ്ല്യർ എന്നി മഹൽ വ്യക്തികളെല്ലാം കുമ്പള പഞ്ചായത്തിലെ നിവാസികളായിരുന്നു. ഇവരുടെ നേതൃത്വത്തിൽ സബീന പാട്ടുകൾ മക്കാനി, ദഫ്മുട്ട്, ഒപ്പന , കൈമുട്ട് പാട്ട് , എന്നി മാപ്പിള കലാപരിപാടികൾ മൊഗ്രാലിൽ നടന്നിരുന്നു.

ഗ്രാമീണ യുവതിയുവാക്കളുടെ കായികഅഭിരുചിക്കനുസരിച്ച് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ജില്ലാപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ കായികമത്സരങ്ങളായ കബഡി, ഫുട്ബാൾ, വോളിബോൾ ക്രിക്കറ്റ് , ഷിട്ടിൽകോക്ക് എന്നിവയും ഹൈജംപ്, ഓട്ടവും റിലേ ഓട്ടമത്സരവും നടത്തപ്പെടുന്നു.

സാംസ്കാരിക ഇനത്തിൽ , നാടകം, ഡാൻസ്, ഒപ്പന, മാപ്പിള പാട്ടു മത്സരം , തിരുവാതിര, ശാസ്ത്രീസംഗീതം, മോഹിനിയാട്ടം, ഭരതനാട്യം, ലളിതഗാനം എന്നി മത്സരവും നടത്തിവരുന്നു.

പഴയകാല കേരള യുണിവേർസിറ്റി ക്യാപ്റ്റൻ പി.സി. മുഹമ്മദ് കുഞ്ഞി , കാലിക്കറ്റ് യുണിവേഴ്സിറ്റി ക്യാപ്റ്റൻ അമ്പാടി, മൈസൂർ യുണിവേഴ്സിറ്റി ക്യാപ്റ്റനായിരുന്ന പി. എ. സലീം , മാംഗ്ലൂർ യുണിവേഴ്സിറ്റി ടിം ക്യാപ്റ്റൻമാരയിരുന്ന പി. സി അസിഫ്, ഷാജഹാൻ എന്നിവർ പഞ്ചായത്തുകാരാണ്. സംസ്ഥാനതല ഫുട്ബോൾ മത്സരങ്ങളിലും പ്രശസ്തരായ ടൂർണ്ണമെൻറുകളിൽ കളിച്ച എം. പി. ഫക്രുദ്ദീൻ , എച്ച് സുബ്ബയ്യ ഷെട്ടി , അബ്ദുല്ല പെർവാഡ് , ഉക്രപ്പ , ഇപ്പോഴത്തെ കാസർകോട് ജില്ലാ ഫുട് ബാൾ ക്യാപ്റ്റൻ എച്ച് . എ. ഖാലിദ് മുതലായവർ ഈ പഞ്ചായത്തുകാരാണ്.

കായിക ലോകത്ത് പ്രശസ്തിയാർജിച്ച ക്രിക്കറ്റ് താരം അനിൽ കുബ്ലെയുടെ തറവാട് കുമ്പള പഞ്ചായത്തിലായതിനാൽ അന്താരാഷ്ട്രതലത്തിൽ പ്രശസ്തിയും ഈ പഞ്ചായത്തിനുണ്ട്. ലക്കി സ്റ്റർ സ്പോർട്സ് ക്ലബ്ബ് മൊഗ്രാൽ സ്പോർട്സ് ക്ലബ്ബിൻെറയും ആഭിമുഖ്യത്തിൽ രണ്ട് അഖിലേന്ത്യ ഫുട്ബാൾ മത്സരം ഈ പഞ്ചായത്തിൽ നടന്നിരുന്നു. കുടാതെ 1995 മുതൽ പ്രശസ്തരായ ഫുട്ബാൾ ടീമുകളെ ഉൾപ്പെടുത്തി മൊഗ്രാലിൽ ഫ്ളഡ് ലൈറ്റ് മത്സരവും നടത്താറുണ്ട്. കുടാതെ വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വലുതും ചെറുതുമായ ഫുട്ബാൾ , വോളിബോൾ , ക്രിക്കറ്റ് , ബഡ്മിൻറൻ കമ്പവലി മുതലായ മത്സരങ്ങളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്നു. ക്ലബ്ബുകളുടെ വാർഷികോത്സവത്തിൻെറ ഭാഗമായി ഗാനമേള, നാടകം , ഒപ്പന , ദഫ്മുട്ട് കഥകളി മുതലായ മത്സരവു നടത്തിവരുന്നു.വീരാജ്ജനേയ വ്യായാമശാല കുമ്പള, വീര ഹനുമാൻ വ്യായാമ ശാല ദർബാർ കട്ട എന്നിവിടങ്ങളിൽ താലിം പരിശീലനവും പ്രദർശനവും നടത്തിവരുന്നു. ഈ പഞ്ചായത്തിൻെറ സാംസ്കാരിക ചരിത്രം വളരെ പഴക്കമുള്ളതാണ്.

കലാകായിക സാംസ്കാരിക സംഘടനകൾ

1. മൊഗ്രാൽ യൂത്ത് ക്ലബ്ബ് , മൊഗ്രാൽ
2. ഇൻത്തിഫാദ യൂത്ത് ഓർഗനൈസേഷൻ കുമ്പള
3. മൊഗ്രാൽ സ്പോർട്സ് ക്ലബ്ബ് മൊഗ്രാൽ
4. ചിരംഞ്ജീവി സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ് കുമ്പള
5. വിവേകാനന്ദ ആട്സ് ആൻറ് സ്പോർട്സ് ക്ലബ് കുമ്പള.
6. ഗോപാലകൃഷ്ണ സ്പോർട്സ് ക്ലബ് കുമ്പള
7. ശ്രീകൃഷ്ണ യുവക് മണ്ഡല കുമ്പള
8. സന്ധ്യ ഫ്രൻറ്സ് ക്ലബ്ബ് മുളിയഡുക്ക.

9. മഹാദേവ സ്പോർട്സ് ക്ലബ് കളത്തൂർ
10. ശാസ്ത യുവക് മണ്ഡലം നായിക്കാപ്പ്
11. കുമ്പോൽ ഫ്രൻറ്സ് ക്ലബ്ബ് ആരിക്കാടി.
12. സോമനാഥ യുവക മണ്ഡലം അമ്പിലഡുക്ക.
13. യംഗ് മെൻസ് മുസ്ലിം അസോസിയേഷൻ മെഗ്രാൽ
14. യുത്ത്സ് കൊപ്രാ ബസാർ,മൊഗ്രാൽ
15. കുമ്പള ടൗൺ ക്ലബ്ബ്
16. നവോദയ മഹിളാസമാജംകുമ്പള
17. മല്ലികാർജ്ജുന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ആരിക്കാടി
18. കുട്ടംകാറഡുക്ക ഫ്രൻറ്സ് ക്ലബ്ബ് കുമ്പള
19. നവ സേവ വൃന്ദ അമ്പലഡ്ക്ക
20. യുവശക്തി ആർട്സ് ക്ലബ്ബ് തലകനഗർ
21. കണിപുര ഗോപാലകൃഷ്ണ ഫ്രൻറ്സ് സർക്കിൾ കുമ്പള
22. സന്ധ്യ സംഗമ കുമ്പള
23. ലക്കിസ്റ്റാർ സ്പോർട്സ് ക്ലബ്ബ് കുമ്പള
24. പ്രിയ ദർശിനി കലാകായികകേന്ദ്രം, കിദൂർ
25. ഡയമണ്ട് സ്റ്റാർ സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ് കുമ്പള
26. ഫേമസ് സ്പോർട്സ് ക്ലബ് ദിഡ്മ ബംബ്രാണ
27. തരംഗിണി സ്പോർട്സ് ക്ലബ് കുമ്പള
28 ഡബിൾ സ്റ്റാർ സ്പോർട്സ് ക്ലബ് ബംബ്രാണ
29. മസ്ത് ഫ്രൻറ്സ് ക്ലബ്ബ് ബംബ്രാണ
30. ബദ്രിയ നഗർ യുത്ത് ക്ലബ്ബ്
31. പെർപാഡ് യുത്ത് ക്ലബ്ബ്
32. സോമനാഥ യുവക മണ്ഡലം കുമ്പള
33. കുമ്പോൽ സീമെൻസ് അസോസിയേഷൻ കുമ്പോൽ
34. റഹ്മാനിയ ദഫ് സംഘം മാവിനകട്ട കുമ്പള
35. സി.എം. മടവൂർ സ്മാരക ദഫ് സംഘം മൊഗ്രാൽ
36. അൽഅമീൻ കോൽക്കളി സംഘം മൊഗ്രാൽ
37. മാപ്പിള കവി മർഹും അഹ്മദ് ഇസ്മയിൽ സ്മാരക മാപ്പിള കാലാ സാംസ്കാരിക , സാഹിത്യ സമിതി, മൊഗ്രാൽ
38. പള്ളം ക്രിക്കറ്റ് ക്ലബ്ബ് മൊഗ്രാൽ
39. സൈഫുൽ ഹുദ ദഫ് സംഘം കുമ്പോൽ
40. മഅ്ദനൂൽ ഉലും ഓർഗനൈസേഷൻ കുമ്പോൽ
41. മൊഗ്രാൽ ഷട്ടിൽ ക്ലബ്ബ് മൊഗ്രാൽ
42. ടി. സി. ഗ്രൂപ്പ് , മൊഗ്രാൽ
43. ലയം സാംസ്കാരിക നിലയം മൊഗ്രാൽ
44. വിക്രം ഫ്രണ്ട്സ് ക്ലബ്ബ് ബംബ്രണ
45. ശ്രീദേവി കലാസാംസ്കാരിക സംഘം കാർളെ
46. മിത്രവൃന്ദ പഞ്ചിക്കൽ കിദൂർ
47. അയ്യപ്പ ഭജന സംഘം കുമ്പള
48. വീരമാരുതി വ്യായാമശാല ആൻറ് ഫ്രൻറ്സ് ക്ലബ്ബ് ദർബക്കട്ടെ
49. വീരമാരുതി വ്യായാമശാല കുമ്പള.
50. തൃശൂർ ക്രിക്കറ്റ് ക്ലബ്ബ് കുമ്പള.
51. സ്നേഹാലയം മൊഗ്രാൽ

ഈ പഞ്ചായത്തിൽ മലയാളം കന്നഡ തമിഴ്, തെലുഗു മുതലായ ഭാഷകളിലുള്ള പത്രങ്ങൾ , മാസികൾ , ദൈവ രികകൾ, ആഴ്ചപതിപ്പുകൾ , ബാല പ്രസിദ്ധികരണങ്ങ എന്നിവ പ്രചാരത്തിലുണ്ട്.

പത്രത്തിൻെറ പേര്	എണ്ണം
1. മലയാള മനോരമ (മലയാളം)	300
2. മാതൃഭൂമി (മലയാളം)	250
3. ദീപിക (മലയാളം)	25
4. ദേശാഭിമാനി (മലയാളം)	50
5. മംഗളം (മലയാളം)	75
6. കേരളകൗമുദി (മലയാളം)	50
7. ഇന്ത്യൻ എക്സ്പ്രസ്(ഇംഗ്ലീഷ്)	50
8. ഉദയവാണി (കന്നഡ)	400
9. മുംഗാരു (കന്നട)	30
10. ഉത്തരദേശം (മലയാളം)	350
11. ചന്ദ്രിക (മലയാളം)	125
12. മാധ്യമം (മലയാളം)	120
13. സിറാജ് (മലയാളം)	50
14. കാരവൽ (മലയാളം)	100
15. രാഷ്ട്രദീപിക (മലയാളം)	50
16. ഉത്തരമലബാർ(മലയാളം)	10
17. ലേറ്റസ്റ്റ് (മലയാളം)	50
18. കാസർകോട് സമാചാർ (കന്നഡ)	50
19. ഖഡിനാട് (കന്നഡ)	150
20. പ്രതിസൂര്യ (കന്നഡ)	200
21. കറാവളി അലെ (കന്നഡ)	50
22. മംഗ്ലൂർ മിത്ര (കന്നഡ)	100
23. ഭൈയ്യെ മല്ലിഗെ (കന്നഡ)	150
24. ഹൊസദിഗംന്തെ (കന്നഡ)	50
25. സംയുക്ത കർണ്ണാടക (കന്നഡ)	50
26. കന്നഡ പ്രഭ (കന്നഡ)	50
27. ഹിന്ദു (ഇംഗ്ലീഷ്)	
28. കാനറാ ടൈംസ് (ഇംഗ്ലീഷ്)	
29. മോർണിംഗ് നൂസ്	

വാരികകൾ	എണ്ണം
1. മലയാള മനോരമ (മലയാളം)	450
2. മംഗളം (മലയാളം)	450
3. ഇന്ത്യ ടുഡേ (മലയാളം)	70
4. ഇന്ത്യ ടുഡേ (ഇംഗ്ലീഷ്)	20
5. ഇന്ത്യ ടുഡേ (തമിൾ)	10
6. കേരളശബ്ദം (മലയാളം)	35
7. മാതൃഭൂമി (മലയാളം)	15
8. കലാകൗമുദി	5
9. ചന്ദ്രിക	10
10. ദീ വീക്ക് (ഇംഗ്ലീഷ്)	10
11. സുധ (കന്നഡ)	350
12. തരംഗ	350
13. ലങ്കേഷ്	25
14. വനിത സംഞ്ചിക	300
15. കുട്ടികളുടെ വാരിക പ്രസിദ്ധികരണം	1100
16. സിനിമ വാരികകൾ	275
17. കാർഷിക വാരികകൾ	60
18. സ്പോർട്സ് വാരികകൾ	150
19. മറ്റുവക പ്രസിദ്ധികരണങ്ങൾ	350

പ്രശ്നങ്ങൾ

1. ഗ്രാമീണ കലയ്ക്ക് വേണ്ടത്ര പ്രേത്സാഹനം കിട്ടുന്നില്ല.
2. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ വേണ്ടത്ര സാംസ്കാരിക കേന്ദ്രങ്ങൾ ഇല്ല.
3. സാംസ്കാരിക സംഘങ്ങളിൽ റോഡിയോ, ടിവി എന്നിവ നിലവിലില്ല.
4. ഗ്രാമപ്രദേശങ്ങളിൽ വയനാശാലകൾ ഇല്ല.
5. ഗ്രാമ പ്രദേശങ്ങളിൽ പൊതു കളിസ്ഥലങ്ങൾ ഇല്ല.
6. യക്ഷഗാനം തുടങ്ങിയ നാടൻ കലകൾക്ക് പ്രേത്സാഹനം ലഭിക്കുന്നില്ല.
7. സാംസ്കാരിക സംഘടനകൾക്ക് സൗജന്യമായി പത്രങ്ങൾ ലൂഭിക്കുന്ന സംവിധാനം ഇല്ല.
8. പഞ്ചായത്തിൽ ആധുനിക സൗകര്യമുള്ള കളിസ്ഥലം നിലവിലില്ല.
9. പഞ്ചായത്തിലെ ജനവിദ്യാകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല.

സാധ്യതകൾ

1. ഗ്രമീണ കലകളെ പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം
2. നെഹ്റു യുവക്കേന്ദ്രയുടെ പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമാക്കണം.
3. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ മത്സ്യതൊഴിലാളി കോളനികൾ ലക്ഷം വീട് കോളനികൾ എന്നിവിടങ്ങളിൽ ടി. വി. റേഡിയോ മുതലായ സംവിധാനങ്ങളോട് കുടി സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.
4. സ്പോർട് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം
5. സാംസ്കരിക സംഘടനകൾക്ക് ഒരു ദിനപത്രം , മാസിക , വാരിക -യെങ്കിലും ലഭ്യമാക്കണം.
6. കുമ്പളയിൽ സ്ഥാപിക്കുന്ന പാർത്ഥസുബ്ബ കലാ കേന്ദ്രം ദേശീയതലത്തിലുള്ള പരിശീലന കേന്ദ്രമാക്കി മാറ്റുവാൻ നടപടിയെടുക്കണം.
7.. തുടർ സാക്ഷരത പദ്ധതി കാര്യക്ഷമമാക്കണം.
8. ലളിതകലാ അക്കാഡമി , സംഗീതനാടക അക്കാഡമി ചിത്രകല അക്കാഡമി സാഹിത്യ അക്കാഡമി എന്നിവയുടെ പ്രവർത്തന മേഖാല പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കണം.
9. പഞ്ചായത്തിലെ കലാ കായിക സാംസ്കാരിക രംഗങ്ങളിലുള്ള പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ച് കൊണ്ട് എല്ലാവർഷവും പഞ്ചായത്ത് മാഗസിൻ പുറത്തിറക്കണം
10. ആധുനിക സൗകര്യങ്ങളോടു കുടിയ ഒരു സ്റ്റേഡിയം കോംപ്ലക്സ് പഞ്ചായത്തിൽ സ്ഥാപിക്കണം

സാംസ്കരികമായി കുമ്പള പഞ്ചയത്ത് പുരാതനമായി തന്നെ വിവിധ മേഖലകളിൽ പ്രസിദ്ധമാണ്. കൊറഗ തനിയ, കല്ലുരുട്ടി, പഞ്ചുർളി , ഗുളിക , കുറത്തി തുടങ്ങിയ ദൈവങ്ങളെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരാധിച്ചുവരുന്നുണ്ട്. കുമ്പളയിലെ പൊയ്യ കണ്ടത്തിലെ കൊറഗ തണിയ ദൈവ ം വളരെ പ്രസിദ്ധമാണ് കുമ്പള പഞ്ചായത്തിലെ മുടികൈടഞ്ചെ എന്ന സ്ഥലത്ത് കുമ്പള സീമയിൽ ഗട്ടസമാജക്കാരുടെ ഒരു ഗട്ടിസമാജ ഭവനം നിലവിലുണ്ട്. ഏകദേശം അൻപതു വർഷത്തോളമായി ഇവിടെ ഗട്ടിസമാജരക്കരുടെ സമൂഹിക വിവാഹം നടന്നു വരുന്നുണ്ട്. ധീവര സമുദായക്കർക്കും കുമ്പള ഗോപാലകൃഷ്ണ ക്ഷേത്രത്തിൽ പ്രത്യേക ജോലിയുണ്ട് കോഴിയങ്കം വളരെ പുരാതനകാലത്തുതന്നെ ഈ പഞ്ചായത്തിൽ നടന്നുവരുന്ന ഒരു വിനോദമാണ്. അമ്പല പരിസരത്തും ഭൂതസ്ഥന പരിസരത്തും ഉത്സവം കഴിഞ്ഞ് നടത്തിവരാറുള്ള ഒരു വിനോദമാണിത്. ഇന്നും ഇതിന് വളരെയധികം പ്രോത്സാഹനം നൽകി വരുന്നുണ്ട്.



X

സഹകരണ മേഖല

കഴിഞ്ഞ ഒമ്പത് ദാശാബ്ദങ്ങൾ കൊണ്ട് സഹകരണ പ്രസ്ഥാനം ഒരു വലിയ വടവൃക്ഷം പോലെ ഭാരതമാകെ വളർന്ന് പന്തലിച്ച് നിൽകുന്നു. കാംകോ, ഇഫ്കോ, അമുൽ തുടങ്ങിയ കുറ്റൻ സ്ഥാപനങ്ങളും സഹകരണ മേഖലയിലുള്ള മഹാരാഷ്ട്രയിലെപഞ്ചസാരമില്ലുകളും കേരളത്തിലെ സഹകരണബാങ്കുകളും എല്ലാം തന്നെ നമ്മെ ആവേശഭരിതരാക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ പ്രസ്ഥാനം വളർന്നു കഴിഞ്ഞു.

സഹകരണം കുമ്പള പഞ്ചായത്തിൽ

1934 ലിലാണ് ഇച്ചിലം പാടി, കുമ്പള മുതലായ സ്ഥലങ്ങളിൽ ചെറുകിടസംഘങ്ങൾ (ഫണ്ട്) രൂപീകൃതമായത്. ആദ്യകാലങ്ങളിൽ വേണ്ടത്ര പ്രോത്സാഹനം ഈ മേഖലയിൽ ലഭിച്ചില്ല. 1952 ഫെബ്രുവരി 24ന് കുമ്പള സഹകരണ ബേങ്ക് പ്രവർത്തനമാരംഭിച്ചു. ശ്രീ കെ. എസ് നായക്ക് ആയിരുന്ന ഇതിന്റെ സ്ഥാപകൻ.പണ്ടു കാലത്തുണ്ടായ ചെറു സംഘങ്ങൾ കാലക്രമേണ ഈ ബാങ്കിൽ ലയിക്കുകയാണുണ്ടായത്. ആരംഭത്തിൽ ഈ ബേങ്കിനും വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. കുമ്പള പഞ്ചായത്ത് ബോർഡ് പ്രസിഡൻറാണ്ടായിരുന്ന കണ്ണപ്പൻ ഈ ബേങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രമിക്കുകയും തുടർന്ന് ഹസൻകുട്ടി (അച്ചു പട്ടേലർ) ഇതിന്റെ പ്രസിഡൻറു കണ്ണപ്പൻ സെക്രട്ടറിയുമായി ഭരണസമിതി നിലവിൽ വന്നതിനുശേഷം മാത്രമാണ് പ്രവർത്തനം കാര്യക്ഷമമായത്. പിന്നിട് ഈ ബേങ്ക് പൊതുവിതരണ മേഖലയിലേക്കും മറ്റിതര മേഖലയിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുകയും തുടർന്ന് കുമ്പള സർവ്വീസ് സഹകരണ ബാങ്ക് എന്നായി പുനർനാമകരണം ചെയ്യപെടുകയുമാണുണ്ടായത്.

വിവിധ മേഖലകളിലായി 12 സഹകരണസ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും (പട്ടിക അന്യത്ര) കുമ്പള സർവ്വീസ് സഹകരണബേങ്ക് , ജില്ലാ സഹകരണ ബേങ്ക് കുമ്പള ശാഖ എന്നിവ ബാങ്കിംഗ് രംഗത്തും മുറ്റുള്ള ഇതരമേഖലകളിലും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

കുമ്പള സർവ്വീസ് സഹകരണ ബേങ്ക് : 1952ൽ റജിസ്റ്റർ ചെയത് പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം ഇന്ന് വളരെ ഉയർന്ന നിലവാരം പുലർത്തുന്നു. കാർഷിക വായ്പ , സ്വർണ്ണപണയവായ്പ, കച്ചവട ആവശ്യത്തിനുള്ള വായ്പ, വിവിധ ക്ഷേമപ്രവർത്തനത്തിനുള്ള വായ്പ എന്നിവയ്ക്ക് പുറമെ നാലോളം പൊതുവിതരണകേന്ദ്രവും നടത്തിവരുന്നു.ഈ ബേങ്കിന് ബംബ്രാണയിൽ ഒരു ശാഖയും പ്രവർത്തുച്ചുവരുന്നു.

(വിവരണം പട്ടിക 1)

മത്സ്യതൊഴിലാളി ക്ഷേമനിധി സഹകരണ സംഘം

1994 ൽ കുമ്പള ആസ്ഥാനമായ കോയിപ്പാടി മത്സ്യ തൊഴിലാളി ഷേമനിധി സഹകരണ സംഘം രൂപീകൃതമായി. പാവപ്പെട്ട മത്സ്യതൊഴിലാളികൾക്ക് വായ്പകൾ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ മറ്റു ക്ഷേമ പ്രവർത്തനങ്ങൾ മുതലായ കാര്യങ്ങൾ നടത്തിവരുന്ന ഈ സഹകരണസ്ഥാപനങ്ങൾ ചുരുങ്ങിയ വർഷം കൊണ്ടു തന്നെ തൊഴിലാളികളുടെ പരിപൂർണ്ണ സഹകരണം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട് . ഈ സംഘത്തിൽ ഇപ്പോൾ 641 അംഗങ്ങളുണ്ട്.

ജില്ലാ സഹകരണ ആശുപത്രി

1987 ൽ കുമ്പള കേന്ദ്രമായി ജല്ലാ സഹകരണ ആശു

പത്രി നിലവിൽ വന്നു. വളരെ ചെറിയ രീതിയിൽ പ്രവർത്തനം ആരംഭിച്ച ഈ സഹകരണ സ്ഥാപനത്തിന് ചുരുങ്ങിയ സമയം കൊണ്ടുതന്നെ ആതുര ശുശ്രൂഷരംഗത്ത് വളരെ നല്ല രീതിയിലുള്ള പ്രവർത്തനം സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കിടത്തി ചികിത്സിക്കുവാനുള്ള സംവിധാനം വിദഗ്ദ ഡോക്ടർമാരുടെ സേവനം തുടങ്ങിയ സംവിധാനങ്ങളുള്ള ഈ ആശുപത്രയിൽ ഇപ്പോൾ ആംബുലൻസ് സൗകര്യവും ലഭ്യമാണ്. 35 ഓളം ജീവനക്കാർ ജോലിചെയ്യുന്നു.

ഭവന നിർമ്മാണ സഹകരണ സംഘം

കുമ്പള ഭവനനിർമ്മാണ സഹകരണസംഘം 1955 മുതൽ കുമ്പള ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. ഭവന നിർമ്മാണ രംഗത്ത് പുതിയൊരു അദ്ധ്യയം തുറക്കുന്നതിന് ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

വനിതാ സഹകരണ സംഘം.

മഞ്ചേശ്വരം ബ്ലോക്ക് വനിത സഹകരണ സംഘം കുമ്പള കേന്ദ്രകരിച്ച് പ്രവർത്തിച്ചുവരുന്നു.

മർച്ചന്റ് വെൽഫെയർ സഹകരണ സംഘം

കുമ്പള മർച്ചന്റ് വെൽഫെയർ സഹകരണസംഘം കുമ്പളയിൽ കുമ്പള ആസ്ഥാനമായി റജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിരിക്കുന്നു.വിവിധ മേഖലകളിൽ വാണിജ്യ , വ്യവസായ സ്ഥാപനങ്ങൾ നടത്തിവരുന്നവർ ഇപ്പോൾ പ്രധാനമായും ആശ്രയിക്കുന്നത് ഈ സ്ഥാപനത്തെയാണ്. ഇതിന്റെ പ്രവർത്തനം സഹകരണ സ്ഥാപനവുമായി സംയോജിപ്പിച്ചാൽ കുടുതൽ ഗുണകരമായി പ്രവർത്തിക്കുവാൻ സാധിക്കും.

സ്കൂൾ സഹകരണ സംഘം

വിവിധ സ്കൂളുകളിലായി ഈ പഞ്ചായത്തിൽ അഞ്ചോളം സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു.

ജില്ലാ സഹകരണ ബേങ്ക് :

കാസർകോട് ജില്ലാ സഹകരണ ബേങ്കിന്റെ കുമ്പള ശാഖ കുമ്പള ടൗണിൽ പ്രവർത്തിച്ചു വരുന്നു. 1989 ൽ പ്രവർത്തനം ആരംഭിച്ച ഈ ശാഖയിലൂടെ അംഗസംഘങ്ങൾ മുഖേന ഹ്രസ്വകാല , മദ്ധ്യ കാല കാർഷിക വായ്പകളും കാർഷികേതരവായ്പകളും നൽകിവരുന്നു. കൂടാതെ നേരിട്ട് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനും ചെറുകിട വ്യവസായങ്ങൾക്കും ചെറിയ വാഹനങ്ങൾ വാങ്ങുന്നതിനും വായ്പനൽകിവരുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വിപണന-ഉപഭോക്തൃ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നിലവിലില്ല.

2. രാഷ്ട്രീയ അതിപ്രസരവും സർക്കാർ ഇടപെടലും സഹകരണസംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

3. വായ്പകൾ കൃത്യസമയത്ത് തിരിച്ചടക്കാത്തത് ഈ മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

4. സഹകരണ ബേങ്കുകൾക്ക് വേണ്ടത്ര നിക്ഷേപം ലഭിക്കുന്നില്ല.

5. സഹകരണ സംഘത്തെക്കുറിച്ച് അംഗങ്ങൾക്ക് വേണ്ടത്ര അറിവ് നൽകുന്നതിനുള്ള പരിശീലനം നൽകുന്ന സമ്പ്രദായമില്ല.

6. ഭവനനിർമ്മാണസഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലമല്ല

7. ക്ഷീരസഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചമല്ല.

8. ജില്ലാസഹകരണ ആശുപത്രിക്ക് സ്വന്തമായ സ്ഥലമോ കെട്ടിടമോ ഇല്ല. സ്ഥലം ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാറിന്റെ തീരുമാനമാകാതെ കെട്ടികിടക്കുന്നു.

9. പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘത്തിന്റെ സെക്രട്ടറിയുടെ നിയമനത്തിന്റെ അംഗീകാരം സഹകരണ വകുപ്പിൽ തീരുമാനമാകാതെ നിൽക്കുന്നു ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട പ്രവർത്തനം സംഘടിപ്പിക്കണം.

10. കുമ്പള സർവ്വീസ് സഹകരണ ബാങ്ക് മെച്ചപ്പെട്ട

പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും വിവിധ തരം വായ്പകൾ നബാർഡ് റീഫൈനാൻസോടുകൂടി നൽകുന്നില്ല. നബാർഡ് റീഫൈനാൻസ് ഏർപ്പെടുത്തിയാൽ അത് ജനങ്ങൾക്ക് കൂടുതൽ ഗുണം ചെയ്യും

11. കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് പ്രവർത്തിക്കുന്ന വിപണന സംഘം ഇപ്പോൾ നിലവിലില്ല.

12. വിവിധ തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മതിയായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

സാധ്യതകൾ

1. ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തിയാൽ ഭവന നിർമ്മാണ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും.

2. പഴം പച്ചക്കറി വിപണനത്തിന് ഒരു സഹകരണ സംഘം സ്ഥാപിക്കണം

3. കാർഷിക ഉൽപന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനുമായി ഒരു സഹകരണ സംഘം രൂപീകരിക്കണം.

4. സഹകരണസംഘത്തിന്റെ പരിധിയിൽ വരുന്നവർക്കെല്ലാം കക്ഷിരാഷ്ട്രീയം നോക്കാതെ അംഗത്വം നൽകണം.

5. പഞ്ചായത്തിൽ മെച്ചപ്പെട്ട ക്ഷീരോത്പാദക സഹകരണസംഘം ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം.

6. സഹകരണ സംഘങ്ങളിൽ സർക്കാർ കൈകടത്തലുകൾ അവസാനിപ്പിക്കണം.

7. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട് . അതിന്റെ പ്രവർത്തനം വിപുലികരിക്കുകയും പഞ്ചായത്തിലെ മുഴുവൻ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിനും ഗുണംലഭിക്കുവൻ വേണ്ട പരിപാടികൾ ആവിഷ്കരിക്കേണ്ടതുമാണ്.

സഹകരണ രംഗത്തെ മേൽപറഞ്ഞ പ്രശ്നങ്ങളും സാദ്ധ്യതകളും ഗ്രാമസഭയിലും വികസന സെമിനാറിലും ഉണ്ടായ ചർച്ചകളുടെ ഫലമായി ഉരുത്തിരിഞ്ഞുണ്ടായതാണ്. ഈ പഞ്ചായത്തിലെ രണ്ടോ മൂന്നോ സംഘങ്ങൾ ഒഴികെ ബാക്കിയുള്ള മുഴുവൻ സംഘങ്ങളുടേയും പ്രവർത്തനം തൃപ്തികരമല്ല മുഴുവൻ സംഘങ്ങളേയും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പരിപാടികൾ പദ്ധതികാലത്ത് ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

അമിതമായ രാഷ്ട്രീയ ഇടപെടലുകാരണം സഹകരണ പ്രസ്ഥാനം വളരെയധികം വെല്ലുവിളികൾ നേരിടുന്നു. ഇത് തടയുന്നതിന് മോഡൽ സഹകരണനിയമം നടപ്പിലാക്കുന്നതിന് വേണ്ടത് ചെയ്യണം. വായ്പാരംഗത്ത് ഇന്നുള്ള ത്രിതല സംവിധാനം അവസാനിപ്പിച്ച് ദ്വിതല സംവിധാനം നടപ്പിലാക്കുകയാണെങ്കിൽ കർഷകർക്ക് നൽകുന്ന വായ്പക്കുള്ള പലിശയിൽ കുറവു വരുത്തുവാൻ സാധിക്കും വായ്പരംഗത്ത് വർദ്ധിച്ചുവരുന്ന കുടിശ്ശിക ഇല്ലാതാക്കാനുള്ള നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. സഹകരണം പരാജയപ്പെട്ടിട്ടില്ല. അത് വിജയിക്കുക തന്നെ ചെയ്യും.

പട്ടിക 1


സഹകരണരംഗത്തെ ബാങ്കിംഗ് മേഖല

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	നിക്ഷേപം	വായ്പകൾ കാർഷികം	വായ്പകൾ കാർഷികേതരം	വായ്പകൾ പ്രവർത്തന മൂലധനം	ലാഭം-നഷ്ടം	ആകെ. ജീവനക്കാർ
1.	കുമ്പള സർവ്വീസ് സഹകരണ ബേങ്ക്	1952	കുമ്പള പഞ്ചായത്ത്	2952	11ലക്ഷം	358ലക്ഷം	322	306	430	ലാഭം	22
2.	ജില്ലാ സഹകരണ ബേങ്ക് കുമ്പള ശാഖ	1989	കുമ്പള മൊഗ്രാൽ പുത്തൂർ പഞ്ചായത്ത്	--		61ലക്ഷം	125	87	-	ലാഭം	5

പട്ടിക 2

ഇതര സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	ഉദ്ദേശം	അംഗങ്ങളുടെ സംഖ്യ
1.	കോയിപ്പാടി മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം	1994	മത്സ്യതൊഴിലാളി ക്ഷേമ പ്രവർവർത്തനം	641
2.	കുമ്പള ഹൗസിംഗ് കോ. ഓപ്പ് സൊസൈറ്റി	1955	ഭവന നിർമ്മാണം	561
3.	കുമ്പള ക്ഷീരോൽപാദക സഹകരണ സംഘം	ലഭ്യമല്ല	പാലുൽപാദന രംഗത്തെ പ്രവർത്തനം	ലഭ്യമല്ല.
4.	കുമ്പള സഹകരണ ജില്ലാ ആശുപത്രി	1987	ആതുര ശുശ്രൂഷ	655
5.	കുമ്പള മർച്ചൻറ്സ് വെൽഫെയർ സഹകരണ സംഘം	1990	കച്ചവടക്കാരുടെ ക്ഷേമപ്രവർത്തനം	250
6.	മഞ്ചേശ്വരം ബ്ലോക്ക് മഹിള സഹകരണ സംഘം		വനിതകളുടെ ക്ഷേമം തൊഴിൽ ലഭ്യമാക്കൽ	461
7.	കുമ്പള ജി. എച്ച് എസ് സഹകരണ സംഘം	ലഭ്യമല്ല.	സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും പരോഗതി	ലഭ്യമല്ല.
8.	കുമ്പള ജിഎച്ച് എസ് ബി. എസ് സഹകരണ സംഘം	ലഭ്യമല്ല.	"	ലഭ്യമല്ല.
9.	കുമ്പള എച്ച് എഫ് എ. എസ് ബി എസ് സഹകരണ സംഘം	ലഭ്യമല്ല.	"	ലഭ്യമല്ല.
10.	കുമ്പള പഞ്ചായത്ത് പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘം	1988	പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനം	66



XI

പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം

കുമ്പള പഞ്ചായത്തിന്റെ ജനസംഖ്യയിൽ 5.8 ശതമാനം പട്ടികജാതിക്കാരും 0.49 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. 91ലെ ജനസംഖ്യാകണക്ക്പ്രകാരം ഇവരുടെ സംഖ്യ 2105 പട്ടികജാതിക്കാരും 155 പട്ടികവർഗ്ഗക്കാരും ആണെന്ന് കാണാവുന്നതാണ്. ഇവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 30 കോളനികളിൽ താമസിച്ചുവരുന്നു. വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഇവർ പിന്നോക്കരും സാമ്പത്തിക രംഗത്ത് വളരെയധികം പിന്നോക്കരുമാണ്. ഇവരിൽ അധികം പേരും ജോലിക്ക് സമമായ ശമ്പളം ലഭിക്കാതെ ചൂഷണത്തിന് ഇരയാവുന്നു. പണ്ട് കാലങ്ങളിൽ ഇവർ സമൂഹത്തിൽ ഒറ്റപ്പെട്ടവരായിരുന്നു. സ്വന്തമായി വീടൊ മറ്റു സൗകര്യങ്ങളോ ഇവർക്ക് ഉണ്ടായിരുന്നില്ല. കാലക്രമേണ സർക്കാർ കൊണ്ടുവന്ന വിവിധ പദ്ധതികൾ മുഖേന ഇവർക്ക് സമൂഹത്തിലെ മറ്റു വിഭാഗക്കാരുടെ അടുത്ത്വരെ എത്താൻ സാധിച്ചു. ഈ വിഭാഗക്കാരുടെ മുഖ്യതൊഴിൽ പായനെയ്ത്ത്, കൊട്ട മെടയൽ, പാളത്തൊപ്പി നിർമ്മാണം, കാർഷിവൃത്തി മുതലായവയായിരുന്നു. ഇപ്പോൾ ആധുനിക സംവിധാനങ്ങൾ നിലവിൽ വന്നതുകാരണം ഇവർക്ക് തൊഴിൽ സാധ്യത വളരെ കുറഞ്ഞിട്ടുണ്ട്. വേണ്ടത്ര സർക്കാർ സഹായം ഈ വിഭാഗത്തിന് ഉണ്ടെങ്കിലും വിദ്യാഭ്യാസ കുറവും അറിവില്ലായ്മയും കാരണം ഇവർ സഹായങ്ങൾ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. വിവിധ പദ്ധതികളുടെ കുറവും നടപടി ക്രമങ്ങളുടെ കാലതാമസവും കാരണം സഹായങ്ങൾ ആവശ്യമായ സമയങ്ങളിൽ ലഭിക്കുന്നുമില്ല. ഈ വിഭാഗക്കാരുടെ ജീവിതമാർഗ്ഗം സുഗമവും എളുപ്പവുമാകുന്നതിന് നടപടി അടിയന്തിരമായും കൈകൊണ്ടാൽ മാത്രമേ ഇവരുടെ ക്ഷേമം സാധ്യമാവുകയുള്ളൂ.

വിദ്യാഭ്യാസം :

സാക്ഷരത പരിപാടി കൊണ്ട് അക്ഷരാഭ്യസം നേടിയവർ അതിന്റെ തുടർ നടപടിയുമായി മുന്നോട്ട് കൊണ്ടുവരാത്തതുകൊണ്ടും തുടർ സാക്ഷരതാപ്രവർത്തനം ഇല്ലാത്തതുകൊണ്ടും വീണ്ടും നിരക്ഷരരായികൊണ്ടിരിക്കയാണ്. സ്വന്തം കുട്ടികളെപോലും സ്കൂളിൽ അയച്ച് വിദ്യാഭ്യാസം നൽകുന്നതിന് അധികം മാതാപിതാക്കൾക്കും ഉത്സാഹം കാണുന്നില്ല. ഇതിനെല്ലാം പ്രധാന കാരണം അടുത്ത സ്ഥലങ്ങളിൽ സ്കൂളുകളില്ല എന്നതും സ്കൂളിൽ ഉച്ചക്കഞ്ഞി വ്യവസ്ഥ ഇല്ലാത്തതുമാണ്. സമയാസമയങ്ങളിൽ പാഠപുസ്തകങ്ങളും വസ്ത്രങ്ങളും സാമ്പത്തിക സഹായവും ലഭ്യമല്ല. മാതാപിതാക്കൾ ജോലിക്ക് പോകുമ്പോൾ ചെറിയകുട്ടികളുടെ സംരക്ഷണം മൂത്തകുട്ടികളിൽ ഏൽപ്പിക്കുന്നതുകൊണ്ട് മുതിർന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നില്ല. വിഭിന്ന വർഗ്ഗങ്ങൾക്കിടയിൽ ഈ ജനങ്ങളെ വേണ്ടത്ര അറിവ് നൽകി അവരെ മുന്നോട്ട് കൊണ്ടുവന്നാൽ മാത്രമേ ഇതിന് പരിഹാരമാകുകയുള്ളൂ. ഈ പഞ്ചായത്തിൽ വിവിധ സ്കൂളുകളിലായി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 1997 വർഷത്തിൽ 513 പേരാണ്. ഇവരിൽ 270 വിദ്യാർത്ഥികളും 243 വിദ്യാർത്ഥിനികളും ഉണ്ട്. ഇവരിൽ 18 പേർ ചില കാരണങ്ങളാൽ പകുതിയിൽ വെച്ച് പഠിപ്പുനിർത്തിയിരിക്കുകയാണ്.

ഈ പഞ്ചായത്ത് വിദ്യാഭ്യസ സാംസ്കാരിക രംഗത്ത് 1935 മുതൽ തന്നെ പ്രമുഖരായ പലരും രംഗത്തുണ്ടായിരുന്നു. സ്വാതന്ത്ര്യസമര പോരാളിയായ കെ. സുന്ദര 1935 മുതഈൽ 1956 വരെ ദക്ഷിണ കന്നഡ ജില്ലാബോർഡ് മെമ്പറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം ഇന്നും ജീവിച്ചിരിക്കുന്നു.

കുമ്പള സ്വദേശികളായ ഡോക്ടർ മാലിങ്ക എഞ്ചിനിയർ അനന്ത എന്നിവർ ദക്ഷിണ കന്നഡ ജില്ലയിലെ തന്നെ പ്രഥമ മെഡിക്കൽ എഞ്ചിനിയറിംഗ് ബിരുദം കരസ്ഥമാക്കിയവരായിരുന്നു. ഡോക്ടർ മാലിങ്കൻ ജില്ലാ മെഡിക്കൽ ഓഫീസറായും ശ്രീ അനന്ത ചീഫ് എഞ്ചീനീയറായും കർണ്ണാടക സർവ്വീസിൽ നിന്ന് സേവനമനുഷ്ഠിച്ചിരുന്നു. വിദ്യാഭ്യാസരംഗത്ത് പ്രഥമ അദ്ധ്യപകനായി 1937 മുതൽ ശ്രീ രാമ മാസ്റ്റർ രംഗത്തുണ്ടയിരുന്നു.

അദ്ദേഹം ഇന്നും ജീവിച്ചിരിക്കുന്നു.

എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ തുടർന്ന് പഠിക്കുന്നതിന് മുന്നോട്ട് വരുന്നില്ല. പലരും പലതൊഴിൽ പഠിക്കുന്നതിന് താൽപര്യം കാണിക്കുന്നു. ഇത്തരത്തിലുള്ള വിദ്യാർത്ഥികളെ ഒഴിച്ചു നിർത്തിയാൽ ഉന്നത വിദ്യാഭ്യാസം നേടിയവർ നന്നേ കുറവാണ്. വിദ്യാഭ്യാസത്തിൽ മുന്നോട്ട് വന്നവർ തന്നെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിൽ മുന്നോട്ട് വരുന്നില്ല. ഇന്ന് വിരലിലെണ്ണാവുന്ന ആൾക്കാർ മാത്രമേ തൃപ്തികരമായ ജീവിതം നയിക്കുന്നുള്ളൂ. ഈ പഞ്ചായത്തിൽ അയിത്തം എന്ന ആചാരം തീരെയില്ല. ഈ പഞ്ചായത്തു പ്രദേശത്ത് സ്വന്തം ഭൂമിയുള്ള ആൾക്കാർ സർക്കാർ മേഖലയിൽ വീടു നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭിച്ചവരാണ്. പരിസരശുചീകരണം ഇല്ലായ്മകൊണ്ട് ഇവരുടെ ആരോഗ്യം മോശമായികൊണ്ടിരിക്കയാണ്. കക്കൂസ് നിർമ്മാണത്തിന് സർക്കാർ സഹായം ലഭ്യമാണെങ്കിലും ഇത് ശരിക്കും പ്രയോജനപ്പെടുത്തുന്നില്ല. ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടി സർക്കാർ മേഖലയിൽ നിന്നുള്ള സഹായം ലഭിക്കുന്നതിനു കാലാകാലങ്ങളിൽ നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതാണ്. സഹായത്തുക ലഭിക്കുകയാണെങ്കിൽ അത് ശരിക്കും ഉപയോഗപ്പെടുത്തുന്നില്ല. അധികം കോളനികളിലും വൈദ്യുതിയും ശുദ്ധജലവും എത്തിക്കുവാൻ സാധിച്ചിട്ടില്ല.

പ്രശ്നങ്ങൾ

1. കൃഷിജോലി ദിവസം തോറും കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഇവർക്ക് ജീവിക്കാൻ തന്നെ പ്രയാസം ആയിരിക്കുകയാണ്.

2. പരമ്പരാഗത തൊഴിലിന് വേണ്ടത്ര അസംസ്കൃത സാധനങ്ങൾ ലഭിക്കാത്തതുകൊണ്ടും ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്തതുകൊണ്ടും ഇവരുടെ ജീവിതം പ്രയാസകരമായിരിക്കുന്നു.

3. അധിക വീടുകൾക്കും വിദ്യുത്ശക്തിയോ, കുടിനീരോ ഇല്ല.

4. അടുത്തടുത്ത വീടുകൾ കാരണം അവരുടെ ആരോഗ്യ സ്ഥിതി വളരെ മോശമായിരിക്കുന്നു.

5. പാവപ്പെട്ട കുടുംബത്തിന്റെ ചികിത്സയ്ക്ക് വേണ്ട ധനസഹായം ലഭ്യമാകുന്നില്ല.

6. പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല.

7.. ഐ.ആർ.ഡി.പി. സ്കീമിൽ നിന്നുള്ള സഹായം യോഗ്യമായ രീതിയിൽ ലഭിക്കുന്നില്ല.

8. ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും സമയാസമയങ്ങളിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സഹായം ലഭിക്കുന്നില്ല.

9. അർഹതപ്പെട്ട സഹായങ്ങളെപ്പറ്റി ഇവർക്ക് വേണ്ടത്ര അറിവില്ല.

10. ഈ കോളനിയിൽ റോഡുകൾ പൂർണ്ണമായും ടാർ ചെയ്തിട്ടില്ല.

11. ജീർണ്ണാവസ്ഥയിലുള്ള വീടുകൾക്ക് പുനരുദ്ധാരണം നടത്താൻ സാധിച്ചിട്ടില്ല.

12. കോളനിയിൽ തെരുവ് വിളക്ക് സംവിധാനമില്ല.

13. ഉജാർ ഒഴികെ മറ്റു കോളനികൾക്കൊന്നും കമ്മ്യൂണിറ്റി സെൻററും ടി.വി.കേന്ദ്രവും ഇല്ല.

14. കോളനികൾക്ക് അനുകൂലമായ രീതിയിൽ പ്രാഥമിക പഠന ശാലകൾ നിലവിലില്ല.

സാധ്യതകൾ

1. എസ്.സി. എസ്.ടി. വിഭാഗത്തിന് നവോദയ വിദ്യാലയരീതിയിൽ ഒരു സ്കൂൾ നിർമ്മിക്കണം.

2. സർക്കാർ സഹായം ശരിയായ രീതിയിലും സമയനിഷ്ഠയിലും ലഭിക്കുവാനുള്ള സംവിധാനം വേണം.

3. ഈ വിഭാഗം കെട്ടുന്ന പുരകൾക്ക് വൈദ്യുതി ലഭ്യമാക്കുവാൻ മുൻഗണന വേണം.

4. എല്ലാ കുടുംബങ്ങൾക്കും കക്കൂസ്, കുളിമുറി വ്യവസ്ഥ നിർമ്മിക്കണം.

5. രോഗനിവാരണത്തിനും പേവിഷബാധയ്ക്കും എതിരായ കുത്തിവെയ്പിന് സൗകര്യവും ബോധവൽക്കരണവും നടത്തണം.

6. കോളനികളിലെ ജനങ്ങൾക്കായി പൊതുശ്മശാനം നിർമ്മിക്കണം.

7. കോളനികൾക്കുള്ള റോഡ് ടാർ സംവിധാനം ഉണ്ടാക്കണം.

8. തുടർ സാക്ഷരതാ പ്രവർത്തനം കോളനികളിൽ മുൻഗണനയോടെ ആരംഭിക്കണം.

9. അർഹരായ എസ്.സി, എസ്.ടി. യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യുവാൻ സാമ്പത്തികവവും മറ്റുമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

10. സാമ്പത്തികമായ ബുദ്ധിമുട്ട് കാരണം വീടുകൾ നന്നാക്കാൻ സാധിക്കാത്തവർക്ക് വീടു പുനരുദ്ധരിക്കുവാൻ സാമ്പത്തിക സഹായം ലഭ്യമാക്കണം

11. കമ്മ്യൂണിറ്റി സെൻററും ടി.വി. സെൻററും ഇല്ലാത്ത കോളനികൾക്ക് അത് സ്ഥാപിക്കാൻ നടപടി വേണം.

ജനങ്ങളിൽ നിന്നും ഉയർന്നുവന്ന കൂടുതൽ വിവരങ്ങൾ

I. കാർലഗുഡ പട്ടിക ജാതി കോളനി വാർഡ് III സൂരിത്തടുക്ക പട്ടിക ജാതി കോളനി വാർഡ് II വികസന സെമിനാറിൽ കൂടുതലായി ചേർത്ത പ്രധാനാവശ്യങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗ കോളനിക്കും ഫുഡ്പാത്തും വാഹനം സഞ്ചരിക്കുന്ന റോഡും നിർമ്മിക്കുവാൻ

2. ചില പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾക്ക് നിലവിലുള്ള റോഡ് ടാർ ചെയ്യുക.

3. കുമ്പള പഞ്ചായത്ത് പരിധിയിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്ക് പ്രത്യേകം പ്രത്യേകം ഹോസ്റ്റൽ നിർമ്മിക്കുക.

4.പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് പി.എസ്. സി. മുഖേന തൊഴിലിന്റെ അറിയിപ്പുകളും ട്രെയിനിംഗ് പഞ്ചായത്ത് ലെവലിൽ നടത്തുക.

5. അന്യാധീനപ്പെട്ട പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് സംവരണം വെച്ചിട്ടുള്ള സർക്കാർ വക സ്ഥലം അർഹതപ്പെട്ടവർക്ക് ഉടൻ നല്കുക.

6. പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ കോളനിയിൽ ആരാധിച്ചുകൊണ്ടുവരുന്ന ദൈവഉത്സവാദികൾ നടത്തികൊണ്ടിരിക്കുന്ന സർക്കാർ സ്ഥലങ്ങൾ അതേ ആവശ്യത്തിന് പതിച്ചു നൽകുന്നതിനുള്ള നടപടികൾ പഞ്ചായത്തുകൾ സ്വീകരിക്കുക.

7. പരമ്പരഗതാ കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഭാഗമായി പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ പരമ്പരാഗത കുടിൽ വ്യവസായ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന മാർക്കറ്റുകൾ പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുക.

8. പഞ്ചായത്തിന്റെ ഏഴാം വാർഡിൽ കുമ്പള കുണ്ടങ്കരടുക്ക എന്ന സ്ഥലത്ത് പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വ്യവസായം ആരംഭിക്കുന്നതിനു പുതുതായി നിർമ്മിച്ച കെട്ടിടത്തിനു സമീപം ട്രാൻസ്ഫോർമർ സ്ഥാപിച്ച് ത്രീഫീസ് കണക്ഷൻ നൽകി പ്രസ്തുത വ്യവസായകേന്ദ്രം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി ഉടൻ ആരംഭിക്കുക.

9. പട്ടികജാതി പട്ടിക വർഗ്ഗക്കാരല്ലാത്ത ആളുകൾ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുമ്പോൾ പട്ടികജാതി പട്ടിക വർഗ്ഗക്കാരെ യാതൊരു കാരണവശാലും ജാമ്യം കൊടുക്കുന്ന നടപടി ഒഴിവാക്കാൻ നടപടി സ്വീകരിക്കുക.

10. വികലാംഗരായ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് സർക്കാറിൽ നിന്നും കിട്ടാവുന്ന ആനുകൂല്യങ്ങൾ അവരുടെ വരുമാനം പരിഗണിക്കാതെ ലഭിക്കുന്നതിന് പഞ്ചായത്തു തലത്തിൽ നടപടി സ്വീകരിക്കുക.

11. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ധനസഹായത്തോടുകൂടി വായ്പാ പദ്ധതികളിൽ നടപ്പിലാക്കുമ്പോൾ അവരെ കുടുംബ വരുമാനപരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. പത്തുസെൻറിൽ കൂടുതലുള്ള പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് സബ്സിഡിയോടുകൂടി ഭൂ വികസന വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

13. പഞ്ചായത്തിൽ നിന്ന് പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ഗ്രാൻറ് 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

14. വർഷങ്ങൾക്ക് മുമ്പ് പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള വീട് പഴക്കം ചെന്ന് ജീർണ്ണിച്ചിരിക്കുന്ന അവസ്ഥയിലാണ്. ആയതിനാൽ അവ പുതുക്കിപ്പണിയുന്നതിനുള്ള ധനസഹായം ഉടൻ അനുവദിക്കുക.

15. കുമ്പള, കുണ്ടങ്കരടുക്ക, ഇച്ചിലംപാടി ചെക്ക്പോസ്റ്റ് , ബംബ്രാണ, കക്കള എന്നീ സ്ഥലങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ പരമ്പരാഗത കുടിൽ വ്യവസായം നടത്തുന്നതിനുള്ള കെട്ടിടം ഉടൻ നിർമ്മിച്ചു നൽകുക.

16. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ വിദ്യാർത്ഥി-വിദ്യാർത്ഥികൾക്ക് നൽകികൊണ്ടിരിക്കുന്ന ലംപ്സം ഗ്രാൻറ് കാലാനുസൃതമായി വർദ്ധിപ്പിക്കുകയും യൂണിഫോം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുയും ചെയ്യുക.

17. പഞ്ചായത്തിന്റെ എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലും ബാലവാടികളും , അംഗനവാടികളും സ്ഥാപിക്കുക.

18. പഞ്ചായത്തിന്റെ മൊത്തം സീറ്റിൽ മുക്കാൽ ഭാഗം പട്ടികജാതി പട്ടിക വർഗ്ഗക്കു സംവരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.

19. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ കോളനികളിൽ എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

20. കോളനികളിലല്ലാതെ ഇടവിട്ടു താമസിക്കുന്ന എല്ലാ പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ വീടുകളിലേക്കും കുടിവെള്ളവും വൈദ്യുതിയും എത്തിക്കുകയും കക്കൂസുകൾ പണിതു നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുക.

21. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ കോളനികളിലേക്ക് പുതുതായി റോഡ് നിർമ്മിക്കുക.

22. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കു ഇപ്പോൾ അനു

വദിച്ചുകൊണ്ടിരിക്കുന്ന ഒരു പോയിൻറ് വൈദ്യുതി പ്രീ-കണക്ഷൻ അഞ്ചുപോയിൻറാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

23. പഞ്ചായത്തിൽ നിന്നും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ജെ.ആർ. വൈ പദ്ധതിപ്രകാരം അനുവദിക്കുന്ന ഭവന നിർമ്മാണ ഗ്രാൻറ് യാതൊരു വ്യവസ്ഥയ്ക്കും വിധേയമാകാതെ ആദ്യഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

24. എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളോടനുബന്ധിച്ച് ശ്മശാനങ്ങൾ സ്ഥാപിച്ചു കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിക്കുക.

25. കുമ്പള പഞ്ചായത്തിലെ ഏകമാത്ര പട്ടികജാതി പട്ടിക വർഗ്ഗ സൊസൈറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

26. പഞ്ചായത്തിൻെറ മൂന്നാം വാർഡിൻെറ വുഡ്വിനവഗിലു ആരിക്കാടി ലക്ഷംവീടിനു സമീപമുള്ള പൊതു ശ്മശാനത്തെ പഞ്ചായത്തിൽ അംഗീകരിക്കുകയും കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുക.

27. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ കോളനികളിലേക്ക് കൃഷി ആവശ്യത്തിനായി വെള്ളം , വൈദ്യുതി, പമ്പുസെറ്റ് എന്നിവ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

28. കിദൂർ ഗ്രാമത്തിലെ കുണ്ടങ്കരടുക്ക ആർത്തില അറംതോട് പട്ടിക ജാതി കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

29. എല്ലാ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ കോളനികളിലും കുടിവെള്ളാവശ്യത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുക.

30. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു വിവിധോദ്ദേശ സഹകരണ സംഘം രൂപീകരിച്ച് കയർഫാക്ടറി ആരംഭിക്കുകയും ഇവരുടെ പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കുട്ട, വട്ടി, പായ, മുതലായവ നിർമ്മിച്ചു വാങ്ങുവാനും വിൽക്കുവാനുമുള്ള ഒരു മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങുക.

INDEX

Total Members of Scheduled Caste & Scheduled Triibes in Village base

Sl.No.	Name of Village	Scheduled Caste	Male	Female	Scheduled Tribes	Male	Female
1.	Kidoor	285	152	133	.....	.....	.....
2.	Ujaruluvar	20	11	9	.....	.....	.....
3.	Bambrana	522	270	252	1	.....	1
4.	Arikady	222	120	102	18	10	8
5.	Ichilampady	112	58	54	9	2	7
6.	Koipady	613	286	327	126	67	59
7.	Mogral	331	166	165	1	.....	1
	Total	2105	1063	1042	155	79	76

Name of Colonies

Sl.No.	Ward No.	Scheduled Caste	Scheduled Tribe
1.	I	Neelappady	.....
2.	I	Tharigudde(Bambarana)	.....
3.	I	Andithadka (")	.....
4.	I	Baikkatta	.....
5.	I	Ambliadka	.....
6.	I	Ujar	.....
7.	II	Beeranthi Kere(Arikady)	.....
8.	II	Chathrapalla(Kodiamma)	.....
9.	III	Bannangala (Arikady)	.....
10.	III	Karla (Arikady)	.....
11.	VI	Kottekkar	.....
12.	VI	Muliadka	.....
13.	VI	.....	Pelthadka(Achagoli)
14.	VII	Kuntangaradka	
15.	VII	.....	Kuntangaradka
16.	VII	Mavinkatta	.....
17.	VII	.....	Mavinkaatta
18.	VIII	Neeroli	.....
19.	VIII	Ambedkar Colony (Bannatham Kadav)	.....
20.	IX	Gandhi Nagar(mogral)	.....
21.	X	Mali.Koipady	.....
22.	X	Kuntagaradka (Near Koipady O.L.W.C)	.....
23.	X	.....	Kuntangaradka (Near Koipady O.L.W.C)
24.	X	Kanchikatta	.....
25.	XI	Darbar Katta	.....
26.	XI	Kuntangaradka (Kidoor)	.....
27.	XI	Arthala(.Kidoor)	.....
28.	XI	Aranthode(Kidoor)	.....
29.	XII	Kakkala Bambarana	.....
30.	XII	Kodange. Arikady	.....
31.	II	Soorithadka (Arikady)	.....
32.	III	Karlegude (Arikady)	.....



XII

വിഭവസമാഹരണം

കുമ്പള ഗ്രാമപഞ്ചായത്ത് കാസർകോട് താലൂക്കിലെ ഏക സ്പെഷ്യൽ ഗ്രേഡ് ഗ്രാമ പഞ്ചായത്താണ് ഏകദേശം 40185 ച.കി.മി വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗം കെട്ടിക നികുതിയും തൊഴിൽ നികുതിയും ലൈസൻസ് ഫീസും മാർക്കറ്റ് ഫീസും അടിസ്ഥാന നികുതിവിഹിതം , പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയും സിനിമാശാലകളിൽ നിന്നുള്ള വരുമാനവും സർക്കാറിൽ നിന്നുള്ള ഗ്രാൻറും വസ്തു കൈമാറ്റ നികുതയും വി. ആർ . ഏം ഗ്രാൻറും ജെ ആർ വൈ , മൈനർ ഇറിഗേഷൻ ഗ്രാൻറും ഉപാധിരഹിത ഫണ്ട് കല്ല്യാണ മണ്ഡപം വക , ബസ്സ്റ്റാൻറ് ഫിസ് എന്നിവയാണ്. ഈ ഇനങ്ങളിലെല്ലാം കൂടി 30,06,152 രൂപ (പട്ടിക 1 കാണുക) ഈപഞ്ചായത്തന് ഒരു വർഷത്തിൽ ലഭിക്കുന്നുണ്ട് പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ വരുമാനം അപര്യാപ്തമാണ്. പഞ്ചായത്തിലെ പൊതു ആവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുന്നതിനും എങ്ങനെ വിഭവ സമാഹരണം ഉണ്ടക്കാം എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഈ രംഗളത്തെകുറിച്ച ഓർക്കമ്പോൾ നമുക്ക് ആദ്യമായി തോന്നുന്നത് മനുഷ്യ അധ്വാനമാണ്. മനുഷ്യ അദ്ധ്വാനംകൊണ്ട് നമുക്ക് രണ്ട് കാര്യങ്ങൾ നേടുവാൻ സാധിക്കുന്നു. രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു. വിസ്തൃതമായ പഞ്ചായത്താണെങ്കിലും കാർഷിക മേഖലയിൽ പഞ്ചായത്ത് വളരെ പിന്നിലാണ് കാർഷിക രംഗത്ത് ഉൽപാദനചിലവ് കൂടുതലായത് കൊണ്ട് കാർഷിക രംഗം വളരെ പിറകോട്ടാണ്. ഇതു മൂലം കാർഷിക മേഖലയിൽ പഞ്ചായത്തിന് കാര്യമായ വരുമാനം ലഭിക്കുന്നില്ല. ആധുനിക കൃഷിരീതിയെക്കുറിച്ചും വളപ്രയോഗത്തെക്കുറുച്ചും യന്ത്രവൽകൃത കൃഷിരീയെ കുറിച്ചും കർഷകരെ ബോധവാൻമാരാക്കിയാൽ മാത്രമേ പഞ്ചായത്തിന്ന് ഈ രംഗത്ത് വരുമാനം പ്രതീക്ഷിക്കാൻ സാധ്യമാകുകയുള്ളു. കുമ്പള സിൻഡിക്കേറ്റ് ബേങ്ക്, കുമ്പള വിജയ ബേങ്ക് , നോർത്ത് മലബാർ ബേങ്ക് , കാസർകോട് ജില്ലാ സഹകരണ ബേങ്ക് കുമ്പള ശാഖ , കുമ്പള സർവ്വീസ് കോ ഓപ്പറേറ്റീവ് ബേങ്ക് ഭവനനിർമ്മാണ സൊസൈറ്റി എന്നിവയാണ്. പഞ്ചായത്തിന്റെ പ്രധാന വായ്പസ്ഥാപനങ്ങൾ . ഈ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു.(പട്ടിക 3)

വ്യവസായ മേഖലയിലെ തകർച്ച.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് പൊതുമുരടിപ്പാണ് . പഞ്ചായത്തിൽ കാണുന്നത് പുനരുദ്ധരിക്കാൻ പഞ്ചായത്തിൽ നിലവിൽ സംവിധാനം ഇല്ല. ആധുനിക വ്യവസായ രംഗത്തെക്കുറിച്ച് പൊതുവെ പഞ്ചായത്തിലെ ജനങ്ങൾ ബോധവാൻമാരല്ല. പഴഞ്ചൻ നടപടിക്രമങ്ങൾ കാരണവും വൈദ്യുതിയുടെ ദൗർലഭ്യവും കാരണവും ആരും സാമ്പത്തിക പരാധീനതമൂലവും വ്യവസായ മേഖലലയിൽ മുതൽമുടക്കാൻ കുടുതലാരും മുന്നോട്ട് വരുന്നില്ല. ഇതു കുടുതലായും ഈ മേഖലയിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് കുറയാൻ കാരണമാകുന്നു. അതു പോലെ വാണിജ്യ ബാങ്കുകളിൽ നിന്ന് യഥാസമയവും വേണ്ടരീതിയിലും കുറഞ്ഞ പലിശയ്ക്ക് വായ്പകൾ ലഭിക്കുന്നില്ല.

മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ്

കുമ്പള പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് റൂറൽ ഡവലപ്പ് മെൻറ് ബോർഡിന്റെ സഹായത്തോട് കൂടി മാർക്കറ്റ് കം- ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൂർത്തിയായികൊണ്ടിരിക്കുന്നു. ഇതിന്റെ വാടക പഞ്ചാത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകും. കുമ്പള പഞ്ചായത്തിൽ വീണ്ടുമൊരു ഷോപ്പിംഗ് കോംപ്ലക്സ് എട്ട് ലക്ഷം രൂപ ചിലവിൽ റൂറൽ ഡവലപ്പ് മെൻറ് ബോർഡിന്റെ സഹയത്തോട് കൂടി നിർമ്മിക്കുന്നതിനും കുമ്പള പഞ്ചായത്തിൽ ഒരു പച്ചക്കറി മാർക്കറ്റ് നിർമ്മിക്കുന്നതിനും കുമ്പള ബസ്സ്റ്റാൻറിൽ ഗ്രാമപ്രദേശത്തുനിന്നുവരുന്ന ബസ്സുകൾക്ക് ബസ്സ്റ്റാൻറും 50 സെൻറ്

സ്ഥലം വാങ്ങിച്ച് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. പഞ്ചായത്തിന്റെ വരുമാനത്തനനുസൃതമായ മുൻഗണന ക്രമത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

പരിസരശുചീകരണം

കുമ്പള പട്ടണത്തിൽ നിന്ന് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും അവ ആധുനിക സംവിധാനം ഉപയോഗിച്ച് വളമാക്കി മാറ്റുന്നതിനും പരിപാടിയുണ്ട് ദിവസേന കുടീകുടിവരുന്ന ശുചീകരണ പ്രവർത്തി മൂലം നിലവിലുള്ള ജീപ്പ് മതിയാകാത്തതുകൊണ്ട് ഒരു ചെറിയ ട്രക്ടർ കൂടി വാങ്ങിക്കുന്നതിന് പരിപാടിയുണ്ട്.

പഞ്ചായത്ത് പുറംമ്പോക്കുകൾ അതിന്റെ അടുത്ത് താമസിക്കുന്ന കൃഷിക്കാർ കൃഷിആവശ്യങ്ങൾക്ക് വേണ്ടി കൃഷിസ്ഥലമായി മാറ്റുകയും അതുലീസിന് കൊടുക്കുന്നതിന് പകരം ഈ സ്ഥലങ്ങൾ കൃഷിക്കാർക്ക് തന്നെ വിലനിശ്ചയിച്ച് നൽകി ആ തുക പഞ്ചായത്തിന് അടക്കുകയാണെങ്കിൽ പഞ്ചായത്ത് കൂടുതൽ സമ്പത്ത് സമാഹരിക്കാൻ സാധിക്കും.

1. നിലവിലുള്ള പഞ്ചായത്ത് പൊതുസ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടാൻ നൽകുകയും അതിൽ നിന്നുള്ള വരുമാനത്തിന്റെ പകുതി 20 വർഷത്തേക്ക് സ്വകാര്യ വ്യക്തിക്ക് നൽകാനും 20 വർഷം പകുതി പഞ്ചായത്തിനും 20 വർഷത്തിന് ശേഷം മൊത്തം വരുമാനം പഞ്ചായത്തിന് ലഭിക്കുവാനുമുള്ള നടപടി സ്വീകരിച്ചാൽ ഭാവിയിൽ പഞ്ചായത്തിന് നല്ല വരുമാനം പ്രതീക്ഷിക്കാം

2. പഞ്ചായത്തിന് വരുമാനം കൂട്ടുവാനുള്ള മറ്റൊരു നല്ല ഉപാധി , ടാക്സി സ്റ്റാൻറ് , റിക്ഷാ സ്റ്റാൻറ് , ലോറി സ്റ്റാൻറ് എന്നിവയിൽ നിന്നും സ്റ്റാൻറ് ഫീസ് പിരിക്കുക എന്നതാണ്.

3. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിലവിലുള്ള വാടക വർഷാവർഷങ്ങളിൽ 5ശതമാനം കണ്ട് വർദ്ധിപ്പിച്ചാൽ ഈ ഇനത്തിലും പഞ്ചായത്തിന് വരുമാനം ലഭിക്കും

4. നിലവിലുള്ള കെട്ടിട നികുതി പഞ്ചായത്ത് നിശ്ചയിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലാണ് .ഇത് സ്വകാര്യ വ്യക്തി ചുമത്തുന്ന വാടകവീടിനനുസരിച്ച വാടകയോ പഞ്ചായത്ത് ചുമത്തുന്ന വാടകയോ ഏതാണ് അധികം അതിനനുസരിച്ച് നികുതി അടക്കാനുള്ള വഴി സ്വീകരിക്കുക.

5. നിലവിലുള്ള വിനോദ നികുതി 25 ശതമാനത്തിൽ നിന്നും 30 ശതമാനമാക്കാൻ തിരുമാനിച്ചപ്പോൾ പഞ്ചായത്തിന് വരുമാനം ലഭിക്കാനുള്ള മറ്റൊരു മാർഗ്ഗവും തെളിഞ്ഞു.

6 വ്യാപാരികൾ നൽകുന്ന തൊഴിൽ നികുതി അവരുടെ വർദ്ധിച്ച് വരുന്ന വരുമാനത്തിന് അനുപാതികമായി നൽകാൻ ഉള്ള നടപടി സ്വീകരിക്കുക.

പട്ടിക 1

നമ്പർ	ഇനം	1995-96
1.	കെട്ടിട നികുതി	7,17,543.00
2.	തൊഴിൽ നികുതി	1,14,635.00
3.	വിനോദ നികുതി	2,15,099.00
4.	ചന്ത വരവ്	4000.00
5.	ലൈസൻസ് ഫീസ്	2 8 , 1 6 1
6.	വസ്തു കൈമാറ്റ നികുതി	3,82,101.00
7.	ഡെപ്പോസിറ്റ്	1,84,704.00
8.	ഷോപ്പിംഗ് കോംപ്ലക്സ്	2,63,124.00
9.	ബസ്സ്റ്റാൻറ് ഫിസ്.	41050.00
10.	മറ്റുള്ളവ സർക്കാർ ഗ്രാൻറ് ഉൾപ്പെടെ	10.55,735.00
	ആകെ.	3,00,6152.00

പട്ടിക 2

സ്ഥാപനം	നിക്ഷേപം	വായ്പ
1. സിൻഡിക്കേറ്റ് ബാങ്ക്	–	2002000
2. വിജയ ബാങ്ക്	–	10,910541
3. കുമ്പള സർവ്വീസ് സഹകരണ ബേങ്ക്	–	4,18,52470
4. നോർത്ത് മലാബാർ ഗ്രാമീണ ബോങ്ക് കുമ്പള	–	11,47,000
5. കാസർകോട് ജില്ലാ സഹകരണ ബേങ്ക്	–	85,96,000

പട്ടിക 3.

നമ്പർ	ഇനം	95-96
1.	എസ്റ്റാബ്ലിഷ്മെൻറ്	7,14,410
2.	റോഡുകളും പാലങ്ങളും പൊതുമരാമത്ത്	14,56,038
3.	വിദ്യാഭ്യാസം	24,267
4.	ജലവിതരണം ഓടകൾ, പൊതുജനാരോഗ്യം	38,789
5.	തെരുവു വിളക്കുകൾ കത്തിക്കുന്നത്	37,875
6.	മറ്റുള്ളവ	5,83,717
	ആകെ.	28,55,096

5 ഉപസംഹാരം

കേരള സംസ്ഥാനത്തിന്റെയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരുപുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്. ഓൻപതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം തുകകൾ വരുന്ന വികസന പരിപാടികൾ തഴെ തട്ടിൽ തന്നെ , ജനപങ്കാളിത്തത്തോട് കൂടി രൂപപ്പെടുത്തി ഏടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഇപ്രകാരം ജനകീയ പങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭീലാഷങ്ങളോട് കൂടുതൽ അടുത്ത് നിൽക്കുന്നതും അത് കൊണ്ട് തന്നെ കൂടുതൽ ഫലപ്രദവുമായ പഞ്ചവത്സരപദ്ധതി രൂപപ്പെടുത്താനാകും.

പഞ്ചായത്തു സമിതികളെ ശക്തിപ്പെടുത്തുക എന്നതും ഈ പ്രസ്ഥാനത്തിന്റെ മറ്റൊരു പ്രധാന ഉദ്ദേശ്യമാണ്. വികസന പ്രശ്നങ്ങളോട് ഇന്ന് കേരളത്തിലെ ജനങ്ങൾ പുലർത്തുന്നനിസ്സംഗതാ മനോഭാവംമാറ്റിയെടുക്കുവാനും അവർക്ക് ഇക്കാര്യത്തിൽ ആത്മവിശ്വാസം പ്രദാനം ചെയ്യാനും കഴിയുമെന്ന് വിശ്വസിക്കുന്നു.

ആസൂത്രണം താഴെതട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള ശ്രമമെന്ന നിലക്ക് ആരംഭിച്ചിരിക്കുന്ന മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിന്റെ എല്ലാപ്രവർത്തനങ്ങളും അതിന്റെ എല്ലാ അർത്ഥത്തിലും ചിട്ടയൊടെയും നമ്മുടെ പഞ്ചായത്തിലും നടന്നു വരുന്നുവെന്ന് അറിയിക്കാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളിലെ ഓഫിസുകളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ പഠന യാത്രയിൽ നിന്ന് നേരിട്ട് മനസ്സിലാക്കിയ വിവരങ്ങൾ വ്യക്തികളുമായി നടത്തിയ കൂടിക്കാഴ്ചകൾ ചരിത്രസെമിനാറിലെനിർദ്ദേശങ്ങൾ പഞ്ചായത്ത് അംഗങ്ങളുടെയും ഓഫീസ് മേധാവികളുടെയും അഭിപ്രായങ്ങൾ വിവിധ മേഖലകളിൽ പ്രാവിണ്യം നേടിയ വിദഗ്ദരുടെ കേട്ടറിവ് , കണ്ടറിവ് തുടങ്ങിയവ ഈ രേഖ തയ്യാറക്കുന്നതിന് ഞങ്ങൾ ആധാരമായി സ്വീകരിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഏകദേശം നൂറോളം വരുന്ന സന്നദ്ധ പ്രവർത്തികൾ ഈ പ്രക്രിയയിൽ സജീവമായി പങ്കെടുത്ത് കൊണ്ട് പഞ്ചായത്ത് സമിതിയെ സഹായിച്ചുവരുന്നു. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിലും മറ്റും കഠിനാദ്ധ്വാനം ചെയ്ത പഞ്ചായത്ത് കോർ ഗ്രൂപ്പ് അംഗങ്ങളായ എം. മാഹിൻ മാസ്റ്റർ മൊഗ്രാൽ (കൺവീനർ)കെ. മഞ്ചുനാഥ ആൾവ. കെ. സുന്ദര ആരിക്കാടി, കെ. പി. എ സത്താർ ആരിക്കാടി കണ്ണൂർ അബ്ദുല്ല മാസ്റ്റർ , കെ. മുഹമ്മദ് അലി ,ശാന്ത ആൾവ, സി. എൻ. അബ്ദുൽ ഖാദർ മാസ്റ്റർ, വാസന്തി കെ. , ബിന്ദു കെ. , സഫിയ ടി. എച്ച്, എം. കെ. അബ്ദുല്ല മൊഗ്രാൽ എന്നിവർക്ക് പഞ്ചായത്തിലെ ബഹുജനങ്ങൾക്ക് വേണ്ടി അഭിനന്ദനങ്ങൾ അറിയിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ പ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യമെടുത്ത് സഹകരിച്ച പഞ്ചായത്ത് സെക്രട്ടറിക്കും മറ്റ് സ്റ്റാഫംഗങ്ങൾക്കും ഞങ്ങൾ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ചരിത്രം ശേഖരിക്കുന്നതിലും മറ്റ് നിർദ്ദേശങ്ങളും നൽകുന്നതിലും ഞങ്ങളെ സഹായിച്ച എല്ലാ മാന്യ വ്യക്തികളോടും കൃത്യമായി വിവരങ്ങൾ നൽകി ഞങ്ങളെ സഹായിച്ച എല്ലാ ഉദ്ധ്യോഗസ്ഥരോടും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു.

കേരളത്തലെമ്പാടുമുള്ള ഏകദേശം 30 ലക്ഷം പേർ പങ്കാളികളായിരിക്കുന്ന മഹത്തായ ഈ ജനകീയ പ്രസ്ഥാനത്തിന്റെ തുടർന്നുള്ള ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും വിജയപ്രദമായി പൂർത്തികരിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും ആത്മാർത്ഥമായ സഹായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് , ഈ വികസന രേഖ ബഹുജനസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

PRESIDENT
KUMBLA GRAMA PANCHAYAT

കെ. മുഹമ്മദ് കുഞ്ഞി

പ്രസിഡൻറ്, കുമ്പള ഗ്രാമ പഞ്ചായത്ത്

ಅನುಕ್ರಮಣಿಕೆ



1. ಮುನ್ನುಡಿ
2. ಪಂಚಾಯತಿನ ವಿವರಗಳು
3. ಕುಂಬಳೆ ಗ್ರಾಮ ಪಂಚಾಯತಿನ ಸಾಮಾಜಿಕ ಸಾಂಸ್ಕೃತಿಕ ಚರಿತ್ರೆ
4. 1. ಕೃಷಿಯೂ ನೀರಾವರಿಯೂ
   2. ಮೃಗ ಸಂರಕ್ಷಣೆಯೂ ಮೀನುಗಾರಿಕೆಯೂ
   3. ವಿದ್ಯಾಭ್ಯಾಸ
   4. ಸಾಮಾಜಿಕ ಆರೋಗ್ಯ
   5 ಕೈಗಾರಿಕೆ
   6. ಸಾರಿಗೆ, ಚೈತನ್ಯ, ಮಾರುಕಟ್ಟೆ
   7. ಭವನ ನಿರ್ಮಾಣ ಮತ್ತು ಸಾಮಾಜಿಕ ಕ್ಷೇಮ
   8. ವನಿತಾ
   9. ಸಂಸ್ಕೃತಿ
   10. ಸಹಕಾರೀ ರಂಗ
   11. ಪರಿಶಿಷ್ಟ ಜಾತಿ ಮತ್ತು ಪರಿಶಿಷ್ಟ ಪಂಗಡ ವಿವರ
   12. ಸಂಪನ್ಮೂಲ ಸಂಗ್ರಹ
5. ಉಪಸಂಹಾರ

1

ಮುನ್ನುಡಿ

ಭಾರತವು ಒಂದು ಕೃಷಿ ಪ್ರಧಾನವಾದ ಗ್ರಾಮೀಣ ಪ್ರದೇಶಗಳನ್ನೊಳಗೊಂಡ ಪ್ರದೇಶವಾಗಿದೆ. ರಾಷ್ಟ್ರಪಿತ ಮಹಾತ್ಮಾ ಗಾಂಧೀಜಿಯವರ ಚಿರಕಾಲ ಕನಸಾಗಿದ್ದ ಗ್ರಾಮ ಸ್ವರಾಜ್ಯವು ಕಾರ್ಯರೂಪಕ್ಕೆ ತರುವುದಕ್ಕಾಗಿ ಭಾರತದ ಪ್ರಧಾನಿಯಾಗಿದ್ದ ದಿ|| ರಾಜೀವ್ ಗಾಂಧಿಯವರು ಪ್ರಯತ್ನಿಸಿದರು. ಸಂವಿಧಾನದ 73, 74ನೇ ಅನುಬಂಧಗಳ ತಿದ್ದುಪಡಿಗಳನ್ನು ಸಂಸತ್ತು ಅನುಮೋದಿಸಿ ಅಧಿಕಾರ ವಿಕೇಂದ್ರೀಕರಣವೆಂಬ ಕನಸು ನನಸಾಗುವಂತಾಯಿತು.

ಸ್ವಾತಂತ್ರ್ಯಾನಂತರ 8 ಪಂಚವಾರ್ಷಿಕ ಯೋಜನೆಗಳು ಕಾರ್ಯರೂಪಕ್ಕೆ ಬಂದುದರ ಫಲವಾಗಿ ಭಾರತದಲ್ಲಿ ಮಹತ್ತರವಾದ ಬದಲಾವಣೆ ಹಾಗೂ ಅಭಿವೃದ್ಧಿಗಳನ್ನು ಸಾಧಿಸಲು ಸಾಧ್ಯವಾಯಿತು. ಆದರೂ ಗ್ರಾಮೀಣ ಭಾರತದಲ್ಲಿ ಈ ಯೋಜನೆಗಳು ಸಾಕಷ್ಟು ಉದ್ದೇಶಿಸಿದ ಪ್ರಯೋಜನ ಪಡೆಯಲು ಸಾಧ್ಯವಾಗಲಿಲ್ಲ. ಆದುದರಿಂದ ಕೇರಳ ಸರಕಾರವೂ ಯೋಜನಾ ಆಯೋಗವೂ ಜಂಟಿಯಾಗಿ ಒಂಭತ್ತನೇ ಪಂಚವಾರ್ಷಿಕ ಯೋಜನೆಯನ್ನು ಜನರ ಸಹಕಾರದೊಂದಿಗೆ ನಡೆಸುವರೆ ತೀರ್ಮಾನಿಸಿ ಜನಕೀಯ ಯೋಜನೆಯಾಗಿ ಪರಿವರ್ತಿಸಿತು.

ಒಂದೊಂದು ಪ್ರದೇಶದ ಭೂಪ್ರಕೃತಿಯನ್ನೂ, ಸಂಪನ್ಮೂಲವನ್ನೂ, ಜನರ ಆವಶ್ಯಕತೆಗಳನ್ನೂ ಪರಿಗಣಿಸಿ ಯೋಜನೆಗಳನ್ನು ಆದ್ಯತಾಕ್ರಮದಲ್ಲಿ ಜಾರಿಗೊಳಿಸಲು ತೀರ್ಮಾನಿಸಿದ ಈ ಮಹಾಯಜ್ಞವನ್ನು ನಾವು ಕೈಕೊಂಡಿರುತ್ತೇವೆ. ಈ ಮಹಾಕಾರ್ಯಕ್ಕೆ ಈ ಊರಿನ ಎಲ್ಲಾ ವಿಭಾಗದ ಜನರ ಪೂರ್ಣಸಹಾಯ ಸಹಕಾರಗಳಿದ್ದರೆ ಮಾತ್ರ ಈ ಪಂಚಾಯತು ಸಮಗ್ರ ಅಭಿವೃದ್ಧಿಯನ್ನು ಸಾಧಿಸುವುದರಲ್ಲಿ ಸಂಶಯವಿಲ್ಲ.

ಭಾರತದಲ್ಲಿ ಪ್ರಥಮವಾಗಿ ನಡೆಸುವ ಜನಕೀಯ ಯೋಜನೆಯಾದ ಇದು ಬದಲಾವಣೆಯನ್ನು ಸಾರುವ ಒಂದು ಮಹತ್ತರವಾದ ಕಾರ್ಯವಾಗಿದೆ. ಯೋಜನೆಯ ವಿಧಿವಿಧಾನಗಳಲ್ಲೇ ಮಾರ್ಪಾಟು ಉಂಟಾಗಿ ಮೇಲಿನಿಂದ ಕೆಳಕ್ಕೆ ಎಂಬ ನೀತಿಯನ್ನು ಬದಲಾಯಿಸಿ ಕೆಳಹಂತದಿಂದ ಮೇಲಕ್ಕೆ ಎಂಬ ನೂತನ ನೀತಿಗೆ ಇಷ್ಟು ತಡವಾಗಿಯಾದರೂ ನಾವು ತಲುಪಿರುತ್ತೇವೆ ಎಂಬುದು ಸಂತೋಷಕರವಾದ ವಿಷಯವಾಗಿದೆ. ಗ್ರಾಮೀಣ ಜನರು ಗ್ರಾಮಸಭೆಯ ಮೂಲಕ ಸೂಚಿಸಿದ ಅಭಿವೃದ್ಧಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಪಂಚಾಯತ್ ಆಡಳಿತ ಸಮಿತಿ ಪ್ರಾಧಾನ್ಯತೆ ಕೊಟ್ಟು ಅಭಿವೃದ್ಧಿಯ ಹೊಣೆಗಾರಿಕೆಯನ್ನು ನಡೆಸಲು ಸಾಧ್ಯವಾದರೆ ಅದೊಂದು ಗಣನೀಯ ಸಾಧನೆಯೇ ಆಗಿರುತ್ತದೆ.

